
മലയാളരാജ്യം
ആഴ്ചപ്പതിപ്പ്




C. K. P. V. PERINAD.

20th July 1953

THE MALAYALA RAJYAM ILLUSTRATED WEEKLY

3 As.



സിനിമാപംക്തി

ശ്രീ: പി. ഭാസ്കരൻ

★

മലയാള ചലച്ചിത്രഗാനരചനയിൽ വൈദഗ്ധ്യം നേടിയിട്ടുള്ളവർ വിരളമാണ്. അഭയദേവും പി. ഭാസ്കരനുമാണ് ഏറെക്കുറെക്കൊള്ളാവുന്ന ചില സിനിമാഗാനങ്ങൾരചിച്ചിട്ടുള്ളത്. അഭയദേവിനേയും പി ഭാസ്കരനേയുംകൊണ്ടുമാത്രം മലയാള ചലച്ചിത്രവ്യവസായത്തിന് തൃപ്തിപ്പെടുവാനും നിവൃത്തിയില്ല. പുതിയ ഗാനരചയിതാക്കളുടെ ആവിർഭാവം അനിവാര്യമായ ഒരാവശ്യമായി അവശേഷിക്കുകയാണ്. കഴിവുള്ള ഗാനരചയിതാക്കൾ മുന്നോട്ടുവന്നാൽ അവരെ നിർലോഭം പ്രോത്സാഹിപ്പിക്കേണ്ടതു് ചലച്ചിത്രനിർമ്മാതാക്കളുടെ കടമയാണെന്നും അനുസ്മരിപ്പിച്ചുകൊള്ളട്ടെ. "പ്രസന്ന" "നവലോകം" "അമ്മ" "തിരമാല" എന്നീ ചിത്രങ്ങൾക്ക് ഗാനംരചിച്ചിട്ടുള്ള ശ്രീ പി ഭാസ്കരൻ മലയാളികൾക്ക് അഭിമാനിക്കത്തക്ക ഒരു ഗാനരചയിതാവാണ്. മലയാളസിനിമാഗാനരചയിതാക്കളിൽ പ്രഥമസ്ഥാനവും ഭാസ്കരനു നൽകാവുന്നതാണ്. പക്ഷേ കുറെങ്ങളും കുറവുകളുമില്ലാത്ത ഒരു ഗാനരചനാപടുവാണെന്നു ഭാസ്കരനെ തെറ്റിദ്ധരിക്കുകയുംവേണ്ട.

ചങ്ങമ്പുഴയ്ക്കുശേഷം ഭാസ്കരനെപ്പോലെ ഗാനാത്മകകവിതകളും രചിച്ചിട്ടുള്ള മലയാളകവികൾ അധികമുണ്ടായിട്ടില്ല. കമ്മ്യൂണിസ്റ്റ് ഗാനങ്ങളും ഏണിയാക്കി അതിൽകൂടി ചവുട്ടിക്കയറിയാണ് ഭാസ്കരൻ പ്രശസ്തിയുടെ ഉപരിതലത്തിലേക്ക് ഉയർന്നിട്ടുള്ളതും. പി. ഭാസ്കരമേനോൻ വാലുമുറിച്ചുണ്ട് ഭാസ്കരനായതും. ഭാസ്കരൻ എറണാകുളത്തെ മഹാരാജാസ് കോളേജിലെ ഒരു വിദ്യാർത്ഥിയായിരുന്നപ്പോൾതന്നെ കലാപരവുമായ നങ്ങളിലും രാഷ്ട്രീയസംരംഭങ്ങളിലും സജീവമായി പങ്കെടുത്തിരുന്നു. പ്രാസംഗികൻ കവി, നടൻ, പാട്ടുകാരൻ എന്നീ നിലകളിലെല്ലാം ഭാസ്കരൻ ശോഭിച്ചിരുന്നു മാർക്സിയൻ സിദ്ധാന്തങ്ങളിൽ ഭാസ്കരനു പ്രേമം ജനിച്ച ഒരു സഖാവായി രൂപാന്തരപ്പെട്ടതിനുള്ള പ്രാരംഭപ്രവർത്തനങ്ങളും ആരംഭിച്ചു. കാര്യമായ അധികൃതർക്ക് അതു ആവശ്യമല്ലായിരുന്നതുകൊണ്ട് ഭാസ്കരൻ കോളേജിൽനിന്നും ബഹിഷ്കൃതനായി. ഭാസ്കരൻ ഒരുതികഞ്ഞ കമ്മ്യൂണിസ്റ്റ് പ്രവർത്തകനായിമാറി. അക്കാലത്തു് ഭാസ്കരൻ രചിച്ചിട്ടുള്ള സമരഗാനങ്ങളുടെ സഖാവിനു് പ്രശസ്തിനേടിക്കൊടുത്തതും. ഭാസ്കരന്റെ "നവകാഹളത്തിനും" "കരയാളിനും" പുരോഗമനക്കാരുടെ ഇടയിൽ വ്യാപകമായ സ്വീകരണം ലഭിച്ചു. അന്നത്തെ ഭാസ്കരന്റെ കൃതികളും എണ്ണമില്ലാതെ വിറ്റഴിഞ്ഞിട്ടുണ്ട്. കമ്മ്യൂണിസത്തിന്റെ വളർച്ചയ്ക്കു് ഭാസ്കരന്റെ തൂലിക ഗണ്യമായി സഹായിച്ചിട്ടുണ്ടെന്നുള്ളതു് ഒരുപരമാർത്ഥമാത്രമാണ്.

വയലാറിലെ വെടിമരുന്നിൽനിന്നു പുകഞ്ഞുയർന്ന മനുഷ്യത്വംസത്തിന്റെ മണം ഒരു കലാകാരന്റെ ഭാവനയിൽ നിറംപിടിപ്പിച്ചു് കവിതകളിൽകൂടി ഭാസ്കരൻ പകർന്നുവെച്ചിട്ടുമുണ്ട്. കമ്മ്യൂണിസ്റ്റ് പ്രവർത്തനങ്ങൾക്കുവേണ്ടി ഭാസ്കരനെ അറസ്റ്റുചെയ്തിട്ടുണ്ട്; ജയിലിലടയ്ക്കപ്പെയിട്ടുമുണ്ട്. പക്ഷേ സ്ഥിരമായി ആഭ്യന്തരശത്രുവായുള്ള ഒരുപാർട്ടിപ്രവർത്തകനായി ഭാസ്കരനെ പരിഗണിക്കേണ്ട ആവശ്യമില്ല.

ഭാസ്കരൻ തുടർന്നു മദ്രാസ്സ് തന്റെ പ്രവർത്തനരംഗമായി തിരഞ്ഞെടുത്തു. മദ്രാസിലെ കേരളീയസമാജത്തിൽ ഭാസ്കരനും അംഗമായി. കവിയും നടനും ഗാനരചയിതാവും ഗായകനുമായ ഭാസ്കരന്റെ വ്യക്തിത്വം വികസിച്ചതും വളർന്നതും കേരളീയസമാജത്തിൽ കൂടിയായിരുന്നു. ആൾ ഇന്ത്യാ റേഡിയോയിൽകൂടി ഗാനങ്ങൾ പ്രക്ഷേപണം ചെയ്യുന്നതിനു, ഭാസ്കരനു് സന്ദർഭങ്ങൾ ലഭിച്ചിരുന്നു. തുടർന്നു് റേഡിയോയിൽ ഒരു സ്ഥിരാധ്യായ. ആർട്ടിസ്റ്റിന്റെ ജോലി ലഭിക്കുന്നതിനുള്ള ശ്രമവും ആരംഭിച്ചു. തനിക്കും കമ്മ്യൂണിസത്തിനും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നു് ആൾ ഇന്ത്യാ റേഡിയോ അധികൃതരെ പറഞ്ഞു വിശ്വസിപ്പിച്ചതിനുശേഷം കോഴിക്കോട്ടെ റേഡിയോനിലയത്തിൽ ഭാസ്കരനു ജോലിയും കിട്ടി. മൂന്നുനാലുകാലമെ ഭാസ്കരൻ ജോലിയിൽ തുടരുന്നതിനു് അധികൃതർ അനുവദിച്ചുള്ളു. അതിനുശേഷം ഭാസ്കരനെ മലയാളസിനിമാരംഗം ആകർഷിക്കുകയുണ്ടായി. സിനിമാഗാനരചനയിൽ ഭാസ്കരൻ ഏറെക്കുറെ വിജയിക്കുകയുംചെയ്തു.

"ചന്ദ്രിക" എന്ന ചിത്രത്തിലാണ് ഭാസ്കരൻ രചിച്ച ഗാനങ്ങൾ സിനിമാപ്രേമികൾ ആദ്യമായി ശ്രവിക്കുവാൻ ഇടയായതു്. "കേഴുക ആത്മസഖീ" എന്ന ഗാനം ശ്രോതാക്കളെ വളരെയധികം ആകർഷിക്കുകയുംചെയ്തു. "ഹലോ മൈഡിയർ ടിങ്ങ് ടിങ്ങ്" ഒരുവർ പ്രേമിൻ വെഡിംഗ് റിങ്ങു റ്റുഡേ" എന്ന ഇംഗ്ലീഷ് ഗാനം കുറുമ്പുമില്ലാത്തതാണെങ്കിലും വിനോദസമ്പൂർണ്ണമായി അനുഭവപ്പെടുന്നതിൽ വിജയിക്കുകയുംചെയ്തു. ഭാസ്കരന്റെ മികച്ച ഗാനങ്ങൾ പിന്നീടു് പ്രത്യക്ഷപ്പെട്ടതു് "നവലോക"ത്തിലാണ്. "തങ്കക്കിനാക്കൾ പൂത്തുലയ വീണ്ടും" എന്ന ഗാനവും, "ഗായകാ, ഗായകാ, ഗായകാ" എന്ന ഗാനവും "മലയാളവാടിയേ സുന്ദരമാം മലർമാനസമധുവാണി മാതാ നീയേ" എന്ന ഗാനവും ഭാസ്കരൻ ഒരു അനുഗ്രഹീതനായ ഗായകനാണെന്നു തെളിയിച്ചു. നവലോകത്തിലെ ഭാസ്കരന്റെ "സഹജരേ: സഹജരേ: സഹജരേ; ആത്മബലച്ചുകയുകൾ; ഒത്തുനാം കൂടിക്കുക; ചണ്ഡലതകത്തീ തരംഗമാപോലെ വേ: വീഴ്ത്തുമൊത്തു ശൈശുമൊത്തു വീറൊടുത്തു കയുക" എന്ന സമരഗാനവും വികാരതീവ്രതയുടെ കുറവായിട്ടുണ്ടെന്നു സമ്മതിക്കാതെ തരമില്ല. അമ്മയിലെ ഗാനരചനയും മോശമായിട്ടില്ല. "കരയാതെ കാമിനി രാധേ" എന്നും "വരുമെനി പ്രേമരമണി" എന്ന ഗാനവും ഹൃദയത്തിൽ തങ്ങിനിൽപ്പുവാൻ കഴിവും കരുത്തുമുള്ളവയാണ്. "പുരക്കത്തിൽ രണ്ടു ദിനം കൊണ്ടു് നാട്ടിലെന്റെ കുരക്കത്തിൽ കുന്ദമെല്ലാം ചൊല്ലിടാം" എന്ന ഗാനരചനയിൽകൂടി മാപ്പിളപ്പാട്ടു രചിക്കുന്നതിലും ഭാസ്കരനു് കഴിവുണ്ടെന്നു തെളിയിച്ചിട്ടുണ്ട്. "തിരമാല"യിലെ ഭാസ്കരന്റെ ഗാനങ്ങൾ പ്രതീക്ഷാനുസരണം വിജയിച്ചിട്ടില്ല. ഭാസ്കരന്റെ ഏതാനും നല്ല ഗാനങ്ങൾ "സൻസർ ബോർഡുകാർ" നീക്കംചെയ്തുകളഞ്ഞു എന്നും ഭാസ്കരൻ പരാതിപ്പെട്ടതായി ഓർമ്മിക്കുന്നുണ്ട്. ഏതായാലും തിരമാലയിൽ കഥ ആരംഭിക്കുന്നതിനുമുമ്പുതന്നെ ജീവിതത്തെ ഒരു നദിയോടു് ഉപമിച്ചുകൊണ്ടുള്ള ആ ഗാനത്തിൽ "ശരത്കാലമോഹനസന്ധ്യകൾതോറും — പഞ്ചിരിയായി ചാഞ്ചാടി — ജനതാവലികൾ തൻ ജനനിയെപ്പോലെ — പ്രേമവാഹിനിയായി പാരിൽ ജീവിതംപോലെ പാഞ്ഞുപോയ് നദിയല്ലേ" എന്ന ഗാനത്തിലെ ആശയവും കാവ്യാലങ്കാരവും ചോദ്യംചെയ്യേണ്ടതുതന്നെയാണ്. ഹിന്ദിഗാനങ്ങളെ അനുകരിക്കുന്നതിനാണ് ഭാസ്കരൻ ആവേശം പ്രകടിപ്പിച്ചുകാണുന്നതു്. അനുകരണത്തിൽ പലപ്പോഴും പാകപ്പിഴകളും സംഭവിച്ചിട്ടുണ്ട്. മലയാളത്തിനു് സ്വന്തമായിട്ടുള്ള ഗാനരീതികളും സ്വീകരിച്ചു് മലയാളത്തിന്റെ വ്യക്തിമുദ്ര പതിപ്പിക്കുന്ന ഗാനങ്ങളും രചിക്കുന്നതിൽ ഭാസ്കരൻ ഇനിയെങ്കിലും ശ്രദ്ധിക്കട്ടെ.

ഒരു അഭിനേതാവെന്ന നിലയിലും ഭാസ്കരൻ വിജയിച്ചിട്ടുണ്ട്. തിരമാലയിൽ ഒരു വൃദ്ധനായ നാണിക്കാരന്റെ ശോകതപ്തമായ ജീവിതം ഭാസ്കരൻ ഹൃദയകരമായി അഭിനയിച്ചു ഫലിപ്പിച്ചിട്ടുണ്ട്. ഒരു സംഭാവനടനെന്നനിലയിൽ ഭാസ്കരൻ ശോഭിക്കുകതന്നെചെയ്യും. ഭാസ്കരന്റെ വ്യക്തിപരമായ ജീവിതത്തിലേക്കു് എത്തിനോക്കുവാൻ ഉദ്ദേശിക്കുന്നില്ല. ശ്രദ്ധനീയവും ലജ്ജാവഹവുമായ പല ഇരുണ്ട കഥകളും ഭാസ്കരന്റെ പിന്നിലുണ്ടെന്നു കേൾക്കുന്നു പ്രലോഭനങ്ങൾക്കു വശംവദനാകാതെ തികച്ചും സന്മാർഗ്ഗത്തിന്റെ പാതയിലൂടെ ആ കലാകാരൻ മുന്നോട്ടുപോകുന്നതിനു് ഭാസ്കരൻ ശ്രദ്ധിക്കട്ടെ. അഹന്തയും ഔദ്ധത്യവും ആക്കം ഭീക്ഷണമല്ലെന്നു് ഓർമ്മിച്ചിരിക്കട്ടെ. തന്റെ കലാപരമായ കഴിവുകളെ മായിക്കുവാൻ പര്യാപ്തമായ സംരംഭങ്ങളിൽനിന്നു് ഭാസ്കരൻ ബുദ്ധിപൂർവ്വം പിൻതിരിയുന്നതിനു ഇടയാകട്ടെ. ഭാസ്കരനെ മലയാളചലച്ചിത്രപ്രേമികൾ ഒരിക്കലും മറക്കുകയില്ല. നിർമ്മാണത്തിലിരിക്കുന്ന "ആശാദീപം" "പുള്ളിമാൻ" "മൃഗസീമ" എന്നീ ചിത്രങ്ങൾക്കെല്ലാം ഗാനങ്ങൾ രചിക്കുന്നതു് ഭാസ്കരനാണ്. ഭാസ്കരന്റെ പുതുമയുള്ള ഗാനങ്ങളും ഇനിയും കലാഹൃദയങ്ങളെ കോരിത്തരിപ്പിക്കുവാൻ ഇടയാകട്ടെ.

(ശേഷം 34-ാം പേജിൽ)

★

മുഖചിത്രം

—o—

ഡെൽഹിയിലെ "ക്യൂമാസ്മിദ്".

Photo by Raygraphs, Madras.

മലയാളരാജ്യം

ആഴ്ചപ്പതിപ്പു്

പുസ്തകം വന്നു | കൊല്ലം, ക്രമവു കക്കടകം ൪-ാംനു തിങ്കളാഴ്ച, | ലക്കം ക്രമ

ഇതിഹാസാദർശങ്ങൾ

★

ഒരു സാമാന്യനിരൂപണം

★

ആർ. വാസുദേവപൊതുവാൾ ബി. ഏ.

(രാമായണം, ഭാരതം, ഭാഗവതം ഈ മൂന്നു മഹൽഗ്രന്ഥങ്ങളെ ആസ്പദമാക്കി ഇതിഹാസങ്ങളിലെ ആദർശങ്ങളെപ്പറ്റി ആലം ഇൻഡ്യാ റേഡിയോ മദിരാശി കേന്ദ്രത്തിൽനിന്നും പ്രക്ഷേപണംചെയ്ത പ്രസംഗത്തിന്റെ സംക്ഷേപം.)

ഭാരതീയജനതയുടെ ദൈനംദിനജീവിതത്തിൽ പുരാണേതിഹാസങ്ങൾക്കു അനിവൃചനീയമായൊരു സ്ഥാനമുണ്ടു്. ഇതിഹാസപുരാണങ്ങൾ പാരായണം ചെയ്യുന്നതു് മോക്ഷപ്രാപ്തിക്കുപകരിക്കുമെന്നാണു് പലരുടേയും വിശ്വാസം. പുരാണങ്ങളും ഇതിഹാസങ്ങളും ഭാരതത്തിൽ ഭൂരിപക്ഷം ജനങ്ങളുടെ ജീവനാഡികളാണെന്നുപറയുന്നതിൽ വലിയ അസാംഗത്യമില്ല. സന്തോഷാവസരങ്ങളിലും സന്താപാവസ്ഥകളിലും ഇതിഹാസങ്ങൾ മനസ്സിനു സമാധാനവും ശാന്തതയും പ്രദാനംചെയ്യുന്നു.

പുരാണം പരബ്രഹ്മത്തിന്റേയും പരാശക്തിയുടേയും രൂപകല്പനമാണു്. പുരാണത്തിന്റെ നാരായവേരു് മോക്ഷസാധകതമാണു്. "മൃത്തി പക്ഷേ ച ഇതിഹാസഃ" എന്നും ഇതു് + ഹാസഃ എന്നുമാണു് ഇതിഹാസത്തെപ്പറ്റിയുള്ള വിവക്ഷ. ഇതിഹാസം പഞ്ചവേദമാണെന്നും പറയുന്നുണ്ടു്. രാജാക്കന്മാരുടേയും വീരയോദ്ധാക്കന്മാരുടേയും ധീരശൂരന്മാരുടേയും മുനിവര്യന്മാരുടേയും, ദേവന്മാരുടേയും കഥകളാണു് ഇതിഹാസത്തിൽ വർണ്ണിച്ചിട്ടുള്ളതു്.

കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ പുരാണേതിഹാസങ്ങൾ ശ്രവിക്കുന്നതു രാജാക്കന്മാർക്കു് ഒരുതരം വിദ്യാഭ്യാസമാണെന്നും സംസ്കാരമാണെന്നും പറഞ്ഞിട്ടുണ്ടു്. ക്ഷിണേന്ത്യയിൽ പല്ലവ ചോള പാണ്ഡ്യ രാജാക്കന്മാരുടെ കാലത്തു് പുരാണേതിഹാസങ്ങളുടെ പാരായണത്തിനു് ചില പ്രധാന ക്ഷേത്രങ്ങളിൽ വ്യവസ്ഥചെയ്തിരുന്നതായി ശിലാശാസനങ്ങളിൽ കാണുന്നു. കാംബോഡിയാരാജ്യത്തു് സോമേശ്വരൻ എന്നൊരാൾ വാല്മീകിക്കു് ഒരു ക്ഷേത്രം പണിതു് രാമായണം, ഭാരതം, ഭാഗവതം ഇവയുടെ പാരായണത്തിനായി വേണ്ട ഏർപ്പാടു ചെയ്തുവെന്നു് എം. ഡി. ആറാംശതകത്തിലുള്ള ഒരു ശിലാരേഖയിൽ പ്രതിപാദിച്ചിട്ടുണ്ടു്. കേരളക്ഷേത്രങ്ങളിലും സുകുമാരകലകളിലും രാമായണത്തിനും ഭാരതത്തിനും ഭാഗവതത്തിനും അനിഷേധ്യമായ ഒരു സ്ഥാനം കല്പിച്ചിട്ടുണ്ടു് എന്നുള്ള പരമാർത്ഥം അറിഞ്ഞിരിക്കേണ്ടതാണു്.

പുരാണേതിഹാസങ്ങൾ ഗാഥയിൽനിന്നുമുണ്ടായി. ഇവയിൽ രാമായണവും ഭാരതവും ഇതിഹാസവും ഭാഗവതം പുരാണവുമാണു്. രാമായണവും ഭാരതവും ഏതാണ്ടു് ബി. സി. അഞ്ഞൂറിനും ഏ. ഡി. ഇരുനൂറിനും ഇടയ്ക്കുള്ള കാലത്തു് രചിച്ചിട്ടുള്ളവയാണു്. ഭാഗവതമാകട്ടെ ഏ. ഡി. പത്താംശതവർഷത്തിൽ ദക്ഷിണേന്ത്യയിൽ ഉണ്ടായതാണെന്നാണു് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതു്. പുരാണങ്ങളിൽവച്ചു ശ്രേഷ്ഠം ഭാഗവതമാണു്. ഭക്തിയും അദ്വൈതവും അതിൽ സമാഹരിച്ചിട്ടുണ്ടു്. ഭാരതം നമ്മുടെ ശാശ്വതമായ ഒരു മൂല്യനിധിയാണു്. രാമായണം ഭാരതീയരുടെ ആദികാവ്യമെന്നാണു് പറയുന്നതു്. ഇവയിൽ മൂന്നിലും നിയതിയുടെ ശക്തിയെ വാഴ്ത്തിക്കാണുന്നു. "ആരാലും വിധിയെ ജയിക്കുന്നതാകും" എന്നുള്ള പരമാർത്ഥമാണു് പ്രതിപാദിച്ചിരിക്കുന്നതു്. ഇതുക്രമേണ ക്ഷത്രപ്രഭാവത്തെപ്പറ്റിയും ഇതിഹാസങ്ങളിൽ പ്രകീർത്തിക്കുന്നുണ്ടു്.

വേദങ്ങൾകഴിഞ്ഞാൽ ഹൃദ്യോമയമായ കവിതയാണു് രാമായണം. വാല്മീകി ശ്രീരാമചരിതത്തെ വർണ്ണിക്കുന്നതോടൊപ്പം, സ്നേഹം, സഹോദരതത്വം, ചാരിത്ര്യം മുതലായ ആദർശങ്ങളെ രാമായണത്തിൽ ചർച്ചചെയ്തിട്ടുണ്ടു്. മഹാത്മാഗാന്ധി വിവക്ഷിച്ചിട്ടുള്ള രാമരാജ്യം വാല്മീകിസൃഷ്ടിയായ രാമരാജ്യത്തിന്റെ ഒരു പ്രതിരൂപമായാണു്. രാജാക്കന്മാർ പ്രജാസേവകരായിട്ടാണു് രാമായണത്തിൽ കാണുന്നതു്. രാമായണം അദ്ധ്യയനംചെയ്യുന്നവർക്കു് "അദ്ധ്യാത്മജ്ഞാനമുണ്ടാവും, പുത്രസന്തതി ധനസമൃദ്ധി ദീർഘായുസ്സും, മിത്രസമ്പത്തും കീർത്തിരോഗശാന്തിയുമുണ്ടാം ഭക്തിയും വർദ്ധിച്ചീടും മുക്തിയും സിദ്ധിച്ചീടും." "സർവ്വവേദാന്തസാരസംഗ്രഹം രാമതത്വം ഭക്തിപൂണ്ടനാരതം പഠിച്ചീടുന്ന പുമാൻ മുക്തനായ്ത്തീരുമൊരു സംശയമതിനില്ല" "ശ്രീരാമായണം പൂരം വിരിഞ്ചവിരചിതം നൂറുകോടിഗ്രന്ഥമതിലിതു ഭൂമിതന്നിൽ രാമനാമത്തെ ജപിച്ചൊരുകാട്ടാളൻമുന്നം മാമുനിപ്രവരനായ്ത്തന്നുകണ്ടുധാതാ ഭൂമിയിലുള്ളജന്തുക്കൾക്കു മോക്ഷാർത്ഥമിനി ശ്രീമഹാരാമായണം ചമയ്ക്കുന്നതുംചെയ്യു വീണപോണിയുമുപദേശിച്ചുരാമായണം വാണിയും വാല്മീകിതൻനാവിന്മേൽവാണീടിനാൾ" ഇങ്ങനേയാണു് രാമായണം ഉണ്ടായതായി പറയുന്നതു്. അതിൽ രാമനെ അവതാരപുരുഷനാക്കിയിരിക്കയാണു്. സീതയെ ലക്ഷ്മിയുടെ അവതാരവുമാക്കി. ശ്രീരാമൻ ഒരാദർശപുരുഷനും സീത ഒരു മാതൃകാവനിതയുമായിട്ടാണു് രാമായണത്തിൽ ചിത്രീകരിച്ചിരിക്കുന്നതു്.

ശ്രീ മഹാഭാരതമാകട്ടെ വൈശമ്പായനൻ ജയമേ ജയനേടരിയിച്ചിട്ടുള്ളതാണു്. ശ്രീ വേദവ്യാസപ്രകീർത്തിതമായ ഭാരതം കഥകേട്ടാൽ "ദുഃഖങ്ങൾ പിന്നീടുണ്ടാകയില്ല. സകലിയും നശിച്ചുപോം, ഭക്തിയുമുറച്ചീടും, ഭക്തിയിൽ വിരക്തിയും മുക്തിയും താനേവരും" "ഭഗവദ്ഗീത, ശ്രീമൽ സഹസ്രനാമാദികൾ ഭഗവാൻ വേദവ്യാസൻ ഭാരതമതിലാക്കി, നിഗമാദികൾപോലുമതിനാൽ വന്ദിക്കുന്നു, സകല പുരുഷാർത്ഥങ്ങളുണ്ടിതിൽനൂനം" എന്നാണു പറയുന്നതു്. "ധർമ്മകൗശലങ്ങൾ സംന്യായോപദേശികളും, ധർമ്മാർത്ഥകാമമോക്ഷം സാധിപ്പാനുപായവും നിർമ്മലൻ വേദവ്യാസൻ ഇതിങ്കൽ പ്രയോഗിച്ചു, ശർമ്മസാധനമിതിഹീനമൊന്നില്ല" ഭാരതത്തിൽ യുധിഷ്ഠിരൻ, കർണ്ണൻ, ഭീഷ്മർ, ദ്രോണൻ മുതലായവർ ഭാരതീയരുടെ ആദർശപുരുഷന്മാരാകുന്നു. ഔദാര്യത്തിനു കർണ്ണനും, ധർമ്മബോധത്തിനു യുധിഷ്ഠിരനും, ആശ്രിതവാത്സല്യത്തിനു ഭീഷ്മരും മകുടോദാഹരണമാണു്. ഭാരതത്തിലെ പ്രതിപാദ്യവിഷയം രാജനീതി, രാജധർമ്മം, ധനവേദം, ധർമ്മമീമാംസ, വേദാന്തശാസ്ത്രം ഇവയാണു്. വാല്മീകിയുടെ രാമായണം ആത്മാവിനു നിർവൃതിയുണ്ടാക്കുന്നുവെങ്കിൽ വ്യാസന്റെ ഭാരതം നമ്മുടെ ബുദ്ധിക്കു വികാസംവരുത്തുന്നു. രാമായണത്തിലെ സ്ഥായിരസം കരുണമാണെങ്കിൽ ഭാരതത്തിൽ അതിനെ വൈരാഗ്യമായി രൂപാന്തരപ്പെടുത്തി ശാന്തതയിൽ പര്യവസാനിപ്പിക്കുന്നതായി തോന്നും. ഭാരതത്തിൽ നിരവധി കഥകളും ഉപകഥകളും ഉണ്ടു്. അവ ധർമ്മത്തെ പ്രകീർത്തിപ്പിക്കുകയാണു് ചെയ്യുന്നതു്. അവയിൽ ധർമ്മാർത്ഥകാമമോക്ഷശാസ്ത്രങ്ങൾ അന്തർലീനമായിക്കാണാം. ഭാരതത്തിലുള്ളതു് എവിടെയുമുണ്ടു്. ഇല്ലാത്തതെന്തുമില്ല. കാണാൻ കഴിയുകയുമില്ല എന്നാണു് പ്രമാണം. ചുരുക്കത്തിൽ ഭാരതം ഭാരതീയസംസ്കാരത്തിന്റെ ഭണ്ഡാഗാരമാണു്. ഭാരതദർശനസാരം ഭഗവദ്ഗീതയിലും, വിദുരവാക്യത്തിലും, ഭീഷ്മോപദേശത്തിലും സംക്ഷേപിച്ചിരിക്കുന്നു. ആദിബ്രഹ്മമാകുന്ന വസുദേവകൃഷ്ണനും യുധിഷ്ഠിരനാകുന്ന ധർമ്മവൃക്ഷത്തിന്റെ നാരായവേരായിട്ടാണു് ഭാരതത്തിൽ വിവക്ഷിച്ചിട്ടുള്ളതു്. ധർമ്മത്തിന്റെ വിജയമാണു് ഭാരതത്തിലെ പ്രതിപാദ്യവിഷയം. വേദസാരം ഗായത്രിയുള്ളതുപോലെ മഹാഭാരതസൂക്തം ഭരതസാവിത്രിയിലടങ്ങിയിരിക്കുന്നു. ധർമ്മാചരണത്തിൽനിന്നും വിത്തവു

സന്തോഷവും ഉണ്ടാകുന്നതുകൊണ്ട് "സത്യംവദ; ധർമ്മംചര" എന്നുള്ള ആദർശമാണ് ദൈവപ്രായനായ വ്യാസൻ ഭാരതത്തിൽ സമർപ്പിച്ചിരിക്കുന്നത്. ഭാരതം പഞ്ചമവേദമെന്നും പറയുന്നുണ്ട്. വേദത്തെ കർമ്മകാണ്ഡമെന്നും ജ്ഞാനകാണ്ഡമെന്നും വിഭാഗിച്ചിട്ടുള്ളതിൽ രാമായണത്തിൽ ജ്ഞാനകാണ്ഡവും ഭാരതത്തിൽ കർമ്മകാണ്ഡവും അടങ്ങിയിരിക്കുന്നു. പല കഥകളും പല കാര്യങ്ങളും ഭാരതത്തിൽ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും അവയിലെ സ്ഥായിയായ ആശയം "സത്യമേവജയതേ" എന്നുള്ളതാകുന്നു. അവനവൻ നിഷ്കാമകർമ്മം ചെയ്യണമെന്ന ആദർശമാണ് ഭാരതത്തിൽ ഉൽഘോഷിച്ചിട്ടുള്ളത്. ജീവിതം മരണത്തിലേപ്പിച്ച് സംസ്കൃതം സിദ്ധമാകണമെന്നാണ് കണ്ണന്റെ ഉപദേശം.

രാമായണവും ഭാരതവുംപോലെതന്നെ മനസ്സിനെ സാന്ത്വനവും നിർവൃതിയും പ്രദാനംചെയ്യുന്ന മഹത്തായ ഒരു ഗ്രന്ഥമാണ് ശ്രീമൽഭാഗവതം. അഷ്ടദശപുരാണങ്ങളിൽ വെച്ചുത്തമം ഭാഗവതം എന്നാണ് വിജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളത്. "ആത്മതത്ത്വത്തെയറിഞ്ഞീടുവാൻ നിതേനല്ല, എത്രയുമെളുതായിമുക്തിയെ ലഭിക്കുന്ന ഭക്തിമാർഗ്ഗത്തെപ്രതിപാദിപ്പാൻ വേദവ്യാസൻ, ശ്രീമഹാഭാഗവതംചമച്ചാ വിദ്വേദേനനിജശിഷ്യനായ് വിളങ്ങി നശ്രീശുകമനീന്ദ്രനെ സാദരം പഠിപ്പിച്ച്" താണ് ഭാഗവതം. "സംസാരവിനാശനമാകിയകഥാമൃതം വിസ്തൃതമഹാവ്യാധിതെറ്റെന്നു വടിവാർപോവതിനെളുതായ് സിദ്ധിദംസിദ്ധായക്ഷുദ്രം എത്രയുംമനോരമ്യം; പുഷ്ടിദം മോക്ഷപ്രദമജ്ഞാനവിനാശനം, മത്ത്യന്മാരക്കറമാനന്ദേന ചൊല്ലുവാനേളുരുത്തമവൃത്തം ജഗൽസമ്മതംരമണീയം" എന്നാണ് ഭാഗവതത്തെപ്പറ്റിപ്പറയുന്നതു്. അതിൽ ഭക്തിയും ധർമ്മവും ആഭരണങ്ങളായി ചിത്രീകരിച്ചിട്ടുണ്ട്. പഴയ കഥകളെ പുതുക്കി ശുകനിമുഖത്തുനിന്നു ശ്രീകൃഷ്ണകഥാമൃതത്തിൽ നിഷിച്ചു് അദ്ദേഹവും ഭക്തിയും ഭാഗവതത്തിൽ പറിപ്പിക്കുന്നു. വൈഷ്ണവാചാര്യന്മാരുടെ കാലംകഴിഞ്ഞു് ശ്രീശങ്കരനു മുമ്പിൽ രചിച്ചിട്ടുള്ള ഭാഗവതത്തിൽ ഉപനിഷത്തത്വം വിഷ്ണുഭക്തിയിലും കൃഷ്ണപൂജയിലും കൂടി പ്രചരിപ്പിച്ചു് ദുഷ്കൃതവിനാശനത്തിനുവേണ്ടി അവതരംചെയ്തിട്ടുള്ള പരമാനന്ദമൂർത്തിയെ സേവിപ്പാനുപദേശിക്കുന്നു. രാമായണത്തിൽ വാഴ്ത്തീകി ധർമ്മത്തെ വാഴ്ത്തുന്നതുപോലെ ഭാഗവതത്തിൽ ശ്രീകൃഷ്ണൻ ഭക്തിയെ പ്രകീർത്തിക്കുന്നു. ശ്രീരാമൻ ധർമ്മികോദ്ധരകനാണെങ്കിൽ ശ്രീകൃഷ്ണൻ സൗന്ദര്യമൂർത്തിയാണ്. ഭാഗവതത്തിൽ ഉത്തമശ്ലോകന്റെ ചരിതമാണ് അധികമായി വർണ്ണിച്ചിട്ടുള്ളതു്. അതുകൊണ്ടാണ് ഭാഗവതം ഒരു പാരായണഗ്രന്ഥമായി ഉപയോഗിച്ചുവരുന്നതു്. ഭക്തിയോഗമാണ് ഭാഗവതത്തിലെ സത്തും, ജീവനം, ആദർശവും. പല മഹാഭാഗവതന്മാരായ ധ്രുവൻ, പ്രഹ്ലാദൻ മുതലായവർ ഭക്തിശിരോമണികളാണ്.

"ഭക്തിയോഗോമനസി
സമ്യക് പ്രണിഹിതമലേ
അപ്രസക്തസ്യ പുരുഷംപൂർവ്വം
മായാംചരേദുപരത്ര്യയം"

എന്നാണ് ഭാഗവതത്തിൽ പറഞ്ഞിട്ടുള്ളതു്. ആകപ്പാടെ നോക്കുമ്പോൾ ആദർശത്തെ സംബന്ധിച്ചിടത്തോളം ഇതിഹാസം പുരാണത്തിൽനിന്നും വ്യത്യസ്തമല്ലെന്നു് രാമായണം, ഭാരതം, ഭാഗവതം ഈ മൂന്നു ഗ്രന്ഥങ്ങളിൽനിന്നു് നമുക്കനുമാനിക്കാം. ഇതിഹാസത്തിൽ പുരാണത്തിന്റെ ഒരു ഭാഗമായ വംശാനുചരിതമാണ് പ്രതിപാദ്യവിഷയം. ഇതിഹാസം വിദ്യുച്ച പ്രയോജനകരമാണ്. അതിൽ അമൂല്യങ്ങളായ അനവധി സൂക്തികളുണ്ട്. ഭാരതീയരുടെ ജ്ഞാനചക്ഷുസ്സുകൾ രാമായണവും ഭാരതവും, "മനമാകുന്നകണ്ണു്" ഭാഗവതവുമാണ്. ഇവയിൽ മൂന്നിലും ധർമ്മത്തിന്റെ വിജയമാണ് പ്രകീർത്തിച്ചിട്ടുള്ളതു്. തിന്മയിൽ മുഴ്കീകരിച്ച അസുരനെ, നന്മകൊണ്ടു വിളങ്ങുന്ന ദൈവം അവതാരപുരുഷനായിവന്നു് ഹിംസിച്ചു് മോക്ഷപ്രദനം ചെയ്യുന്നതായിട്ടാണ് രാമായണത്തിലും, ഭാരതത്തിലും, ഭാഗവതത്തിലും പ്രതിപാദിച്ചിട്ടുള്ളതു്. കുടിലുതൊട്ടു കൊട്ടാരംവരെ വ്യാപിച്ചിട്ടുള്ള ഈ മഹൽഗ്രന്ഥങ്ങളുടെ പാരായണംകൊണ്ടു് ജനങ്ങൾ ആദർശകൗതുകികളും, ഭക്തലോലുപന്മാരുമായിത്തീർന്നു് "സർവ്വജനനായി സർവ്വജഗൽക്കാരണനായി അപരിച്ഛിന്നമായി പരമാനന്ദമായ പരമാത്മാവുതന്നെ ധ്യാനിക്കാൻ" ശ്രേഷ്ഠിമാന്മാരാകുമെന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയുണ്ടാകുമെന്നിടയില്ല.

(With the kind permission of the A. I R. Madras.)

★

എവറസ്റ്റാരോഹണം ഫിലിമിലേക്കു്

ബ്രിട്ടീഷ് എവറസ്റ്റാരോഹണസംഘക്കാർ എങ്ങനെയാണു് ലോകത്തിലേക്കും വലിയ കൊടുമുടി കീഴടക്കിയതെന്നു് ഏതാനും മാസങ്ങൾക്കുള്ളിൽ നിങ്ങൾക്കു ഫിലിമിൽ കാണാവുന്നതാണു്. രണ്ടുമണിക്കൂറിലധികം നീണ്ടുനിൽക്കുന്ന ഈ വർണ്ണചിത്രം വരുന്ന ഒക്ടോബറിൽ ബ്രിട്ടനിൽ പ്രദർശനമാരംഭിക്കുന്നതായിരിക്കും.

നാഷണൽഫിലിം ഫിനാൻസുകോർപ്പറേഷന്റെ സഹായത്തോടുകൂടി രണ്ടു ബ്രി: ഫിലിം നിർമ്മാണക്കമ്പനിക്കാരാണു് ഈ ചിത്രം തയ്യാറാക്കുന്നതു്. ഒരു നല്ല പർവ്വതാരോഹണക്കാരൻ കൂടിയായ മി. തോമസ് സ്റ്റോബാർട്ട് ഇപ്രാവശ്യത്തെ ബ്രി എവറസ്റ്റാരോഹണത്തിൽ ശേഖരിച്ച രേഖകളിൽനിന്നാണു് പടം തയ്യാറാക്കുന്നതു്.

നീർപ്പോളകൾ

★

— മൈക്കുപ്പള്ളിൽ കൃഷ്ണപിള്ള ബി. എ. ബി. എൽ. —

കീർയോടേറേറെടി-
ത്തെത്രയുള്ള തകർന്നാലും
തിരമാലകൾ തിരെ-
ത്തള്ളരുതെന്നുമാത്രം,
സ്വീയശക്തിജനത്താലേ
സമരാവേശത്തിന്റെ
കുമിളകൾ മുഴക്കുന്ന
കടലിൻ മടിത്തട്ടിൽ
തിരെ ദുർബ്ബലമാണെ-
ന്നാകിലും തകരാത്ത
ലോലമോഹനഗാനം-
ലാപത്തിൻ പ്രചോദനം
അഴകിൽ വികാരങ്ങ-
ളുവതും സജ്ജീകരി-
ച്ചുഴലുവതും മറ-
ന്നങ്ങയെത്തിരയുന്നു ഞാൻ!
കേവലം ക്ഷണികമെൻ-
ജീവിതം തവ പാദ-
പൂജയാൽപ്പരിപൂത-
മാകുവാനാശിപ്പു ഞാൻ!
ദേവ, തവകോമളല-
ജീവിതപ്രകാശത്തി-
ലീജഗവികാരത്തിൻ
വേദനാനിവേദനം
രാഗശോണിമയാലേ
ചാരുമയിത്തീർന്നാൽ
ചാരിതാർത്ഥ്യത്തിൻ രമ്യ-
രാജതനക്ഷത്രം ഞാൻ!
മരണം, മധുരമാ,-
ണെങ്കിലുമാശിപ്പു ഞാൻ
കരുണാകര, ഭവൽ-
സ്മാമീപ്യസപര്യകൾ!
നശ്വരം മമജന്മം
നിശ്ചലമായിത്തോന്നീ-
ശാശ്വതാ തവ കര-
ലാളനമേൽക്കയേ കയാൽ
തകർന്നാൽ തകരട്ടേ
തരളം മമ ജന്മം,
പകരുഭവാങ്കനന്നിൽ-
പ്പാവനപ്രേമാമൃതം!

* * *

സാഗരപ്പരപ്പിലും
സ്നേഹദോഹത്താൽ നോവും
ചേതനയുടെ ഗാന-
മീവിധം ചെവിക്കൊൾകെ
വളരും ജീവസ്നേഹ-
മാധുരിയുടലാണ-
ജലബിന്ദുവിൻ ശൈത-
ശീതിമം കേൾക്കയേ വണ്ണം!—
"നിസ്തുലേ, തവ രമ്യ-
ഭാവനാവിലാസത്തെ-
നിസ്തുലമായ്ത്തന്നെ-
കാണുന്നു ഞാനെന്നാലും,
ചക്രവാളത്തിൻ വക്ക-
ത്താകുമസങ്കല്പങ്ങൾ
സ്വപ്നചാതുര്യംപോലേ
നിൻ മുഗ്ധഹൃദന്തത്തെ
നിർദ്ദയം വഞ്ചിക്കയാൽ
നീർപ്പോളയെന്നെയും
നിശ്ചലനക്ഷത്രമായ്
നീ തെറ്റിലധരിച്ചല്ലോ!
അന്യോന്യമടുത്തെത്തി-
യശേഷം പരസ്പരം
ഇന്നു നാം പകർന്നീടും
നേരുകൾ നേരിൽക്കാൺമൂ.
പാരമീഞ്ഞനേരം പാര-
വാരവാരിയിൽത്തുള്ളും
വേറൊരു നിസ്സാരമാം
നീർപ്പോള നിനോടൊപ്പം!
ഒന്നുപോൽ നിയന്ത്രിക്കു-
ന്നുണ്ടെന്നാം രണ്ടാളെയു-
മിക്കടൽപ്പരപ്പിലെ-
യോരോരോ തരംഗവും!
അലയാലേട്ടുന്നനാ-
മമലേ; വീണ്ടും പക്ഷേ-
യലയാം മലയാംഗി-
നായിക്കും വഴിക്കായി!
എന്നാലുമറിഞ്ഞുനാ-
മന്യരല്ലിനിമേലി-
ലൊന്നിന്റെ വികാരങ്ങ-
ളന്യമിൽ സ്പന്ദിക്കാവൂ!
കാലത്തിന്നപാരത-
യിങ്കൽനാം വീണ്ടുംവീണ്ടും
ചേലിലൊന്നിക്കും, തമ്മി-
ലുഴകുകൻ, ചുംബിക്കുവൻ!
തകരാതിരിക്കട്ടേ
നമ്മുടെ സങ്കല്പങ്ങൾ
തരംഗപ്രവാഹത്താൽ
നാമടുത്തെത്തുംവരെ!
ജീവിതവ്യാപാരത്താൽ
പാംസുപങ്കിലമായ
ഭാന്തവാം പാതകയെ-
പ്പുണ്യിമാംബുധി പുൽകെ
വാരേഴും വാരാശിയെ,
വായുമണ്ഡലത്തിനെ,
വാനിനെ, വാനന്തനെ
നിൻയോഗപ്രചോദിതൻ!
തകരുംനേരംപോലും
ചാരുതേ, തവനാമ-
സ്മൃതിയാരചിക്കുമെൻ
മേനിയിൽപ്പുളകങ്ങളാം!
ആയവയുടെ നേത്ര-
ശോകമാധുരിയാലേ
തവകോമളസ്നേഹ-
ഭാജനം നിനായാവൂ!

★

മലയാളരാജ്യം

ആൽബർട്ട് ഐൻസ്റ്റീന്റെ ലോകം

എം. ആർ പിള്ള, യൂണിവേഴ്സിറ്റി കോളേജ്.

ആധുനികചരിത്രത്തിലെ മിക്കവാറും ഏറ്റവും പ്രധാനപ്പെട്ട ഒരു സംഭവമാണ് ആറാംബോംബിന്റെ കണ്ടുപിടിത്തം. അതു യുദ്ധമുറകളെപ്പറ്റി നമുക്കുള്ള ചിന്താഗതിയെപ്പാടേ മാറ്റിമറിച്ചു. ആശേഷസമരതന്ത്രത്തെപ്പറ്റി തലപുകഞ്ഞാലോചിക്കുവാനും അതു വകുന്നൽകി. എന്നാൽ ഈ അത്ഭുതകരമായ കണ്ടുപിടിത്തത്തിനു് അഭിവാദ്യമിട്ട മനുഷ്യൻ തന്റെ ജീവിതകാലം മുഴുവൻ ഒരു തികഞ്ഞ സമാധാനവാദിയായി കഴിയുന്നു. അദ്ദേഹത്തിന്റെ ആശയങ്ങളും മാർഗ്ഗങ്ങളും അലൌകികവും അപ്രമേയവും ആയിത്തന്നെയിരിക്കുന്നു. മാൻഹാടൻ വികസനപദ്ധതിയുടെ തുടക്കത്തിനുകാരണം പ്രസിഡണ്ട് റൂസ്വെൽറ്റിനു് ഐൻസ്റ്റീൻ എഴുതിയ ഒരു കത്തായിരുന്നു. അണുശക്തിയുടെ പുരോഗതിയുടെ അടിസ്ഥാനം ഐൻസ്റ്റീന്റെ 'ആപേക്ഷികതാസിദ്ധാന്തം' ആണു്. പരസ്യം, കീർത്തി, പണം, പ്രതാപം തുടങ്ങി അദ്ദേഹത്തിനു ഒരിക്കലും ആഗ്രഹമില്ലാത്തവസ്തുക്കളാൽ അനന്യനിഷ്ഠം ഐൻസ്റ്റീനെ പ്രലോഭിപ്പിക്കുവാൻ പലതും വ്യർത്ഥശ്രമമിക്കുന്നു. അദ്ദേഹം തെറ്റിദ്ധാരണകൾക്കും വാഗ്വാദകോലാഹലങ്ങൾക്കും വിധേയനായിത്തീർന്നു. അനേകശതം ശാസ്ത്രജ്ഞന്മാർ അവരുടെ ജീവിതം ഐൻസ്റ്റീന്റെ കണ്ടുപിടിത്തങ്ങൾ വിശദീകരിക്കുന്നതിനും സമർത്ഥിക്കുന്നതിനും മുഴുഞ്ഞുവെച്ചിട്ടുണ്ടു്. കായികവ്യക്തിസ്വാതന്ത്ര്യത്തിലും ജനാധിപത്യഭരണരീതിയിലും അടിയുറച്ചുവിശ്വസിക്കുന്നുണ്ടെങ്കിലും അദ്ദേഹം ഒരു "ബോംബെവി"ക്കാരനും "ബോംബ്സ്റ്റീൻറിന്റെ ഉപകരണ"മായും ചിത്രീകരിക്കപ്പെട്ടിരിക്കുകയാണു്.

അത്ഭുതനായ ഒരു ഉൎജ്ജതന്ത്രജ്ഞൻ എന്നനിലയിൽ, അദ്ദേഹത്തിനു് 25000 പവൻ വരുന്നതൊരു സമ്മാനം അദ്ദേഹം അത്ഭുതസ്വപ്നാധീനായിപ്പോയി. അദ്ദേഹത്തിന്റെ കഴിവുകൾ ലോകത്തെമ്പാടുമുള്ള കലാശാലകളിലും ഗവേഷണശാലകളിലും നിറഞ്ഞുനിന്നു് പ്രഭാപൂരംചൊരിയുന്നു. ജർമ്മനിയിൽ അദ്ദേഹത്തിന്റെ സ്മാരകം സ്ഥാപിതമായിട്ടുണ്ടു്.

ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ആവശ്യമായ ഏകാന്തത 'മാത്രമേ' ആവശ്യപ്പെട്ടുന്ന ഒരു മനുഷ്യനാണു് ഐൻസ്റ്റീൻ. "ഞാൻ സന്തുഷ്ടനാണു്, എന്തെന്നാൽ എനിക്കു് ഒന്നിനും യാതൊന്നും ആവശ്യപ്പെടുന്നില്ല", അദ്ദേഹം പറയുകയാണു്. "എന്നാൽ എന്റെ ഹൃദയത്തിൽനിന്നുലഭിക്കുന്ന അനുമോദനങ്ങളും എന്നെ സന്തുഷ്ടനാക്കുന്നു".

ജർമ്മനിയിൽനിന്നും സ്വീകരിച്ചുള്ള പ്രിൻസ്റ്റൺ എന്ന സമാധാനത്തിൽ തന്റെ 1933-ലുള്ള ആഗമനത്തിനുശേഷം കേവലം തൊഴിൽപരമായ അനുമോദനങ്ങളേക്കാൾ മാറുന്നിലയിൽ വളരെയധികം അദ്ദേഹത്തിനു നേടുവാൻകഴിഞ്ഞു. പദവ്യയത്തിൽ ലുബ്ധരായ ശാസ്ത്രജ്ഞന്മാർ അദ്ദേഹത്തെപ്പറ്റി "വിഡ്ഢിനായ", 'സ്നേഹനിധിയായ" എന്നെല്ലാം തുറന്നുപ്രസ്താവിക്കുവാൻ ഒരു ലോപവുംകാണുന്നില്ല. ഒരു ഗണിതശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടതു്, ഉൎജ്ജതന്ത്രത്തിന്റെ ഗഹനമായ മാഗങ്ങളും പ്രതിപാദിക്കുമ്പോഴും ഐൻസ്റ്റീൻ വിനോദശീലനും ഒരുമാന്യവ്യവഹാരനും ഭയം പൂണ്ടവനുമായി കാണപ്പെടുന്നു"വെന്നാണു്. ഏകദേശം അരശതാബ്ദകാലത്തെ വ്യതിരേകേശ്വരും ഐൻസ്റ്റീൻ അദ്ദേഹത്തിന്റെ സുഹൃത്തുക്കളും അയൽവാസികളുംകൂടി ഒഴിഞ്ഞുകയുള്ളവക്കെല്ലാം ഒരു അജ്ഞാതനായ വ്യക്തിയായി അവശേഷിക്കുന്നു.

ഓരോ ആഴ്ചയിലും ഞായറാഴ്ച ഒഴികെയുള്ളദിവസങ്ങളിലെല്ലാം ഒരു വിചിത്രമായ കറുത്തകോട്ടും കപ്പൽക്കാരുടേതുപോലെയുള്ള ഒരു കറുത്തതൊപ്പിയുംധരിച്ചു് കാലത്തു പത്തരമണിക്കു് ഐൻസ്റ്റീൻ തന്റെ പ്രയോഗശാലയിലേക്കുപോകുന്നു. അദ്ദേഹത്തിന്റെ കൊച്ചുവീട്ടിൽനിന്നും ഒന്നരമൈലകലെയാണു് ഈ പ്രയോഗശാല.

ഐൻസ്റ്റീൻ ഇന്നു് ഒരു ഏഴുപത്തിനാലുകാരനാണു്. അദ്ദേഹത്തിന്റെ നീണ്ടുവഴങ്ങാത്ത തലമുടിയും പരുത്ത മേൽമീശയും വെള്ളിവണ്ണമാണു്. മുഖത്തിന്റെ അപഞ്ചലഭാവം അസ്തമിച്ചുകഴിഞ്ഞു. അദ്ദേഹത്തിന്റെ നയനങ്ങളും നിങ്ങളുടെമേൽ പതിയുമ്പോൾ ക്ഷമയും ജിജ്ഞാസയും അവയിൽ ദ്യോതിക്കുമെങ്കിലും അവ ക്ഷീണങ്ങളും കലങ്ങിയതുമായിത്തീർന്നിരിക്കുന്നു. അദ്ദേഹം മുഴുവനും മൃദുവായസ്വരത്തിൽ സംസാരിക്കുന്നു. അദ്ദേഹത്തിന്റെ സംസാരരീതിക്കു് ജർമ്മൻഭാഷയുടെ ഒരു മൃദുത്വമുണ്ടു്. ഐൻസ്റ്റീൻ തന്റെ വിതതവും സുഖകരവുമായ ആംഫീസുമുറിയിലിരുന്നുകൊണ്ടു് 30 വർഷക്കാലമായി തന്റെ മുഴുവൻശ്രദ്ധയും ആകർഷിച്ചിരിക്കുന്ന അദ്ദേഹത്തിന്റെ യൂണിഫൈഡ് ഫീൽഡ്തീയറി (Unified Field Theory) യെക്കുറിച്ചുള്ള ഗവേഷണങ്ങളും നടത്തുന്നു. ഈ തത്വം നമ്മുടെ ഭൌതികലോകത്തെസംബന്ധിക്കുന്ന ഗുരുത (Gravitation) ആകൎഷണികാന്തികശക്തി (Electro Magnetic Power) എന്നീ മഹത്തായ രണ്ടുശക്തികളെ പരസ്പരം ബന്ധപ്പെടുത്തുന്നു. അപ്രകാരം അതു് ഏല്ലാ അറിയപ്പെട്ടുന്ന ഭൌതികപ്രതിഭാസങ്ങളുംതമ്മിലുള്ള ബന്ധത്തെ കണിക്കുന്നു.

ഐൻസ്റ്റീൻ തന്റെ കസേലയിൽ ചാരിയിരുന്നുകൊണ്ടു കാൽമുട്ടിൽവെച്ചിട്ടുള്ള നോട്ടുപുസ്തകത്തിൽ വൃത്തിയായ പെൻസിലിപിയിൽ എഴുതുന്നു. എപ്പോഴെങ്കിലും ഒരു കഴഞ്ചത്തുശ്നത്തിൽ പ്രതിരോധിക്കപ്പെട്ടുമ്പോൾ അദ്ദേഹം ശാന്തനായും സ്ഥിരചിത്തനായും അതിനെപ്പറ്റി ചിന്തിക്കുന്നു. ചിന്താഗ്രസ്തനായിരിക്കുമ്പോൾ ചിലപ്പോൾ അദ്ദേഹം മൂന്നാലു തലമുടികൾ കൂട്ടിപ്പിടിച്ചു് വിരലിൽ ചുറ്റിക്കൊണ്ടിരിക്കുന്നതു കാണാം. അദ്ദേഹത്തിന്റെ ഓരോ സിദ്ധാന്തവും അദ്ദേഹം പറയുന്നതുപോലെ അനേകമാസങ്ങളിലെയും വർഷങ്ങളിലെയും തന്നെയും നിരന്തരവും കഠിനവുമായ "മഹത്തായ പരീക്ഷണ"ങ്ങളുടെ പരിണതഫലമാണു്. പെൻസിലും, കടലാസ്സുമാണു് അദ്ദേഹത്തിന്റെ ശാസ്ത്രീയോപകരണങ്ങൾ; അദ്ദേഹത്തിന്റെ മനസ്സാണു് പ്രയോഗശാല. അദ്ദേഹം തെറ്റായ ഊഹാപോഹങ്ങളുടെ പിന്നാലെ അലഞ്ഞുതിരിയാറുണ്ടു്. അബദ്ധപ്പുഞ്ചാംഗങ്ങളും കുത്തിക്കുറിക്കുന്നു. പക്ഷേ അതുകൊണ്ടൊന്നും അദ്ദേഹം തന്റെ സിദ്ധാന്തത്തെ പരിത്യജിക്കുന്നില്ല.

അദ്ദേഹം പറയുന്നതു് എല്ലാറ്റിനും ഉത്തരം കണ്ടെത്തുവാൻ തീർച്ചയായും കഴിയുമെന്നാണു്. എന്തുകൊണ്ടെന്നാൽ "ദൈവം വളരെ കഠിനനാണു്, എന്നാൽ ഒരിക്കലും നിഷ്കൃപനല്ല." ഐൻസ്റ്റീൻ പ്രകൃതിയുടെ ലാഘവത്തിലും താത്ത്വികമായ ക്രമീകരണത്തിലും വിശ്വസി



ഏലിസബത്തു് II

[കിരീടധാരണകർമ്മം കഴിഞ്ഞു ഇമ്പീരിയൽ സ്റ്റേറ്റ് 'ക്രൗൺ' അണിഞ്ഞുകൊണ്ടു ബക്കിംഗാം കൊട്ടാരത്തിൽവച്ചെടുത്ത ഫോട്ടോ.[

ക്കുന്നു. "കണ്ടുപിടിത്തങ്ങളുടെ പ്രയാസങ്ങളിൽ എന്നെ ഹതാശനാക്കാതിരുന്നിട്ടുള്ളതു് മഹത്തായ ഒരുതരം വിശ്വാസമാകുന്നു" എന്നാണു് അദ്ദേഹം അഭിപ്രായപ്പെടുന്നതു്. തന്റെ ഒരോ നിരീക്ഷണഫലങ്ങളും സ്വയം തൂക്കിനോക്കുമ്പോൾ അദ്ദേഹം വിചാരിക്കുന്നു, "ഇതായിരിക്കുമോ ഈശ്വരൻ ലോകത്തെ സൃഷ്ടിച്ച രീതി" യെന്നു്. ഒരു സൃഷ്ടിപരനായ ശാസ്ത്രജ്ഞൻ എന്ന നിലയിൽ അദ്ദേഹം ഒരു കണ്ടുപിടിത്തത്തെ അതു ശരിയായിരിക്കുന്നതോടൊപ്പം മനോഹരവുമായി കാണുന്നു.

ഉച്ചയ്ക്കു ഒരുമണിയാകുമ്പോൾ ഐൻസ്റ്റീൻ ഗ്രൂനിനിൽ തന്റെ ജോലി നിത്തിയിട്ടു് വീട്ടിലേയ്ക്കു പോകുന്നു. മിസ്സ് ഹെലൻഡുക്കാസ് എന്ന വനിതയാണു് 1936-ൽ ഐൻസ്റ്റീന്റെ ദ്വിതീയഭാര്യയ്ക്കു മരിച്ചതിനുശേഷം അദ്ദേഹത്തിനു ഭക്ഷണം തയ്യാറാക്കുന്നതും വീട്ടുകാര്യങ്ങളും അന്വേഷിക്കുന്നതും. അവർ അദ്ദേഹം പഠിയുന്ന കാര്യങ്ങളും കുറിച്ചെടുക്കുകയും പണസംബന്ധമായ കാര്യങ്ങളും ശരിപ്പെടുത്തുകയും നിർബന്ധമുപയോഗിച്ചു് ഐൻസ്റ്റീനെക്കൊണ്ടു ഭക്ഷണം കഴിപ്പിക്കുകയും ചെയ്യുന്നു. ഡോക്ടർമാരുടെ ഉപദേശമനുസരിച്ചു അദ്ദേഹം തന്റെ പുകക്കുഴൽ തൃജിച്ചുവെങ്കിലും അദ്ദേഹത്തിന്റെ സുഹൃത്തുക്കളും കരുതുന്നതു് അദ്ദേഹം തന്റെ പഠനമുറിയിലെ മൂകതയിലിരുന്നുകൊണ്ടു ഈ ഉപദേശം ലംഘിക്കുവെന്നാണു്.

ഉച്ചതിരിഞ്ഞുള്ള സമയം ഒരു ചെറുനിദ്രയ്ക്കും എഴുത്തുകാരും വായിക്കുന്നതിനുമായി അദ്ദേഹം ചെലവിടുന്നു. ഏകദേശം 25 മുതൽ 30 വരെ എഴുത്തുകാരും അദ്ദേഹത്തിനു ദിനംപ്രതി ലഭിക്കാറുണ്ടു്. കാര്യമായ എല്ലാ അപേക്ഷകൾക്കും അദ്ദേഹം മറുപടി എഴുതുന്നു. ഒരിക്കൽ ഒരു യുവാവായ ശാസ്ത്രജ്ഞൻ അദ്ദേഹത്തിനയച്ച രസകരമായ ഒരു ഗണിതപ്രശ്നത്തിന്റെ നിർധാരണം ശരിയും എന്നാൽ അതിന്റെ ക്രിയയിൽ രണ്ടു തെറ്റുകളുമുണ്ടായിരുന്നു. ശാസ്ത്രജ്ഞന്മാർ അവരുടെ സ്വതന്ത്രപരിശ്രമത്തിൽ അഭിമാനികളായതുകൊണ്ടു ഐൻസ്റ്റീൻ അതിൽ തെറ്റുകളുണ്ടെന്നു പറഞ്ഞതല്ലാതെ അവ ചൂണ്ടിക്കാട്ടിയില്ല. ഇതു ആ യുവശാസ്ത്രജ്ഞനെ തന്റെ തെറ്റുകൾ സ്വയം തിരുത്തുന്നതിനും അങ്ങനെ ആ പരിശ്രമം അയാളുടെ സ്വന്തമാക്കിവെയ്ക്കുന്നതിനും സഹായിച്ചു.

ഐൻസ്റ്റീൻ തന്റെ സായാഹ്നവേളകളധികവും പഠനമുറിയിൽത്തന്നെ കഴിക്കുന്നു. പിൻഭാഗം ഉയർന്ന ഒരു കസാലയിലിരുന്നുകൊണ്ടു അദ്ദേഹം പാതിരാവരെ പണിയെടുക്കുന്നു. ചില കഴഞ്ഞ ഗണിതപ്രശ്നങ്ങളും അദ്ദേഹത്തെ നിദ്രാവിഹീനനാക്കാറുണ്ടു്. യൂണിവേഴ്സിറ്റി ഗ്രൗണ്ടിൽ കൈകളും പിന്നിൽ കെട്ടിയും തലകുനിച്ചും അങ്ങോട്ടും ഇങ്ങോട്ടും ഉലാത്തുന്ന ഐൻസ്റ്റീനെ വെളുപ്പാൻകാലത്തു നേരമറിയിക്കുവാൻ പ്രിൻസ്ട്ടനിലെ പോലീസുകാർ കണ്ടിട്ടുണ്ടു്.

ഏകാന്തത അദ്ദേഹത്തിനു സുപ്രധാനമാണെങ്കിലും അദ്ദേഹം ഒരു അരസികനല്ല. പലപ്പോഴും അദ്ദേഹം സായാഹ്നവേളകളും സുഹൃത്തുക്കളൊത്തു ലോകകാര്യങ്ങളും, രാഷ്ട്രീമാംസ, സംഗീതം ഇവയെപ്പറ്റി സംസാരിച്ചുകഴിക്കുന്നു. അദ്ദേഹം വിനോദങ്ങളും ആസ്വദിക്കുകയും ലഘുവായി ചിരിക്കുകയും ചെയ്യുന്നു.

ഒരിക്കൽ, വിജയത്തിലേയ്ക്കു നയിക്കുന്ന ഒരു തത്വത്തെക്കുറിച്ചു ചോദിച്ചപ്പോൾ അദ്ദേഹം പറയുകയുണ്ടായി, "ഒരു ജീവിതത്തിലെ ഒരു വിജയമാണെങ്കിൽ, ആ നിയമം $A = X + Y + Z$ എന്ന പ്രകടിപ്പിക്കാം. ഇവിടെ X എന്നതു് അധ്വാനവും Y എന്നതു് കളിയും ആകുന്നു." എന്താണു് Z ? "അതു് നിങ്ങളുടെ വായ് അടച്ചുവയ്ക്കാൻ ശ്രമിക്കുകയെന്നതാണു്."

അദ്ദേഹത്തിന്റെ ശാസ്ത്രീയപരിശ്രമം കഴിഞ്ഞാൽ രണ്ടാംസ്ഥാനം അർഹിക്കുന്നതു് സംഗീതപ്രേമമാണു്. ധർമ്മസ്ഥാപനങ്ങളുടെ ധനശേഖരണാർത്ഥം അദ്ദേഹം പലപ്പോഴും വയലിൻ വായിച്ചിട്ടുണ്ടു്. അദ്ദേഹത്തിന കൂടുതൽ സംതൃപ്തിയുള്ളതു് പിയാനോ വായിക്കുന്നതിലാണു്. അദ്ദേഹം ഒന്നാംകിടയിലുള്ള ഒരു പിയാനോ വായനക്കാരനാണു്. അദ്ദേഹം അത്യാകർഷകമായ രീതിയിൽ പിയാനോ വായിച്ചു രസിക്കുന്നു.

ഐൻസ്റ്റീൻ കഴിവതും യാത്ര ഒഴിവാക്കുന്നു. പ്രിൻസ്ട്ടനിൽ അദ്ദേഹത്തിനു താൻ അഗ്രഹിക്കുന്നിടത്തോളം ശാന്തിലഭിക്കുന്നതുകൊണ്ടു് അദ്ദേഹം തികച്ചും സന്തുഷ്ടനാണു്. അദ്ദേഹം തലമുടി നീട്ടിവളർത്തുന്നു. എന്തെന്നാൽ ബാർബർഷാപ്പിൽ പോകുന്നതിലുള്ള ബദ്ധപ്പാടുകൊണ്ടു അദ്ദേഹം ഇഷ്ടപ്പെടുന്നില്ല. അദ്ദേഹം സുഖത്തിനുവേണ്ടി വസ്ത്രം ധരിക്കാറേയില്ല. ചിലപ്പോൾ ബൽറൂമിനുപകരം കഴുത്തിൽ കെട്ടുന്ന ഒരു പഴയ 'ടൈ' ഉപയോഗിക്കും.

മാറ്റു പല മഹാന്മാരെയുംപോലെ ഐൻസ്റ്റീനും വിനീതനും ലജ്ജാശീലനുമാണു്. ഒരിക്കൽ അദ്ദേഹം, പലസ്റ്റീൻ പ്രശ്നത്തെക്കുറിച്ചു വാഷിംഗ്ടണിൽ കൂടിയ ഒരു യോഗത്തിൽ പങ്കെടുത്തു. അതുകൊണ്ടു ഹസ്സഹോഷം മുഴക്കി. അദ്ദേഹം ലജ്ജിച്ചു പിന്നോക്കം നീങ്ങി ഒരു സുഹൃത്തിനോടു പറയുകയുണ്ടായി, "ഞാൻ പറയുന്നതു കേൾക്കാൻ തീച്ചയായും അവർ കൂടിയിരിക്കണമെന്നു ഞാൻ വിചാരിക്കുന്നു."

കുറെ കൊല്ലങ്ങൾക്കുമുമ്പു് ഐൻസ്റ്റീന്റെ ബഹുമാനാർത്ഥം കൂടിയ ഒരു വന്നിൽ പല പ്രസംഗകരും ഐൻസ്റ്റീന്റെ മഹത്തായ പ്രതിഭാപ്രഭാവത്തെ വാനോളം പുകഴ്ത്തി. ഐൻസ്റ്റീൻ പരിഭ്രമിച്ചു. ഒടുവിൽ അദ്ദേഹം ഫ്രാങ്ക്ലിൻ എന്ന ഗ്രന്ഥകർത്രിയോടു് നിങ്ങൾക്കിതിലെന്തെങ്കിലും പറയാനുണ്ടോ? ഞാൻ ഒരിക്കലും കാല്യാ (Socks) ധരിക്കുന്നില്ല, എന്നു പറഞ്ഞു. അവർ ഇതുകേട്ടു ചിരിച്ചു മണ്ണുകപ്പി. താൻ ഏറ്റവും മോശക്കാരനാണെന്നായിരിക്കുമല്ലോ അദ്ദേഹം ഇതുകൊണ്ടു സൂചിപ്പിച്ചതു്.

അടുത്തകാലത്തു അദ്ദേഹത്തെ ഇസ്രായേലിലെ പ്രസിഡന്റാകാൻ ക്ഷണിച്ചു. ഐൻസ്റ്റീൻ തന്റെ സ്വതസ്സിദ്ധമായ വിനയത്തോടുകൂടി മറുപടി പറഞ്ഞതു് മനുഷ്യബന്ധങ്ങളും നിസ്സാരനും രാഷ്ട്രീയത്തിനു് അയോഗ്യനുമായ തന്നെ സ്വയം തോന്നിയെന്നാണു്. അദ്ദേഹം പിന്നീടു പറഞ്ഞതു് തനിക്കു "അല്പം അറിവു" ള്ള ഭൗതികലോകത്തെക്കുറിച്ചുള്ള തന്റെ പഠനം ഇതുവരെന്നതാണു് തനിക്കു നല്ലതെന്നു വിചാരിച്ചുവെന്നാണു്.

കമ്മ്യൂണിസ്റ്റ് മുന്നണികളുമായി പിന്നീടു രൂപംമാറിയ സംഘടനകൾക്കു കഴിഞ്ഞ കാലങ്ങളിൽ ഐൻസ്റ്റീൻ സഹായം നൽകിയതിൽ പലരുമുള്ളകം അതിശയിച്ചു. അദ്ദേഹം ഉത്തരം നൽകിയതു് താൻ ആ സംഘടനകളുടെ വിശാലമായ ലക്ഷ്യങ്ങളിൽ മാത്രമേ ശ്രദ്ധിച്ചിരുന്നുള്ളുവെന്നും അല്ലാതെ അവയുടെ നേതൃതത്തേയും ആദർശങ്ങളേയും പരിശോധിച്ചില്ലെന്നുമാണു്. മനുഷ്യവർഗ്ഗത്തോടു് അദ്ദേഹത്തിനു് പ്രബലമായ സഹാനുഭൂതിയുണ്ടു്.

അദ്ദേഹം മറ്റുള്ളവരിൽനിന്നു് കഴിവതും അകന്നുനിൽക്കുന്നു അതു അഭിമാനംകൊണ്ടുള്ള മുരടിപ്പല്ല, പ്രകൃത ജന്മനായുള്ള പ്രകൃതമാണു്. കുട്ടിക്കാലം കഴിച്ച മൂന്നിച്ചിൽവെച്ചു് അദ്ദേഹത്തിന്റെ ലജ്ജാശീലം മറ്റു കുട്ടികളിൽനിന്നും ആ കുട്ടിയെ അകറ്റി. സംസാരിക്കാൻ പാടുപെടുന്നതെന്നു സംശയിച്ചിരുന്നതിനാൽ ആ കുട്ടി ഒരു മിണ്ടാപ്പൂണിയാണെന്നുപോലും മാതാപിതാക്കൾപോലും തെറ്റിദ്ധരിച്ചു. അദ്ധ്യാപകന്മാർ ആ കുട്ടിയെ ഒരു പുറംപൂച്ചുകാരനായി തള്ളി. പിയാനോ വായിക്കുകയും മൂളിപ്പാട്ടു പാടുകയുമായിരുന്നു ആ കുട്ടിയുടെ വിനോദം.

പത്തുവയസ്സുമുതൽ ആ കുട്ടി ഗണിതവും സയൻസും

ഇച്ഛിക്കുന്നോ ഒരു പതിയെ വാങ്ങാൻ?

★

ഭർത്താവിനെ വാങ്ങാനുള്ള പുതിയരീതി

★

— എ. ജി. മേനോൻ, അരിമ്പ്ര, പാലക്കാട് —

അമേരിക്കയാണല്ലോ എല്ലാം കൊണ്ടും മുന്നേറിനിൽക്കുന്നതു്. എന്നാണല്ലോ മിക്കനവങ്ങളുടേയും ധാരണ! അവിടത്തെ ഒരു പുതിയ വൈവാഹിക-വ്യാപാര-സമ്പ്രദായം നടപ്പാക്കുന്നതിനു വേണ്ടിട്ടുള്ള പ്രവർത്തനപദ്ധതിയുടെ ചുരുങ്ങിയൊരു വിവരണമാണിതെന്നു പറഞ്ഞുകൊള്ളട്ടെ.

അമേരിക്കയിലെ 'ന്യൂഹാംപ്ഷയർ' (Newhampshire) എന്നുപേരുള്ള നാട്ടിലെ 'ബഫല്ലോ' എന്ന പ്രദേശത്തു് "അമേരിക്കയിലെ അവിവാഹിത സംഘം" എന്ന പേരിൽ ഒരു സ്ഥാപനം പുതുതായിട്ടു തുടങ്ങിട്ടുണ്ടു്. മിസ്റ്റർ ഡഗ്ലാസ് ആകുന്നു ഇതിന്റെ അദ്ധ്യക്ഷൻ. "ഇച്ഛിക്കുന്നോ ഒരു പതിയെ വാങ്ങാൻ?" എന്ന ചോദ്യോത്തരത്തിലുള്ള ഒരു ബോർഡ് അവിടെ കാണുന്നതാണത്രെ.

വരനവാൻ ആവശ്യപ്പെടുന്നവരുടെ അപേക്ഷയ്ക്കനുസരിച്ചു്, യോഗ്യതാനുസരണം, അവിടത്തെ വ്യാപാരസ്ഥലത്തുവെച്ചു ലേലത്തിൽ വിൽക്കുന്നതാണു്. വിൽപ്പനയ്ക്കുവാൻ ഉദ്ദേശിക്കുന്നവർക്കു് വിൽക്കുവാനുദ്ദേശിക്കുന്നവരുടെ (പെരുപ്പക്കാരുടെ) കുറ്റിയും രോമവും യോഗ്യതകളും അറിയുന്നതിനും സൗകര്യംപോലെ കാണുന്നതിനുവേണ്ടി അവരുടെ ഒരു വണ്ടിയിൽ വരിയായിട്ടു നിർത്തിയിരിക്കും.

ഇതരയോഗ്യതകൾ (വിദ്യാഭ്യാസം, സ്വഭാവഗുണം, ഉദ്യോഗം, ധനസ്ഥിതി ഇത്യാദികൾ) കുറ്റിയുള്ളതുകൊണ്ടു് ഒരുമാതിരി വിറ്റിരുന്ന സമ്പ്രദായമാണു് എന്നതുകൊണ്ടു് വിചാരിക്കേണ്ടതു്. അക്കാലത്തു് ഭർത്താക്കന്മാരെക്കൊണ്ടു് ശല്യപ്പെട്ടിരുന്നവർ ആ സ്ത്രീകളുടെ കഴുത്തിൽ ഒരു കയർ വളയം ഇട്ടുകൊണ്ടു് കാലികളെപ്പോലെ വിൽപനസ്ഥലത്തേക്കു് (ചന്തയിലേക്കു്) കൊണ്ടുപോയിട്ടു് അധികവിലകൊടുക്കുന്നവർക്കു് വിൽക്കുകയായിരുന്നുപോൽ: ഒരുതരം അടിമവ്യാപാരം.

അങ്ങനെ വിൽക്കുവാൻ കൊണ്ടുപോയിട്ടുള്ള സ്ത്രീകളുടെ പലഭാഗങ്ങളും തട്ടിട്ടും മുട്ടിട്ടും പിടിച്ചുവലിച്ചിട്ടും ചില കൃത്രിമസാധനങ്ങളെ സൂചിപ്പിച്ചുതന്നു് — കൊണ്ടു് കത്തിവേദനപ്പെടുത്തിട്ടും അവരുടെ ദേഹബലത്തേയും ക്ഷമയേയും ചിലർ പരിശോധനചെയ്തിരുന്നവത്രെ. വളരെ സമയത്തോളം ഇതെല്ലാം ചെയ്യുന്നതുകൊണ്ടു് അതിനുശേഷം ചുരുങ്ങിയവിലയ്ക്കു് — ഏതാണ്ടു് പെൻസിനു് — ഒരു ഗ്ലാസ് മദ്യത്തിനും (വീഞ്ഞു്) വാങ്ങിക്കുകയും ചെയ്തിരുന്നുപോൽ.

പത്രപരസ്യം വിവാഹാവശ്യത്തെപ്രസിദ്ധപ്പെടുത്തിക്കാണുന്നതു് ഇക്കാലത്തെന്നും അസാധാരണമായിട്ടുള്ളതാണല്ലോ. നമ്മുടെനാടുകളിലും ഈ അനാകരണഭ്രമം ധാരാളം കടന്നുകൂടിട്ടുണ്ടെന്നു് നമ്മുടെ സംബന്ധനതലസ്ഥാനപത്രങ്ങളിൽനിന്നും ചില്ലറപത്രങ്ങളിൽനിന്നും പലതും മനസ്സിലാക്കിയിരിക്കുമല്ലൊ. ഇതിൽ ഇംഗ്ലീഷുപത്രങ്ങളെന്നുമാത്രമല്ലാ മാതൃഭാഷാപത്രങ്ങളും ശ്രദ്ധയെടുത്തുകാണുന്നുണ്ടു്.

പത്രത്തിൽക്കൂടെ വിവാഹം ആവശ്യപ്പെടുന്നതിനെ അറിയിപ്പാനിടവന്നിട്ടുള്ളതു് 'ന്യൂസിലൻഡി'ലെ ഒരു പത്രാധിപൻ തന്റെ പത്രത്തിൽ 'ഒത്തുമാറ്റനിര' (Swap Column) എന്ന പേരിൽ കുറച്ചു് അനുവദിച്ചിരുന്നതിൽ നിന്നാണത്രെ.

ആ പത്രവായനക്കാരിൽ ഒരാൾ ഇങ്ങനെ ഒരു പ്രസിദ്ധീകരണത്തെ പത്രാധിപർക്കു് അയച്ചു:

"പ്രിയപ്പെട്ട സാറെ, എനിക്കു് 45 വയസ്സായ ഒരു പതിയുണ്ടു്. 25 പ്രായക്കാരായ രണ്ടു വനിതകളോടു് അവളെ ഒത്തുമാറ്റത്തിനു ഞാൻ തയ്യാറുപ്പെടുന്നു. ഭയപ്പെടാനുണ്ടാകുമോ? മുന്നുകുട്ടി എന്റെ വന്ദനം." പത്രാധിപർ ആയതു പ്രസിദ്ധപ്പെടുത്തി: പക്ഷേ ഫലമുണ്ടായില്ലാ.

ഏതാണ്ടു് ഒന്നരനൂറ്റാണ്ടിനിപ്പുറം പാശ്ചാത്യരാജ്യങ്ങളിൽ ആചരിച്ചിരുന്ന ചില വിവരങ്ങളും ഇവിടെ ചേർക്കുന്നതു് സമുചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു.


ഇംഗ്ലീഷുകാരൻ തന്റെ ഭാര്യയെ വിൽക്കുവാൻ അധികാരമുണ്ടായിരുന്നകാലത്തു 'കാർലൈൽ' (Carliole) എന്ന സ്ഥലത്തെ ജോസഫ് തോംസൻ (Joseph Thompson) എന്ന കർഷകൻ "ലങ്കാസ്റ്റർ ഹിറാൾഡ്" (Lancaster Herald) പത്രത്തിൽ

സ്വയം പഠിക്കുവാൻ തുടങ്ങി. സ്കൂളിൽ ആ കുട്ടി അത്യുജ്ജ്വലനായിരുന്നു. സ്കോറ്റ്ലണ്ടിലുള്ള "ഫെഡറൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി"യിലെ പ്രവേശനപരീക്ഷയിൽ ഐൻസ്റ്റീൻ പരാജിതനായി. ഒരു കൊല്ലം കഴിഞ്ഞു് വീണ്ടും ശ്രമിക്കുകയും വിജയിക്കുകയും ചെയ്തു.

കലാശാലാബിരുദം നേടിയശേഷം അദ്ധ്യാപകവൃത്തി സ്വീകരിച്ചു. ഇക്കാലത്തു് അദ്ദേഹം 'മിലേവാമാരക്കി'നെ വിവാഹം ചെയ്തു. അവർക്കു പിന്നീടു രണ്ടു പുത്രന്മാരുമുണ്ടായി.

അദ്ദേഹം അദ്ധ്യാപകവൃത്തി ത്യജിച്ചു മറ്റൊരു ജോലിയിൽ പ്രവേശിച്ചു. 26-ാമത്തെ വയസ്സിൽ തന്റെ വിഖ്യാതമായ 'ആപേക്ഷികതാസിദ്ധാന്തം' പരസ്യപ്പെടുത്തി. ഇന്നു അദ്ദേഹം 50 വർഷം മുമ്പത്തേപ്പോലെ ചുറുചുറുക്കായി പണിയെടുക്കുന്നു. എന്തു പരാജയം നേരിട്ടാലും അദ്ദേഹം നിരാശനാവുകയില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ 'നമുക്കു അനുഭവിക്കാൻ കഴിയുന്നതിൽ ഏറ്റവും ആകർഷകമായ വസ്തു ഏറ്റവും കുഴഞ്ഞുമറിഞ്ഞതേതോ അതാകുന്നു.' ചുരുക്കത്തിൽ ശാസ്ത്രതിരയും കലയുടേയും സവിശേഷസമ്മേളനമാണു് ഐൻസ്റ്റീൻ.

★




ഇൻറർനാഷണൽ ഇസ്തിമത്സരത്തിൽ റോയിഹോഫ്മാൻ പോളൻറിലെ പ്രസിഡന്റായ ജാർജ്ജു് സിബിസ്സ്യൂയെ നിലംപതിപ്പിച്ച രംഗം.

തന്റെ ഭാര്യയെ, 1832 ആഗസ്റ്റ് 4-ാംതീയതി, വിൽക്കുന്നതാണെന്ന് പരസ്യപ്പെടുത്തി. അടുത്തദിവസം ആ സ്ത്രീയെ, ഒരു വലിയജനക്കൂട്ടത്തിന്റെമദ്ധ്യേ ഒരു 'മാർക്കറ്റ്' മർക്കസോലയിൽ ഇരുത്തി പ്രദർശിപ്പിക്കുകയും അവളുടെ ഗുണഗണങ്ങളെപ്പറ്റി കാണികളെ പറഞ്ഞുമനസ്സിലാക്കുകയുംചെയ്തു. അന്നത്തെ നാണ്യം 50 എണ്ണം വിലയായും അറിയിച്ചു. വളരെനേരത്തെ വിചിപ്പിശക്കത്തിനുശേഷം പെൻസിൽകാരനായ 'ഹെൻറിമിയേർസ്' (Henry Mears) എന്ന ആൾ 20 നാണ്യത്തിനു വാങ്ങി. ഒരു നായിനെയും (New foundland dog) ഉടമസ്ഥനു സമ്മാനിച്ചു.

1950 ആടിക്കു നേപ്പിൾസ് (Naples) നഗരവാസിയായ ഒരു വാടകവണ്ടിക്കാരൻ (Taxe Driver) തന്റെ ഭാര്യയെ 20 പവന് ഒരു സ്നേഹിതനുവിറ്റു. ഏതാനുംദിവസങ്ങൾക്കുപിന്നിട് ആ കൊള്ളലും കൊടുക്കലും തൃപ്തിപ്പെടാഞ്ഞതിനാൽ സ്നേഹിതൻ വണ്ടിക്കാരനോടു് സംഖ്യ മടക്കിക്കിട്ടുവാനാവശ്യപ്പെട്ടു. കാര്യം ഒത്തുതീർഞ്ഞതിനാൽ സ്ഥലത്തെ മജിസ്ട്രേട്ടുകോടതിയിൽ പരാതിബോധിപ്പിക്കേണ്ടിവന്നു. സ്ത്രീയേയും വില്പനച്ചീട്ടിനേയും കോടതിയിൽ ഹാജരാക്കി. ബില്ല് മജിസ്ട്രേട്ട് പരിശോധിച്ചതിൽ ഒരു ചില്ലിങ്കിന്റെ മുദ്രപതിക്കേണ്ടിയിരുന്നതിന് 9 പെൻസിന്റെ മുദ്രപതിച്ചു് സംഖ്യ കുറവായതായിട്ട് ഒപ്പിട്ടുകൊടുത്തിരിക്കുന്നതായ്യുണ്ട്. അയതു് നിയമത്തിനു് വിരോധമായിരുന്നതിനാൽ വില്പനനടത്തിയതു് അസ്സാധുവാണെന്നു സ്ഥാപിച്ചുകൊണ്ടു് വിധികൽപിച്ചു.

1935-ൽ സാമ്പത്തികക്ലേശംകൊണ്ടു് ഒരു ഫ്രഞ്ചുകാരൻ തന്റെ ഭാര്യയെ ഒരു പാരീസ് നിവാസിക്കു് 40000 പവൻ കടംവാങ്ങിയതിനു് പണയംകൊടുത്തു. പലിശയൊട്ടുകൊടുത്തതായതു് മടക്കിക്കൊടുത്തിട്ട് ഭാര്യയെ തിരിയെക്കിട്ടുവാൻ ആവശ്യപ്പെട്ടു. എന്നാൽ ആ സ്ത്രീ, പണയത്തുക വിട്ടേക്കേണ്ടതില്ലെന്നും മൻഭർത്താവിന്റെ അടുക്കലേക്കു് ചെല്ലുന്നില്ലെന്നും, അറിയിച്ചു. പോരെങ്കിൽ വിവാഹമോചനത്തിനുള്ള നടപടികൾക്കും ഏർപ്പാടുചെയ്കയും ചെയ്തു.

വിവിധജാതിമതക്കാരായ സ്ത്രീപുരുഷന്മാരുടെ വിവാഹപ്രശ്നങ്ങൾ നിത്യനം നമുടെ നാട്ടിലെ പത്രങ്ങളിൽ കണ്ടുവരുന്നുണ്ടല്ലോ. കോടതികളിൽ വിവാഹവേർപാടിനുള്ള ഹർജികളും വേണ്ടത്ര കണ്ടുവരുന്നുണ്ട്. സ്ത്രീധനസംബന്ധമായ കേസ്സുകളും ഇല്ലാതെയില്ല. വിവാഹസംഘടനാവശ്യം ഏർപ്പെടുത്തിക്കാണുന്ന ചില സ്ഥാപനങ്ങളും ഏജൻസികളും ഒട്ടും കുറവല്ലതാനും. തരകുവേലനടത്തി കഴിച്ചുകൂട്ടുന്ന ചില



പടക്കോപ്പുപ്പടർന്നം 25 രാഷ്ട്രങ്ങളുടെ പ്രതിനിധികളും ബ്രിട്ടീഷ് സമരായുധങ്ങളുടെ പരിശോധന നടത്തുകയാണു്. ലക്കിലിലെ ആർട്ടിലറി സ്കൂൾ സന്ദർശിച്ച അവർ ഒരു റോക്കറ്റ് പ്രൊജക്ടർ വീക്ഷിക്കുന്നു.

രെ കേരളത്തിൽ കാണുന്നുള്ളതും പലർക്കും അറിയുന്നതാണല്ലോ.

മഹിരാശിനഗരത്തിലും സംസ്ഥാനത്തിൽ പല ജില്ലകളിലും സ്ത്രീകളെ ഈ ആവശ്യത്തിന് വിറ്റും വാങ്ങിയും വരുന്നതിൽ ഉണ്ടായിത്തീരുന്ന കേസ്സുകളെപ്പറ്റി പത്രവായനക്കാർ അറിഞ്ഞിട്ടുള്ളതുമാണ്. ഏതാനുമായ പരസ്യമായ രഹസ്യത്തിൽ വ്യാപാരംനടത്തി സമ്പാദിക്കുന്ന സ്ത്രീപുരുഷന്മാരുടെ വഞ്ചനാവഹമായ പ്രവൃത്തിയെപ്പറ്റി നിന്ദിക്കുകയല്ലാതെ എന്തുചെയ്യാം.

ഉദ്യോഗം, ധനം, മുതലായതിന്റെ സ്ഥിതിക്കനുസരിച്ച് സംഖ്യ ചോദിക്കുന്നതും സ്ത്രീധനമെന്നപറഞ്ഞു് പുരുഷന്മാർക്കു് കഴിവിലേറെ സംഖ്യ കൊടുത്തുവരുന്നതും — ബ്രാഹ്മണർമുതൽ ശൂദ്രൻ അടക്കം — കേരളത്തിലും നടപ്പായിത്തീർന്നിട്ടുള്ളതിൽ പരിതപിക്കയല്ലാതെന്തുചെയ്യാം!! ഈ സംഗതി നായന്മാരുടെയിടയിൽ — പാലക്കാട്ടുതാലൂക്കിൽപ്രത്യേകിച്ചും — സർവ്വസാധാരണമായിത്തീർന്നിട്ടുണ്ടെന്നതു് നിസ്സംശയം പറയാം. ആണിന്റെ മാതാപിതാക്കൾ — ഉയർന്ന വിദ്യാഭ്യാസവും നല്ല ശമ്പളമുള്ള ഉദ്യോഗവും ഉള്ളവരുടെ — മകനുവേണ്ടി മിലവക്കിയ പണത്തിനെ ഏതാണ്ടു് കണക്കാക്കിട്ടാണ് വധുവിന്റെ മാതാപിതാക്കന്മാരോടു്, ഏജൻസുഖേന, സംഖ്യയെപ്പറ്റി പറയുന്നതെന്നാണറിയുന്നതു്. ഏതായാനിലുമേറെമെത്ര കഷ്ടം!

പണം കൊടുപ്പാനും ഉദ്യോഗം ഉണ്ടാക്കിക്കൊടുപ്പാനും സാധ്യമല്ലാത്ത പെൺകിടാങ്ങളുടെ മാതാപിതാക്കന്മാരുടെ കാര്യമാണ് ഈ വിഷയത്തിൽ കഷ്ടാൽക്കഷ്ടതരമായിട്ടുള്ളതെന്നു പറയേണ്ടിയിരിക്കുന്നു; പ്രത്യേകിച്ചിക്കാര്യത്തു് നാലുതിരുമേൽപ്പോട്ടുള്ള "കുമാരികളെ" ഓർത്തേറെ കാണണം.

H. O. തൊടുപുഴ ഫോൺനമ്പർ 36. Branch: കോട്ടയം ഫോൺനമ്പർ 486.

നിങ്ങളുടെ ആരോഗ്യം

വലിച്ചു് യൌവനം നിലനിൽക്കുന്നതിന് സഹ്യാദ്രിസാനുപ്രദേശങ്ങളിൽനിന്നും ലഭിക്കുന്ന ദിവ്യമൂലികകളുടെ സാരാംശത്തെ സമാഹരിച്ചു് പ്രത്യേകരീതിയിൽ തയ്യാർചെയ്തിട്ടുള്ള ഞങ്ങളുടെ

ധന്വന്തരംതൈലം

ഉപയോഗിക്കുക. ഇതു് പ്രായഭേദമെന്യേ ഉപയോഗിക്കാവുന്നതും വാതരോഗം, കാസശ്വാസം, മൂത്രാശയരോഗങ്ങൾ ഇവകളെ നശിപ്പിക്കുന്നതിന് ശക്തിയുള്ളതുമാകുന്നു. ശരീരബലം, ബുദ്ധിശക്തി, ഓജസ്സശക്തി ഇവകളെ വർദ്ധിപ്പിക്കുകയുംചെയ്യും. സ്ത്രീകൾക്കു് പ്രസവരക്ഷയ്ക്കു സേവിപ്പാനും വളരെ വിശേഷമാകുന്നു. എല്ലാ ബ്രാഞ്ചുകളിലും ഹൈദ്രോമീസിലും എപ്പോഴും തയ്യാറുണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്കു് എഴുതുക.

ധന്വന്തരിവൈദ്യശാല, H O തൊടുപുഴ, തിരുവിതാംകൂർ.

ബ്രാഞ്ചുകൾ:

1. ആലപ്പുഴ
2. ആലുവാ
3. ആറന്മുള
4. ഇടപ്പള്ളി
5. ഈരാറ്റുപേട്ട
6. എറണാകുളം
7. കായംകുളം
8. കാഞ്ഞാർ
9. കിളിമാനൂർ
10. കുന്നാട്ടുകുളം
11. കൊട്ടാരക്കര
12. കൊച്ചി
13. കൊല്ലം
14. കോതമംഗലം
15. കോഴിക്കോട്
16. കോട്ടയം
17. ചങ്ങനാശ്ശേരി
18. ചേർത്തല
19. തക്കല
20. തിരുവനന്തപുരം
21. തിരുവല്ലാ
22. തൃപ്പൂണിത്തുറ
23. തൃശൂർ
24. നാഗർകോവിൽ
25. നെടുമങ്ങാട്
26. നെയ്യാറ്റിൻകര
27. പാറശ്ശാല
28. പന്തളം
29. ബാംഗ്ലൂർ
30. പാലാ
31. പിറവം
32. പുനലൂർ
33. പൂഞ്ഞാർ
34. പെരുമ്പാവൂർ
35. പൊൻകുന്നം
36. മദ്രാസ്
37. മാത്തുണ്ടം
38. മാവേലിക്കര
39. മുണ്ടക്കയം
40. മൂവാറ്റുപുഴ
41. വാഴക്കുളം
42. വൈക്കം

കുറിക്കാട് വിളഭൂമിയായി മാറിയ കഷ്ടകൻ

★

വിഷുബിന്റെ മദ്ധ്യത്തിൽ കാടുപിടിച്ചുകിടന്ന 30 ഏക്കർ സ്ഥലം ഫലഭൂയിഷ്ഠമായ കൃഷിഭൂമിയാക്കി മാറിയ ഒരു ആധുനിക കർഷകവീരനാണ് 60 വയസ്സുപ്രായമുള്ള ഫത്തേസിംഗ്. 1951-ലെ വേനൽക്കാലത്ത് ഒരുദിവസമാണ് കഥ ആരംഭിക്കുന്നത്. അന്ന് ഇന്ത്യാഗവൺമെൻറുദ്യോഗസ്ഥന്മാർ ഭഡ്സൻ കർഷകസേവനപദ്ധതി ഗ്രാമീണർക്ക് മനസ്സിലാക്കിക്കൊടുക്കുവാൻ ഫത്തേസിംഗിന്റെ ഗ്രാമം സന്ദർശിച്ചു. കർഷകരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് പട്യാലാ സംസ്ഥാനത്തിലെ 139 ഗ്രാമങ്ങളിൽ ആരംഭിച്ച പല പദ്ധതിയാണ് ഭഡ്സൻകർഷകസേവനം. ഗവൺമെൻറുദ്യോഗസ്ഥന്മാരും ഗ്രാമത്തലവന്മാരുംകൂടി അന്ന് ചർച്ച ചെയ്ത വിഷയങ്ങളിലൊന്ന് കൃഷിസ്ഥലങ്ങളുടെ ഏകീകരണം ആയിരുന്നു. പൂവികസ്വത്ത് തലമുറയായി വിഭജിക്കപ്പെട്ടുപോകുന്നതിനാൽ പല കർഷകരുടെയും കൃഷിസ്ഥലം ഗ്രാമത്തിന്റെ വിവിധഭാഗങ്ങളിൽ ചെറിയ തുണ്ടുകളായി ചിതറിക്കിടക്കുന്നു. ഈ തുണ്ടുഭൂമികളിൽ ഒന്നിൽനിന്നും മറ്റൊന്നിലേക്ക് സഞ്ചരിക്കുന്നതിന് അവർ അനേകം മണിക്കൂറുകളും ചെലവഴിക്കേണ്ടിവരുന്നു. ഫത്തേസിംഗിന്റെ ഏറ്റവും അകന്ന കൃഷിസ്ഥലത്തു കാളവണ്ടിയിൽപോകുന്നതിന് ഒന്നരമണിക്കൂർ വേണ്ടിയിരുന്നു.

"നിങ്ങൾക്ക് കൂടുതൽ ഭൂമിവേണമെങ്കിൽ, ഇപ്പോൾ കൃഷിചെയ്യപ്പെടുന്ന ഓരോ ഏക്കറിന്നും പകരം കാടുപിടിച്ചുകിടക്കുന്ന അനേകം ഏക്കർ ഭൂമി ഞങ്ങൾ തരാം. അങ്ങനെ നിങ്ങൾക്ക് പുതുതായിലഭിക്കുന്ന കൃഷിസ്ഥലം ഒരിടത്തു ഒന്നിച്ചുകിടക്കിടക്കുന്നതായിരിക്കും." എന്ന ഒരു ഉദ്യോഗസ്ഥൻ പ്രഖ്യാപിച്ചു. ഗ്രാമത്തലവന്മാർ കാര്യമായി നിസ്സംഭാരായി ഇരുന്നു. ചിരപരിചിതങ്ങളായ കാടും ഞങ്ങളും പിഴുതുമാറ്റി കാട്ടിൽപോയി തമസമുപ്പിക്കുക ശാഠ്യമായി ചിന്തിക്കേണ്ടകാര്യമാണ്". ഫത്തേസിംഗ് പറഞ്ഞു: "ഇപ്പോൾ എനിക്കുള്ള ഓരോ ഏക്കറിനും പകരം മൂന്നേക്കർവീതം തരികയാണെങ്കിൽ, കാടുവെട്ടിത്തെളിച്ചു കൃഷി ഇറക്കാൻ ഞാൻ തയ്യാറാണ്."

കൂടുതലാളുകളെ കൊല്ലാൻ ഒരുതോക്കും, കാടും പടപ്പും തെളിക്കാൻ മുപ്പുള്ള ഒരു ആയുധവും, ഏതാനും വീട്ടുസാമാനങ്ങളും എടുത്തുകൊണ്ട് ഫത്തേസിംഗ് കാട്ടിലേക്കു യാത്രയായി. തന്റെ ഭാര്യയും ചെറുപ്പക്കാരായ രണ്ടു കൃഷിപ്പണിക്കാരും അദ്ദേഹത്തെ അനുഗമിച്ചു. ഈ സംരംഭത്തിന്റെ വിജയത്തെപ്പറ്റി അയൽക്കാരിൽ പലരും ആശങ്കകൾ പ്രകടിപ്പിച്ചു. ചിലർ പറഞ്ഞു, ഫത്തേസിംഗിന് പ്രായം അധികമായിപ്പോയെന്ന്. അദ്ദേഹം തമസിയാതെ തിരിച്ചുപോരുമെന്ന് മാറ്റുചിലർ പ്രവചിച്ചു. കാട്ടുവെട്ടിത്തെളിച്ച ആദ്യത്തെ മാസങ്ങളിൽ ഫത്തേസിംഗുകുടുംബം ഭാഗ്യിയായ ഇലമേഞ്ഞ ഒരു മേൽക്കൂരയുടെ കീഴിലായിരുന്നു. പിന്നീടവർ ഒരു മുറിമാത്രമുള്ള ഒരു കുടിൽകെട്ടി. ഒടുവിൽ ആദ്യത്തെ കൃഷിയിറക്കിയശേഷം അവർ മൂന്നുമുറിയും, പൂമുഖവും അടുക്കളയും ഉള്ള ഒരു വീടുണ്ടാക്കി.

കൃഷിസ്ഥലം പതിവായി സന്ദർശിച്ചുകൊണ്ടിരുന്ന ഇന്ത്യാഗവൺമെൻറുദ്യോഗസ്ഥന്മാരും അമേരിക്കൻ നാലാംപോയിൻറ് പ്രവർത്തകരും കൊണ്ടുവന്ന പുതിയ ആശയങ്ങളും ഫത്തേസിംഗ് സാഭാഗതംചെയ്തു. വയലിൽ വളരെ സമയം ചെലവഴിക്കേണ്ടിയിരുന്നെങ്കിലും, ആധുനിക കൃഷിസംപ്രദായപ്രദർശനങ്ങളും കാണുന്നതിന് അദ്ദേഹം പ്രത്യേകം ഉത്സാഹിച്ചു. സാധാരണ വളങ്ങളും ഉപയോഗിച്ചു ഫത്തേസിംഗ് തന്റെ കൃഷിസ്ഥലത്തെ മണ്ണ് കൂടുതൽ ഫലപ്രദമാക്കി. ചാണകം സൂക്ഷിക്കുന്നതിന് അദ്ദേഹം ഒരു കുഴിയുണ്ടാക്കി. പിന്നിടദ്ദേഹം, കേന്ദ്രകൃഷിവകുപ്പു നിർദ്ദിച്ച ഒരുതരം മേൽത്തരം കലപ്പ ആദ്യമായി ഉപയോഗിച്ചുനോക്കി. ഇതു മണ്ണു നല്ലപോലെ ഇളക്കിപ്പൊടിക്കുമെന്നു മാത്രമല്ല, ഇളക്കിയ മണ്ണു ചാലുകളിലേയ്ക്കു തിരികെ വീഴ്ത്തുകയുംചെയ്യും. ഒരു ഒട്ടകത്തേയോ തന്റെ ആറു പശുക്കളിൽ രണ്ടെണ്ണത്തേയോ കെട്ടി ഒരു പേർഷ്യൻ ജലചക്രം തിരിച്ചുണ്ടാക്കുന്നതിനും കിണറ്റിൽനിന്നു വെള്ളം കോരി ഭൂമി നനയ്ക്കുന്നതും. കുറേക്കൂടെ ആഴമുള്ള കിണർ കുഴിച്ചു ഒരു പമ്പു സ്ഥാപിക്കുന്നതിനും, പുരോഗാമായായ ഈ കർഷകൻ ഗവൺമെൻറിൽനിന്നു ഒരു വായ്പ ആവശ്യപ്പെട്ടിട്ടുണ്ട്. പമ്പു സ്ഥാപിച്ചുകഴിഞ്ഞാൽ ഓരോ ദിവസവും ഇപ്പോഴത്തേതിന്റെ മൂന്നിരട്ടി സ്ഥലം നനയ്ക്കുവാൻ കഴിയും.

കുടുംബച്ചെലവുകൾക്കു ഫത്തേസിംഗിനു കിട്ടുന്ന വരുമാനം പരുത്തിവിളയിൽനിന്നാണ്. ഇന്ത്യൻവർഗ്ഗവും അമേരിക്കൻവർഗ്ഗവുംചേർന്ന ഒരു സങ്കരവർഗ്ഗംപരുത്തി അദ്ദേഹം കൃഷിചെയ്യുന്നുണ്ട്. വിത്തുകാളകളെ വിതയ്ക്കുന്നതിനും പകരം വരിവരിയായി നട്ടു. ഈ പരുത്തിച്ചെടികൾക്കു മുമ്പ് അദ്ദേഹം കൃഷിചെയ്തവയേക്കാൾ രണ്ടിരട്ടി ഉയരമുള്ളതുണ്ടായി. ഫലം തരതമ്യപ്പെടുത്തിനോക്കുന്നതിന്, കരിമ്പുവിളയിൽ പകുതി കൃത്രിമവളങ്ങളും ഉപയോഗിച്ചും പകുതി പഴയ സമ്പ്രദായമനുസരിച്ചു മാത്രം കൃഷിചെയ്തതു. കൃത്രിമവളം ഉപയോഗിച്ച കരിമ്പിന് മറ്റേതിനേക്കാൾ അരയടി കൂടുതൽ പൊക്കമുണ്ടായിരുന്നു. ഇതുകൂടാതെ നെല്ലും, കായ്കറികളും, കന്നുകാലിതീറ്റയുള്ള പുല്ലും ഫത്തേസിംഗ് കൃഷിചെയ്യുന്നു. അദ്ദേഹം ഭഡ്സൻ ഗ്രാമത്തിൽ പുതുതായി ആരംഭിച്ച കർഷകസഹകരണസംഘത്തിന്റെ അംഗമായിട്ടുണ്ട്. അതിനാൽ വിത്തുകാള സംഭരണ നിരപ്പിന്റെ അഞ്ചിൽ നാലുഭാഗം മാത്രം വിലയ്ക്കു ഫത്തേസിംഗിനു കിട്ടി. തന്റെ പഞ്ചായത്തു സഹകരണസംഘം മുഖേന വില്ലൂൻ അദ്ദേഹം ആലോചിച്ചുവരുന്നു.



വിദേശീയരീതിയെ തുടർന്ന് പ്രഭാതഭക്ഷണമന്ദിരവും ലേലവും ക്രമത്തെ കഴിപ്പാൻ മലയാളനാട്ടുകാർ ശ്രമിച്ചാൽ നന്നായിരിക്കും. ഇതും കേരളസംസ്കാരത്തിൽ പെടുത്തുവാനുണ്ടോ എന്നുപറഞ്ഞു ഒരു പാർട്ടി പുറപ്പെടുന്നതായാൽ നിവർത്തിയില്ലാ... ഇക്കണക്കിൽ പാലക്കാട്ടെന്നല്ലാ മലയാളത്തിലെ മറ്റുതാലൂക്കുകളിലും "കുമാരികാം" ക്കുള്ള പ്രായം പൂവിക്കർ നിശ്ചയിച്ചിട്ടുള്ളതിൽനിന്നും കുറഞ്ഞു"—പുതിയ മന്ത്രിസഭാതീരുമാനത്തെ പൊങ്ങച്ചിച്ചു"—അന്ത്യശ്വാസംവിട്ടുന്നകാലംവരെയ്ക്കുംനീട്ടിക്കൊണ്ടുപോകാവുന്നതുകൊണ്ട്, ശൈശവം, കൗമാരം, യൗവനം എന്നിങ്ങനെ കാലം കടന്ന് വാർദ്ധക്യം എത്തിട്ടുള്ള വർക്കും "കുമാരി"പദം സമാധാനത്തിനൽകുമെന്നാശിക്കാം. കേരളവനിതകൾ പണംകൊടുത്തോ മറ്റുതരത്തിലോ, ഭർത്താക്കന്മാരെ ലഭിപ്പാൻ സാധിപ്പെടാത്തവർ പരിഭവിക്കയോ ക്ഷോഭിക്കയോ ചെയ്യരുതേ! പോംവഴി ആരാഞ്ഞുനോക്കുക! ഇടത്തരക്കാരും അതിലിടത്തരക്കാരുമായവരിലായിരിക്കും ക്ലേശമനുഭവിക്കുന്നവർ; അവർ വരട്ടേ മുന്നോട്ട്"!!

★

ഞെട്ടുപ്പതിപ്പ്

പഴക്കംചെയ്യുന്ന സ്റ്റീൽമടക്കുകസേര ₹ 11/-മാത്രം



ഒന്നാംതരവും പഴക്കംചെയ്യുന്നതും, ഭാവനം, ഓഫീസ് ലൈബ്രറി, ക്ലബ്ബ് ഹോട്ടലുകളും, റസ്റ്റാറൻറുകളും, തിയേറ്റർ എന്നിവിടങ്ങൾക്കു പറ്റിയതു്. വിലകുറച്ചിരിക്കുന്നു. പാക്കിങ്ങും ഡലിവറിയും പ്രത്യേകം. റയിൽവേസ്റ്റേഷൻകൂണിച്ച് ഓർഡർ അയയ്ക്കുക.

Jai Sree Trading Co.,
30 Ganendra Mittra Lane,
Calcutta - 4.



അജന്ത

ശില്പകല

അജന്താചുവർചിത്രങ്ങളിൽ കാണുന്ന സ്ത്രീകൾക്കുള്ള സൗന്ദര്യത്തിനോ അനുരോഗൃത്തിനോ ഇന്നത്തെ സ്ത്രീകളുമായി വാസ്തവത്തിൽ യാതൊരു താരതമ്യവുമില്ല. സ്ത്രീകൾക്ക് തികഞ്ഞ തള്ളമാരാകുന്നതിനുള്ള ആരോഗ്യം ഇല്ല. ഞങ്ങളുടെ **അരുണ** പതിവായി ഉപയോഗിക്കുന്നപക്ഷം സാധാരണയായി സ്ത്രീകൾക്ക് ഗർഭാശയസംബന്ധമായി ഉണ്ടാകുന്ന എല്ലാ രോഗങ്ങളേയും അകറ്റി ആരോഗ്യവും സൗന്ദര്യവും വർദ്ധിപ്പിക്കുന്നു.

അരുണ

ശക്തിയുള്ള ഒരുത്തമടാണിക്ക്.

സ്ത്രീകൾക്കുണ്ടാകുന്ന എല്ലാ സാധാരണരോഗങ്ങളെയും അകറ്റി ഹൈന്ദവസ്ത്രീപ്രധാനമായ ഒരു മാതാവാക്കുവാൻ സഹായിക്കുന്നു.

ആയുർവേദാശ്രമം ക്ലിപ്പും, മദ്രാസ്-1



തകഴി കെ. രാമവാര്യർ

5-12-1128 — 11-12-1128
20-7-1953 — 26-7-1953

അശ്വതി—സാഹസികങ്ങളായ യത്നങ്ങളിൽക്കൂടി വ്യവസ്ഥാപിതപ്രവർത്തികൾ നടത്തും. പല നേതൃതലങ്ങളും വഹിക്കും. സ്ഥാനവൈകാശങ്ങൾക്കുവേണ്ടി അധികൃതന്മാരുമായി മല്ലിടും. സഹായികൾ അനുകൂലമായ നിലകൊള്ളും.

ഭരണി—ധനപരമായ വൈഷമ്യം വർദ്ധിക്കും. വേണ്ടപ്പെട്ടവരുമായി കലഹിക്കും. അതിഥികളെ സൽക്കരിക്കും. അപ്രതീക്ഷിതങ്ങളായ ഭോഗവും ഉദയംചെയ്യും. ദേശീയകാര്യങ്ങളിൽ ശ്രദ്ധപതിക്കും.

കാർത്തിക—ഗൗരവമുള്ള പലകാര്യങ്ങളും കൈകാര്യംചെയ്യും. സ്വജനങ്ങളുടെ കാര്യത്തിൽ ക്ലേശിക്കും. ഭരണീയരുടെ ബുദ്ധിമുട്ടുനിമിത്തം പ്രവർത്തിനിമിത്തം നഷ്ടവും അഭിമാനക്ഷയവും വന്നുകൂടും. ഉന്നതവ്യക്തികൾ സഹായിക്കും.

രോഹിണി—അയോഗ്യങ്ങളായ കാര്യങ്ങളിൽ ശ്രദ്ധപതിയും. നയവൈകല്യതയാൽ ശത്രുക്കൾ വർദ്ധിക്കും. ക്രമാതീതമായി പ്രയത്നിക്കുമെങ്കിലും ഫലം കുറയും. കൃഷികാര്യങ്ങളിൽ പല ചേതങ്ങളുമുണ്ടാകും.

മകയിരം—സന്താനങ്ങളുടെ നന്മയെ ലാക്കാക്കി സ്വന്തം കാര്യങ്ങളിൽ പോലും ലുബ്ധകാണിക്കും. ഗൗരവമേറിയ പല സംഗതികളിലും മനസ്സ് പുകഞ്ഞുകൊണ്ടിരിക്കും. അവിചാരിതമായി നേരിടുന്ന വിഷമതകൾ തരണംചെയ്യും.

തിരുവാതിര—പൊട്ടെന്നുള്ള കുതിച്ചുചാട്ടം ചില തകരാറുകളും ക്ലേശവും വർദ്ധിപ്പിക്കും. ചെലവിന്റെ വർദ്ധനവിനെ ഗൗനിക്കയില്ല. ചില വ്യക്തികളെ സഹായിക്കേണ്ടതായി വന്നുകൂടും. പൊതുജനപിൻതുണ പ്രതീക്ഷിക്കരുത്.

പുണർതം—വരുമാനത്തിൽ കവിഞ്ഞ വ്യയം വന്നുകൂടും. ഉത്തമവ്യക്തികളുടെ ആതിഥ്യം സ്വീകരിക്കും. ആനന്ദവും സംതൃപ്തിയും ലഭിക്കും. വൃഥാ അപവാദങ്ങൾക്ക് ശരവ്യരാകും. യാത്രകൾ സൂക്ഷിച്ചുനടത്തണം.

പൂയം—പ്രവേശിക്കുന്ന കാര്യങ്ങളിൽ വ്യയാധിക്യത്തോടുകൂടിയായാലും നിറവേറും. ഖേദകരമായ വാർത്തകൾ ശ്രവിക്കും. കൃഷികാര്യങ്ങൾക്കു പണം കൂട്ടലായി മുടക്കും. അലച്ചിലുകളും ക്ലേശവും കുറയുകയില്ല.

ആയില്യം—സ്നേഹാധിക്യത്താൽ കോപം പ്രകാശിപ്പിക്കും. ആത്മാർത്ഥ പ്രതിപക്ഷത്തെ പരിഭ്രമിക്കും. പെട്ടെന്നുള്ള ചില സംഭവവികാസങ്ങൾ മനസ്സിനെ പീഡിപ്പിക്കും. ആലോചനാശൂന്യമായ പ്രവർത്തിയിൽ സ്വയം പശ്ചാത്തപിക്കും.

മകം—പരിശ്രമലാഭത്തെയും പ്രകടിപ്പിക്കും. അധികൃതന്മാരുമായി മൈത്രിയിൽ ഏർപ്പെടും. കഴഞ്ഞ പല കാര്യങ്ങളും ശരിപ്പെടുത്തും. അപകടത ബോധ്യപ്പെടും. ധൈര്യവും സമാധാനവും അവലംബിക്കും.

പൂരം—ചില ബുദ്ധിപ്രവർത്തനത്തിന് മനസ്സ് പ്രേരിപ്പിക്കും. സ്വാർത്ഥലാഭത്തിനുവേണ്ടി പണം നിർലോഭം ചെലവാക്കും. നൽക്കാലികളിൽനിന്നുള്ള അനുഭവം കുറയും. കൃഷികാര്യത്തിന് പണം മതിയാകയില്ല.

ഉത്രം—വ്യാപാരത്തിന് പണം കൂട്ടലായി മുടക്കി പുഷ്ടിപ്പെടുത്തും. ശ്രേയസ്സും കാര്യനിവർത്തിയുമുണ്ടാകും. പ്രതീക്ഷാതീതമായ ധനം ലഭിക്കും. ക്ഷുദ്രമോ പരുക്കോ ഏൽക്കാതെ കരുതണം.

അത്തം—വ്യാമോഹങ്ങളും പലതും വലയംചെയ്യും. വ്യാപാരവിഷയത്തിൽ ഉള്ള കുഴപ്പങ്ങളും നീങ്ങും. വിശ്വസ്തന്മാരിൽനിന്നും പല നന്മകളും പ്രതീക്ഷിക്കാം. പുതിയ പ്രവർത്തനത്തിനുള്ള കരുക്കൾ ഇണക്കും. ഉദരപീഡയുണ്ടാകും.

ചിത്തിര—ജീവിതക്രമത്തിൽ ചില ഭേദഗതിവരുത്തും. ദാമ്പത്യജീവിതത്തിൽ സൈരതകുറയും. അധികൃതർനിമിത്തം വിഷാദമുണ്ടാകും. വ്യയഹേതുകമായ കാര്യങ്ങളുദയം ചെയ്യും. ചുമപിടിപെടും.

ചോതി—സഞ്ചാരവേളയിൽ അല്പം ചില തകരാറുകൾ സംഭവിക്കും. അധികൃതർനിമിത്തം ചില നഷ്ടത്തിനിടവരും. കായികമായും മാനസികമായും സുഖംകുറയും. ഈശ്വരാനുഗ്രഹം പൊതുവിൽ സംതൃപ്തിയുളവാക്കും.

വിശാഖം—അഭിമാനത്തിനുവണ്ടി ഏതു ത്യാഗവും സഹിക്കും. കുബുദ്ധികളുടെ സംസർഗ്ഗം അല്പം ചില തകരാറുകൾക്കിടവരുത്തും. കരാറുകളിൽനിന്നും തകരാറുകൾ സംഭവിക്കും. ഗൃഹജനാരിഷ്ടതയിൽ വിഷമിക്കും.

അനിഴം—സന്താനങ്ങളുടെ പെരുമാറ്റം കാനവ്യഥയുണ്ടാക്കിവരുത്തും. ചില ക്രയവിക്രയങ്ങൾ അല്പലാഭമുണ്ടാക്കും. വാതവും രക്തവും കോപിക്കും പ്രാദേശികകാര്യങ്ങളിൽ ശ്രദ്ധപതിയും. ധനത്തിന് ഞെരുക്കം.

തൃക്കേട്ട—കാർഷികശ്രമങ്ങൾ പരാജയപ്പെടും. പല സാഹസപ്രവർത്തിയും തൽക്കാലാവശ്യത്തിനുവേണ്ടി പ്രയോഗിക്കും. അനർത്ഥങ്ങൾ സ്വയം വലിച്ചുവെയ്ക്കും. വേണ്ടപ്പെട്ടവർ കലഹിക്കും. പൂർവ്വിരോധികൾ തലപൊക്കും.

മൂലം—ഗൃഹാവശ്യങ്ങൾ നിറവേറുവാൻ വിഷമിക്കും. ക്രമത്തിലധികം സഞ്ചരിക്കും. പൊതുജനങ്ങളുടെ സഹകരണം പലതിലുമുണ്ടാകും. ആശ്രിതരെ സഹായിക്കും പ്രശസ്തി വളരും. ആരോഗ്യസ്ഥിതിക്ക് ഉടവുതട്ടും.

പൂരാടം—പെട്ടെന്ന് ചില ഭോഗമുണ്ടാകും. അഭ്യുദയത്തിനുള്ള പരിവർത്തനവും സ്ഥാനഗ്രഹണവും ലഭിക്കും. മുടങ്ങിക്കിടന്നിരുന്നവ പുനരുദ്ധരിപ്പാൻ തുനിയും. സഹായികളെ ലഭിക്കും.

ഉത്രാടം—പ്രവർത്തനത്തിൽ പുരോഗതിയുണ്ടാകും. പുഷ്ടിപ്പെടുത്തുവാൻ ചില സഹായികളുമായി പുതിയ കരാറുകളിലേർപ്പെടും. ശത്രുക്കൾ പൊന്തിവരും. പ്രയോജനപരമായ സഹചര്യം ലഭിക്കും.

തിരുവോണം—ഇഷ്ടജനവേർപാടോ ചലനമോ സംഭവിക്കും. ചില കുബുദ്ധിപ്പുനിമിത്തം നഷ്ടമുണ്ടാകും. അപവാദഹേതുവിനുള്ള പരിസരം സൃഷ്ടിക്കും. വേണ്ടപ്പെട്ടവർക്ക് സുഖം കുറയും.

അവിട്ടം—എതിരാളികൾ പലരും മിത്രഭാവം നടിക്കും. നിയമാനുസൃതമായകാര്യങ്ങളിൽ വിജയത്തിന് സംശയുതയുണ്ടാകും. ക്ഷുദ്രമോ പരുക്കോ സംഭവിക്കും. ചില നഷ്ടം അപ്രതീക്ഷിതമായി വരും.

ചതയം—വിചാരിക്കുന്ന കാര്യങ്ങൾ സാധിതപ്രായമാകും. പ്രവർത്തനപരിപാടിയിൽ ചില മാറ്റങ്ങളുണ്ടാകും. ആദായമാർഗ്ഗങ്ങൾ കൂട്ടുതലായിട്ടുണ്ടാകും. വ്യയം അധീകരിക്കും. ചില പുതിയ ഇടപാടുകളിൽ പ്രവേശിക്കും. നീർവീഴ്ചയുണ്ടാകും.

പൂരുരുട്ടാതി—ദേശീയകാര്യങ്ങളിൽ പാർട്ടിയെ സഹായിക്കും. സന്തോഷവും അഭിമാനവും കൂട്ടുതലായിസിദ്ധിക്കും. വശ്യവചസ്സുകൊണ്ടും ബുദ്ധികൊണ്ടും പലകാര്യങ്ങളും സാധിക്കും.

ഉത്രട്ടാതി—ചില പ്രത്യേകവ്യക്തികളുടെ സ്നേഹവും പ്രയോജനപ്രദംസിദ്ധിക്കും. വരുമാനം കൂടും. ഹിതം പോലെ കാര്യം സിദ്ധിപ്പാനുള്ള പരിസരം സൃഷ്ടിക്കും.

രേവതി—സഹായികളായിരുന്നവർതന്നെ ശത്രുക്കളായിത്തീരും. വ്യയഹേതുകമായ കാര്യങ്ങളിൽ ചാടും. കളത്രാരിഷ്ടതസംഭവിക്കും. വരുമാനം കുറയും. അലസതവർദ്ധിക്കും. പിശുക്കു നടിക്കും.



നീലംപേരൂർ എൻ. പി. പണിക്കരുടെ നോവലുകൾ

ലോലിത	രൂ. 3
ഹരിദാസി 2 ഭാഗം	,, 4
വിച്ഛിന്നാഹാരം	,, 2-4
നാടകക്കാരി	,, 1-4
ശരപ്പൊളിമാല (ചെറുകഥ)	,, 2

വിശ്വഭാരതി ബുക്ക്ഡിപ്പോ,
തിരുവല്ല.

വായനക്കാർ പറയുന്നു

കഴിഞ്ഞ 343-ംലക്കം മലയാളരാജ്യം ആഗ്രഹിപ്പതിപ്പിൽ മി: പടിയത്തിന്റെ "അവളും ഒരു സ്ത്രീയാണ്" എന്ന ചെറുകഥ ഞാൻ വായിക്കുകയുണ്ടായി. ഭാഷാശൈലി വളരെ ലളിതമാണ്. സ്ത്രീലോകത്തു അവളെ നിയതി ഒരു വിധവയാക്കി മാറ്റിയിട്ടുണ്ടെങ്കിൽതന്നെയും യുവത്വം തുളുമ്പുന്ന മജ്ജയും മാംസവും നിറഞ്ഞ ശരീരംകൊണ്ടവൾ ജീവിക്കുവാൻവേണ്ടി വേലചെയ്യുന്നു. കഥാകൃത്തായ മി: പടിയത്തിന് അനുഭവപ്പെട്ടിട്ടുള്ളതരത്തിലാണ് ചിത്രീകരിച്ചിരിക്കുന്നതു്. ഘടനയും ഒജസ്സും ഉള്ള ഈ കൃതി കലാപ്രേമികളായ ഏതൊരുത്തക്കും ആകർഷണീയതയുള്ളതാണ്. മനുഷ്യസൗഹൃത്തിന്റെ ജീവിതപ്രാധാന്യങ്ങളെ വെളിപ്പെടുത്തിക്കൊണ്ടുള്ള മി: പടിയത്തിനേപ്പോലുള്ള സഹിതൃകാരന്മാർക്ക് തീച്ചയായും സാഹിത്യലോകത്തു് മഹനീയമായ ഒരു സ്ഥാനം ഉണ്ടാകുമെന്നുള്ളതു് തർക്കമറ്റ സംഗതിയാണ്.

എന്റെ കൂപ്പുകൈ!

എന്നു്, മയ്യഴിമുറ്റത്തു വാസുദേവൻ.

ഇന്നാട്ടിലെ സംസ്കൃതസ്കൂളുകളും സംസ്കൃതവിദ്യാഭ്യാസവും

★

തിരു-കൊച്ചിയിലെഹൈസ്കൂൾ വിദ്യാഭ്യാസപദ്ധതി ഏകീകരിച്ചപ്പോൾ പഴയ സംസ്കൃതസ്കൂളുകൾ പുതിയതരം സ്കൂളുകൾ (New Type Schools) ആയി. എങ്കിലും സംസ്കൃതസ്കൂളുകളായിത്തന്നെ അവ വ്യവഹരിക്കപ്പെട്ടുപോന്നു. സംസ്കൃതവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ പുതിയതരം സ്കൂളുകൾ നിലനിർത്തിപ്പോരുന്നതു്. ഇവ നിലനിർത്തുന്നതിന് ഗവണ്മെൻറിനു കുറെ നഷ്ടവും സഹിക്കേണ്ടതുണ്ട്. സംസ്കൃതത്തിൽ ഉന്നതവിദ്യാഭ്യാസം നൽകുന്നതിന് ഒരു ഓറിയന്റൽ സംസ്കൃതകോളേജും സംസ്കൃതസാഹിത്യപരിഷത്തുകൾ നടത്തുന്നുണ്ട്. അതിനൊക്കെ 'സംസ്കൃതപഠനം' കൊണ്ടുള്ള പ്രയോജനമോ എന്തെന്നു പലരും ഈ അടുത്തകാലത്തു ഭയപ്പെടുകയും, ഭയപ്പെടാതിരിക്കുവാനുള്ള ഉപപത്തികൾ ലഭിച്ചതുവരെ പ്രസ്താവനകൾകൊണ്ടും പുറപ്പെടുവിക്കുകയും പ്രക്ഷോഭണങ്ങൾകൊണ്ടും നടത്തുകയും ചെയ്തിട്ടുണ്ട്. 'സംസ്കൃതവിദ്യാഭ്യാസപ്രചരണത്തിനായി ഭേഷജസംഘത്തിൽനിന്നും നിർല്ലോഭമായ സഹായവും നൽകിവന്നു. ചിത്രോദയപണ്ഡിത പരീക്ഷയ്ക്കെട്ടുകിയുടെ ഭാഷയിൽ പഠഞ്ഞാൽ സമർത്ഥനും സൽസ്വഭാവിയുമായ ഒരു ഹിന്ദുവിദ്യാർത്ഥിക്ക് ഒരു ചെലവും കൂടാതെ എം. എ. പി. എച്ച്. ഡി. ബിരുദം ഒന്നാംക്ലാസ്സായി സമ്പാദിക്കുവാനുള്ള സകല സൗകര്യങ്ങളും' ഈ രാജ്യത്തു നിലവിലിരിക്കുകയാണ്. പരിഷത് സെക്രട്ടറി ഈ വസ്തുതരഹസ്യത്തിന്റെ നാനാഭാഗത്തും പത്രങ്ങളും ലാഘവലേഖകളുംവഴി പരസ്യം ചെയ്തറിയിച്ചിട്ടുമുണ്ട്.

ഇതെല്ലാം സൗകര്യങ്ങളും മാർഗ്ഗപ്രോത്സാഹനങ്ങളും ഒരുക്കിക്കൊടുത്തിട്ടും, ഇന്ത്യൻ റിപ്പബ്ലിക്കിന്റെ പ്രസിഡൻറുതന്നെ കുഗ്രാമത്തിലെ സംസ്കൃതാദ്ധ്യാപകൻവരെ ഉള്ളവർ സംസ്കൃതത്തിന്റെ ഗുണഗണങ്ങളെ പ്രകീർത്തനംചെയ്തിട്ടും, സംസ്കൃതവിദ്യാഭ്യാസത്തിനായി മുന്നോട്ടുവരുന്നവരുടെ എണ്ണം പരിതാപകരമായവിധം പരിമിതമായിക്കാണുന്നതു് അൽഭുതാവഹമെന്നേ പറയേണ്ടൂ. സംസ്കൃതം പഠിക്കാൻ പ്രയാസമാണെന്നു് പരാതിപ്പെടുന്നവരാണ് വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും. സംസ്കൃതം പഠിച്ചാൽ കൂടികൂടി പരീക്ഷ ജയിക്കുകയില്ലെന്നു വിശ്വസിക്കുന്ന രക്ഷകർത്താക്കളുണ്ട്. സംസ്കൃതസ്കൂളിൽ പോയാൽ ഏതോ കുറവു വന്നപോകുമെന്നു കരുതുന്നവരും ഇല്ലാതില്ല. വലിയ മതഭക്തരും സംസ്കൃതപ്രേമികളുമെന്നു് അഭിമാനിക്കുന്ന ധനവന്മാരായ ഹിന്ദുക്കളും സ്വന്തം കുട്ടികളെ വീട്ടിനടുത്തുള്ള സംസ്കൃതസ്കൂളിനെ വകവയ്ക്കാതെ അകലത്തുള്ള ഇംഗ്ലീഷ്സ്കൂളിലേയ്ക്കുണയയ്ക്കുന്നതു്. രണ്ടിടത്തും എസ്. എസ്. എൽ. സി. പരീക്ഷയ്ക്കാണ് പഠിപ്പിക്കുന്നതെന്നും, രണ്ടിടത്തുനിന്നും കൊടുക്കുന്ന സർട്ടിഫിക്കറ്റ് ബുക്ക് ഒരേതരമാണെന്നും മറ്റും അവർക്ക് നല്ലവണ്ണമറിയുകയും ചെയ്യാം. 'എന്നാലും എന്റെ കുട്ടി സംസ്കൃതസ്കൂളിൽ പോകേണ്ട' എന്ന മനോഭാവമാണ് ഹൈന്ദവപ്രമാണികൾപോലും പുലർത്തിപ്പോരുന്നതു്. "ഫീസ് ദേവസ്വത്തിൽനിന്നും കൊടുത്തു കൊള്ളാം എസ്. എസ്. എൽ. സി. പരീക്ഷതന്നെ പാസ്സാകാം" എന്നു് രക്ഷകർത്താക്കളെ അറിയിച്ചാൽ "വേണ്ട, ഫീസ് ഞങ്ങൾ കൊടുത്തു കൊള്ളാം" സംസ്കൃതം വേണ്ട, എന്ന നിഷേധിക്കുന്നവരാണ് നാട്ടുകാരിൽ ബഹുഭൂരിപക്ഷവും.

സംസ്കൃതത്തോടു കാണിക്കുന്ന വെറുപ്പിനു് കാരണങ്ങൾ അനേകമുണ്ടാകാം.

സംസ്കൃതാഭ്യസനം പ്രയാസകരമെന്നു വിദ്യാർത്ഥികൾക്കനുഭവപ്പെടുന്നുണ്ടെങ്കിൽ, അതിനു കാരണം ഇന്നു സംസ്കൃതസ്കൂളുകളിൽ നിലവിലിരിക്കുന്ന പഠനപദ്ധതിയാണ്. ആവശ്യമില്ലാത്ത തർക്കവും വ്യാകരണവുമായി മല്ലിട്ടു് മനം മടുത്തിട്ടാണ് അവർക്കീ വൈരസ്യം ജനിക്കുന്നതു്. മറ്റു വിഷയങ്ങൾ പഠിക്കാൻ സമയം കിട്ടുന്നില്ലെന്നാണ് അവരുടെ പരാതി. സംസ്കൃതത്തിനു് ജയിച്ചാൽ മറ്റു വിഷയങ്ങൾക്കു് തോല്ക്കുക, മറ്റുള്ളവയ്ക്കു ജയിച്ചാൽ സംസ്കൃതത്തിനു് തോല്ക്കുക; ഇതു് സംസ്കൃതസ്കൂളുകളെ സംബന്ധിച്ചു് ഒരു പരമാർത്ഥമാണ്. സംസ്കൃതസ്കൂളുകളിലെ വിജയശതമാനം മറ്റുള്ള സ്കൂളുകളെ അപേക്ഷിച്ചു് വളരെ വളരെ കുറവുമാണ്. എസ്സ്. എസ്സ്. എൽ. സി-ക്കു ചേർന്നവരിൽ ആദ്യം ജയിക്കുന്നതു സംസ്കൃതസ്കൂളുമല്ലെന്നു കേൾക്കുന്നു. തോല്പുന്നവർക്കും പിന്നീടു് പഠിച്ചുപരീക്ഷ ജയിക്കുന്നുള്ള സൗകര്യങ്ങളും മറ്റുള്ളവർക്കു ലഭിക്കുന്നതുപോലെ സുലഭമല്ല. ട്യൂട്ടോറിയൽ കോളേജുകളുടെദാക്ഷിണ്യത്തിൽ സംസ്കൃതക്കാർ വെറും നൂനപക്ഷമാണെല്ലോ, ഇത്തരം പലമതിരിപ്രതിക്രിയകളുടെ ഭയന്നാണ് 'സംസ്കൃതംവേണ്ട'എന്നു് വിദ്യാർത്ഥികളും രക്ഷകർത്താക്കളും വിളിച്ചുപറയുന്നതു്. ആരുടെയെങ്കിലും പ്രേരണയ്ക്കു വശംവദരായി സംസ്കൃതസ്കൂളിൽ പ്രവേശിക്കുന്നവർ മിക്കവാറും, വെറും പാവങ്ങളുടെ മക്കളത്രേ. അവരുടെ സാമൂഹ്യസാമ്പത്തികസ്ഥിതിയും സംസ്കൃതത്തിന്റെ പാഠപദ്ധതിയും എപ്പോഴും എറാമൂട്ടുകയും, ആ സംഘടനത്തിൽ സംസ്കൃതവിദ്യാഭ്യാസം തകരുകയുമാണ് ഇന്നു് സംഭവിക്കുന്നതു്. നാലുമണിക്കു് പള്ളിക്കൂടത്തിൽനിന്നും തിരിച്ചെത്തിയാൽ അവക്കു് വീട്ടുവേലകളും പലതും കാണും. രാത്രി വളരെനേരം മണ്ണെണ്ണകത്തിക്കാനുള്ള സാമ്പത്തികക്കൊഴപ്പു് ഇവക്കില്ല. രാവിലെ 10 മണിവരെത്തന്നെയും പലതരം വേലകളും ചെയ്യേണ്ടവരാണ് അധികംപേരും. സിദ്ധാന്തകൗമുദിയിലെ രൂപങ്ങളും അമരകോശത്തിലെ ശ്ലോകങ്ങളും തർക്കവ്യാകരണാദിശാസ്ത്രങ്ങളും, ഒരിടത്തു ശൂന്യമായിരുന്നു് ഉരുവിട്ടു് ഹൃദിസ്ഥമാക്കുന്നതിനുള്ള സമ്പദ്ധിജീവിതവും ചുറുചുറുക്കുള്ള സംസ്കൃതസ്കൂളും ഇല്ലാത്ത സംസ്കൃതസ്കൂളും വിദ്യാർത്ഥികൾക്കായി വാതെടുത്തിരിക്കുന്ന പാഠപദ്ധതി അവരുടെ ജീവിതനിലവാരത്തെ കൊഞ്ഞനം കുത്തിച്ചുകൊണ്ടിരിക്കുകയാണ്. ഒരിടത്തു് അടങ്ങിയൊതുങ്ങിയിരുന്നു് പാഠങ്ങൾപഠിക്കുന്നതിലുള്ള ക്ഷമയും മനക്കരുത്തും വിദ്യാർത്ഥിസമുദായത്തിനു് പൊതുവേ കുറഞ്ഞുവരികയാണെന്നുള്ളതും ഈയവസരത്തിൽ ഓർമ്മിക്കേണ്ടിയിരിക്കുന്നു.

ഇങ്ങനെ യതൊരുവിധത്തിലും, സംസ്കൃതവിദ്യാഭ്യാസങ്ങിനു് ധാർമ്മികവും സാമൂഹ്യവും ആയ പ്രോത്സാഹനം എങ്ങുനിന്നും ലഭിക്കാതിരിക്കെ, സംസ്കൃതം പ്രഥമഭാഷയായി (First-Language) പഠിക്കുന്നതിനു്, കനത്തതും നേർത്തതുമായ രണ്ടുതരം പാഠപദ്ധതി സൃഷ്ടിച്ചിരിക്കുന്നതു് വളരെ വിചിത്രമായിരിക്കുന്നു. ഒരുതരം ആദ്യത്തിൽ ഒൻപതു് പീരിയേഡു പഠിപ്പിക്കുന്നതും മറ്റേതു് 5 പീരിയേഡു് പഠിപ്പിക്കുന്നതും. 9 പീരിയേഡു് സംസ്കൃതമാണ് സംസ്കൃതഹൈസ്കൂൾ വിദ്യാർത്ഥിക്കു് ലഭിക്കുന്നതു്. 5 പീരിയേഡു് മാത്രമുള്ളിടങ്ങളിൽ. ഒന്നു് വളരെ കനമുള്ളതും മറ്റേതു് തീരെ ലഘുവായുള്ളതും. ഈ രണ്ടുതരം സംസ്കൃതപാഠപദ്ധതിയുടെ ആവശ്യം എത്രചിന്തിച്ചിട്ടുംകണ്ടെത്താൻ കഴിയുന്നതല്ല. രണ്ടുതരവും സംസ്കൃതവിദ്യാഭ്യാസത്തെ 'കളിയാക്കാൻ' നിർമ്മിച്ചതോ എന്നു തോന്നും. സംസ്കൃതഭാഷ അഭ്യസിക്കുന്നതിനും സംസ്കൃതത്തിന്റെ സംസ്കാരം നുകരുന്നതിനും ഒട്ടും അത്യാവശ്യമല്ലാത്ത തർക്കവ്യാകരണാദിശാസ്ത്രങ്ങൾകൂടി ഉൾപ്പെടുത്തിയതാണ് 9 പീരിയേഡ് പദ്ധതി. ഭാഷ പഠിപ്പിക്കുന്നതിനു് അത്യാവശ്യമെന്നുതോന്നുന്ന വ്യാകരണവും അലങ്കാരവും മാത്രമേ ഇന്നു് ആദ്യം ഏതുഭാഷയിലും പഠിക്കാറുള്ളൂ. "നഹിനഹി രക്ഷതി ഡുകൃഞ്കരണേ" എന്ന ശ്രീശങ്കരസൂക്തം ഓർമ്മിക്കേണ്ട കാലമാണിതു്. ആചാര്യൻ മോക്ഷത്തെയുദ്ദേശിച്ചു് പഠഞ്ഞതു് ഇന്നു് ജീവിതത്തെ സംബന്ധിച്ചു് ശരിയായിരിക്കുകയാണ്. സുകുമാരകലകൾപോലും ജീവിതയാഥാർത്ഥ്യത്തിൽനിന്നും ഉയിരെടുക്കേണ്ടതാണെന്നു ശഠിക്കുന്ന ഈ കാലത്തു് ആവശ്യമില്ലാത്ത തർക്കവും വ്യാകരണവും മാർഗ്ഗം ഉരുവിട്ടു് അഭ്യസിക്കണമെന്നു് വിദ്യാർത്ഥികളോടു് നിർബ്ബന്ധിക്കുന്നതു് സംസ്കൃതവിദ്യാഭ്യാസത്തെ വളർത്തുകയല്ല തളർത്തുകയാണു് പ്രയോജനപ്പെടുക. കണക്കും സയൻസും മാർഗ്ഗംകൂടി ഇവർ പഠിക്കണമെന്നു തീരുമാനിച്ചതും, എസ്. എസ്.

കുറിപ്പുഴ പരമേശ്വരൻ എം. എ. എൽ. ടി.
ഹൈസ്കൂൾ മാസ്റ്റർ. സംസ്കൃതസ്കൂൾ, ചാത്തന്നൂർ

എസ്. സി-ക്കോ ചേരുന്നതിന് യോഗ്യരാക്കാൻ നിശ്ചയിച്ചതും സംസ്കൃതവിദ്യാഭ്യാസത്തെ സംസ്കൃത സ്കൂളുകളുടെ ചിത്തിരക്കൂടുകളിൽവച്ച് ഞെരിക്കാതെ സാർവജനീനമാക്കണമെന്നും പ്രോത്സാഹിപ്പിക്കണമെന്നുമാണല്ലോ. ആ ലക്ഷ്യത്തെ ഭസ്മസാൽകരിക്കാൻ പറ്റുംപ്രകാരമായ ഒരു പാഠപദ്ധതിയാണ് ഇന്ന് നിലവിലിരിക്കുന്നതെന്നു പറയേണ്ടിയിരിക്കുന്നു.

സംസ്കൃത മിഡിൽസ്കൂളുകളെ സംബന്ധിച്ചിടത്തോളം മറ്റൊരു വൈചിത്ര്യംകൂടിയുണ്ട്. സെക്കൻഡ് ഫാറംമുതൽ വിദ്യാർത്ഥികൾ നാലുഭാഷ—സംസ്കൃതം, മലയാളം, ഇംഗ്ലീഷ്, ഹിന്ദി പഠിക്കണം. പുറമെ, കണക്ക്, സയൻസ്, ചരിത്രം, ജ്യോഗ്രഫി ഇവയും. ഇത്രയേറെ ഭാഷകളും വിഷയങ്ങളും പഠിക്കൻ പ്രാപ്തിയുള്ള കുട്ടികളുണ്ടോ നമ്മുടെ നാട്ടിലെ 10-ൽനിന്ന് 13 വയസ്സുവരെയുള്ളവർ; പ്രത്യേകിച്ചും സംസ്കൃതസ്കൂളിലേക്ക് പോകുന്ന 'പാവങ്ങൾ'!

സംസ്കൃതവിദ്യാഭ്യാസതല്പരരും സംസ്കൃതസ്നേഹികളും, ഈ നാട്ടിൽ സംസ്കൃതവിദ്യാഭ്യാസത്തിന് നേരിട്ടിരിക്കുന്ന ഈ 'വിലയിടിവു' മനസ്സിലാക്കി വേണ്ടതു് വേണ്ടകാലത്തു് പ്രവർത്തിക്കണമെന്നുള്ള ആഗ്രഹത്താലാണ് ഇതുമെഴുതിയതു്. സംസ്കൃത സ്ഥാപനങ്ങളിലിരുന്നു് പ്രവർത്തിക്കുന്നവർക്കു് സംസ്കൃതവിദ്യാഭ്യാസത്തിന്റെ 'അടിയൊഴുക്കു്' ശരിയായി മനസ്സിലാക്കാൻ കഴിയുമല്ലോ. അറിവിൽപെട്ടന്ന അപകടങ്ങൾ പൊതുജനങ്ങളുടെ ശ്രദ്ധയിൽപെടുത്തേണ്ടതു് അവരുടെ കടമയുമാണു്. സിലബസ് ലഘൂകരിക്കേണ്ടതു് ഒന്നാമത്തെ ആവശ്യമാണെന്നു പറഞ്ഞുകൊള്ളുന്നു.

പൊതുവേ സംസ്കൃതവിദ്യാഭ്യാസത്തോടുള്ള അവജ്ഞയ്ക്കു് ആഴം വെടിപ്പിക്കുന്ന നടപടികളാണു് ഡിപ്പാർട്ടുമെന്റു് കൈക്കൊള്ളുന്നതും. സംസ്കൃതത്തിലുള്ള പാഠ്യപുസ്തകങ്ങളും നിശ്ചയിച്ച പ്രസിദ്ധീകരിക്കുന്നതു് ഡിപ്പാർട്ടുമെന്റിനു് ഇഷ്ടമുള്ളപ്പോഴാണു്. എല്ലാംജോലിയും കഴിഞ്ഞു് കൈയൊഴിയുമ്പോൾ, സഹകരിക്കുമെങ്കിൽ കുറെ സംസ്കൃതപുസ്തകങ്ങളുടെ പേരുവിവരങ്ങൾ പ്രസിദ്ധീകരിച്ചേക്കും. മാത്രമോ! പരീക്ഷയ്ക്കു് ചോദ്യങ്ങളുണ്ടാക്കുന്നതു് വിദ്യാർത്ഥികൾ പഠിക്കുന്നതെന്നു് നിശ്ചയിച്ച ഭാഗങ്ങളിൽനിന്നൊന്നുമല്ലായിരിക്കും. പരീക്ഷകനെ ഏല്പിക്കുന്നതു് ഒന്നു്, പരീക്ഷിക്കുന്നതു് മറ്റൊന്നു്. ഇതെല്ലാം ഉദാസീനത ഡിപ്പാർട്ടുമെന്റുപോലും കാണിക്കുമ്പോൾ സാധാരണമനുഷ്യരെ എന്തിനു് കുറ്റംപറയുന്നു!

സംസ്കൃതവിദ്യാഭ്യാസവിഷയത്തിൽ ഇന്നു കാണുന്ന പ്രതിബന്ധങ്ങളും ന്യൂനതകളും പാടേ നീങ്ങി സംസ്കൃതവിദ്യാഭ്യാസം അഭിവൃദ്ധിപ്പെടണമെങ്കിൽ ഒരു മഹാപ്രചരണമുതന്നെ വേണ്ടിവന്നേക്കും. ചിരാദേയ പണ്ഡിതപരിഷത്തിന്റെ നേതൃത്വത്തിൽ ഒരു സംസ്കൃതനവോത്ഥാനപരിപാടി ആസൂത്രണംചെയ്യു്, അതനുസരിച്ചു രംഗത്തിന്റെ നാനാഭാഗത്തും സംസ്കൃതപ്രചരണ മഹായോഗങ്ങളും ഇന്നത്തെ ഇലക്ഷൻപ്രചരണയോഗങ്ങൾപോലെതന്നെ നടത്തുകയും സംസ്കൃതം പഠിച്ചവരുടെ നിലയും വിലയും മോശമല്ലെന്നു മനുഷ്യർ മനസ്സിലാക്കുന്നുള്ള വഴികളും വെട്ടിത്തെളിക്കുകയും ചെയ്യേണ്ടതു് ഇന്നു് ഒരത്യാവശ്യമാണു്.

★

ചെറുകഥ

ഒരു കമ്മിബഡ്ജറന്റെ കഥ

★

— ടാമോദരൻ കുറുപ്പത്തു് —

എന്റെ ഭാര്യ പെറുകിടക്കുകയാണു്. പത്താമത്തെ പ്രാവശ്യം. ഇതിനുമുമ്പു് ഒമ്പതുപ്രാവശ്യം അവളിതുപോലെ കിടന്നു. ഇത്തവണ ഒന്നുമാത്രമുണ്ടു് വ്യത്യാസം. ഇരട്ടയാണു് പ്രസവം.

ഒന്നും രണ്ടും മൂന്നും എന്നപോലെയും ഒരുവിധം ആനന്ദത്തോടെയാണു ഞാൻ സ്വീകരിച്ചതു്. നാലുമഞ്ചും ആഗ്രഹിച്ചതല്ലെങ്കിലും സഹിച്ചു. പിന്നെ അസഹ്യമായതാണു്. പക്ഷേ എന്തുചെയ്യാം? കൊല്ലംതോറും അവളിതിന്നായി കോപ്പിട്ടിരിക്കയാണു്. ഞാനെന്തുപറഞ്ഞാലും ആ അസ്ഥാവിശ്വാസി കേൾക്കില്ല. ദൈവം തന്ന ആ മുതലുകളോടു് അവർക്കു സഹതാപമേ പറയാനുണ്ടായിരുന്നുള്ളൂ.

പുറത്തുപറയാൻ കൊള്ളാത്തതാണു്. എന്നാലും പറയാം. വാസ്തവത്തിൽ ഞാനാഗ്രഹിച്ചതുടങ്ങി നാലുമഞ്ചുമൊക്കെ കഴിഞ്ഞപ്പോൾതന്നെ ഇനി പിള്ളയെ കിട്ടിയില്ലെങ്കിലും വിരോധമില്ലായിരുന്നു. അതു പ്രസവിക്കുമ്പോൾതന്നെ ചത്തുവീണെങ്കിൽ, അതിൽ വലിയ സങ്കടത്തിനുള്ള വഴി ഞാൻ കണ്ടുമില്ല. തള്ളയെമാത്രം വീണ്ടുകിട്ടിയാൽമതി, യഥാർത്ഥത്തിൽ അതും സ്നേഹംകൊണ്ടുതോന്നുന്നതൊന്നുമല്ലല്ലോ? സ്വാർത്ഥതതന്നെയല്ലേ? ഞാൻ സംശയിക്കാറുണ്ടു്.

ആഗ്രഹംകൊണ്ടൊക്കെയെന്തു കായ്യം? ഫലമൊന്നുമുണ്ടായില്ല. ഒരു സൈന്യംതന്നെ എന്റെ കുത്തിക്കുടിക്കാനില്ലാത്ത ഗൃഹത്തിൽ വളർന്നുവന്നു. അഞ്ചുപെണ്ണും നാലാണും അതു കഴിഞ്ഞൊണ്ണിപ്പോഴത്തെ. ഇത്രയുണ്ടായും ഞാൻ പഴയപോലെതന്നെ അക്ഷമനായി കാത്തിരുന്നു. പത്തുകുട്ടി.....കഷ്ടമാണോ ആഗ്രഹം. പക്ഷേ സത്യംപറയണമല്ലോ.

ഡാക്ടർവേണം, വയറാട്ടിവേണം എന്നൊക്കെ പലതുമുണ്ടു് വാങ്ങുന്നിടത്തും. പക്ഷേ പഞ്ചസാരയോ ജീരകമോ വാങ്ങിക്കാനില്ല മനസ്സാക്ഷി. എന്നിട്ടുവേണ്ടേ? ആദ്യത്തെ പ്രസവത്തിനു് ആ പുതുമോടിയിലും നവപ്രേമത്തിലുമൊക്കെ ഞാൻ ഡാക്ടറെയെല്ലാം കൊണ്ടുവന്നു. പിന്നെ വയറാട്ടിമാത്രമായി. നാലാമത്തെ പ്രസവംകഴിഞ്ഞതോടെ ഒന്നിനും കഴിവില്ലെന്ന നിലവന്നു. എൻറമ്മയാണു് ഡാക്ടറും നഴ്സും വയറാട്ടിയുമെല്ലാം. ഞാനസിസ്റ്റന്റും.

പ്രസവമുറിയിൽ പുരുഷൻ പ്രവേശിച്ചുകൂടാ എന്നൊക്കെയില്ലെ—അതെല്ലാം പഴഞ്ചനാശയങ്ങളാണു് എന്റെ അഭിപ്രായത്തിൽ. പരിതഃസ്ഥിതി എന്നെ അങ്ങിനെ ആക്കിയതാണെന്നുവെച്ചോളൂ. ആദ്യമൊക്കെ ഞാനും പഴഞ്ചൻമട്ടായിരുന്നു. തുടിക്കുന്ന ഹൃദയത്തോടെ ഞാൻ മുറിവാതിൽക്കൽ കാത്തുനില്ക്കും, പിറവി അറിയിക്കുന്ന ആ പിഞ്ചുരോദനവും കാത്തു്. പിന്നെപ്പിന്നെ അതുമാറി. അമ്മമാത്രമായപ്പോൾ നേട്ടത്തിനു്.

"എടാ ഇതെന്നെംപറഞ്ഞില്ല. എനിക്കാരെങ്കിലുംവേണം. ഒരു സഹായത്തിനു്. ഒന്നിലോ ബന്ധുക്കളിലാരെയെങ്കിലും". അല്ലെങ്കി നീയിങ്ങുകേറിവാ" അമ്മ ഒരിക്കൽ പറഞ്ഞു. എന്തുവേണ്ടതു്? ബന്ധുവീട്ടുകളൊന്നും തൊട്ടയൽവക്കത്തില്ല. കുറച്ചുദൂരെയാണു്. ചെന്നു വിവരമെല്ലാംപറഞ്ഞുനിർബ്ബന്ധിച്ചാൽ ആരെങ്കിലും വന്നേക്കും. നല്ല മനസ്സോടെ ഇഷ്ടത്തോടെ കൂടിയെന്നുമാകില്ല. ഒരു ചാരത്തിനുവേണ്ടിമാത്രം. അങ്ങിനെ വരുത്തുന്നതിൽ എനിക്കും വലിയ രസംതോന്നാറില്ല. സാധാരണരീതിയിലാണു പ്രസവം പതിവു്. മറ്റുള്ളതൊക്കെ വിളക്കുപോലും കാണില്ല ഇവിടെ. എണ്ണയുടെ കായ്യവും കണക്കുതന്നെ. ഈ വിഷമമൊക്കെ അനാമമാത്രബന്ധുക്കളെ അറിയിക്കണൊ?

അങ്ങിനെഞാനകത്തുകയറി. ആദ്യമൊക്കെ സങ്കോചവും വല്ലായ്മയുമൊക്കെ ഉണ്ടായിരുന്നു. അതെല്ലാം സ്വാഭാവികമായി ഇല്ലാതായി കാലക്രമത്തിൽ. പിന്നെ എന്തിനും മടിയില്ലെന്നായി. അമ്മ പറയുന്നതൊക്കെ കേൾക്കും. ഇതാ ഈ കയ്യൊന്നു പിടിക്കു്. കാലൊന്നുവലിക്കു. പുറമുഴിയു്. അങ്ങനെ എല്ലാം. ഫലമായി സപ്തമേളുള്ള വാല്യൂർപ്പണിക്കു പുരയ്ക്കു വയറാട്ടിപ്പണിയിൽകൂടി വിദഗ്ദ്ധനെന്നനിലയിലായി ഞാൻ.

അപ്പോളെന്താ പറഞ്ഞുവന്നതു്? ആ! ഇത്തവണയും ഞാനമ്മയുടെ സഹായിആയി അങ്ങിനെ വർത്തിക്കുകയാണു്, മൻപറഞ്ഞ ആഗ്രഹവും പ്രതീക്ഷയും മാറുകയായി. അഞ്ചും നാലും ആറും നാലുമാകുമോ, അഞ്ചും അഞ്ചുമാകുമോ എന്നൊക്കെ ഭയങ്കരംണ്ടു്. എന്തുകായ്യം? എല്ലാം കർമ്മഫലംതന്നെ അമ്മയുടെ ഭാഷയിൽ തീരെ അപ്രതീക്ഷിതമാണു സംഭവിച്ചതു്.

സ്വതവേ എന്റെ പ്രേയസിക്കു ചില മെച്ചങ്ങളുണ്ടു്. വേദന കുറവാണു്. ഉള്ളതുനല്ലപോലെ സഹിക്കുമറിയാം. പക്ഷേ ഇത്തവണ എന്തോ കൂടുതലൊരു പാരവശ്യംകാണപ്പെട്ടിരുന്നു.....

അങ്ങിനെ കാത്തിരിക്കെ അവസാനമായ പുറത്തുവന്നു. അല്പം നിരാശതോന്നി. നല്ലജീവനോടെ കരഞ്ഞുകൊണ്ടതന്നെയാണു്. ഞാനെഴുനേറ്റു.

"ആണ്"!" എന്നമ്മ പറഞ്ഞപ്പോഴും ഞാനൊന്നാശ്വസിച്ചു. തമ്മിൽ ഭേദം.

എന്നാലും....അയ്യോ എന്താണു പൂർത്തിയാകാത്തപോലെ. വേദനയ്ക്കുരാശ്വാസവുംകാണുന്നില്ല. തള്ള പിരിയലും വളയലുംതന്നെ. നോവുവലിക്കുന്നുണ്ടോ?

എത്രയോ പ്രസവംകണ്ടിട്ടുള്ള അമ്മപോലും പരിഭ്രമിക്കുന്നു. പിന്നെ എന്റെ കഥയോ? "ഒന്നുകൂടി ഉണ്ടെന്നുവരുമോ സ്വാമീ!" അമ്മ പറഞ്ഞു. ഞാൻ നെഞ്ചത്തു കൈവെച്ചു.

"ദൈവം ചതിച്ചോ? ഇരട്ടയോ" എന്റെ ഉള്ളംകൈയൊന്നുനടുങ്ങി. അടുത്ത അരമണിക്കൂർനേരം എന്തോ വലിയ വിപ്ലവമെല്ലാം ആമിയിലുണ്ടായപോലെ തോന്നുന്നു.

"മേമേ! മേമേ! പിറവിയുടെരോദനം. "ഇതുവേഗത്തിലാകുന്നുണ്ടു്" എന്നാണമ്മയുടെ സമാധാനം. ഞാൻ കനിഞ്ഞുനോക്കി ആ വലിഞുവന്നിരിക്കുന്ന സത്വത്തിനെ.

"പെണ്ണ്"!!" എന്റെ മനസ്സുതകർന്നുപോയി.

ഇതാണു ഞാൻ പറഞ്ഞതു്. തീ

രെഅപ്രതിക്ഷിതമായ് സംഭവിച്ചതു്, എന്നു്. ഓക്കുപ്പുറത്തടി പറഞ്ഞിയമാതിരി.

ആകാം നാലും അഞ്ചുമഞ്ചുമൊന്നുമല്ല. ആകാം അഞ്ചും!

ആകാം അഞ്ചും!

* * *

പൊരുവീണു കഴിഞ്ഞോ എന്നാൽ എന്റെ ആദ്യത്തെ ജോലി ബന്ധുക്കളെയെല്ലാം വിവരമറിയിക്കലാണു്. ഈ വിവരമറിയുന്നതിൽ അവർക്കെന്തെങ്കിലും താല്പര്യമോ സന്തോഷമോ ഒന്നുമില്ലെന്നെനിക്കറിയാം. വിവരമറിയിക്കുന്നതിൽ എനിക്കു വിശേഷിച്ചു വല്ല സന്തോഷവുമുണ്ടോ? അതുമില്ല. പിന്നെ? വെറുമൊരുചമ്പ്രദായത്തിനുമാത്രം എന്നൊന്നും ധരിക്കേണ്ട. സ്വാർത്ഥം തന്നെയാണു് അതിന്റെ പിന്നിലും. ഒരു വല്യമ്മാവൻ, വേറെ രണ്ടമ്മാമന്മാർ, ഒരു ചെറിയച്ഛൻ—ഇതെല്ലാം ഞാൻ വഴിയുള്ള ബന്ധം. മൂന്നമ്മാവന്മാർ എന്റെ സാമ്പത്തികനിലയിൽ കുറെ ഉത്കണ്ഠാകുലന്മാരു്. ആരും കൈവിട്ടു വരാറില്ല കുട്ടിയെക്കാണാൻ. ശരാശരി ഒരു ഗ്രൂപ്പ കണക്കാക്കുമ്പോൾ ഒരാളുടെ വകയായി. അപ്പോളാകെ എന്തൊക്കെ? ഒരു മുപ്പതിൽമീതെ.

അതാണെന്റെ ആകെയുള്ള മുതൽ. ഈ പ്രസവച്ചിലവിലേക്കായി.

കുറച്ചൊന്നുമല്ല ആവശ്യങ്ങൾ—വൈറ്റില, അടയ്ക്ക, പുകയില തുടങ്ങി മുക്കാനുവേണ്ട സ്വം, വരുന്ന വക്കു അത്യാവശ്യം ഒരു കുപ്പി കൊടുക്കണ്ടേ. പിന്നെ ശുശ്രൂഷയ്ക്കും മരുന്നിനും. എണ്ണ, കുഴമ്പു തുടങ്ങി നോക്കുകയാണെങ്കിൽ മരുന്നുകടം ക്കാരുമതിയില്ല.

ഇതിനൊക്കെപ്പുറമേ എന്റെ ഭാര്യ ഒരു ചിത്തശീലം വശമാക്കിയിട്ടുണ്ടു്. പ്രസവശേഷം അവൾക്കവശ്യം ഒരു മരുന്നാവശ്യമാണു്. ആ രഹസ്യം ഞാനിങ്ങനെ പരസ്യമാക്കുന്നതിൽ പുള്ളിക്കാരിക്കു വലിയ തൃപ്തികാണില്ല. എന്നാലും ഞാനതു പറഞ്ഞേക്കാം.

'ഒരു രണ്ടൗൺസു ബ്രാണ്ടി'—അതുകിട്ടുന്നവരെ അവൾക്കൊരു പ്രസാദമില്ല. മുഖം വീർപ്പാണു്, പ്രസവക്ഷീണമാണു്. അതു കിട്ടിയോ—എല്ലാംമാറി.

ഞാനിടയ്ക്കു പറയും "എടീ പാറുട്ടീ, മദ്യനിരോധനം വന്നാൽ നീ എന്തുചെയ്യും?" പാവം അവൾക്കീ നിരോധനമെന്നാലെന്തെന്നൊന്നും വലിയ ജ്ഞാനമില്ല.

"കൊല്ലത്തിലൊരിക്കെ നിക്കുവേണ്ട രണ്ടൗൺസേതരവനം നിരോധിക്കാൻ?" അവളുചോദിക്കും. ശുണ്ഠിയുള്ള സമയമാണെങ്കിൽ "ങ്ങക്കു് വേറെ തൊഴിലൊന്നുല്ലേ? തല്ലുകൊൻ വിളിക്കണു" എന്നാകും അവളുടെ മറുപടി.

അതെല്ലാം പോട്ടെ. അങ്ങിനെ ബന്ധുവീടുകളിൽ അറിയിക്കാൻ മുന്നു പിള്ളേരേയും വിട്ടു് ഞാൻ കാത്തിരിക്കയാണു്. "ഇരട്ട എന്നൊട്ടുത്തു പറ" എന്നു പ്രത്യേകം ഏല്പിച്ചിട്ടുണ്ടു് എല്ലുവരേയും. ഭാഗ്യത്തിനു വല്ലവരും വല്ലതും കൂട്ടുതൽ തന്നാലോ കൂട്ടെ!

നല്ല ക്ഷീണമുണ്ടു്. ഉറക്കമില്ലാഞ്ഞിട്ടൊന്നുമല്ല കുപ്പികടിക്കാഞ്ഞിട്ടു വേറെ വകയും. ശക്തിയില്ല, പൊടിയില്ല—ഒന്നുമില്ല. മല്ലി പൊടിച്ചിട്ടു തിളപ്പിച്ച ഒരുഗ്ലാസ്സം ഞാനുമമ്മയും ഒക്കെ കുടിച്ചു. പിള്ളേക്കും കൊടുത്തു. ഫലമോ? ക്ഷീണം കുറവില്ല, മനം പുരട്ടലുകൂടി ആരംഭിച്ചു. മുക്കാനുണ്ടെങ്കിൽ ഉണങ്ങിയ മുണ്ടു് നുപൊടി മരുന്നുണ്ടു് കുറച്ചു്. ബാക്കിയൊക്കെ വാങ്ങിയിട്ടുവേണം. ആരെങ്കിലും വേഗം വരട്ടെ എന്നും പ്രാർത്ഥിച്ചു ഞാനിരിക്കയാണു്. വല്ലതും കിട്ടിയിട്ടുവേണം എന്തെങ്കിലുമൊക്കെ തുടങ്ങാൻ.

പോയ പിള്ളേരെല്ലാം മടങ്ങിയെത്തി. കൊട്ടിയറിയിക്കലും കഴിച്ചു ചീത്ത വർത്തമാനവുമായി ആണു് ഒരുവന്റെ വരവു്. ആരംഭത്തന്നെ അശുഭമല്ലോ. ചെറിയച്ഛന്റെ ഇന്നലത്തെപ്പാട്ടു പനിയാരംഭിച്ചിരിക്കുന്നവത്രെ അല്പം സംശയമാണു്. ഡാക്ടറെ കൊണ്ടുവന്നിരിക്കുന്നു. നോക്കണ്ണെ എന്റെ ഒരു നിർഭാഗ്യം. അതിൽ കൂട്ടലൊക്കുന്ന ഒന്നാണു്. അതു പോയി—ബ്രാണ്ടിക്കെങ്കിലും വകയായേനേ. ചെറിയച്ഛന്റെ പനിപിടിച്ചോട്ടെ. വലിയ സങ്കടമൊന്നുമില്ല. പക്ഷെ ഇന്നത്തെ ശനിയും കഴിഞ്ഞു പോരേയിരുന്നൊ?

എന്റെ വല്യമ്മാവന്റെ ഏഴാം ജന്മദിനമാണു് അദ്യം പതിവു്. പുള്ളിയുടെ സമ്മാനം ഏറ്റവും വലിയ തുകയും—പത്തിന്റെ ഒരു നോട്ടാണു്. അതെന്നെ സംബന്ധിച്ചിടത്തോളം വിളിച്ചു തന്നെ ചോദിക്കും. 'ഡാക്ടറെ ഒക്കെ കൊണ്ടുവന്നില്ലെ? അല്ലാ, ഇക്കാലത്തു പ്രസവൊക്കെ സൂക്ഷിക്കണം.'

'ഓഹോ നമ്മുടെ ആ വല്യാട്ടെ അമ്മയെയാ കൊണ്ടുവന്നു', ഗ്രൂപ്പോ കുറച്ചായി'' ഞാനഭിമാനത്തിനുവേണ്ടി പച്ചക്കള്ളം തട്ടിവിടും. ഇതുവരെ കളവാണെ പറഞ്ഞതെന്നു അങ്ങോക്കിയോ അതങ്ങോക്കിയാമെന്നു് എനിക്കുമറിയാം. അതങ്ങോക്കിയാമെന്നു് എനിക്കറിയാമെന്നു അങ്ങോക്കുമറിയാം. എന്നാലും എല്ലാം പ്രയോഗ്യവും വല്യമ്മാവൻ ഇതു ചോദിക്കും. ഞാനിങ്ങിനെ ഉത്തരവും പറയും. അതൊരു പതിവായിത്തീർന്നു.

വല്യമ്മാവൻതന്നെ വന്നു ഇന്നുമാദ്യം. ഉടനെതന്നെ പോയി കുടിക്കുള്ളതു കേണ്ട. രണ്ടു കുന്തിക്കെകളിലും വെച്ചുകൊടുത്തു ഒരേ വെള്ളിനാണ്യം എന്റെ ഉള്ളംതന്നെ കൂലിത്തു. ഇതു പതിവിന്നു പുറമെ ആകുമെന്നു വഴിയുള്ള. രണ്ടെങ്കിൽ രണ്ടെങ്കിലും കൂടുതൽ കിട്ടിയല്ലൊം. എന്നെ വിളിച്ചുപിന്നെ. സകായും പറയാൻ. ഞാൻ ചെന്നു. പതിവുള്ള ഉത്തരം നാവിന്മേലായി. നോട്ടിന്നു നീട്ടുന്ന കരങ്ങളുമായി. പക്ഷെ സകായും കേട്ടപ്പോൾ ഞാൻ മരപ്പാവപോലെ തരിച്ചുനിന്നുപോയി.

"എന്താ വേണ്ടു് ഞാൻ കുട്ടം. ഒറാക്കാശിരിപ്പില്ല കയ്യിലു്. പെട്ടിടെ അടി തപ്പിട്ടു് എടുത്തോണ്ടുവന്നതാ അതു്. ഇതു പൊട്ടകാലം..."

"പിന്നെന്തിനി മിനക്കെട്ടുവന്നു? വയസ്സുകാലത്തു്."

എന്റെ മനസ്സു ചോദിച്ചിരുന്നു:

"ചേ! അതിലെന്താ. എപ്പോഴും ഒന്നും പോലെപറഞ്ഞാലെയുള്ളൂവോ?" ഞാൻ മയൂരഭാഷയ്ക്കുവേണ്ടി പറഞ്ഞു.

"എന്നാൽ ഞാനിനി പോട്ടെ"

"ഏയ്! പായ കുടിച്ചിട്ടുപോകാം"

രണ്ടിനുനിന്നാനമെടുത്തു് പായ സമ്മാനങ്ങൾക്കായി മുത്തവൻ ഒടിക്കഴിഞ്ഞിരുന്നു.

"വേണ്ട ഞാൻ കുടിച്ചതാ. പോട്ടെ. ത്തിരി ധിറുതീം ഉണ്ടു്" അമ്മാവൻ പുറപ്പെട്ടു.

"ഉം" ഞാനലസമായി മൂളി. നോട്ടു കിട്ടിയ ത്വരണയൊക്കെ നിർബന്ധിച്ചു പായ കുടിപ്പിച്ചേ വിടാറുള്ളു. ഇന്നും നിർബന്ധിച്ചിൽ നിന്നേനെ. "എന്തിന്നീ പിത്തുക്കൻ കാരണവരെ?" ഞാൻ വെറുപ്പോടെ ചിന്തിച്ചു.

ഭാര്യയുടെ അമ്മാവന്മാരുടെ വരവാണു് അടുത്തതു്. അവർ പതിവിൻപടി മുഖമാകെ ഒരുമിച്ചുവന്നു. ഒരാരോത്തരും മുമ്മൂന്നുപ്പിക—അതാണ ശീലം. ഇത്തവണയും അതിൽ വ്യത്യാസമൊന്നുമുണ്ടായില്ല. അവരല്പം സാഹചക്ഷപതികളാണു്. ഗ്രൂപ എന്റെ ഭാര്യയുടെ കയ്യിലെ കൊടുക്കു. വാസ്തവത്തിൽ അതുകൊണ്ടിത്തിരി കഴപ്പുമുണ്ടു് കേട്ടോ. "ഒരു ഗ്രൂപ തുല്യംറ്റെ തേവക്കു വെടിക്കു' എന്നും പറഞ്ഞു് അവരും മാറും. ബാക്കി എട്ടിന്നേ എനിക്കവകാശമുള്ളു.

അവർ പോകാറായപ്പോഴേക്കും പായയെല്ലാം തയാറായി. ശക്കരധാരമുഖം പായ അല്പവും ആയൊരുപനകം. അതും കുടിപ്പിച്ചേ ഞാനവരെ വിട്ടുള്ളു. "ഇതാ അവിലു നനയ്ക്കുന്നതു്. തിന്നിട്ടു പോയാൽ പോരെ?" ഞാൻ ലോഹ്യത്തിനുചോദിച്ചു. കുട്ടികാണാൻ വന്നാൽ മധുരംകൊടുക്കണമെന്നൊക്കെയാണു സങ്കല്പം.

"അവിൽ നനക്കണം!" ഞാൻതന്നെ ഇതൊക്കെ കണ്ടിട്ടു കെല്ലുങ്ങുയി. അവിലുണ്ടു് വല്ലവന്റേയും പീടികയിൽ. എന്നാലും അവരിതൊക്കെയുണ്ടെന്നു ധരിച്ചോട്ടെ എന്നുവെച്ചു് സംഭാരണപറയുന്നതങ്ങു പറഞ്ഞുവിട്ടു. അവരതിനുനിൽക്കില്ലെന്നു തീർച്ചയുള്ളതുകൊണ്ടു്.

"ങ്ങോ ഒന്നംവേണ്ട. പായകൊണ്ടതന്നെ ഞങ്ങൾക്കു ധാരാളമായി" എങ്ങിനെ ആവതിരിക്കും? വയറിളക്കമുന്നിനു ബലായ ഈ ശക്കരവെള്ളം കുടിച്ചാൽ.

വല്യമ്മാവന്റെ ബാക്കി ഒന്നും, ഇവരുടെ എട്ടു്. ആകെ ഒമ്പതു് കയ്യിൽവെച്ചു് നിരാശയിൽ മുങ്ങി മേല്പോട്ടുംനോക്കിയിരിപ്പാണു ഞാൻ. ഇനിയുള്ള രണ്ടുപേരുടെ വരവും കാത്തു്.

അതിലൊരമ്മാവനു ചിലപ്പോഴൊരു സുഖക്കേടുണ്ടു്. ഗ്രൂപയ്ക്കുപകരം കുറെ മുന്തിരിങ്ങയും കൽക്കണ്ടവുമൊക്കെ തങ്ങിപ്പിടിച്ചുംകൊണ്ടു വരാറു്. പിള്ളേരെല്ലാം "അമ്മാവനങ്ങിനെ വരണേ" എന്നും പ്രാർത്ഥിച്ചായിരിക്കും കാത്തിരിക്കുക. ഞാൻ നേരെ വിപരീതമായും. അങ്ങിനെ ഞാനും കുട്ടികളും എതിർ പ്രാർത്ഥനകളുമായി ഇരിക്കുമ്പോഴാണു് മൂപ്പരുടെ വരവു്. ശകുനംമുടക്കനു പൊതികളുമായി. ഇത്തവണ മൂന്നുപൊതികളുണ്ടു്, അതും തങ്ങിപ്പിടിച്ച വയസ്സുകാലത്തു കാരണവർ വരുന്നവരവുകണ്ടപ്പോൾ എനിക്കു കണക്കിലേറെ ദ്വേഷ്യംവന്നു. ഞാനപ്പുറത്തേക്കുപോയി.

സന്തോഷിച്ചാർക്കുന്ന പിള്ളേരോടു പടിമുതലെ പ്രസംഗിക്കുന്ന കേപംക്കാരം ലാഭേത്തിക്കിട്ടിപ്പോന്നിരിനാരങ്ങോടീം വാങ്ങി...അവനെന്തേ എന്നെക്കണ്ടപ്പം മാറിയതു?"

മാറിയതിലും കാരംകണ്ടു കാരണവരു്. മുക്കാൻകുടി കൊടുക്കാതെ പുള്ളിയെ പാഞ്ഞയയ്ക്കുമെന്നു ഞാനും ശപഥംചെയ്തു.

എന്തിന്നധികമിതുംപറഞ്ഞു കഥ നീട്ടുന്നു. അവസാനത്തെ അമ്മാവനും വന്നു പോയി. പുള്ളിക്കാരൻ പതിവൊന്നും മാറാനൊന്നുപോയില്ല. ആ അഞ്ചുഗ്രൂപകൂടി കിട്ടിയപ്പോൾ മൊത്തവരവു് പതിമൂന്നുറുപ്പികയായി.

ഇരട്ടപ്രസവം—ആയിരംകൂട്ടം ചിലവുകൾ. പതിമൂന്നുറുപ്പയുണ്ടാകെ സത്തു്.

പതിമൂന്നു ചീത്തസംഖ്യയെന്നുമറിയാമല്ലോ. ക്രിസ്തുദേവൻ ഒട്ടുക്കത്തെ അത്താഴത്തിനു പതിമൂന്നാമതാണെത്രെ ഇരുന്നതു!

എണ്ണിപ്പിടിച്ച പതിമൂന്നുറുപ്പികയുമായി ഞാൻ മുർദ്ധാവും മേല്പോട്ടു തലോടിക്കൊണ്ടിരുന്നു വിയർക്കുകയാണു്. ഒരു പ്രസവബന്ധുസ്ഥാനത്തേക്കണം. പക്ഷേ തിയിലധികം കമ്മിയാകാനുള്ള വഴികാണുന്നതു്. ചിലപ്പോൾ നിരനിരയായി അങ്ങിനെ എഴുതിനോക്കി. കഴിയുന്നത്ര കുറയ്ക്കാൻശ്രമിക്കുന്നുണ്ടു്.

—ബ്രാണ്ടി...കു. ണ. സ 6-0-0

—ഉള്ളിലേഹ്യം എന്നു പരമ്പരകളായി സേവിച്ചുവരുന്ന ആ പ്രസവസിദ്ധൌഷധത്തിനു ശക്കര, വെള്ളം തുടങ്ങിയവയ്ക്കായി... 4-0-0

—കഞ്ഞിക്കിടക്ക... 2-0-0

—കുട്ടിക്കു് (ഉപദ്രവം! ഇത്തവണ കുട്ടിക്കാണു്) കുറച്ചുട്ടുപ്പാകുന്നതിനും തുന്നൽക്കുലിയും... 3-0-0

—എണ്ണയിൽ കുളിക്കണമെന്നു പ്രസവച്ചൂടുമാറാൻ. അതൊന്നുംതന്നെ വേണ്ട. തേക്കാനെങ്കിലും എണ്ണതന്നെ

ഇന്ത്യൻഭാഷകളിലൂടെ ഒരു റഷ്യൻ പണ്ഡിതന്റെ ജൈത്രയാത്ര



— മാലതി —

ആരെന്നോ അൽഭുതകരമായ പ്രത്യേകതയായിരുന്നു. നാസിഭടന്മാർ സോവിയറ്റതിർത്തികളിൽ വെടിയുണ്ടകളുതിർക്കുമ്പോൾ അവിടെ, റഷ്യയിൽ, ഉലൂസീദാസേരാമായണത്തിന്റെ തർജ്ജമയ്ക്കുള്ള ശ്രമങ്ങൾ ഇടതടവില്ലാതെ നടക്കുകയാണ്. ഈ സംഗതി ഇന്ത്യക്കാരെ എത്രമാത്രം വിസ്മയഭരിതരാക്കി എന്നു പറയേണ്ടതില്ലല്ലോ. റഷ്യക്കാരുടെ വിജ്ഞാനതൃഷ്ണയുടെ, പഴയതും പുതിയതുമായ എന്തിലും അവർ നടത്തുന്ന ആഴമേറിയ അന്വേഷണത്തിന്റെ ഒരു ഉത്തമോദാഹരണമായിരുന്നു അത്. രാമായണം മാത്രമല്ല, മഹാഭാരതവും അവർ റഷ്യൻഭാഷയിലാക്കി. മുതലാളിത്തവ്യവസ്ഥിതിയെഴുകിയെ മാറാന്നിനേയും സോവിയറ്റുപണ്ഡിതർ നിസ്സാരമാക്കുന്നില്ല. ഇങ്ങനെ ലക്ഷക്കിടക്കുന്ന ഇന്ത്യയുടെ പുരാണചരിത്രങ്ങളിലും അവരുടെ കണ്ണെത്തിക്കഴിഞ്ഞു.

ഇന്ത്യയിലെ വിവിധഭാഷകളിൽ പഠനംനടത്തി, അവയെസംബന്ധിച്ചു ഗവേഷണങ്ങളിൽ വ്യാപൃതരായിക്കുന്നവരിൽ രണ്ടുപേരെങ്കിലും മൻപന്തിയിൽനിൽക്കുന്നു. എം. വി. ബാരനിക്കോവ്, വി. ഐ. കല്യാനോവ്. ഇവരാണ് നമ്മുടെ അനർഘസാഹിത്യകൃതികളായ രാമായണവും മഹാഭാരതവും ഭാഷാന്തരീകരിച്ചവർ. എ. വി. ബാരനിക്കോവിന്റെ ശ്രമബഹുലമായ ജീവിതത്തിലേയ്ക്കും അദ്ദേഹത്തിന്റെ മഹനീയപ്രവചനങ്ങളിലേയ്ക്കും ഒരെത്തിനോട്ടമാണ് ഈ ലേഖനംകൊണ്ടുദ്ദേശിക്കുന്നത്.

ഒരു സാധാരണ മരപ്പണിക്കാരന്റെ കുടുംബത്തിലാണ് അലക്സിപെട്രോവിച്ചുബാരനിക്കോവ് ജനിച്ചത്. ബാല്യകാലം ക്ലേശകരമായിരുന്നു. ആ കുട്ടിക്ക് മിക്കപ്പോഴും ജോലി ചെയ്യാനെ സമയമുണ്ടായിരുന്നുള്ളൂ. എന്നിരുന്നാലും പഠിക്കാനുള്ള ആഗ്രഹം വിട്ടൊഴിഞ്ഞിരുന്നില്ല. വളരെയധികം വിഷമതകളെ തരണംചെയ്താണ് അദ്ദേഹം 'കീവ്'യൂണിവേഴ്സിറ്റിയിൽ ചേർന്നത്. അവിടെ സവ്കലാശാലയുടെ പൗരസ്ത്യഭാഷാപഠനവിഭാഗത്തിൽവച്ച് ബാരനിക്കോവ് സംസ്കൃതപഠനമാരംഭിച്ചു. പിന്നീട് 1916-ൽ 'സെൻറ് പീറേഴ്സ്ബർഗ്' യൂണിവേഴ്സിറ്റിയിൽവെച്ചാണ് തന്റെ പഠനഭാഷയായി സംസ്കൃതത്തെ അദ്ദേഹം തിരഞ്ഞെടുത്തത്.

അടുത്തകൊല്ലം ലോകചരിത്രത്തിലെ സുപ്രധാനവർഷമായ 1917 ആയിരുന്നു. അക്കൊല്ലത്തിൽ ബാരനിക്കോവ് മാസ്റ്റർബിരുദം സമ്പാദിച്ചു പുറത്തുവന്നു. അധികം താമസമുണ്ടായില്ല, ഇന്ത്യൻഭാഷകളിലുള്ള പ്രവർത്തനങ്ങളും അദ്ദേഹത്തെ പ്രസിദ്ധിയുടെ വെളിച്ചത്തിലേക്കാനയിക്കാൻ. പ്രാദേശികഭാഷകൾക്ക് അദ്ദേഹത്തിൽനിന്നു ലഭിച്ചിട്ടുള്ള സംഭാവന മഹത്തരമാണ്. ഒക്ടോബർവിപ്ലവത്തിനുമുമ്പ് റഷ്യൻപണ്ഡിതന്മാർ ഇന്ത്യയുടെ പ്രാചീനചരിത്രത്തേയും മതം, തത്വശാസ്ത്രം മുതലായവയേയുംകുറിച്ചുള്ള പഠനങ്ങളിലെ ശ്രദ്ധ ചെലുത്തിയിരുന്നുള്ളൂ. നവീനസംസ്കൃതിയും, വിവിധഭാഷകളും, ചരിത്രം മുതലായവയിൽ അവരുടെ പ്രവർത്തനം എത്തിയിരുന്നില്ല. മൂന്നാമവണ ഇന്ത്യ സന്ദർശിച്ച പ്രൊഃ മീനേവ് ഇന്ത്യയെപ്പറ്റി പഠിക്കുന്നതിലും മനസ്സിലാക്കുന്നതിലും വലിയ തല്പരനായിരുന്നുവെന്ന കാര്യം. അതു 19-ാംനൂറ്റാണ്ടിലായിരുന്നു എന്നു നാമോർക്കണം.

അന്നത്തെ പണ്ഡിതന്മാർ, വിപ്ലവത്തിനുമുമ്പുള്ള പഴയ ക്രാഫുകാർ ഒന്നാണ് ധരിച്ചിരുന്നത്. സംസ്കൃതഭാഷ പഠിച്ചാൽ ഇന്ത്യയെക്കുറിച്ച് എല്ലാമറിയാറായി. ആ നിഗമനം തെറ്റാണെന്നു മൂന്നിക്കാട്ടി ബാരനിക്കോവ്. അതു തെറ്റായിരുന്നതാനും. സംസ്കൃതത്തിന്റെ മാഹാത്മ്യത്തേയും ഭാരതീയാന്തരീക്ഷത്തിനേറ്റ് ഉണ്ടായിട്ടുള്ള അതിന്റെ താദാത്മ്യത്തേയും അവഗണിക്കയല്ല, ഇതു കൊണ്ടു ചെയ്യുന്നത്. കാലക്രമത്തിൽ സംസ്കൃതം മെല്ലെ രംഗമൊഴിഞ്ഞു് അണിയറയിലേക്കുപോയതു് അദ്ദേഹം കണ്ടറിഞ്ഞുവെന്നുമാത്രം. ഹിന്ദി, ഉർദു, മറാത്തി, പഞ്ചാബി, ബങ്കാളി ഇവയെല്ലാം അദ്ദേഹം പഠനവിഷയങ്ങളാക്കി; ലെനിൻഗ്രാഡു സവ്കലാശാലയിലും ഓറിയന്റൽ ഇൻസ്റ്റിട്ടൂട്ടിലും, നവീനഇന്ത്യയുടെ സംസ്കാരത്തെയും ചരിത്രത്തെയും കൂട്ടുതൽ മനസ്സിലാക്കുവാൻ ഈ വിവിധപ്രാദേശികഭാഷാപഠനം ഉപകരിച്ചുമെന്നു പറയേണ്ടതില്ലല്ലോ.

മേൽപറഞ്ഞ ഭാഷകളിലുള്ള അവശ്യഗ്രന്ഥപഠനം, ഭാഷാവിദ്യാർത്ഥികൾക്കു് ആവശ്യമായ ചില പുസ്തകങ്ങളുടെ രചനയ്ക്കും കാരണമായി. വ്യാകരണനിയമങ്ങളേയും മറ്റും എടുത്തുകാണിക്കുന്ന പുസ്തകങ്ങളും അവയിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ "ഹിന്ദുസ്ഥാനി" എന്ന പുസ്തകം ഭാഷാവിദ്യാർത്ഥികൾക്കുമാത്രമല്ലും, മറ്റൊല്ലാവർക്കുംതന്നെ ലഭിച്ചിട്ടുള്ള ഒരനർഘസംഭാവനയാണതെ. മറ്റുചില പുസ്തകങ്ങൾകൂടി പ്രസ്താവ്യമാണ്. "കോംപ്ലെക്സ് വർബൽസ് ഇൻ ഹിന്ദുസ്ഥാനി", "ദി പേഴ്സൻ എലിമെൺസ് ഇൻ ഉർദു", "ദി പ്രോബ്ലം ഓഫ് ഹിന്ദി പ്രോസ്", "എലിമെൻസ് ഓഫ് ദി ഹിസ്റ്റോറിക്കൽ ഗ്രമ്മർ ഓഫ് മെത്തേഡ് ഇൻ ദി ഇൻഡോളജിക്കൽ ലിംഗ്വിസ്റ്റിക് ടെഡീഷൻ" മുതലായവയാണ് അവ.

എ. പി. ബാരനിക്കോവിന്റെ ഭാഷാപരമായ പ്രവർത്തനങ്ങളും ഇന്ത്യയുടെ ഭാഷയേയും ചരിത്രത്തേയുംകുറിച്ച് പഠിക്കുന്നതിൽ തൽപരരായവിദേശികൾക്കു് മാർഗ്ഗദർശകമാണ്. ആ പുസ്തകങ്ങളും താത്വികമായി ഏതദ്വിഷയത്തിൽ അദ്ദേഹത്തിനുള്ള അഗാധജ്ഞാനത്തിനും, പ്രശ്നങ്ങളെ സമീപിക്കുന്നതിൽ അദ്ദേഹം കൈക്കൊണ്ടിട്ടുള്ള പുതിയ സമീപനരീതിക്കും നല്ല ഉദാഹരണങ്ങളാണ്. ഒരുദാഹരണം പറയട്ടെ. അദ്ദേഹം അനുസംസ്കരിക്കുന്ന ജനങ്ങളുടെ ജീവിതരീതിയോടു് ഉണ്ടാകുന്ന അടുപ്പം പ്രത്യേകം ശ്രദ്ധാർഹമാണെന്നും അദ്ദേഹം പുണ്ടിക്കാണിക്കുന്നു.

ഭാരതീയഭാഷാപരമായി സ്വതന്ത്രകൃതികളും നിർമ്മിച്ചതിനുപുമെ എ. പി. ബാരനിക്കോവ് ഇന്ത്യയുടെ ഇതിഹാസങ്ങളെ റഷ്യൻഭാഷയിലേക്കു് വിവർത്തനം ചെയ്തുകൂടിയുണ്ടായി. ഇന്ത്യൻ സാഹിത്യചരിത്രത്തിലെ പ്രധാനപ്രശ്നങ്ങളെ പഠിക്കുവാൻ തന്റെ മുഴുവൻകഴിവും അദ്ദേഹം വിനിയോഗിച്ചു. ആ പണ്ഡിത്യത്തിന്റെ ഒരു ചെറുഭാഗമെങ്കിലും നമുക്കു പകർന്നുതരുവാൻ ഈ ലേഖനം ഉപകരിക്കുമെന്നു വിശ്വസിക്കുന്നു.

തമരൻ എന്ന തൂലികാനാമത്തിൽ ഈ പംക്തികളിൽ കണ്ടിരുന്ന കഥാകൃത്ത് ശ്രീ. കുറുപ്പത്തു ദാമോദരനാണെന്ന വസ്തുത ലേഖകനുവാദപ്രകാരം വെളിപ്പെടുത്തുകയാണ്.

മ. രാ. പ.

ണ്ട്. വളരെ ചുരുങ്ങിയകണക്ക്. ടുങ്ങഴി നല്ലെണ്ണ എങ്കിലും വാങ്ങാൻ... 3-0-0
—പുകയിലയടക്കം മുക്കാൻചിലവു്... 3-0-0
—ഇനി മാന്നതും മറക്കാത്തതുമായ കുശപിശച്ചിലവിനു ചുരുങ്ങിയതു്... 5-0-0
—ഓ! പ്രധാനപ്പെട്ട ഒന്നുകൂടിയുണ്ട്. എന്റെ ഭാര്യയുടെ ദൃഷ്ടിയിൽ ഏറ്റവും പ്രധാനം. കണിയാൻപനിക്കു് ജാതകം കുറിക്കാനായി ദക്ഷിണ (ഒരു അണ്ണം രണ്ടിനുവേണ്ട?) ഒന്നുമൊന്നും... 2-0-0
ആകെ ഏറ്റവും ചുരുങ്ങിയപക്ഷം ചിലവു് ഇരുപത്തെട്ടുറുപ്പിക. പിരവു് പതിമൂന്നുറുപ്പിക. ഞാൻ പറഞ്ഞില്ലേ? കമ്മി പകുതിയിലധികം. വെറുതെയിരുന്നു ചിന്തിക്കാം. തിയ്ക്കാം. അല്ലാതെന്തുവഴി ഇതു നികത്തുവാൻ?
ഒരു വഴിയുമില്ലെന്നും പറഞ്ഞുകൂടാ. പള്ളിക്കൂടം വാദ്ധ്യാന്മാക്കൊക്കെ തെളിഞ്ഞുകിടക്കുന്ന ആ ഒരേ ഒരു വഴിയുണ്ടുപോക്കി. കടംവാങ്ങാറിങ്ങൽതന്നെ. സ്കൂൾമാനേജരുടെ അടുക്കൽ ചെന്നിട്ടു ഒരു കാര്യവുമില്ല. ഒരു ശ്രീരാമല സത്യാഗ്രഹം ചെങ്ങിയൽപോലും അതിയാനെ കൊണ്ടുമുഷകമെന്നു തോന്നുന്നില്ല. തുതയധികമാണ് അഡ്വാൻസ്സ് കാര്യം.
ഒരുവിധമുള്ള ബന്ധുക്കളേയും അടുത്ത കൂട്ടുകാരേയും സമീപിച്ചിട്ടും ഫലമൊന്നുണ്ടാവാൻ പോകുന്നില്ല. അവരിൽ മിക്കവരുംതന്നെ എന്റെ സ്നേഹസ്നിഗ്ദ്ധന്മാരാണ്. വാങ്ങിയതു മടിക്കൊടുക്കാതെ എങ്ങിനെ സമീപിക്കുമെന്ന മടിയാണെന്നൊന്നും ധരിക്കേണ്ട. ഇനി കിട്ടില്ലെന്നുള്ള വിശ്വാസംകൊണ്ടാണ്. അല്ലാതെ മറ്റൊരു കാരണമൊക്കെ എന്നേ തീർന്നിരിക്കുന്നു. വാദ്ധ്യാർജോലിക്കിറങ്ങിയൽതന്നെ നാണം കെട്ടുകഴിഞ്ഞില്ലെ?
അല്പമകന്നവരെത്തന്നെ ആദ്യം കടഞ്ഞുനോക്കാമെന്ന ആശയമുദിയാണ ഞാൻ പുറപ്പെട്ടതു്. ഇന്നെന്റെ മുഖം വന്നചാടതിരിക്കുന്നതാണ് ഏതായാലും പരിചയക്കുക്കെല്ലാം നല്ലതു്.
"എന്താ ഹേ എന്നുമിങ്ങനെ ബുദ്ധിമുട്ട്?" എന്നു വല്ലവരും ചോദിച്ചാൽതന്നെ സാധാരണപോലെ മിഴിക്കേണ്ടിവരില്ല ഇന്ന്. പഠിച്ച സമാധാനമുണ്ട് എന്റെ നാക്കത്തു്.
"എന്റെ ഭാര്യ ഇരട്ടപെറുകിടക്കുകയാണ്" എന്നു.

[ഈ കഥയിലെ മഹാനായ നായകനായ പപ്പുണ്ണിമാസ്റ്റർ—പാവം! തന്റെ ഭാര്യ പതിനൊന്നാമതു പ്രസവിക്കുന്നതു കാണാൻനിൽക്കാതെ ലോകംവിട്ടു. ആ ഓർമ്മയ്ക്കുവേണ്ടി, അദ്ദേഹം ഇല്ലെന്നുള്ള ധൈര്യത്തിലാണ്, ഞാനീ ചരിത്രം കുറിക്കുന്നതു"—ദാമോദരൻ]



ബണ്ടൽഖണ്ടിലെ ഒരു നാടോടിഗാനം



കറുമാപ്പള്ളി ശ്രീധരൻനമ്പൂതിരി, ബി. ഏ., ബി. ടി.

പ്രകൃതിമനോഹാരിതയാൽ പൂപുഞ്ചിരിപൊഴിക്കുന്ന 'ബണ്ടൽഖണ്ഡം' ശോകാത്മകതയുടെ മണവും പരത്തുന്നതിൽ, ഒട്ടും പിന്നണിയിലല്ല. രാജ്യത്തിന്റെ ഏതു മുക്കിലും മൂലയിലും പോയാലവിടെക്കാണാം, കഴിഞ്ഞകാലം വിഴുങ്ങിയയവിടുന്ന ഒരു ശോകകഥ നമ്മെ തുറിച്ചുനോക്കിക്കൊണ്ടു നില്പുണ്ടു്!

'ഝാൻസി'യിൽനിന്നു കുറച്ചു നാഴികയകലെ, 'ബത്പാനദി'യുടെതീരത്തു്, ബണ്ടൽഖണ്ഡിന്റെ പഴയ തലസ്ഥാനനഗരിയായ 'ഓർക്ഹാ', ഒരേകാന്തമൂകത ചമഞ്ഞുനില്പുണ്ടു കാണാം. പണ്ടത്തെ ആ വൻനഗരി ഇന്നൊരു കൊച്ചുഗ്രാമമായി ചുരുങ്ങിച്ചുരുങ്ങിയിട്ടുണ്ടെങ്കിലും, അങ്ങിങ്ങായ് നില്പുണ്ടു, ചുരുക്കംചില ഉന്നതമാളികാമന്ദിരങ്ങളും, പൂവ്വമഹിമാതിരേകത്തെ വിളിച്ചോതി, കാലത്തിന്റെ കയ്യടികളിക്കൊണ്ടും വിധേയമാകാതെ അങ്ങിനെ നില്പുണ്ടതുമ്പോ. ജഹാങ്കീറിന്റെ ജഗന്മോഹനമായ രാജധാനി, രാമരാജന്റെ രമണീയമായ ശംഗീരക്ഷേത്രം, പിന്നെ അങ്ങിങ്ങായ് പതിഞ്ഞുകിടപ്പുള്ള ചരിത്രാവശിഷ്ടങ്ങളും—ഇതൊക്കെ, ഒരു സന്ദർശകനു കണ്ടറിഞ്ഞിപ്പാൻ ധാരാളം വകകൊടുക്കുന്നുണ്ടു്. രാജമഹാരാം, ലക്ഷ്മീനാരായൺ, എന്നീ ക്ഷേത്രങ്ങളിലെ അത്യുത്തകൊത്തുവേലകളും, കലാകൗതുകികൾക്കും ചരിത്രാന്വേഷികൾക്കും, പഠനത്തിനും, ഗവേഷണത്തിനും ഉതകുന്നവയല്ലാതെ മറ്റൊന്നുമായി തോന്നുന്നില്ല ഇന്ത്യൻ സംഹിതിയുലോകത്തിലെ അനർഘകൃതികളിലേക്കു് ഗവേഷകരെ കൈപിടിച്ചടുപ്പിച്ച ആ ദേഹത്തിന്റെ ആ മഹനീയപ്രവൃത്തിക്കു ഉദാഹരണങ്ങളാണു് മേൽപറഞ്ഞവയെല്ലാം. റഷ്യയിലെ സുപ്രസിദ്ധ സംഹിതികാരന്മാരായ പുഷ്കിൻ, ഗോർക്കി തുടങ്ങിയവർക്കു ഇന്ത്യൻസംഹിതിയത്തിൽ ലഭിച്ച സ്ഥാനീയതയും അദ്ദേഹം മനസ്സിലാക്കിയിരുന്നു. "ഗോർക്കിയും ഇന്ത്യൻസംഹിതിയും", "പുഷ്കിനെക്കുറിച്ചു് ഇന്ത്യയിലെ സംഹിതിവിമർശകന്മാർ" ആദിയായ ലേഖനങ്ങളും അദ്ദേഹം അപ്പപ്പോഴായി പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

ഏ. പി. ബാരനിക്കോവിന്റെ വിവിധഗ്രന്ഥങ്ങളിലുള്ള പ്രവർത്തനങ്ങളും ഇന്ത്യൻസംസ്കാരത്തെ കണ്ടറിയുവാൻ റഷ്യക്കാരെ സഹായകമായി. അതിനുംപുറമെ രണ്ടുരാജ്യങ്ങളിലേയും സാംസ്കാരികബന്ധങ്ങളേയും ജനങ്ങളേയും അവ കൂടുതൽ അടുപ്പിച്ചു. അന്യോന്യം അറിയുന്നതിൽനിന്നുണ്ടാകുന്ന ആ സൗഹൃദത്തിന്റെ കണ്ണികളും കൂടുതൽ അടുത്തുവെന്നു പറയാം. സംഹിതിസൃഷ്ടികളിലൂടെ ഇന്ത്യയെ റഷ്യയ്ക്കു കാണിച്ചുകൊടുത്താൽമാത്രംപോരാ എന്നദ്ദേഹത്തിനു ബോധ്യമുണ്ടായിരുന്നു. റഷ്യൻജനതയേയും അവരുടെ സംഹിതിപ്രവർത്തനങ്ങളേയുംകുറിച്ചു് ഇന്ത്യക്കാരും അറിയേണ്ടതാണല്ലൊ. പ്രത്യേകിച്ചു് ഭാഷാപരമായി നമുക്കു നാടിനെക്കുറിച്ചുറിയുവാൻ സമ്പാദിക്കുവാൻ അവർ നടത്തുന്ന അശ്രാന്തപരിശ്രമങ്ങളെക്കുറിച്ചു് തുടർച്ചയായിഇന്ത്യൻ പത്രങ്ങളിൽ അദ്ദേഹം എഴുതിയിരുന്നു.

ബാരനിക്കോവിന്റെ പ്രവർത്തനങ്ങളും എഴുത്തിലും വായനയിലും മാത്രമായി ഒതുങ്ങിക്കൂടിയിരുന്നില്ല. പൊതുജീവിതത്തിലും രഷ്ട്രീയകാര്യങ്ങളിലും സജീവമായി പങ്കെടുത്തിരുന്നു അദ്ദേഹം. ലെനിൻഗ്രാഡ് സിറിസോവിയറിലെ ഒരു മെമ്പറായിരുന്നു ബാരനിക്കോവു്. 1939-ൽ സോവിയറ്റ് യൂണിയനിലെ സയൻസ് അക്കാഡമിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരിൽ അദ്ദേഹവും ഉൾപ്പെട്ടിരുന്നു. സയൻസ് അക്കാഡമിയും പൗരസ്ത്യഭാഷാസ്ഥാപനത്തിൽ ഒരുന്നതസ്ഥാനം പ്രാപ്തിയോടെ കൊണ്ടുനടത്തിയിട്ടുമുണ്ടു്. അദ്ദേഹം ലെനിൻഗ്രാഡ് യൂണിവേഴ്സിറ്റിയിലെ ഭാരതീയഭാഷാശാസ്ത്രത്തിന്റെ അദ്ധ്യക്ഷനായിരുന്നു.

ആ ഭാഷാശാസ്ത്രപണ്ഡിതന്റെ പ്രവർത്തനങ്ങൾക്കു അതർഹിക്കുന്ന ബഹുമതികളും നൽകി ആദരിച്ചു സോവിയറ്റ് ഗവർമ്മെൻറ്. 1945-ൽ "മാർഡർ ഓഫ് ലെനിൻ" എന്ന ബഹുമതി അദ്ദേഹത്തിനുലഭിച്ചു. അതിനടുത്തവർഷത്തിൽ "വാലർഡെ ലേബർ" എന്ന കീർത്തിമുദ്രയും അദ്ദേഹത്തിനു നൽകി.

വിശ്രമമെന്തെന്നറിഞ്ഞിട്ടില്ലാത്ത ആ സമരാദ്ധ്യായിവിടവാങ്ങിയതു 1952 സെപ്തംബർ 4-നു്. നിത്യവിശ്രമത്തിലേക്കു്. പക്ഷേ, ആ പേർ അതൊരിക്കലും മായാതെ ജനങ്ങളുടെ സ്മരണമണ്ഡലത്തിൽ തെളിഞ്ഞുകണപ്പെടുന്നു എന്നുള്ളതു് ഒരു വൈരം പരമാർത്ഥം മാത്രമാണു്. ആ കാല്പാടുകളെ പിന്തുടർന്നു് അദ്ദേഹത്തിന്റെ മഹനീയപാരമ്പര്യത്തെ നിലനിർത്താൻ ബദ്ധശ്രദ്ധരാണു് റഷ്യയിലെ പൗരസ്ത്യഭാഷാവിദ്യാർത്ഥികളും,

★

ആഴ്ചപ്പതിപ്പ്

ണത്തിനു് ക്ഷണിക്കണം; ഭക്ഷണത്തിൽ വിഷം ചേർത്തു് അവനെ കൊല്ലണം''എന്നു്!

മഹാരാജ്ഞി, തൻ ഇക്കാര്യത്തിൽ നിതരാം നിഷ്കളങ്കയാണെന്നു വാദിനോക്കി, കേണു് കാൽപിടിച്ചു കഞ്ഞുനോക്കി; പക്ഷെ, എല്ലാം വിലപ്രതന്നെ! രാജാവു് തന്റെ നിശ്ചയത്തിൽനിന്നു അണുപോലും വ്യതിചലിച്ചില്ല. ഏങ്ങലടിച്ചും അത്യുച്ചത്തിൽ ദേഹത്തിന്റെ ഹൃദയത്തെ കൊപ്പിച്ചുകരുളമാക്കിയിരുന്നു.

ഭർത്തൃശാസനം ഒട്ടുക്കും, ശിരസാവഹിച്ചു്, ആ സാദ്ധ്വീമണി, തന്നിഷ്ടങ്കഹൃദയനായ ഹർദോലിനു വിഷംകലർന്ന ഭക്ഷണം കൊടുക്കുകയുംചെയ്തു! ആ യുവരാജകുമാരൻ അതും, ഒരു രക്തസാക്ഷിയുടെ മനസ്സാണം കൈവരിച്ചു, സുസ്മേരവദനനായിട്ടു്! ഇതത്രെ, ആ നാടോടിഗാനത്തിന്റെ നിദാനമായ കടംകഥ.

ഇനി ആ ഗാനതല്പജത്തിന്റെ നിഹൃദയരന്ധ്രമായ ചില ഭാഗങ്ങളുടെ ഗദ്യത്തിലുള്ള പരിവർത്തനമാണു് ചുവടെ ചേർക്കുന്നതു്. പദ്യത്തിൽനിന്നു അവ വിവർത്തനംചെയ്യുവാനുള്ള ശ്രമിച്ചു, ധൈര്യമില്ലായ്മയുടെ അഭാവത്തിലേ—അല്ലാതെ മോഹമില്ലായ്മയുടെയല്ല — എന്നെ ഇങ്ങിനെ ചെയ്യാൻ പ്രേരിപ്പിച്ചതെന്നുകൂടി മാന്യവായനക്കാരെ ധരിപ്പിക്കുന്നതിൽ എനിക്കൊരനൗചിത്യമായ രസമുണ്ടെന്തായാലും.

* * *

"പ്രിയഭർത്താവിന്റെ കനിഞ്ഞുഹോദരൻ! എന്നും എന്റെ അക്ഷിതാരങ്ങൾക്കു മുമ്പിൽ, ഭവാൻ സദയം ശ്രമിക്കൂ! 'എയ്റാച്ചി'ൽ ജനിച്ചുണ്ടു് വിശ്വവിശ്രുതനാണു്. ലോകമെയാനംചെയ്യുവനാണു്! അങ്ങയുടെ ഭിവ്യവും പാവനവുമായ ദർശനം കൊണ്ടു്, എന്നെമാത്രമല്ല, ലോകത്തെമുഴുവൻതന്നെ, അങ്ങോനു് കനിഞ്ഞനുഗ്രഹിക്കൂ! കൊച്ചമ്മാർ അവരുടെ അമ്മമാരെ സ്നേഹിക്കുമ്പോലെ അങ്ങെന്നെ സ്നേഹിച്ചു! യാതൊരു ദോഷാബന്ധവും നമ്മെ പങ്കിലമായിട്ടില്ല! സൗമ്യമായിക്രമയ യാതൊരു ചട്ടങ്ങളും, ചട്ടങ്ങളും, നിയമങ്ങളും നിബന്ധനകളും, നമ്മെ ഭേദിച്ചിട്ടില്ല! ഇതേവരെ, അങ്ങെന്നേയും ഏതുതരത്തിൽ പെരുമാറിയോ, അപ്രകാരംപോലെതന്നെ, അതേരീതിയിൽതന്നെ, ഭാവിയിലും അങ്ങെന്നേയും പെരുമാറേണമെ!!

* * *

പ്രിയെ! എന്റെ ഉപദേശം നിനസാ വഹിച്ചു് സ്വതസിദ്ധമായ മാദ്ധ്യത്തോടെ ഭക്ഷണം പാകംചെയ്യൂ! നിന്റെ കണവന്റെ കനിഞ്ഞുഹോദരൻ എന്റെ ആജന്മവൈരിയത്രെ! അതിനാലവനെ വിശ്വാസം കൈത്തങ്ങു് ഹനിക്കൂ! ഒട്ടുംതാമസിക്കണ്ടാ.

* * *

"പ്രാണനാഥാ! കനിവാൻ, ഞാൻ പറയുന്നതിനെ, സശ്രദ്ധം ശ്രവിച്ചു് അങ്ങെന്തിനിങ്ങിനെ, അടിസ്ഥാനരഹിതമായ ഒരു വാർത്തയെ അവിശ്വസിച്ചു്, എന്നെ തെറ്റിദ്ധരിക്കുന്നു

ആരാണിങ്ങിനെ ഭവാനെ, എന്റെ ഈശ്വരാ! വഴിതെറ്റിച്ചിരിക്കുന്നതു്! അങ്ങയുടെ പതനമാരംഭിച്ചു കഴിഞ്ഞു. ഇനി അധികം താമസിയാതെ അതു പൂർത്തിയാകും. ഇതിനു പരിഹാരം ചെയ്യുവാൻ ഞാൻ മാത്രമേയുള്ളൂ. ഞാൻ ഇതിനു പരിഹാരം ചെയ്യുന്നതുവരെ അങ്ങു ജീവിച്ചിരിക്കണം. അതിനുവേണ്ടി ഞാൻ ഈശ്വരനോടു പ്രാർത്ഥിക്കുന്നു. അങ്ങു ജീവിച്ചിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങു ജീവിച്ചിരിക്കുമെന്നു ഞാൻ ഉറപ്പിച്ചു പറയുന്നു. അങ്ങു ജീവിച്ചിരിക്കുമെന്നു ഞാൻ ശപഥം ചെയ്യുന്നു. അങ്ങു ജീവിച്ചിരിക്കുമെന്നു ഞാൻ സത്യം ചെയ്യുന്നു. അങ്ങു ജീവിച്ചിരിക്കുമെന്നു ഞാൻ ആണയിടുന്നു. അങ്ങു ജീവിച്ചിരിക്കുമെന്നു ഞാൻ പ്രതിജ്ഞ ചെയ്യുന്നു. അങ്ങു ജീവിച്ചിരിക്കുമെന്നു ഞാൻ വാഗ്ദാനം ചെയ്യുന്നു. അങ്ങു ജീവിച്ചിരിക്കുമെന്നു ഞാൻ ഉറപ്പു നൽകുന്നു. അങ്ങു ജീവിച്ചിരിക്കുമെന്നു ഞാൻ ഉറപ്പിച്ചു പറയ

പഞ്ചവത്സരപദ്ധതിയും വിദ്യാഭ്യാസവും

★

നാഗവള്ളിൽ ആർ. ജി. കുറുപ്പ്, ബി. എസ്സ്സി, ബി. എൽ.

(Part 1)

ഭാരതം സ്വതന്ത്രമായ മതേതര രാഷ്ട്രമായി പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞിട്ട് വർഷങ്ങളും മൂന്നുകഴിഞ്ഞു. ഇതിനകം നെഹ്രുഗവണ്മെന്റ്, രാഷ്ട്രത്തിന്റെ സമുഹ്യസംഘത്തികനിലയുയർത്തുന്നതിന് ഒരു പഞ്ചവത്സരപദ്ധതിയും ആസൂത്രണംചെയ്തു കഴിഞ്ഞിരിക്കുന്നു. ഈ പഞ്ചവത്സരപദ്ധതിയുടെ വിജയത്തെ ആശ്രയിച്ചാണ് നിലവിലിരിക്കുന്ന ഭരണകൂടത്തിന്റെ അസ്തിവാരംപോലും നിലനിൽക്കുന്നത്. ഈ പഞ്ചവത്സരപദ്ധതി, ഭാരതീയജനങ്ങളെ സാമ്പത്തികമായി ഉയർത്തുവാനും അവരുടെ സാമൂഹ്യജീവിതം സുഖകരമായിത്തീർക്കുന്നതിനും ലക്ഷ്യംപൂർത്തിക്കുവാനാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

ഭരണത്തിൽ ജനങ്ങളുടെ സാമ്പത്തികമായ അവശതകൾ ഒരുഭാഗത്തും, അവരുടെ അജ്ഞത മറുഭാഗത്തും. നമ്മുടെ നാട്ടിലുള്ള ഈ അജ്ഞത നീങ്ങാതെ ഇവിടെ നിലവിലിരിക്കുന്ന പ്രജായത്തഭരണസമ്പ്രദായം (Democracy) വിജയിക്കുവാൻപോകുന്നില്ല എന്നുള്ളതും അവിതർക്കിതമായ ഒരു വസ്തുതയാണ്. പഞ്ചവത്സരപദ്ധതിക്കു ആകെ നീക്കിവച്ചിട്ടുള്ള 2069 കോടിരൂപയിൽ വിദ്യാഭ്യാസത്തിനു വളരെ കുറച്ചുമാത്രമേ നീക്കിവച്ചിട്ടുള്ളു എന്നതും ഖേദജനകമാകുന്നു. ഇതിനു പലേ കാരണങ്ങളും പദ്ധതിയിൽ പറഞ്ഞുകാണുന്നു. പ്രായപൂർത്തിവോട്ടവകാശം നൽകിയതിനുശേഷവും നമ്മുടെ ജനങ്ങളും അജ്ഞതയിൽ കഴിയേണ്ടിയിരിക്കുന്നു എന്നതും നമുക്കു അഭിമാനകരമല്ല. പ്രായപൂർത്തിവോട്ടവകാശം കൊണ്ടു രാഷ്ട്രത്തിനു എന്തെങ്കിലും ഗുണം ലഭിക്കണമെന്നുണ്ടെങ്കിൽ ഇവിടത്തെ ജനലക്ഷങ്ങൾക്കു വിദ്യാഭ്യാസം ലഭിക്കേണ്ടതാണ്.

ഇതുപോലെ പ്രാരംഭമായി പറഞ്ഞതിനുശേഷം പഞ്ചവത്സരപദ്ധതിയിൽ ആസൂത്രണംചെയ്തിരിക്കുന്ന വിദ്യാഭ്യാസപരിപാടികളിലേക്ക് ഒന്നു കണ്ണോടിക്കാം. പ്രജായത്തഭരണത്തിന്റെ വിജയം, സാധാരണക്കാരെൽ ബുദ്ധിപൂർവ്വം രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുന്നതിലാണ് സ്ഥിതിചെയ്യുന്നതെന്നും, വിദ്യാഭ്യാസം മനുഷ്യന്റെ കർത്തവ്യങ്ങൾക്ക് അവരുടെ അവകാശങ്ങളെക്കാളും ഊന്നിക്കാണിക്കുന്നതായിരിക്കണമെന്നും പഞ്ചവത്സരപദ്ധതിയിൽ രേഖപ്പെടുത്തിക്കാണുന്നു. ഇന്നു നിലവിലിരിക്കുന്ന വിദ്യാഭ്യാസസംവിധാനങ്ങളും അപര്യാപ്തമാണെന്നും അഭിപ്രായപ്പെട്ടുകാണുന്നു. പ്ലാനിംഗ്കമ്മീഷന്റെ കണക്കിൻപ്രകാരം ഇന്നു 6-11 എന്നീ വയസ്സു ഗ്രൂപ്പുകളിൽപ്പെടുന്ന കുട്ടികളിൽ 40 ശതമാനത്തിനും 11-17 എന്നീ വയസ്സുകാർക്ക് 10 ശതമാനവും 17-23 എന്നീ വയസ്സു ഗ്രൂപ്പുകാരിൽ 0.9 ശതമാനം കുട്ടികൾക്കുമാത്രമേ വിദ്യാഭ്യാസം ലഭിക്കുന്നുള്ളു. ഇതു മതിയാകുന്നില്ല എന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഭരണഘടന നടപ്പിൽവന്നു പത്തു കൊല്ലത്തിനകം പതിനാലുവയസ്സുവരെയുള്ള കുട്ടികൾക്ക് സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസം നൽകണമെന്ന് ഭരണഘടന അനുശാസിക്കുന്നു. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ നിലവിലിരിക്കുന്ന ന്യൂനതകളെ പ്ലാനിംഗ്കമ്മീഷൻ വിസ്മരിക്കുന്നില്ല. തൊഴിലധിഷ്ഠിതപരിശീലിപ്പിക്കുന്ന വിദ്യാലയങ്ങളുടെ (Technical and Vocational) അഭാവം കമ്മീഷൻ മനസ്സിലാക്കുന്നുണ്ട്. ഗ്രാമീണർക്ക് വിദ്യാഭ്യാസസൗകര്യംലഭിക്കുന്നില്ല എന്നുള്ള സംഗതിയും പ്രാധാന്യമർഹിക്കുന്നു. ബേസിക്ക് വിദ്യാഭ്യാസരീതി നടപ്പിലാക്കുവാനുള്ള സംരംഭങ്ങളെ കമ്മീഷൻ പ്രീക്ഷിക്കുന്നുണ്ട്. ഇപ്രകാരമൊക്കെയാണെങ്കിലും വിദ്യാഭ്യാസം പഴയരീതിയിൽതന്നെ തുടരുന്നു.

വിദ്യാഭ്യാസസമ്പ്രദായങ്ങൾ വിപുലീകരിക്കുന്നതിന് ഏറ്റവും ആവശ്യം അതിനാവശ്യമുള്ള ധനമാകുന്നു. 6 മുതൽ 14 വരെയുള്ള കുട്ടികളെ വിദ്യാഭ്യാസം ചെയ്യിപ്പിക്കണമെന്നുണ്ടെങ്കിൽ 400 കോടി ഉറുപ്പികയുടെ ചിലവുവരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. 200 കോടി രൂപ വേണ്ടിവരും, സ്കൂൾ ടീച്ചർമാർക്ക് ആവശ്യമുള്ള പരിശീലനം നൽകുവാൻ. സ്കൂൾകെട്ടിടങ്ങൾ പണിയിക്കുവാൻ 272 കോടി ഉറുപ്പിക വേണ്ടിവരും. വിദ്യാഭ്യാസത്തിന് 1949-50 എന്നീ വർഷത്തിലെ മൊത്തം ചിലവു 100 കോടി മാത്രമേയുള്ള പഞ്ചവത്സരപദ്ധതിയിൽ 157 കോടി ഉറുപ്പികമാത്രമേ വിദ്യാഭ്യാസവികസനത്തിന് ഉൾപ്പെടുത്തിയിട്ടുള്ളു. ഈ തുക അപര്യാപ്തമാണെന്നു കമ്മീഷനു ബോധ്യമുണ്ട്. ജനങ്ങൾതന്നെ വിദ്യാഭ്യാസവികസനത്തിന് മുൻകൈ എടുത്തു പ്രവർത്തിക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. ജനങ്ങൾ വിദ്യാഭ്യാസത്തിന് ആവശ്യമുള്ള കെട്ടിടങ്ങൾ, ഉപകരണങ്ങൾ, മുതലായവ നൽകുവാനുള്ള സന്നദ്ധത പ്രകടമാക്കിയിട്ടുണ്ട്.

വേണ്ടത്ര ധനം വിദ്യാഭ്യാസവികസനത്തിനില്ല എന്നുള്ള പരമാർത്ഥത്തിന്റെ വെളിച്ചത്തിൽ വിദ്യാഭ്യാസരംഗത്തിൽ ചില ഭാഗങ്ങൾക്ക് മുൻഗണനനൽകേണ്ടതുണ്ട് എന്നുള്ള അനുമാനത്തിൽ കമ്മീഷൻ എത്തിച്ചേരുന്നു. ഗവേഷണസൗകര്യങ്ങൾ നൽകുക, അദ്ധ്യാപകന്മാർക്ക് വേണ്ട പരിശീലനം നൽകുക, കുട്ടികൾക്കും ടീച്ചറന്മാർക്കും ഉപയോഗമുള്ള പുസ്തകങ്ങൾ നിർമ്മിക്കുക, തുടങ്ങിയ കാര്യങ്ങൾക്കാണ് മുൻഗണന നൽകപ്പെട്ടിരിക്കുന്നത്. യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തെസംബന്ധിച്ചിടത്തോളം ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുവാനും ഗവേഷണസൗകര്യങ്ങൾ ഏർപ്പെടുത്തുകയുമാണ് ആവശ്യമെന്നു കമ്മീഷന്റെ റിപ്പോർട്ടുകളിൽ കാണുന്നു.

പഞ്ചവത്സരപദ്ധതിമൂലം തഴെ വിവരംപറയുന്ന കണക്കുകൾപ്രകാരമെങ്കിലും വിദ്യാഭ്യാസംവികസിക്കുമെന്നു ഉദ്ദേശിക്കപ്പെടുന്നു.

(1) 6 മുതൽ 11 വരെ വയസ്സുള്ള കുട്ടികളിൽ 60 ശതമാനത്തിനെങ്കിലും വിദ്യാഭ്യാസസൗകര്യം നൽകുക. ഈ സൗകര്യം 6-14 വയസ്സുള്ള കുട്ടികൾക്കും നൽകുവാൻ ശ്രമിക്കേണ്ടതാകുന്നു.

(2) സെക്കണ്ടറിവിദ്യാഭ്യാസം ഭാരതത്തിലെ ആകെയുള്ള കുട്ടികളിൽ 10 ശതമാനത്തിനെങ്കിലും നൽകണം. സ്ത്രീകളുടെ വിദ്യാഭ്യാസം 10 ശതമാനം വർദ്ധിക്കണം.

(3) പുരുഷന്മാർക്ക് 20 ശതമാനം, സ്ത്രീകൾക്ക് 10 ശതമാനം എന്നീ ക്രമത്തിൽ, സാമൂഹ്യവിദ്യാഭ്യാസം (Social Education) നൽകണം.

വിദ്യാഭ്യാസം നൽകുന്ന ഏജൻസികൾ

കേന്ദ്രസർക്കാർ, പ്രാദേശികഗവൺമെന്റുകൾ, (State Governments) സ്വയംഭരണസ്ഥാപനങ്ങൾ, സ്വകാര്യവ്യക്തികൾ (Private-Agencies) ഇവരാണ് വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്നവർ. ഭരണഘടനമൂലം, വിദ്യാഭ്യാസം സ്റ്റേറ്റ് സർക്കാരിന്റെ വകുപ്പു ആണ്. ഈ വിവിധ സ്റ്റേറ്റ് സർക്കാരുകളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം മാത്രമേ കേന്ദ്രഗവർൺമെന്റിനുള്ളൂ. ഇന്നത്തെ പരിതഃസ്ഥിതിയിൽ കേന്ദ്രസർക്കാർ സ്റ്റേറ്റിന്റെ വിദ്യാഭ്യാസപദ്ധതികളെ സഹായിക്കുകമാത്രമേ നിവൃത്തിയുള്ളൂ. കേന്ദ്രസർക്കാർ, റിസർച്ച്, ടീച്ചേഴ്സിനു പരിശീലനം നൽകുക, ഗ്രന്ഥനിർമ്മാണം തുടങ്ങിയ പദ്ധതികളെ സഹായിക്കുവാൻ മാത്രമേ സാധുകരിക്കുകയുള്ളൂ. പ്രാഥമികവിദ്യാഭ്യാസം, സെക്കണ്ടറിവിദ്യാഭ്യാസം, സാമൂഹ്യവിദ്യാഭ്യാസം ഇവയെ നിയന്ത്രിക്കുവാനും നയിക്കുവാനും ഒരു വിദ്യാഭ്യാസകമ്മീഷന്റെയുടെ ആവശ്യം കേന്ദ്രത്തിലുണ്ടെന്നു കമ്മീഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

പ്രൈമറിവിദ്യാഭ്യാസം

ഈ അടുത്തകാലത്തു് ബേസിക്ക് വിദ്യാഭ്യാസരീതിയാണ് 6-മുതൽ 14-വരെ വയസ്സുള്ള കുട്ടികൾക്കു ആവശ്യമെന്നു സർവ്വസമ്മതമായി സ്വീകരിക്കപ്പെട്ടിരിക്കുന്നു എന്നു കമ്മീഷൻ അഭിപ്രായപ്പെടുന്നു. ഇങ്ങനെ സാർവ്വത്രികമായി ബേസിക്കുവിദ്യാഭ്യാസരീതി നടപ്പിലാക്കണമെങ്കിൽ അതിനു ആവശ്യമുള്ള ടീച്ചേഴ്സ് വേണ്ടിയിരിക്കുന്നു. ഇവർക്ക് വേണ്ടത്ര പരിശീലനം നൽകേണ്ടിയിരിക്കുന്നു. പരിശീലനം നൽകുന്നതിനു ഓരോ സ്റ്റേറ്റിലും മാതൃകാ ബേസിക്ക് സ്ഥാപനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇങ്ങനെ ഓരോ മാതൃകാസ്ഥാപനങ്ങളിലും, ഓരോ ബേസിക്കുസ്കൂളും, ടീച്ചേഴ്സ് ട്രെയിനിംഗ്സ്കൂളുകളും കോളേജുകളും ഉണ്ടായിരിക്കേണ്ടതാകുന്നു. നഗരങ്ങളിലും ബേസിക്ക് സ്കൂളുകൾ സ്ഥാപിക്കേണ്ടതാകുന്നു. ഇപ്രകാരമൊരു പദ്ധതിയാണ് കേന്ദ്രസർക്കാർ ആസൂത്രണംചെയ്തിരിക്കുന്നത്.

അദ്ധ്യാപകന്മാർക്ക് പരിശീലനം നൽകുക ഏറ്റവും വിഷമമേറിയ പ്രശ്നമാണ്. ഇതിലേയ്ക്കു കേന്ദ്രസർക്കാരും, പ്രാദേശികസർക്കാരുകളും, മറ്റെല്ലാം സ്ഥാപനങ്ങളും ഒത്തു പ്രവർത്തിക്കേണ്ടതാകുന്നു. പ്രൈമറി വിദ്യാലയങ്ങളിൽനിന്നുമുള്ള വരുമാനം കുറവായതിനാൽ പുതിയ വിദ്യാലയങ്ങളും നിർമ്മിക്കുവാൻ പ്രോത്സാഹനം നൽകാതെ നിലവിലിരിക്കുന്ന വിദ്യാലയങ്ങളുടെ നന്നാക്കുന്നതും ബേസിക്കു് വിദ്യാലയങ്ങളായി രൂപാന്തരപ്പെടുത്തുവാനും ശ്രമിക്കേണ്ടതാണ്. വിവിധ തൊഴിലുകൾ പരിശീലിപ്പിക്കുവാൻവേണ്ടി അദ്ധ്യാപകന്മാർക്കു പരിശീലനം നൽകേണ്ടതാകുന്നു.

★

രാജാകേശവദാസൻ


★

ഈ. വി.

തിരുവിതാംകൂർ രാജ്യഭരണചരിത്രത്തിൽ അവിസ്മരണീയനായ വലിയദിവാൻജി അവർകളുടെ അവസാനത്തെ ജീവിതരംഗത്തിന്റെ അവസാന ഭാഗം.

വില ണ. 12.

മാനേജർ,
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.






മുകളിലത്തെ വരി—ഇടത്തുനിന്നു വലത്തോട്ട്:—

എവറസ്റ്റ് വിജയികൾക്കു ശ്രീ. നെഹ്റു സ്വഭവനത്തിൽവച്ചു നൽകിയ സ്വീകരണം. ടെൻസിംഗും ആരോഹണസംഘത്തിലെ മറ്റു അംഗങ്ങളുമായി ശ്രീ. നെഹ്റു.


ആഗ്രയിൽവച്ചു നടന്ന അഖിലേൻഡ്യാ കംൺഗ്രസ്സ് കമ്മിറ്റി (എ. ഐ. സി. സി.) യോഗം സംബന്ധിച്ചുള്ള പതാക ഉയർത്തൽകർമ്മത്തിൽ ശ്രീ. നെഹ്റു പ്രസംഗിക്കുന്നു.

പഞ്ച് ചുളി വിജയത്തിൽ ശ്രീ. നിക്കോറിനെ അനുമോദിച്ചുകൊണ്ട് സെൻട്രൽ വാട്ടർ ആൻഡ് പവ്വർ കമ്മിഷൻ സ്റ്റാഫ് നടത്തിയ സ്വീകരണം. ഹിമാലയൻ സൊസൈറ്റി വൈസ് പ്രസിഡൻറ് ശ്രീ. കെ. ഡി. മാളവ്യ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീ. നിക്കോർ ഒരു മായാജീപ്രദർശനം നടത്തി.










താഴത്തെ വരി—ഇടത്തുനിന്ന് വലത്തോട്ട്:—

ഇൻഡ്യയിലെ പുതിയ സോവ്യറ്റ് അംബാസ്സഡർ മി. അലക്സാണ്ട്റോവിച്ച് ബെനഡിക്റ്റോവ് പാലംവിമാനത്താവളത്തിൽ ആഗതനായപ്പോൾ ചീഫ് അഫ് പ്രോട്ടക്കോൾ ശ്രീ. മണി അദ്ദേഹത്തെയും പത്നിയെയും സ്വീകരിക്കുന്നു.

ജന: നജീബ് ആദ്യവരി ഇടതുനിന്ന 3} ഫറൂക്കിന്റെ കൊട്ടാരത്തിനു മുമ്പിലുള്ള വെളിസ്ഥലത്തു പൊതുപ്രാർത്ഥനയിൽ പങ്കുകൊള്ളുന്നു.

ആഗ്രാ എം. ഐ. സി. സി. യോഗം. പതാകാഭിവന്ദനസമയത്തെ ദേശീയഗാനം.





ഹൃദയത്തിലൊരു ഗാനം

— വി. എൻ. പുതുപ്പണം —

വ്യ)ന്റെ ഹൃദയത്തിലിപ്പോഴും ആ ഗാനം തങ്ങിനിൽക്കുന്നുണ്ട്. അന്നു കരളിൽപൂകുങ്കുമംയിരുന്ന വെങ്കിൽ ഇന്നു വേദനയുടെ നഗ്നമുക ളുയർത്തി അലയിളക്കിക്കൊണ്ടു് ആ ഗാനശകലം എന്റെ ചിന്തകളിൽ പ്രതീക്ഷകളും തുന്നിപ്പിടിപ്പിച്ചു. മധു രിക്കുന്ന ആ ഈരടികളിൽ കിനാവു കളും തളിർത്തുനിന്നിരുന്നു. പക്ഷെ...! ഇന്നു കണ്ണീർ പുരണ്ട ഓർമ്മകളും കിള ർത്തിക്കൊണ്ടുവരുവാൻ ഹൃദയത്തിൽ വെള്ളി മുള്ളുകളും കുത്തിയിറക്കുകയാണു്. ആ വേദനയുടെ ലോകത്തിൽനിന്നും ഞാൻ വിമുക്തനായിവരികയായിരുന്നു. അപ്പോഴാണതു സംഭവിച്ചതു്. ഇനി ഒരിക്കലുമവളെ കണ്ടുമുട്ടരുതെന്നു ഞാനാശിച്ചിരുന്നു. പക്ഷെ ഇന്നലെ അതു സംഭവിച്ചു. ഞാനവളെ കണ്ടു മുട്ടി.

സംഭവങ്ങളുടെ ചൂടാറുന്നതിനു മുമ്പു ഞാനതു കടലാസ്സിലേയ്ക്കു പക ർത്തട്ടെ. വേദനപുരണ്ട സ്മരണകളും ചിന്താശകലങ്ങളെ മരവിപ്പിക്കുന്നു ണ്ടു്. കരളിൽ കണ്ണീർ നിറഞ്ഞുനില്ക്കുന്ന തോന്നൽ. എന്നാലും...!! ഒരു, ഞാനെന്തിനവളെ കണ്ടുമുട്ടി. കരയാനും കരയിപ്പിക്കാനുമായിരുന്നുവെന്നോ? എന്റെ മനഃശാന്തിക്കു തീ കൊളുത്തുവാൻ ഞാനെന്തിനു നാട്ടിലേയ്ക്കു പുറപ്പെട്ടു. അതെദിവസം, അതെ സമയം, അതെ വണ്ടിക്കു്...!!

ഞാൻ കമലയെ സ്നേഹിച്ചിരുന്നു. അതിലുപരിയായി അവളെന്നെയും. അതെനിക്കറിയാം. എന്റെ ഹൃദയത്തിലേക്കവൾ അധികാരപൂർവ്വംകടന്നു വന്നതായിരുന്നു. ഞാനവളെക്കാറാം പറയുകയല്ല. എല്ലാംകഴിഞ്ഞ ഈ കാലഘട്ടത്തിൽ ആർ ആരെ കാറാം പറയണം. ഇന്നലെ രാത്രികൊണ്ടു സാധിച്ചതു രണ്ടെണ്ണമാണു്. എന്റെ മനഃശാന്തിയോടൊപ്പം അവളുടേതും തകർന്നിരിക്കുകയാണു്. കാറാമ്പോലും അവളുടെ മനഃസാക്ഷിയെ ഞെരുക്കുന്നുണ്ടാകും.

ഇപ്പോഴും അവൾ ഉറങ്ങിക്കാണുകയില്ല. ഉറക്കംവരാത്ത രാവുകളോടു യാത്രപറയാൻ അവൾക്കു ഏളുപ്പം സാധിക്കുകയില്ല. ഞാനിതെഴുതുമ്പോ ളും എനിക്കൊരാശ്വാസം തോന്നുന്നുണ്ടു്. അവൾ ഭർത്താവിന്റെ പരിരംഭണത്തിൽക്കിടന്നു വിങ്ങിപ്പൊട്ടുക യായിരിക്കും. കൺപോളകളും അടക്കാൻപോലുമവൾക്കു കഴിയുകയില്ല. തേങ്ങിത്തേങ്ങിക്കരയുന്ന ആ ഹൃദയത്തേക്കുറിച്ചോർക്കുമ്പോൾ ചിന്തകളിൽ വേദന കിനിയുന്നു.....മനഃസാക്ഷി അവളുടെ ആത്മാവിനെ കുത്തിനോവിക്കുകയായിരിക്കും. സമാധാനം വേഗമെന്നുമവൾക്കു തിരിച്ചുകിട്ടുകയില്ല. അത്രമാത്രമതു കലങ്ങിമറിഞ്ഞിട്ടുണ്ടു്. ഇന്നലെ ഞാനാമുഖത്തു കണ്ടതെന്തൊക്കെയായിരുന്നു? യാചന... അസംഖ്യമായ വേദന. ആ കണ്ണുകളാ മാപ്പുചോദിക്കുകയായിരുന്നു. പാവം! ...കമല. അവൾക്കു മനഃസമാധാനം തിരിച്ചുകിട്ടുമോ?

ഒരിക്കലും സംഭവിക്കരുതെന്നാശിച്ചതു എന്തിനോ സംഭവിക്കുകതന്നെ ചെയ്തു. ഇന്നലെ ഞാൻ നാട്ടിലേയ്ക്കു മടക്കട്ടുകയായിരുന്നു. ആറേഴുമാസം കഴിഞ്ഞുള്ള യാത്രയാണു്. നീണ്ട ഒരു കാലഘട്ടത്തിനുശേഷമൊന്നുമല്ല...എന്നാലും എനിക്കു കുറെ പരി പാടികളുണ്ടായിരുന്നു...രാത്രി മുഴുവൻ വണ്ടിയിലിരിക്കണം. പുലരുമ്പോ ഴേയ്ക്കും നാടെത്തും. കമലയുടെ ചിന്തകളും ഞാൻ ഹൃദയത്തിൽനിന്നും ദൂരീകരിച്ചുവരികയായിരുന്നു. സൂക്ഷിച്ചുനോക്കാൻ ഞാൻ ചുവട്ടകൾവെക്കുന്നതു്. സ്നേഹത്തിന്റെ നൂൽച്ചരടുമായി കെട്ടുപിണയാതിരിക്കാൻ ഞാൻ സൂക്ഷിച്ചു നടക്കുകയാണു്. പ്രേമത്തിന്റെ കൈക്കുമ്പിളിൽ നിരാശ പ്രതിഫലംവാങ്ങുവാൻ ഞാനിനിത്ത യ്യാറില്ലാത്തതുകൊണ്ടുമാത്രമാണു്.

വണ്ടിയിളകാറായി. പെട്ടിയും കി ടക്കയും ശരിപ്പെടുത്തി ഒരിടത്തു സ്ഥാ പിച്ചുകഴിഞ്ഞപ്പോഴേക്കും ഞാൻ വിയർത്തുകുളിച്ചു. തുടച്ചുമാറ്റിയ മുഖത്തു കൂടി വീണ്ടും വിയർപ്പുകണങ്ങൾ പൊടിഞ്ഞു. ഞാൻ ജനാലയിലൂടെ പുറത്തേക്കു നോക്കി. ഇരുട്ടിന്റെ കനം കുറഞ്ഞുതുടങ്ങിയിരുന്നു. ഇരുട്ടിന്റെ മറവിൽ ഒളിച്ചുനിന്നിരുന്ന വൃക്ഷങ്ങൾ പതുക്കെപ്പതുക്കെ പുറത്തേക്കു തലനീട്ടിത്തുടങ്ങി. ഇരുട്ടിന്റെ കരിമ്പടം പുതച്ചുറങ്ങിക്കിടന്നിരുന്ന ഭൂമി പതുക്കെ കണ്ണുതുറന്നുത

സ്സിലാക്കൻകഴിഞ്ഞു. അവൾ പറിക്കുകയാണ്. കമലയുടെ വീട്ടുകാര്യമായി ഞാൻ വേഗം പരിചയപ്പെട്ടു.

ഞാൻ വഴിയിലേക്കിറങ്ങുമ്പോൾ സാധാരണ മുന്നിലോപിന്നിലോ അവളുണ്ടാകും. പിന്നിലുണ്ടെങ്കിൽ ഞാൻ വേഗം സൈക്കിൾതള്ളിക്കൊണ്ടുപോകും. മുന്നിലുണ്ടെങ്കിൽ നിർത്തുകയുണ്ടായവരെ സാവകാശത്തിൽ അനുഗമിക്കുകയെവഴിയുള്ളൂ... മിക്കവാറും ഒരേ സമയത്താണ് രണ്ടുപേരും പുറപ്പെടുക... ഉം. അതൊക്കെ ഒരു നാന്ദിയായിരുന്നുവെന്ന് പിന്നീടാണ് എനിക്കു മനസ്സിലായതു്.

അന്നൊരുദിവസം [illegible] ഇവിടെ നിന്നെക്കാണാത്തവരാരുമില്ല.''

അവൾ ലജ്ജാകുണ്ഠിതയായി. എന്നിട്ടു തലതാഴ്ത്തിക്കൊണ്ടു വരാന്തയിലേക്കുവന്നു.

''ഓ.....ഒരു കുപ്പിച്ചായേ.....''

''ഞാൻ ഇപ്പോൾ കുടിച്ചേയുള്ളൂ.

''എന്നാലും.....''

''അതുമതിനിട്ടു തിക്കുത്തിട്ടില്ല.

''അതിനു വയറുപൊട്ടിപ്പോകയൊന്നുമില്ല.''

അവൾ എന്റെ മുഖത്തുനോക്കി. നാണംകുണുങ്ങിക്കൊണ്ടുകിടക്കുന്നു. ഒരു നോട്ടം. മാടക്കടയുടെ അടുത്തുള്ള ഒരു പുഞ്ചിരിവിടർന്നുവോ? ഞാനവളെനോക്കിയിരിക്കുകയായിരുന്നു. ആ കുളിർമ്മയുള്ള കണ്ണുകളിൽ ഒരുപുതുപ്രകാശമുണ്ട്.

''ഓ.....ഇതൊരുവല്ലാത്ത നാണക്കേടായല്ലൊ?'' അവൾ ചായയുമെടുത്തു അകത്തുകടക്കാൻ നോക്കുമ്പോൾ ഇളയമ്മ പറഞ്ഞു.

ഞാൻ ചിരിച്ചു. അവളും ചിരിച്ചു. കമലയും ചിരിക്കുന്നുണ്ടായിരുന്നു.

''ഇവിടുന്നു കുടിച്ചാൽ ഇറങ്ങുമൊ എന്നു ഞാനൊന്നുനോക്കട്ടെ...'' ഇളയമ്മ അവളെത്തടഞ്ഞുകൊണ്ടു പറഞ്ഞു. അവൾ അവരുടെ മറവിൽ നിന്നു ചായകുടിക്കാനൊടുങ്ങി. പെട്ടെന്നു കൂട്ടിയുണർന്നുകൊണ്ടവർ അകത്തേക്കുപോയി. അപ്പോൾ അവൾ അങ്ങിനെ നിൽക്കുകയായിരുന്നു. എന്തോ സംസാരിക്കാൻ അവൾ വെമ്പുന്നുണ്ട്.

''പുസ്തകംവേണമൊ''

''ഞാൻ ഉപദ്രവിക്കുകയായിരിക്കും.....''

''ഉപദ്രവമെന്താ ഇതിൽ.''

അവൾ മന്ദഹസിച്ചു. ആ നാണക്കുഴികൾ തെളിഞ്ഞപ്പോൾ ആ മുഖത്തിനൊരാകർഷണീയതകൂടി. കണ്ണുകളിലൊരു നീലപ്രകാശമുണ്ടായിരുന്നു. കുളിർമ്മയുള്ള ഒരുപ്രകാശം. പുതുനിറങ്ങൾ മാറിമാറി വിടരുന്ന ആ മുഖത്തുനോക്കിക്കൊണ്ടു ഞാൻ ചോദിച്ചു.

''ഏതുപുസ്തകമാണു വേണ്ടതു്...''

'ചെറുകഥകളുണ്ടൊ?

''ഉണ്ടു'.....ചെറുകഥകളുണ്ടിഷ്ടം ഇല്ലേ.....''

അവൾ മന്ദഹസിച്ചു.

ഞാൻ ഒരു കഥാസമാഹാരമെടുത്തു കൊടുത്തു. അപ്പോഴുമവശ്യമുള്ള മിഴികളിൽ ഞാനെന്തൊക്കെയോ കാണുകയായിരുന്നു. ആ ചുണ്ടുകൾ തുടുത്തിരുന്നു. സ്നേഹമോഹനമായ ആ മന്ദസ്മേരം എന്റെ ചിന്തകളിൽ അമൃതുപുരട്ടി. എന്റെ കൈകളിൽ രോമം എഴുന്നുനിന്നു. ഹൃദയത്തിൽ പൂക്കൾ വിടരുകയായിരുന്നു കവിത പാടുന്ന ആ കണ്ണുകളിൽ എന്തോ അപേക്ഷകൾ ഞാൻ വായിച്ചു.

അവളുടെ പ്രായപ്പെട്ടാനം അന്നാണെന്റെ ഹൃദയത്തിൽ ഏറ്റവും വലിയ കോളിളക്കം വിതച്ചതു്. നിലവടയുന്ന ആ നീലമിഴികളിലൂടെ ഞാൻ ഒർശിച്ച സപ്തസ്വരങ്ങൾ ഇന്നുമെന്റെ ഉൾക്കാമ്പിൽ മഴവില്ലു കൊരുപോലെ തെളിഞ്ഞുനിൽപ്പുണ്ടു്. ഞാൻ ആകാംക്ഷിയുമായി ഇസ്തിരിപിടിക്കുകയായിരുന്നു. കഥയും സാഹിത്യവും പരസ്പരം നടത്തുന്ന എന്റെ മസ്തിഷ്കത്തിൽ ബീജഗണിതത്തിന്റെ ജാലവിദ്യകൾ എത്രതന്നെ ശ്രമിച്ചിട്ടും കടക്കാതെ വിഷമിക്കുകയാണ്. പുസ്തകം മടക്കിവെച്ചു. ഒരു സിഗരറ്റുകൊളുത്തി, ക്ലാട്ടിലിട്ട ഒരു പുള്ളിപ്പുലിയെപ്പോലെ നടക്കുകയാണ്. പലതവണ ഞാനതു കേട്ടിട്ടുണ്ട്. അന്നത്തെന്റെ ഹൃദയത്തിന്റെനടിത്തട്ടുവരെആഞ്ഞിറങ്ങി. വല്ലാത്തൊരുസമ്മിശ്രവികാരമാണതു സൃഷ്ടിച്ചതു്. ആ ഹിന്ദിഗാനത്തിന്റെ സംരമിതാണ്.

''അല്ലയൊ സൈക്കിൾകാരാ, വികസ്വരമായയൌവനത്തോടെ, പ്രേമസുരഭിലമായ ഹൃദയത്തോടെ, ഇതാ ഞാൻ കാത്തിരിക്കുന്നു. നിന്റെ സൈക്കിൾ ബെൽ എന്നെ പുളകംകൊള്ളിക്കുന്നു. എന്റെ ഹൃദയത്തിൽ നീ പ്രേമംവിതച്ച ആ മലരുകളാ ഇതാവിടുന്നു — പരിമളം പൊഴിയുന്നു. പൂക്കൾ ഒരിക്കൽമാത്രമേ വിടരുകയുള്ളൂ. അവ വാടുന്നതിനുമുമ്പു പ്രേമപുഷ്പുലമായ എന്റെ ഹൃദയത്തിൽ നീ ഒരു പൂക്കൊട്ടിനായിവരൂ.....!!

രൂപ്പാടികളുടെ പ്രേമഗാനവും, പാതിരാപ്പൂക്കളുടെ പരിമളവും, എന്നെ മത്തുപിടിപ്പിക്കുന്നു. നിലാവും നിശാഗന്ധിയും വാടിവീഴുന്നതിനുമുമ്പു്, ഹൃദയവീണയുമായി ഞാൻ കാത്തിരിക്കുന്നു. എന്റെ കിനാവുകളെ ഒന്നു കിക്കിളിപ്പെടുത്തു. പകരം എന്റെ അധരങ്ങളിൽവിടരുന്ന മുല്ലമലരുകൾ ഞെരിത്തോളൂ...!!

പൂനിലാവു പുളകംപെയ്യുന്ന ഈ മനോഹരമായ നിശീഥിനിയും ഇതാ കഴിയാൻപോകുന്നു. എത്ര രാവുകളായി ഞാൻ കാത്തിരിക്കുന്നു. നിനക്കു ഹൃദയമില്ലേ...! ചെവിയില്ലേ...! വരില്ലേ...! ഇല്ലേ...?!!! ആ ചോദ്യം ഒരു നെടുവീർപ്പിൽ വിലയംപ്രാപിക്കുന്നു. ആ ഗാനം നിലച്ചപ്പോൾ എന്റെ ഹൃദയത്തിൽ തിരമാലകൾപൊയ്തു. അന്നു പകലത്തെസംഭവം... ആ ഗാനം അതിരുകടന്നാണ്. എന്തിനാണവൾ അതു പാടുന്നതു്...അതിലൊരുദ്ദേശമുണ്ട്. സൌരഭംവിങ്ങുന്ന പൂടയത്തോടെ ഞാൻ ചിന്തിച്ചു.

പെട്ടെന്നു വണ്ടിയുടെ ഒരു വലിയ ഹൾക്കാരംപൂവ്വുള്ള നിപ്പുണ്ടെന്റെ ഓർമ്മകളുടെ ഒഴുക്കിനെത്തടഞ്ഞു. ആയിരത്തിരക്കുള്ള ഒരു സ്റ്റേഷൻ. നൂറുകാർ ഇറങ്ങുകയും കയറുകയും ചെയ്യുന്നുണ്ടു്. തിരക്കൊഴിയുന്നില്ല. എനിക്കു വല്ലതെ ഓഹിക്കുന്നുണ്ടായിരുന്നു തൊണ്ട വരണ്ടുപോയി. ഉള്ളിൽ തീവേവുകയാണ്. ഞാൻ ചായക്കാരനെ വിളിച്ചു ഒരു സെക്കൻഡുകൊണ്ടു ഞാൻ പാത്രം തിരിച്ചുകൊടുത്തു.

''കമലേ ചായവേണ്ടേ...''

''വേണ്ട...''

''കുടിച്ചോളൂ...അടുത്ത സ്റ്റേഷനുകളിലൊന്നും കിട്ടുകയില്ല ...''

അവൾ മിണ്ടിയില്ല. ആ മുഖത്തു ഒരുതുള്ളി രക്തമുണ്ടായിരുന്നില്ല. അയാൾ ചായ വിളിച്ചു. അവൾ ഒരു കവിൾ കുടിച്ചുവൊ എന്നു സംശയമാണ്. അവൾ മുഴുവനും പുറത്തൊഴിച്ചുകളഞ്ഞു, അവൾ കലങ്ങിയ കണ്ണുകൾ തുടച്ചു. നീറിവിങ്ങുന്ന സുരണകളോടെ ഞാനാമുഖത്തുനിന്നും കണ്ണുകൾ പറിച്ചെടുത്തു. ആ നീലമിഴികൾ തുണ്ടിനിലുകയാണ്. ആ നോട്ടങ്ങൾ ഒരോന്നും മായ്ക്കയാണ്.

* * *

കണ്ണീർപുരണ്ട ഓർമ്മകളിലൂടെ വേദന കിനിയുന്ന എന്റെ ചിന്തകൾ ഒഴുകി.

ആയിടയിൽ ഞാൻ കുറെ ഏറെ എഴുതുകയുണ്ടായി. ആ കഥകൾ വായിച്ചു രാപ്പകൽ പൊട്ടിക്കരഞ്ഞതു കമലയായിരിക്കും. പൂടാവന്നതിനു മുമ്പു അവ മാരോന്നുമവൾ വായിച്ചുതീർക്കും. എന്നിട്ടു അഭിനന്ദനങ്ങൾ ചൊരിയും. അവളുടെ സംഗീതംപോലെ മധുരഹൃദ്യമായ ആ സ്വരം എന്നെ പുളകംകൊള്ളിച്ചിട്ടുണ്ട്. ചമൽക്കാരങ്ങൾ തുന്നിപ്പിടിപ്പിച്ചുകൊണ്ടു കമല പറയുന്നതു കേൾക്കാൻ എനിക്കൊരു പ്രത്യേകരസമാണ്. അവൾക്കിഷ്ടപ്പെട്ടുവെങ്കിൽ പ്രശംസകൊണ്ടെന്നെ മൂടും. ഇല്ലെങ്കിൽ ഭർത്സനങ്ങളായിരിക്കും. എന്തും വെട്ടിത്തുറന്നുപറയുന്ന ഒരു സ്വഭാവമാണ്. എന്നാലും ആ അഭിപ്രായങ്ങളും ഞാനിഷ്ടപ്പെട്ടു.

'റോസി' പ്രസിദ്ധീകരിച്ചപ്പോൾ ഒരു രസംവഹമായ വാദപ്രതിവാദം നടന്നു. വായിച്ചുകഴിഞ്ഞപ്പോൾ ഒരഭിപ്രായവുംകൊണ്ടവൾ അങ്ങിനെ നടക്കുകയായിരുന്നു. അതു പറയാൻ ഒരവസരം കിട്ടണം. ആയിടയിൽ ഒരവസരമുണ്ടായി. തിരുവാതിര. തിരുവാതിരനിലാവിലിരുന്നു ഞങ്ങൾ സംസാരിച്ചു. പ്രേമമോഹനമായ പ്രഥമ സന്ദർശനമായിരുന്നു അതു്.

''കമലേ...റോസി നന്നായൊ...'' നിലാവുതിരുന്ന ആ കണ്ണുകളിലേക്കു നോക്കിക്കൊണ്ടു ഞാൻ ചോദിച്ചു.

ഏകാന്ത ഗായകൻ

★

— കെ. വി. ദേവ് —

നാളെന്തിനേകനായെൻ കളിയോടമീ
നീലനിർമ്മലയിൽ മന്ദംതുഴഞ്ഞുപോയ്.
നോക്കില്ലതാനപ്പുഴക്കരേ മിന്നുന്ന
പൂക്കൾംചിരിക്കുന്ന വാടിയും മേടയും!...

* * *

എൻജീവനാളങ്ങളൊട്ടിയൊട്ടിപ്പിടി-
ച്ചുന്നംക്കെന്തോനെതിൽ സപ്തസ്വരം നിറയ്ക്കുവെ,
"ആമലർവല്ലികൾ പൊട്ടിച്ചിരിച്ചിടു-
ന്നായതിൻമദ്ധ്യയൊരോമനമുഖമുണ്ട്"ജവും!

മന്നിൻമനോജ്ഞതമം നാകീയസപ്തങ്ങളും
നിന്നുടെ കുയിൽക്കിളിച്ചുണ്ടിൽ!!.....

അത്തളിർച്ചുണ്ടിൽനിന്നാണെന്നോളമായ്
മാദ്ധ്യസംഗീതം പകർന്നതെൻ വേണുവിൽ.

പൊന്നുളകുകുട്ടിലെപ്പുല്ലാംകുഴലിലി
നിന്നണിക്കൊഞ്ചലിൽ നാണിച്ചുലിഞ്ഞുപോയ്

ഒന്നല്ലോരായിരം ആനന്ദചിന്തക-
ളെന്നിച്ച പൂവിട്ടിരുന്നതാണെൻ നീ!.....

* * *

വെള്ളിനിലാവിലീ നീർച്ചോലപൊന്നല
ചിന്നിവന്നെൻകളിയോടമിളക്കവെ,
അന്നെൻമുരളനിൻ ചുണ്ടിൽവച്ചെൻകരം
നിന്നോടുമന്ത്രിച്ചു—"മായുമോ സൗഹൃദം...
ചില്ലകൾംപൂത്തവെൺപാലകൾം ചൂണ്ടിനീ
ചൊല്ലീ—"യിന്നെന്തൊരുഭംഗിനിലാവിനും!'
..."എന്നുമീഭംഗിയെൻമുന്നിൽ നിന്നീടുമെൻ
കണ്മണീനീയെൻറെ ചാരത്തുമേവുകിൽ!..."
അപ്പൊഴുംനീയൊരു മുഗ്ധയപ്പോലെയെ-
ന്നുൾത്തളിരിത്തിൽ നിറച്ചിരുന്നാശകൾ!

കഷ്ടം!കഥിതയില്ലെന്നു ഞാനീവിധം
വ്യർത്ഥമായ്"മായുമെന്നാൽജീവിതാശകൾം...
ഞെട്ടറ്റുവീണപോയെന്നോളമെൻ ജീവ
നൊട്ടിപ്പിടിച്ചൊരാ വാടത്തപൂക്കണി!...
തട്ടിപ്പറിച്ചുകൊണ്ടോടിയകന്നെൻറെ
പൊട്ടിത്തകർന്മുരളിയുംകൂടിനി!.....
പാട്ടിൽപ്പൊതിഞ്ഞകന്നകമെന്നേ ത്തുഞാൻ
കെട്ടിപ്പിടിച്ചുഹാ! തീക്കനലാണെന്നു!.....

* * *

അല്ലല്ലഞാനെൻറെ വേദനയാലിദം
ചൊല്ലിയതാണെയേ ദേവതയാണെനീ!.....
സപ്തസ്വരമുരളീമിത്രമൊരെൻ ജീവനിൽ
സപ്തസ്വരീയനിർവൃതിയേകുവാനെനീ!...
ഉണ്ടെനിക്കെന്നുമാ നന്മനിൻപേരിലെൻ-
ചെണ്ടിട്ടസപ്തങ്ങളോമനിക്കട്ടെ ഞാൻ!

* * *

എങ്കിലുംനീനിൻപ്രതാപത്തഴപ്പിലെൻ
പുല്ലാംകുഴലിനേ പൊട്ടിച്ചുതെന്തിനയേ"!!
പോകട്ടെതോഴീ! തകർന്മുരളിയി-
ലാവുന്നമട്ടുനിൻ പാട്ടുപാടട്ടെ ഞാൻ.....

"ഇല്ല..." ഒരു നാണംകുണുങ്ങി കാമുകിയേപ്പോലെയാണവൾ സമാധാനം പറഞ്ഞതു്.

"എന്തെ...?"

"നന്നാവാഞ്ഞതുകൊണ്ടു.....!;"

"കാരണം?....."

"ഒരു സ്ത്രീയും അങ്ങിനെ ചെയ്യുകയില്ല ... മൂന്നുകൊല്ലം കാത്തിരുന്നിട്ടു അവസാനം മറ്റൊരാളെ സ്വീകരിക്കുകേ!'

എന്താണിതു തീച്ച്...പരിതഃസ്ഥിതിയുടെ സമ്മർദ്ദംവരുമ്പോൾ..."

"ഇല്ല. അങ്ങിനെ വഞ്ചിക്കുകയില്ല.....കഥാകാരന്മാക്കു പൊതുവിൽ സ്ത്രീകളോടൊരു വിദ്വേഷമുണ്ടു്. അതുകൊണ്ടാണിങ്ങിനെ എഴുതുന്നതു്.

"എങ്ങിനെ....."

"സ്ത്രീകളെ വിശ്വസിക്കാൻ കൊള്ളില്ലെന്നു..."

"ഇതെനിക്കും ബാധകമാകുമോ?

"തീർച്ചയായും..." അവൾ മന്ദഹസിച്ചുകൊണ്ടു തുടർന്നു—"നിങ്ങൾക്കു് സ്ത്രീഹൃദയത്തെക്കുറിച്ചറിയാമല്ലോ! എന്നിട്ടും..."

"എനിക്കു കമലയുടെ ഹൃദയത്തെക്കുറിച്ചറിയാം...പക്ഷെ റൊസിയെ അനുഗമിക്കുകയില്ലെന്നാരുകണ്ടു.

"ഞാനനുഗമിക്കുകയില്ല..." എന്നു വിശ്വാസമില്ലേ...?

ഞാനൊന്നുമിണ്ടിയില്ല.

"വിശ്വാസമില്ലേ....."

"ഇല്ലാത്തതുകൊണ്ടല്ലേ"...ചുറവുപാട്ടുകളുണ്ടു് മനുഷ്യനെ നിയന്ത്രിക്കുന്നതു്....."

കമലയുടെ കണ്ണുകൾ നിറയാൻ വെമ്പുകയായിരുന്നു. ചുണ്ടുകൾ വിറച്ചു. പ്രസന്നമായ മുഖത്തു വേദനയും സംഭ്രമവും പരന്നു. വെണ്ണപോലെ മാർദ്ദവമായ ഹൃദയത്തിൽ വേദന കിനിഞ്ഞിറങ്ങുന്നതു് അവൾക്കു സംസാരിക്കാനായില്ല. അവളുടെ മുഖം എൻറെ മാറിലമർന്നു. ചുടുള്ള നിശ്വാസങ്ങൾ എൻറെ നെഞ്ഞിൽത്തട്ടി. എന്നെ വിശ്വസിക്കുകയില്ലെ എന്ന ചോദിക്കുന്നതുപോലെ എനിക്കുതോന്നി...ഞാനുഹൃദയം മുറിപ്പെട്ടുത്തിയെ...! പുറത്തുലോടിക്കൊണ്ടു ഞാൻ വിളിച്ചപ്പോൾ അവൾ മുഖമുയർത്തി. കണ്ണുകളിൽ ആ ചോദ്യം അപ്പോഴും നിഴലിച്ചിരുന്നു.....എന്നും കമലയെന്നെ സ്നേഹിക്കുമെന്നതിൽ എനിക്കു സംശയമില്ലെന്നുപറഞ്ഞപ്പോൾ അവൾ മന്ദഹസിച്ചു. ആ കവിളിണകൾ എൻറെ കൈകളിൽ ഉരസി. വദനം നിലാവിൽ മിന്നിമിനുങ്ങുന്നു. മാദകമായ ചുണ്ടുകൾ തുടുത്തു. എൻറെ മുഖം മന്ദം താണു. കാട്ടാതെ നിൻറെ മധുരമായ കനലിൻറെ ചൂടും എനിക്കനുഭവപ്പെട്ടു. സ്നേഹമധുരമായ വാക്കുകൾകൊണ്ടു ഞാനവളുടെ വിഷാദം തുടച്ചുമാറ്റി.

എൻറെ ജീവിതത്തിലെ ചില അസുലഭനിമിഷങ്ങളായിരുന്നു അതു. കമലയെന്നെ മന്ദഹസിക്കുമ്പോൾ എൻറെ ഹൃദയത്തിൽ നിലാവായി പൂക്കളായി സൗരഭ്യമായി അപ്പോഴേക്കെ എൻറെ ചുണ്ടുകളിൽ പുതിയ വൃത്തവും കവിതയും ഗാനവും മുട്ടിപ്പൊങ്ങിവന്നു. ചിന്തകൾം വസന്തത്തിൻറെ ഉത്സവത്തിൽ ചഞ്ചോടുകയായിരുന്നു. ഒരുമ്മകൾം പനിനീർപ്പൂക്കൾംപോലെ പൊട്ടിവിടരുമ്പോൾം ഞാൻ രോമഞ്ചമണിയും.

മറ്റൊരിക്കൽ ഞാൻ സുഖമില്ലാതെ കിടക്കുമ്പോഴാണു് മുഴുമിക്കാത്ത എഴുത്തു എന്നെ മറ്റൊരു കഥ പ്രസിദ്ധീകൃതമായതു്. ഞാൻ ഉൽബലനായി കിടക്കയിൽ കിടന്നു കഴിക്കുകയാണു്. പത്രം വായിക്കാനുള്ള കഴിവുപോലും എന്നെ വിട്ടുപരിഞ്ഞിരുന്നു. ഞാൻ തളർന്ന വിവശനായിരുന്നു. റാപ്പർഒപൊട്ടിച്ചു കഥയൊന്നു നോക്കാൻപോലും എനിക്കു മനസ്സുവന്നില്ല. അതിൻറെ റാപ്പർപോലുമറിയുന്നു കമലയാണു്. കഥ അവളേറെ ഇഷ്ടപ്പെട്ടു.

എൻറെ മുഖത്തുപാറിവീഴുന്ന, എണ്ണപ്പശിമയേൽക്കാതെ ചെമ്പിച്ച, ചുരുണ്ടമുടി പുറകോട്ടു കോതിനിർത്തിക്കൊണ്ടവൾ പറഞ്ഞു.

"സ്ത്രീയുടെ ഹൃദയം ഈ കഥയിൽ .....ശരിക്കും കണ്ടെത്തിയിട്ടുണ്ടു്."

"അതു കമലയുടെ ഹൃദയമാണു്..." ഞാനുകൈകൊണ്ടു കുട്ടിപ്പിടിച്ചുകൊണ്ടുപറഞ്ഞു. ആ മുഖത്തു ജീവനും ഭാവനയും നിറഞ്ഞുതുടിക്കുകയാണു്. എൻറെ തളർന്ന മിഴികളും പുലരിത്തുടുപ്പുപോലുള്ള മുഖത്തു പാറിക്കളിച്ചു. ആ കഥയെക്കുറിച്ചവൾ പലതുംപറഞ്ഞു അപ്പോൾം അവശമായ എൻറെ കരളിൽപോലും ആനന്ദസാഗരം തിരതല്ലി. അങ്ങിനെ പലതവണ എൻറെ രോഗശയ്യക്കരികിലവൾ എന്നെ ആനന്ദിപ്പിച്ചുകൊണ്ടു കഴിച്ചിട്ടുണ്ടു്. മരുന്നും പാലും കൊടുത്തുനിന്നിട്ടുണ്ടു്. ആ സ്നേഹത്തെ ഞാനൊരിക്കലുമളന്നുനോക്കിയിട്ടില്ല. അതനാവശ്യമായിരുന്നു.

* * * *

എന്നെ ചിന്തകളിൽനിന്നുമുണർത്തിയതു് തീവണ്ടിയിലെ ആ — പാട്ടാണു്. "അല്ലയൊ സൈക്കിൾ കാരാ...! വികസ്വരമായ യൗവനത്തോടെ, പ്രേമസുരഭിലമായ ഹൃദയത്തോടെ..." അതെ പാട്ടു്. ഓ... എൻറെ കരളും തകർന്നുപോകുന്നു. വെള്ളിപ്പുതപ്പുകൊണ്ടു തലച്ചോറിലൂടെ കടന്നുപോകുന്നപോലെ. കമലയുടെ കണ്ണുകൾം നിറഞ്ഞിരുന്നു. കൈലേസ്സുകൊണ്ടു തുടച്ചുമാറ്റാനുള്ള ശ്രമം വിഫലമാവുകയാണു്. ചുണ്ടുകൾം വിറയ്ക്കുന്നുണ്ടായിരുന്നു. "എന്തെ...കണ്ണിൽ കല്ക്കരിപ്പൊടി പാറിയൊ?..." അവൻ അന്വേഷിച്ചു. പാവം മനുഷ്യൻ. നിഷ്കളങ്കനായ പ്രസന്നഹൃദയൻ. ഞാൻ വിചാരിച്ചു.

അവൾം മിണ്ടിയില്ല.

"കഴുത്തു പുറത്തിടേണ്ട"

അവളും അതനുസരിച്ചില്ല.

"മുഖം കഴുകണമൊ...അല്ലെങ്കിൽ ഇവിടെമാറി ഇരുന്നോളൂ..."

"വേണ്ട..."

അയാൾം എടുത്തുകൊടുത്ത വെള്ളംകൊണ്ടവൾം മുഖം കഴുകി...നിശ്വാസങ്ങളുടെ ശക്തിയാൽ ആ മരിടങ്ങൾം പറന്നണഞ്ഞ പ്രാവുകളെപ്പോലെ വിറയ്ക്കുന്നു. ഉടൻമാൽ കടിച്ചുകൊണ്ടവൾം മുഖംതുടയ്ക്കുന്നുണ്ടായിരുന്നു.

ആ മുഖംകണ്ടുവാളിച്ചിരുന്നു. ചുണ്ടുകൾം വരണ്ടും. മഞ്ഞിൽമുങ്ങിയ ഈ രാത്രിനിലാവെട്ടത്തു രാത്രികൾം ഒരു കിന്നരിയേപ്പോലെ തൂങ്ങിവെച്ചിരുന്ന ആ മാക്കത്തെ നിമിഷങ്ങൾം എൻറെ ഹൃദയത്തിലൂടെ വിങ്ങും കടന്നുപോയി. വികാരഭരിതമായ നിമിഷങ്ങളിൽ ചുണ്ടുകൾം പലതവണ ചേർന്നുമിയതു്. എൻറെ മാറ്റൊച്ചുരിയിരുന്നുകൊണ്ടു ആ ഗാനം മന്ദമന്ദം ചൂളിത്തന്നതു്. അപ്പോഴേക്കെ ഞാനവളെ പുളകങ്ങൾംകൊണ്ടു മൂടിയതു്.

ഞാനെല്ലാം മറന്നുപോയി. വളരെയേറെ പ്രതീക്ഷകൾം ഞങ്ങൾം പണിതുയർത്തിയിട്ടുണ്ടു്. പ്രതിജ്ഞകൾം ചെയ്തിട്ടുണ്ടു്. അന്നൊക്കെ ഒരു

ലിപിപരിഷ്കരണം പ്രായോഗികമാവണം



കെ. എൻ. മൂളിയത്ത്

വർഷങ്ങൾക്കുമുമ്പ് മലയാളഭാഷയിൽ ലിപിപരിഷ്കരിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണല്ലോ. അക്ഷരങ്ങൾ കുറയ്ക്കുകയും തത്സ്ഥാനത്ത് എഴുത്തു സുഗമമാക്കുകയും അച്ചടിയുടെ പുരോഗതി ത്വരിതപ്പെടുത്തുവാനുതകുന്നതുമായ പരിഷ്കരണങ്ങൾ സംഭവിക്കുകയും ചെയ്യുക എന്നുള്ളതാണ് ഭാഷാലിപിപരിഷ്കരണം കൊണ്ടുദ്ദേശിക്കപ്പെടുന്ന മൌലികമായ തത്ത്വങ്ങൾ. അക്ഷരങ്ങളുടെ എണ്ണം കുറയ്ക്കുവാനും, ചിഹ്നങ്ങളുടെ ഏകീകരണമില്ലായ്മയുംമൂലം മലയാളലിപിയ്ക്ക് സ്വീകരിക്കേണ്ടിവന്നിട്ടുള്ള പലവക്രരൂപങ്ങളേയും എടുത്തുമാറ്റിക്കൊണ്ട് പല മാന്യന്മാരും ഇതിനകം ലിപിപരിഷ്കരത്തിനെപ്പറ്റി ആവശ്യകതയെസംബന്ധിച്ച് ചർച്ചചെയ്തുകൊണ്ട് ലേഖനങ്ങളെഴുതീട്ടുണ്ട്.

ഇതുവരെയുണ്ടായിട്ടുള്ള ലിപിപരിഷ്കരപരിശ്രമങ്ങളുടെ ആകത്തുകയെടുത്തു പരിശോധിപ്പാൻ ഈ വിഷയത്തിൽ പല വ്യക്തികളുടേയും തീരുമാനങ്ങളും സമഗ്രമായ ഒരു തീരുമാനത്തിന്നിടനൽകാതെ ആശയക്കുഴപ്പങ്ങൾക്കധീനമായി പരിണമിച്ചിട്ടുണ്ടെന്നു കാണാം. അങ്ങിനെയിരിയ്ക്കേ, തിരുവിതാംകൂർ സർവ്വകലാശാലയുടെ സശ്രദ്ധമായ പരിശ്രമങ്ങളും ഏതദ്വിഷയത്തിൽ നടന്നുകൊണ്ടിരിക്കുന്നതു് ഏറ്റവും അഭിനന്ദനീയമത്രെ. പക്ഷെ സർവ്വകലാശാല നിയമിച്ച കമ്മറിയുടെ പ്രവർത്തനഫലമായി നമുക്കു ലഭിച്ചിട്ടുള്ള നിർദ്ദേശങ്ങൾ എത്രകണ്ടു് ആശാവഹമായിട്ടുണ്ടെന്നും പരിശോധിയ്ക്കേണ്ടതു് ഭാഷാപ്രേമികളുടെ കർത്തവ്യമാണ്.

ഒരു ഭാഷാലിപി പരിഷ്കരിക്കുമ്പോൾ ആ ഭാഷ പ്രതിനിധീകരിക്കുന്ന സാങ്കേതികരംഗങ്ങൾക്കെല്ലാം സഹായകമാവണം അതിനെ രൂപപ്പെടുത്തുകയെന്നുള്ള അടിസ്ഥാനതത്വം അംഗീകരിക്കാതെ തരമില്ല. ഉച്ചാരണസംസ്കൃത അക്ഷരവ്യുൽപത്തി തുടങ്ങി ലിപിയിൽ അവശ്യം അനുഷ്ഠിക്കേണ്ട വ്യവസ്ഥകൾക്കും ഉപോൽബലകമാകുമാറു് ലിപിപരിഷ്കരം ഏറ്റവുമധികം ചിന്തിച്ചു ചെയ്യേണ്ടിയിരിക്കുന്ന ഒരു കൃത്യമത്രെ.

ഇംഗ്ലീഷിന്റെ അക്ഷരമാലകൊണ്ടുതന്നെ അവർക്ക് അച്ചടിയിലും ടൈപ്പിങ്ങിലും വളരെയധികം അഭിവൃദ്ധി സാധിച്ചുവെന്നു് പൂണ്ടിക്കാണിക്കപ്പെടുന്നു. വാസ്തവംതന്നെ. പക്ഷെ ഇംഗ്ലീഷിനേറേയും മലയാളത്തിനേറേയും കുഴപ്പങ്ങൾ കൂട്ടിക്കലർത്തിപ്പറയുമ്പോൾ പലകുഴപ്പങ്ങളും നാം വിസ്മരിച്ചുപോകുന്നു. ഇംഗ്ലീഷച്ചടി യന്ത്രവൽകൃതമാക്കാൻ ലിപിയെ തീരെ പരിഷ്കരിയ്ക്കേണ്ടിവന്നിട്ടില്ല. മറ്റൊരുകാര്യം; ഇംഗ്ലീഷ് ഭാഷയുടെ ഉച്ചാരണത്തിന്റെ സാങ്കേതികരീതിയും, മലയാളത്തിന്റെ ഉച്ചാരണത്തിലുള്ള സാങ്കേതികവശവും രണ്ടും രണ്ടാണ്. ഇംഗ്ലീഷിന്റെ മൂലഭാഷ ലാറ്റിനാണെങ്കിൽ, സംസ്കൃതവുമായി മലയാളഭാഷയ്ക്കു സുദൃഢമായ ബന്ധമാണുള്ളതു്. ചിഹ്നങ്ങളുടെ പ്രശ്നമേ ഇംഗ്ലീഷിനില്ല. മലയാളത്തിനു സംസ്കൃതവുമായി സുദൃഢമായ ബന്ധമുള്ളതിനാൽ എഴുത്തുന്നതിനേതരീതിയിൽ സ്പഷ്ടമായും ഉച്ചരിയ്ക്കുക എന്നുള്ളതാണ് ഭാഷാലിപിയ്ക്കുള്ള പ്രത്യേകത. ഇക്കാര്യം പലപ്പോഴും നാം മറന്നുപോകുന്നു. മലയാളത്തിനും ബങ്കാളിയ്ക്കുമൊഴിച്ചാൽ, ഭാരതീയമൂലഭാഷയായ സംസ്കൃതത്തോടുള്ള ബന്ധംപോലെ മറ്റൊരു നാട്ടുഭാഷകൾക്കും ബന്ധം കാണുകയില്ല.

മലയാളത്തിൽ കൂട്ടക്ഷരങ്ങൾ ഉപയോഗിക്കുന്നതു് ഉച്ചാരണസൌകര്യത്തിനുവേണ്ടിയാണു്; കൂട്ടക്ഷരങ്ങൾക്കുപകരം ചന്ദ്രക്കലയുപയോഗിച്ചു കൂട്ടക്ഷരങ്ങളുടെ ആവശ്യം നിർവ്വഹിക്കുന്ന രീതി അധികവും സ്വീകരിച്ചുവരുന്നതു് അച്ചുകൂടക്കാരാണു്. പ്രായോഗികസൌകര്യം പരിഗണിച്ചു് അവയ്ക്കിങ്ങനെ എഴുപ്പം സ്വീകരിക്കാം. പക്ഷേ, മലയാളമെഴുതുന്നവർക്കും വായിക്കുന്നവർക്കും അതൊരു ഉത്തമരീതിയായി അംഗീകരിക്കുവാൻ കഴിയുന്നതല്ല. ഒരക്ഷരത്തിനു് ഒന്നും രണ്ടും വ്യഞ്ജനങ്ങളിട്ടു് ഇടയിൽ ചന്ദ്രക്കലയുപയോഗിക്കുന്നതു് അച്ചടിയുടെ സുഗമത്വത്തിനുമാത്രമേ കൊള്ളുകയുള്ളു. എന്നാൽ അച്ചടിയുടെ സുഗമതമാത്രമാണോ ലിപിപരിഷ്കരത്തിന്റെ അടിസ്ഥാനതത്വം? ഒരിയ്ക്കലുമല്ല. കോൺഗ്രസ്സ് എന്നും എഴുതേണ്ടതെങ്ങനെയാണു് "കോൺഗ്രസ്" എന്നെഴുതേണ്ടിവന്നാൽ അതെത്ര വികൃതവും വിഷമവുമാണെന്നു നാം ചിന്തിച്ചേതീരൂ.

ലിപിപരിഷ്കരത്തെക്കുറിച്ചു ജൂൺ 27-നു-ത്തെ "ദീപ"ത്തിൽ ശ്രീ: തോമസ് ചെറിയാൻ എഴുതിയ ലേഖനം ലിപിപരിഷ്കരപ്രേമികളുടെ ശ്രദ്ധയെ ആകർഷിച്ചു കഴിഞ്ഞിരിക്കുമല്ലോ. പക്ഷെ, അദ്ദേഹത്തിന്റെ മുഴുവൻ അഭിപ്രായങ്ങളോടും യോജിക്കുന്ന മലയാളികളെ കാണുമോ എന്നു തോന്നുന്നില്ല. "ഉ" കാരങ്ങളെ ഏകീകരിക്കാമെന്നും കൂട്ടക്ഷരങ്ങളുടെ മുകളിൽ "ർ" വരുന്നതു "ർ" ആയിത്തന്നെ ആദ്യം ഉപയോഗിക്കാമെന്നും ഡോ. കെ. ഭാസ്കരൻനായരുടെ നിർദ്ദേശങ്ങളെ ഉദ്ധരിച്ചുകൊണ്ടു് ശ്രീ. ചെറിയാൻ എഴുതിയിരിക്കുന്നു. ഈ വശത്തോടു് നമുക്കനുകൂലിക്കാം. പക്ഷെ അക്ഷരങ്ങളുടെ പിൻപു് വരുന്ന "ു" കാരത്തിനു് ഒരു പുതിയ ചിഹ്നം നൽകിക്കാണണമെന്നതു് ഏതായാലും നമ്മെ തൃപ്തിപ്പെടുത്താൻ പര്യാപ്തമല്ല. മി. ചെറിയാന്റെ അഭിപ്രായത്തിൽ, ലിപിപരിഷ്കരം എന്നുള്ളതു് അച്ചടിയുടെ പുരോഗതിയെ മാത്രം ആസ്പദിച്ചുണ്ടാകുന്നു വരുന്നു. "യന്ത്രികൃതമായ കമ്പോസിങ്ങു് നടത്തുവാൻ സുഗമമായ ഒരു ലിപിയായിരിക്കണം പരിഷ്കരിച്ചുണ്ടാക്കേണ്ടതു്" എന്നതു് അദ്ദേഹത്തിന്റെ മതം. പക്ഷെ ഒന്നേകാൽ കോടി മലയാളികളെ ഈ അഭിപ്രായം പൂർണ്ണമായും അനുഗ്രഹിക്കുമോ എന്നു ഞാൻ സംശയിക്കുന്നു.

അടിസ്ഥാനപരമായി ചിന്തിക്കുമ്പോൾ, ലിപിപരിഷ്കരത്തിൽ ഉളവാക്കുന്ന രൂപാന്തരം ഭാഷാലിപിയ്ക്കു വൈകൃതവും, വക്രതയും ഉണ്ടാക്കിവെയ്ക്കുമോ? പുതിയ ചിഹ്നങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ക്ര=ക്ര, സ്ര=ൻപ്ര

പൂർണ്ണചന്ദ്രൻ എന്റെ ഹൃദയത്തിൽ കിനാവുകൾ വിതറിക്കൊണ്ടു ചിരിച്ചുണ്ടുകയായിരുന്നു. രണ്ടു വർഷങ്ങൾ അങ്ങിനെ കഴിഞ്ഞുപോയി. വിദ്യാഭ്യാസം പൂർത്തീകരിച്ചു നാട്ടിലേയ്ക്കു തിരിച്ച ആ ദിവസം ഞാനിന്നും സ്മരിക്കുന്നു. ഒരാഹ്ലാദം മറക്കാൻ ഒക്കുകയില്ല. പ്രത്യേകിച്ചു എനിക്കു്...എന്റെ ഹൃദയം പ്രേമത്തിന്റെ പട്ടുനൂലിൽ കെട്ടുപിണഞ്ഞിരുന്നതായിരുന്നുവല്ലോ.

നിലംവടന്വീണുകിടക്കുന്ന മുല്ലപ്പടർപ്പിന്നരികെനിന്നു ഏറെനേരം ഞങ്ങൾ സംസാരിച്ചു. കമലയുടെ കണ്ണുകളിൽ ദുഃഖമുകമായ ഒരു കവിത പരന്നിരുന്നു. [illegible] ങ്ങളും മറവിക്കുന്നതുപോലെ എനിക്കുതോന്നി. വേദനിപ്പിക്കുന്ന നിമിഷങ്ങളായിരുന്നു. സമയമേറെയായ പ്പോൾ ഞാൻപറഞ്ഞു.

"നേരമേറെയായി.....പോയ്ക്കൊള്ളട്ടെ....."

"എന്നെ മറക്കുമോ.....?

"ഇല്ല....." ഞാൻ മൃദുലമായ ആ വിരലുകൾ തലോടി.

"പുതിയ കഥവന്നാൽ എനിക്കയച്ചുതരണം....." ആ ചുണ്ടുകൾ തുടിച്ചു. വെമ്പുന്ന ഹൃദയത്തോടെ അവൾ മുഖമയത്തി.....

"അയച്ചുതരാം....." ഞാനവളെ ചുംബിച്ചു.

"ഓ...ഇതെടുത്തോളൂ..." അവൾ ബ്ലൌസിൽ കുത്തിവെച്ച പേന തൊട്ടുകാണിച്ചു.

"എനിക്കു പേനയുണ്ടല്ലോ!"

"എന്നാലും...എനിക്കുവേണ്ടി... ഇതു നല്ല കഥകളെഴുതണമേ..."

മടിച്ചുകൊണ്ടു ഞാനതുരിയെടുത്തു. ആ ബ്ലൌസിന്റെ പാഠകൂടുകൾക്കും അഴിഞ്ഞുപോയി. ആ നിമിഷങ്ങൾ ഹൃദയത്തിൽ തീപിടിപ്പിക്കുന്നവയായിരുന്നു. ആ പൽക്കരമായ ഒരു കൊമ്പിലാണ ഞാൻ നിൽക്കുന്നതെന്നു എനിക്കു തോന്നി.....ആ കണ്ണുകളിൽ.....! ഞാനവളെപ്പറഞ്ഞയച്ചു.

ആ പേനകൊണ്ടാണു ഞാനിതെഴുതുന്നതു്. ഒരിക്കലുമിതൊരു കഥയാക്കി എഴുതണമെന്നു ഞാൻ കരുതിയിരുന്നില്ല. പക്ഷെ ഇന്നു ചോരകിനിയുന്ന സ്മരണകളിൽനിന്നും, പൊരുതിനേടുകയാണു് ഞാനിപ്പോൾ കൊണ്ടു ചെയ്യുന്നതു്. കമലയുടെ സ്നേഹോപഹാരംകൊണ്ടുതന്നെ എഴുതണമെന്നു തോന്നൽ തടുക്കാൻ കഴിയുന്നില്ല...ഏതായാലും എഴുതുമ്പോൾ ഒരാശ്വാസം തോന്നുന്നുണ്ടു്.

പിറ്റേദിവസം യാത്രപറയാൻ ഞാൻ അവളുടെ വീട്ടിൽ ചെന്നിരുന്നു. അവരുടെ ആതിഥ്യവും ആശംസകളും സ്വീകരിച്ചുകൊണ്ടാണു് ഞാൻ തിരിച്ചതു്. എന്റെ ബെഡ്ഡും പെട്ടിയും കുതിരവണ്ടിയിൽ ഒതുക്കിവെക്കുന്നതും മറ്റും നോക്കിക്കൊണ്ടു വളം മാറിനിന്നതുതന്നെയുണ്ടായിരുന്നു. കുതിരവണ്ടി നീങ്ങി. അവൾ ഇളയമ്മയുടെ അടുത്തുനിൽക്കുന്നതു ഞാൻ വളരെ ദൂരെനിന്നും കണ്ടിരുന്നു.

ആ കമലയാണെന്റെ മുമ്പിലിരിക്കുന്നതു്. മൂന്നാംസങ്കടം കഴിഞ്ഞതാണവൾ വിവാഹിതയായതു്...തനൊരു പുതിയ ജീവിതവുമായി നീങ്ങുകയാണു്. കണ്ണീരിന്റെ അലകടലടങ്ങുമ്പോഴാണ് ഇന്നലെ ഞാനവളെക്കണ്ടുമുട്ടിയതു്. അവളെന്റെ മുമ്പിൽ വിങ്ങിപ്പൊട്ടുകയായിരുന്നു.

വണ്ടി കേറിക്കോട്ടെത്തി. എനിക്കു സമാധാനമായി. അയാളും പുറത്തിറങ്ങി. പുറകെ അവളും. ആളുകൂട്ടത്തിൽ മറയുന്നതുവരെ അവൾ തിരിഞ്ഞുനോക്കുന്നുണ്ടായിരുന്നു. മാപ്പുപറയുന്ന ആ കണ്ണുകൾ ഇപ്പോഴും ഞാൻ തെളിഞ്ഞുകാണുകയാണു്. ആ ഗാനം എന്റെ ഹൃദയത്തിൽക്കിടന്നു പുളയുകയും. അന്നു പൂക്കുങ്ങളായിരുന്നു അതു വിതറിയതു്. പക്ഷെ ഇന്നു ഓമ്മയുടെ വെള്ളിമുള്ളുകൾ കുത്തിയിറക്കിക്കൊണ്ടാണെന്നുമാത്രം.



മനുഷ്യാപദ്രവികളായ പ്രാണികൾ

— സി. ആർ. ഉണ്ണിത്താൻ —

V

(തുടർച്ച)

മനുഷ്യനെ ഇന്നുവരെ പരിപൂർണ്ണമായി കീഴടക്കാൻ സാധിച്ചിട്ടില്ലാത്ത, മനുഷ്യശരീരത്തിൽ സസുഖം ജീവിക്കുന്ന ചില പ്രാണികളുണ്ട്. അവയിൽ ചിലവയെക്കുറിച്ചാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നതു്. ഇവയെല്ലാംതന്നെ ആഹാരാശ്രയജീവികളാണ്. ആഹാരത്തിനും സംരക്ഷണത്തിനും ഇവയെല്ലാം മനുഷ്യശരീരത്തെ ആശ്രയിക്കുന്നുണ്ട്.

മനുഷ്യന്റെ ചെറുകുടലിൽ ചില നസഞ്ചാരതന്തുക്കളുള്ള ഒരു ജീവിയാണ് വിര (Roundworm). ആൺവിരയ്ക്ക് എട്ടോ ഒമ്പതോ ഇഞ്ച് നീളം കാണും. പെൺവിരയ്ക്ക് ഉദ്ദേശം പന്ത്രണ്ട് ഇഞ്ചുനീളവുംകാണും. ആണിന്റെ വാൽഭാഗം അല്പം വളഞ്ഞും, അവിടെ രോമംപോലുള്ള രണ്ടവയവങ്ങളും കാണുകയുംചെയ്യും. ഒരുദിവസംഒരുപെൺവിര 200,000 മുട്ടകൾ ഇട്ടുമെന്നു കണക്കാക്കപ്പെട്ടിട്ടുണ്ട്. ഇവ മനുഷ്യന്റെ വിസർജ്ജനസംവിധാനത്തോടൊത്തു് വെളിയിൽ വരുന്നു. മണ്ണിൽ ആർദ്രമായിരിക്കുന്നതോടൊപ്പം പ്രകൃതിശക്തികളെ ഏതുവിധേനയും ജീവിക്കുവാൻ ഇവയ്ക്കു കഴിവുണ്ട്. വെള്ളത്തിൽക്കൂടെയോ, കിഴങ്ങ് വർഗ്ഗങ്ങളായ ആഹാരസംബന്ധത്തിൽ ക്രൂടെയോ, ഇവ മനുഷ്യന്റെ അന്നനാളത്തിൽ പ്രവേശിക്കുന്നു. ചിലപ്പോൾ ശ്വാസനവായുവിൽക്കൂടിയും ഇവ മനുഷ്യശരീരത്തിൽ പ്രവേശിക്കാറുണ്ട്. ചെറുകുടലിൽവച്ചു് ഈ മുട്ടകൾ വിരിയുന്നു. 25-മില്ലീമീറ്റർവലിപ്പത്തിലുള്ള ചെറുപുഴുക്കളാണ് പുറത്തുവരുന്നതു്. ചെറുകുടലിന്റെ ഭിത്തികളെ തുളച്ചുകയറി അവ രക്തക്കുഴലുകളിൽക്കൂടി ശ്വാസകോശത്തിൽ എത്തുന്നു. മാർദ്ദവമുള്ള നേരിട്ടയോ ശ്വാസകോശത്തിനു് ഇവ സാരമായ പരുക്കേല്പിക്കുകയും, അവിടെനിന്നു തിരിച്ചു് ശ്വാസനാളംവഴി വായിൽപ്രവേശിച്ചു് വീണ്ടും അന്നനാളംവഴി ചെറുകുടലിൽ എത്തുന്നു. ശ്വാസകോശത്തിൽ ഇവയുണ്ടാക്കുന്ന ഈ കേടു നിമിത്തം ആണ് മനുഷ്യൻ നിമോണിയാ ബാധിതനാകുന്നതു്.

ചെറുകുടലിന്റെ ഭിത്തികളിൽ കൊളുത്തുകിടക്കുന്ന ചെറുപുഴുക്കളാണ് കൊക്കേപ്പുഴ (Hookworm). ഇവയിൽ പെണ്ണിനു് 12 മില്ലീമീറ്റർ നീളംകാണും ആണിനു് 9 മില്ലീമീറ്റർ നീളവും കാണും. ആണിന്റെ വാൽഭാഗം ഒരു കപ്പിന്റെ ആകൃതിയിൽ വിസ്താരമുള്ളതായിരിക്കും. ആണിനും പെണ്ണിനും വായിൽ സാധാരണ നാല് പല്ലുകൾ കാണും. ചില പ്പോൾ ആറ് പല്ലുകൾ കാണും. ഇതുകൊണ്ടാണ് ഇവ ചെറുകുടലിന്റെ ഭിത്തിയിൽ കൊളുത്തുകിടക്കുന്നതു്.

ഒരു പെൺകൊക്കേപ്പുഴ ഒരുദിവസം 10,000 മുട്ടകൾ നിക്ഷേപിക്കുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നതു്. വിസർജ്ജനസംവിധാനത്തിലൂടെ പുറത്തുവരുന്ന മുട്ടകൾ രണ്ടുദിവസത്തിനകം വിരിയുന്നു. വിസർജ്ജനസംവിധാനമാണിവയുടെ ആഹാരം. രണ്ടുദിവസത്തിനകം അവയുടെ പുറംതൊലി പൊട്ടി വേർപെടുന്നു. രണ്ടുമൂന്നു ദിവസത്തിനകം വീണ്ടും പുറംതൊലി പൊട്ടുന്നു. പക്ഷേ, ഇപ്രാവശ്യം ശരീരത്തിൽനിന്നല്ല വേർപെടുന്നില്ല. ഈ അവസ്ഥയിലുള്ള ചെറുപുഴുക്കളാണ് മനുഷ്യനെ ആക്രമിക്കുന്നതു്. ചിലപ്പോൾ ഇവ ഭക്ഷണപാനീയത്തിൽക്കൂടി ഉള്ളിൽപ്രവേശിക്കുന്നു. സാധാരണ തൊലിയിൽക്കൂടിയാണ് ഇവ തുളച്ചുകയറുന്നതു്. മനുഷ്യശരീരസ്പർശനമാത്രയിൽ പുറംതൊലി പൊളിയുകയും, അവ രക്തക്കുഴലുകൾവഴി ഹൃദയത്തിൽ എത്തുകയും അവിടെനിന്നു ശ്വാസകോശത്തിൽ എത്തുകയും അവിടെനിന്നു ശ്വാസനാളത്തിൽക്കൂടി വായിലേക്കും വായിൽനിന്നും അന്നനാളത്തിൽക്കൂടി കുടലിലേക്കും പ്രവേശിക്കുന്നു.

ഇവ ചെറുകുടലിന്റെ ഭിത്തികളിൽത്തുളയ്ക്കുമ്പോൾ രക്തം തുടച്ചുയായി ഒലിക്കുന്നു. അതുകൊണ്ടാണ് ചിലപ്പോൾ മലത്തിൽ രക്തംകാണുന്നതു്. ചെറുപുഴുക്കൾ ശ്വാസകോശങ്ങൾക്ക് ഉണ്ടാക്കുന്ന പരുക്കു് നിമോണിയായിൽ അവസാനിക്കും. കൊക്കപ്പുഴുവിന്റെ ചെറുപുഴുക്കൾ കാലിൽക്കൂടി പ്രവേശിക്കുമ്പോഴാണ് "വളംകടി" എന്നു്, കാൽവിരലുകൾക്കിടയിൽ സുഖക്കേടുണ്ടാകുന്നതു്.

മനുഷ്യന്റെ വൻകുടലിൽ കാണുന്ന ചെറുജീവികളാണ് കൃമി (Pinworm). അധികവും കുട്ടികളെയാണ് ഇവ ബാധിക്കുന്നതു്. ആണിനു് മൂന്നുമുതൽ അഞ്ചുവരെ മില്ലീമീറ്റർ നീളവും, പെണ്ണിനു് പത്തു മില്ലീമീറ്റർ നീളവും കാണും. ആണിന്റെ വാൽഭാഗം വളഞ്ഞിരിക്കും. മുട്ടയിടാറാകുമ്പോൾ പെൺകൃമികൾ രാത്രിയിൽ മലദ്വാരത്തോടടുത്തു് തടിച്ചുകൂടുന്നു. വിസർജ്ജനസംവിധാനത്തിൽ നിക്ഷേപിക്കുന്ന മുട്ടകൾ വെളിയിൽ വന്നശേഷം മനുഷ്യശരീരത്തിൽ ഭക്ഷണപാനീയങ്ങളിൽക്കൂടി പ്രവേശിക്കുന്നു.

മനുഷ്യന്റെ 'ലിംഫ്' കുഴലുകളിൽ കാണുന്നവയാണ് മന്ത്രരോഗാണുക്കൾ. ആണിന് നാല്പതും പെണ്ണിന് മുപ്പതും മില്ലീമീറ്ററും നീളംകാണും. മുട്ടവിരിഞ്ഞുണ്ടാകുന്ന ചെറുപുഴുക്കൾക്കു .3 മില്ലീമീറ്റർനീളംകാണും. മറ്റുള്ളവയെ അപേക്ഷിച്ചു്, ഇവയുടെ മുട്ടവിരിയുന്നതു് മനുഷ്യശരീരത്തിൽവച്ചാണ്. മുട്ടവിരിഞ്ഞുണ്ടാകുന്ന പുഴുക്കൾ (Microfilarial) ലിംഫിൽനിന്നു് രക്തത്തിലേക്കു് പ്രവേശിക്കുന്നു. ഇവയുടെ അനന്തരവളർച്ച കൊതുകിന്റെ ശരീരത്തിലെ സാധിക്കുകയുള്ളു. അതിനായി ഇവ രാത്രിയിൽ പത്തിനും, രണ്ടിനും ഇടയ്ക്കു് (സാധാരണ കൊതുകു് മനുഷ്യനെ സന്ദർശിക്കുന്നസമയം) ശരീരത്തിലെ ഉപരിതലത്തിലുള്ള രക്തക്കുഴലുകളിൽ വരുന്നു. അല്പംതാഴെയും ശരീരത്തിലെ ഏറ്റവും ഉള്ളിലുള്ള രക്തക്കുഴലുകളിൽ കഴിയുന്നു. കൊതുകിന്റെ ശരീരത്തിൽ ഇവ രണ്ടാഴ്ച കഴിയുന്നു. അല്പം വളർന്നശേഷം ഇവ കൊതുകിന്റെ രക്തം വലിച്ചെടുക്കുന്ന അവയവത്തിൽ പ്രവേശിക്കുന്നു. അതിലൂടെ മനുഷ്യശരീരത്തിൽ പ്രവേശിക്കുകയുംചെയ്യുന്നു.

ഇവ "ലിംഫ്" കുഴലുകളിൽ തടിച്ചുകൂടുമ്പോൾ 'ലിംഫി'ന്റെ പ്രവാഹത്തെ തടയുകയും തന്മൂലം ആ ഭാഗം വണ്ണിക്കുകയും ചെയ്യുകയാണിതിന്റെ അനന്തരഫലം. ഇങ്ങിനെയാണ് മന്ത്രമുണ്ടാകുന്നതു്. 'ക്യൂലക്സ്'" (Culex) എന്ന ഒരു പ്രത്യേക ഇനം കൊതുകാണ് ഈ അണുക്കളെ പരത്തുന്നതു് എന്നു ഒരു ധാരണയുണ്ടായിരുന്നു. മറ്റൊരുതരം (Man sonioides annulifera) ആണ് ഇവയെ കൂട്ടത്തലയായി പരത്തുന്നതു് എന്നു കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. ഇവയാണ് ചേന്തലയിലും അമ്പലപ്പുഴയിലും മറ്റും സാധാരണയായി ഈ രോഗം പരത്തുന്നവ.

മേൽവിവരിച്ച നാല് ജീവികളുടെ ജീവചരിത്രത്തിൽനിന്നു് അവ മനുഷ്യനെ ചെയ്യുന്ന നാശം ഊഹിക്കാവുന്നതാണ്. മനുഷ്യന്റെ ആഗിരണയോഗ്യമായ ഭക്ഷണം ഉപയോഗിക്കുന്നതുകൂടാതെ രക്തവും ചിലതു് ആഹാരസംബന്ധമാക്കുന്നു. ഇവയുടെ പ്രവേശനം ചുരുക്കംചില മുൻകരുതലുകൾചെയ്താൽ ഏറെക്കുറെ നിയന്ത്രിക്കാവുന്നതാണ്.

വിസർജ്ജനസംവിധാനങ്ങൾ സാധാരണ കാണാറുള്ള സ്ഥലങ്ങളിൽനിന്നു് ദൂരെക്കുള്ള കിഴങ്ങുവർഗ്ഗങ്ങളും, ഫലവർഗ്ഗങ്ങളും എപ്പോഴും ചൂടുവെള്ളത്തിൽകഴുകുന്നതു് നന്നായിരിക്കും. പുറംതൊലി പൂർണ്ണമായി ഉരിഞ്ഞുമാറുന്നതു നന്നായിരിക്കും. ജലപരിസരങ്ങളിൽ വിസർജ്ജനം നടത്താതിരിക്കുന്നതു് വലിയ അനുഗ്രഹമാണ്. പരദേശക്കുടതെ, വിശേഷിച്ചു് മഴക്കാലത്തു നടക്കരുതു്. കൂട്ടികൾ കൈകടിക്കാതിരിക്കണം, മണ്ണുവാരിയാൽ, കൈകഴുകാതെ ആഹാരംകഴിക്കാതിരിക്കണം പ്രത്യേകം ഏർപ്പാടുചെയ്യണം. പെൺകൃമികൾ മ

എന്നിവ എഴുതാൻ എത്രകണ്ടു സുഗമമായുള്ളവാക്കുമെന്നു കണ്ടു തന്നെയറിയണം.

മലയാളലിപിയിലെ ചിഹ്നങ്ങൾ മാറുമ്പോഴും ശ്വാന്തരപ്പെട്ടുത്തുമ്പോഴും അഴകും യോജിപ്പുമുള്ള ഇതരചിഹ്നങ്ങൾ മാത്രമേ സ്വീകരിക്കുവൂ എങ്കിൽ മാത്രമേ ആ പരിശ്രമം വിജയപര്യവസായി ആകൂ. എഴുത്തും ഉച്ചാരണസ്ഫുടതയും ലോപിക്കാതിരിക്കണമെങ്കിൽ ഈ വിഷയത്തിൽ ലിപിപരിഷ്കാരികൾ ശ്രദ്ധിച്ചേ മതിയാവൂ. നിലവിലുള്ള അക്ഷരങ്ങൾക്കും ചിഹ്നങ്ങൾക്കും ഐകരൂപ്യമില്ലെന്നുള്ള കാരണത്തിന്മേൽ, കൂട്ടത്തിൽ വ്യഞ്ജനാക്ഷരങ്ങളുടെ പെരുപ്പവും, വക്രചിഹ്നങ്ങളും വലിച്ചിട്ട മലയാളലിപിയെ അലങ്കോലപ്പെടുത്തരുതു്.

"കണ്ണാടി കാണ്മോളവും
തന്നുടെ മുഖമേറ്റം
നന്നെന്നു നിരൂപിക്ക
മെന്നതും വിരൂപന്മാർ"

എന്നതു് പുതിയ ലിപിചിഹ്നങ്ങളുപയോഗിച്ചതു്

"കൺനാടി കൺമോളവും
തൻനുടെ മുഖമേറ്റം
നൻനെൻനു നിരൂപിക്കും
മെന്നതും വിരൂപൻമാർ"

14 അക്ഷരംകൊണ്ടെഴുതാവുന്ന ഈരടി പരിഷ്കരിച്ച ലിപിയിൽ ചില്ലുകളുടക്കം 17-ഉം 19-ഉം ആയി മാറി. നാം അക്ഷരങ്ങളുടെ എണ്ണം കുറച്ചു് ലിപിപരിഷ്കരിക്കുമ്പോൾ, ചില്ലുകളും, ചിഹ്നങ്ങളും പെരുകുന്നതിനെക്കുറിച്ചു വിസ്മരിക്കുകയല്ലേ?

അപ്പോൾ മി. തോമസ് ചെറിയാൻ എടുത്തുകാട്ടിയ "മാതൃകമി" ലേഖകന്റെ വാക്യത്തിലേയ്ക്കുതന്നെയാണ് നാമവസാനമായി മടങ്ങിച്ചെല്ലുന്നതു്. "മലയാളികൾ കണ്ടാൽ വ്യത്യാസമൊന്നുണ്ടാവില്ലെന്നു പോലും തോന്നത്തക്കവിധം, അത്രയ്ക്കു ഇന്നത്തെ ശ്വാചിഹ്നങ്ങളും മാറ്റംകൂടാതെ നിർത്തണം."

ഭാഷാലിപിപരിഷ്കാരികൾ കാലവിളംബമെന്യേ, ഈ വിഷയത്തിൽ ഒരു സമർത്ഥവും സമഗ്രവുമായ നിലപാടിലും, നിർദ്ദേശത്തിലും എത്തിച്ചേരുമെന്നു് നമുക്കു് പ്രതീക്ഷിക്കുക.

യോഗശാസ്ത്രം



— ആർ. സി. ദേവ്, വെണ്മണി—

(തുടർച്ച)

യോഗത്തിന്റെ ഭേദങ്ങൾ

രണ്ടു ഭേദങ്ങളാണ് യോഗത്തിനു മുഖ്യമായിട്ട്—സംപ്രജ്ഞാതയോഗം, അസംപ്രജ്ഞാതയോഗം. ഇവയെത്തന്നെ യഥാക്രമം [illegible] സമാധി എന്നും നിർബ്ബീജസമാധിയെന്നും കൂടി പറയും. സംപ്രജ്ഞാതയോഗത്തിനുതന്നെയുണ്ട് നാലു പിരിവുകൾ. അവയുടെ സമഷ്ടിനാമം 'സമാപത്തി' എന്നാണ്.

സമാപത്തി എന്താണെന്നു ചുരുക്കിപ്പറയാം. യോഗാനുഷ്ഠാനംകൊണ്ട് യോഗിയുടെ ചിത്തം സ്ഥിരവും നിർമ്മലവുമായിത്തീരുമല്ലോ. അതോടുകൂടി യോഗിക്ക് ജ്ഞാതാ—ജ്ഞേയ—ജ്ഞാനങ്ങളോട് തദ്രൂപ്യം അഥവാ താദാത്മ്യം പ്രാപിക്കുന്നതിനുള്ള ശക്തിവിശേഷംകൂടി സംപ്രാപ്തമാകുന്നു. ചിത്തത്തെ മല്യംകൊണ്ട് വസ്തുവിനോട് തദ്രൂപ്യം പ്രാപിക്കുന്നതിനുള്ള ഈ ശക്തിയെയാണ് യോഗശാസ്ത്രത്തിൽ സമാപത്തി എന്നു പറയുന്നത്.

സമാപത്തിയുടെ നാലു ഭേദങ്ങൾ

(1) സവിതർക്കം (2) നിർവിതർക്കം (3) സവിചാരം (4) നിർവിചാരം.

സ്ഥൂലവസ്തുവിനോട് തദ്രൂപ്യം പ്രാപിക്കുമ്പോൾ ശബ്ദം, അർത്ഥം, ജ്ഞാനം ഇവകളിൽ ഏതെന്നിലാണ് ചിത്തവൃത്തിയെ കേന്ദ്രീകരിക്കേണ്ടത് എന്ന നിശ്ചയിക്കാൻ നിവൃത്തിയില്ലാത്ത അവസ്ഥയ്ക്കു സവിതർക്കം എന്നു പറയുന്നു.

നിർവിതർക്കം സമാപത്തിയിൽ അർത്ഥജ്ഞാനങ്ങൾമാത്രം അവശേഷിക്കുന്നു.

സവിചാരത്തിൽ സൂക്ഷ്മവസ്തുവിന്റെ ചിഹ്നവിവേകം മാത്രമവശേഷിക്കുന്നു.

നിർവിചാരസമാപത്തിയിൽ കേവലം [illegible] മാത്രമാണ് അവശേഷിക്കുക.

ഇവനാലും സിദ്ധരാകുമ്പോൾ സബീജ അഥവാ സംപ്രജ്ഞാതസമാധി സംരക്ഷിതീകരിക്കപ്പെടുകയായി.

വസ്തുവത്തിൽ ചിത്തത്തിന്റെ ഏകാഗ്രത, ഇവിടെ ആത്മാവിന്റെ ബഹിർമുഖവൃത്തിയിലാണ് സാധിക്കപ്പെടുക. കാരണം, ഇവിടെ സ്ഥൂലമോ സൂക്ഷ്മമോ ആയ പ്രകൃതിയർയാണ് ചിത്തത്തിന്റെ ഏകാഗ്രത പരിമിതപ്പെടുത്തിയിരിക്കുന്നത്. ഇനിയും അന്തർമുഖവൃത്തിയുടെ കാര്യക്ഷേത്രമാണ്. സംപ്രജ്ഞാതയോഗത്തിന്റെ സിദ്ധിക്കുശേഷമേ അങ്ങോട്ട് കടക്കാൻ നിവൃത്തിയുള്ളൂ. ഈ യോഗൃതയും ഉണ്ടാകുകയുള്ളൂ. ഈ യോഗൃതയ്ക്കു യോഗഭാഷ്യത്തിൽ വിഭൂതി എന്നു പറയും.

വിഭൂതി

സംയമമാണ് വിഭൂതിക്കു കാരണഭൂതമായി നിലകൊള്ളുന്നത്. "ത്രയമേകത്ര സംയമഃ" എന്നാണ്. മൂന്നിനേയും (ധാരണാധ്യാനസമാധികളെ) ഏകത്രീകരിക്കുകയാണ് സംയമം. സംയമിയായ ഒരു യോഗിക്ക്, ഒരു സാധാരണ മനുഷ്യന് അസംഭാവ്യവും അസംഗതവുമായിത്തോന്നുന്ന അനവധി കാര്യങ്ങളും അനായാസേന സാധിക്കാവുന്നതാണ്. പരിണാമത്രയങ്ങളിൽ സംയമം അനുഷ്ഠിക്കുന്ന യോഗിക്ക് ഭൂതഭവിഷ്യത്തുകളെ അറിയാൻ ഒരു വിഷമവുമുണ്ടാവുന്നില്ലെന്നാണ് യോഗശാസ്ത്രമതം. *

"വിഭൂതിയെ ഒന്നുകൂടി വിശദമാക്കാൻ ശ്രമിക്കാം. മനുഷ്യന്റെ അന്തഃകരണം ചിത്തം, വാസന, സ്മൃതി, സംസ്കാരം ഇവകളുടെ ഭണ്ഡാരമാണല്ലോ. അനേക ജന്മങ്ങളിലായി ചിത്തത്തിൽ സംഗ്രഹിക്കപ്പെട്ടവയാണ് സ്മൃതിവാസനാസംസ്കാരങ്ങളും. നാം മരിക്കുമ്പോൾ നമ്മുടെ സ്ഥൂലശരീരം നഷ്ടപ്പെടുന്നു, സൂക്ഷ്മശരീരം നശിക്കുന്നില്ല. അനേകലക്ഷം വർഷങ്ങളായി ചിത്തം ജീവാത്മാവിനോടുകൂടെത്തന്നെ നിലകൊള്ളുകയാണ്. അതുകൊണ്ട് അതീതകാലത്തെ സ്മൃതിയും അതിനുണ്ടായിരിക്കും.

സംസാരണ മനുഷ്യനെ ഇതറിയാൻ നിവൃത്തിയില്ല. എന്നാൽ സംയമിയായ യോഗിക്ക് വർത്തമാനവസ്തുതയേപ്പോലെതന്നെ ഇവയെല്ലാം അറിയാൻ സാധിക്കുന്നതാണ്. ചില പ്രത്യേക സന്ദർഭങ്ങളിൽ സാധാരണക്കാർക്കും ഇതേപ്പറ്റി അതിസൂക്ഷ്മങ്ങളായ ചില അനുഭവങ്ങളും ഉണ്ടാകാറുണ്ട്. കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തിലെ ഒരു സന്ദർഭം ഇത്തരുണത്തിൽ ശ്രേയസ്കരമാണ്. ശകുന്തളാസമാഗമത്തിനുശേഷം അശ്രദ്ധമോപഗന്തത്തിൽനിന്നു കൊട്ടാരത്തിൽ എത്തുന്ന ദുഷ്യന്തൻ അന്തഃപുരനായികളുടെ മദകമധുരിമയിൽ മതിമയങ്ങി (അഥവാ ശാപമൂർച്ഛകൊണ്ടതന്നെയായിക്കൊള്ളട്ടെ) ആ ധർമ്മപ്രവണനായ രാജനിയെ (ശകുന്തളയെ) അപ്പാടെ വിസ്മരിക്കുകയാണ്. ആ സന്ദർഭത്തിൽ യദൃശ്ചയാ കേൾക്കാനിടയായ വസുമതിയുടെ സംഗീതമാധുരി അദ്ദേഹത്തിന്റെ "ഭവസ്ഥിരാണി ജനനാന്തരസൗഹൃദ"വീചികളെ ഇളക്കിമറിക്കുന്നതായി കവി പ്രസ്താവിക്കുന്നു.

അതീതവസ്തുകളെ യോഗി എങ്ങിനെ മനസ്സിലാക്കുന്നു എന്നു നാം പരിശോധിച്ചുകഴിഞ്ഞു. ഇനി അനാഗതകാര്യങ്ങളാണ്. അനാഗതങ്ങളും കാര്യപ്രപഞ്ചത്തിലാണ് നിലകൊള്ളുന്നത്. അവയുടെ കാരണങ്ങളാണ് ഭൂതകാലികവും വർത്തമാനകാലീനവുമായ നമ്മുടെ കർമ്മസമൂഹം. നാം ചെയ്യുന്ന കർമ്മങ്ങളെല്ലാംതന്നെ നമ്മുടെ ചിത്തത്തിൽ അങ്കിതമാവുന്നുണ്ട്. അവയിൽനിന്നും കാര്യകാരണബന്ധത്തിന്റെ നിഷ്കർഷപൂർവ്വമായ വിവേചനംകൊണ്ട് യോഗി ഭാവികാര്യങ്ങളെ സൂക്ഷ്മമായി മനസ്സിലാക്കുകയാണുചെയ്യുന്നത്.

ഇങ്ങനെ അനേകം വിഭൂതികളെപ്പറ്റി യോഗശാസ്ത്രത്തിൽ പറയുന്നുണ്ട്: വിസ്തരഭയത്താൽ അവയെല്ലാം ഇവിടെ ചേർക്കുക വിഷമമാണ്: എങ്കിലും പത്താമത്തെ വിഭൂതിയെപ്പറ്റി ഒന്നു ചുരുക്കിപ്പറയാമെന്നു വിചാരിക്കുന്നു.

'സൂര്യ'നിൽ സംയമംചെയ്യുന്നതുകൊണ്ടു ഭുവനജ്ഞാനം ഉണ്ടാകുമെന്നുള്ളതാണ് പത്താമത്തെ വിഭൂതി. നമ്മുടെ നക്ഷത്രലോകത്തിന്റെ മധ്യഭാഗത്തുകൂടി മസ്തിഷ്കത്തിലേക്കു കടക്കുന്ന നാഡിയെ സുഷുമ്ന എന്നോ, 'ധ്രുവ' എന്നോ പറയുന്നു. ഇതിനു സമീപത്തായി 'ഇഡ', 'പിംഗല' എന്നു രണ്ടു നാഡികൾകൂടിയുണ്ട്. യോഗശാസ്ത്രത്തിൽ ഇവയ്ക്ക് യഥാക്രമം, ധ്രുവ, ചന്ദ്ര, സൂര്യ എന്നാണ് സാങ്കേതികസംജ്ഞകൾ. സൂര്യനാഡിയിൽ സംയമംചെയ്യുന്നതുകൊണ്ടാണ് ഭുവനജ്ഞാനം ഉണ്ടാകുന്നത്.

മനുഷ്യന്റെ മസ്തിഷ്കത്തിലും ഹൃദയത്തിലുംനിന്നു ഒരുവശത്തുകൂടി Positive-ഉം മറുവശത്തുകൂടി Negative – വിദ്യുച്ഛക്തിയും പ്രവഹിച്ചുകൊണ്ടിരിക്കുന്നു. ഭൂമിയിലും സൂര്യനിലുമുള്ള വിദ്യുച്ഛക്തികളും (Positive & Negative) ശരീരത്തിലുള്ള വിദ്യുച്ഛക്തികളെ വലിച്ചെടുത്തുകൊണ്ടിരിക്കയാണ്. പ്രാണായാമം ചെയ്യുമ്പോൾ, രേചകവും വളരെനേരം നീണ്ടുനില്ക്കുന്ന ബാഹ്യകുംഭകവും ചെയ്യുന്നതോടുകൂടി ശരീരം നല്ലവണ്ണം വിയർക്കുന്നതിനിടയാകുന്നു. പലപ്രാവശ്യം രേചകകുംഭകങ്ങൾ ആവർത്തിക്കുമ്പോൾ രക്തം തിളയ്ക്കുന്ന ഒരു അനുഭൂതിയുണ്ടാവുക. മുഖം അരുണവർണ്ണംകൊണ്ട് അഗ്നിപോലെ ശോഭിക്കൽ തുടങ്ങുന്നു. ഹൃദയത്തിലും മസ്തിഷ്കത്തിലും വിദ്യുത്തിന്റെ വേഗം വളരെ വർദ്ധിക്കുന്നു. സുഷുമ്നാനാഡിയുടെ താഴത്തെ അഗ്രം മൂലാധാരമാണ്, അതു് പൃഥ്വിതത്ത്വനീയവുമാണ്. അവിടെനിന്നാണ് ഇഡയും പിംഗലയും (ചന്ദ്രനാഡിയും സൂര്യനാഡിയും) മസ്തിഷ്കത്തിലേക്കുപോകുന്നത്. ഇവയുടെ മുകളിലത്തെഭാഗം "ബ്രഹ്മരന്ധ്രം" എന്നു പറയപ്പെടുന്നു. യോഗിക്ക് പ്രാണായാമപരം "സുഷുമ്ന"യിൽനിന്നും വിദ്യുച്ഛക്തി സംഗ്രഹിക്കാൻകഴിയും. രേചകപൂരകങ്ങളുടെ അനുഷ്ഠാനംകൊണ്ട് ഈ വിദ്യുച്ഛക്തിയിൽ ഒരുതരം വേഗം സംഭവിക്കുകയും അപ്പോൾ കുണ്ഡലനീമണ്ഡലത്തെ അഭ്യാസംവഴിയായി യോഗി വിദ്യുച്ഛക്തിയെ ബ്രഹ്മരന്ധ്രത്തിലേക്കു പ്രവഹിപ്പിക്കുകയും ചെയ്യുന്നു. ഈ സമയത്തു ശരീരത്തിലുള്ള ഏതെങ്കിലും ഭാഗത്തിൽക്കൂടി വിദ്യുച്ഛക്തി ബഹിർഗ്ഗമിക്കാതിരിക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അതുകൊണ്ടാണ് ഗീത പറയുന്നത്,

സർവ്വദ്വാരാണി സംയമ്യ
മനോ ഹൃദിനിരുധ്യച
മൂർധ്ന്യാധായാത്മനഃ പ്രാണ–
മാസ്ഥിതോ യോഗധാരണാം.
(ഗീത 8-12)

സൂര്യ, ചന്ദ്ര, ധ്രുവ നാഡികളുടെ ബാഹ്യദ്വാരങ്ങൾ നിരോധിക്കപ്പെടുമ്പോൾ വിദ്യുച്ഛക്തിയുടെ ബഹിർഗ്ഗമനവും നിരോധിക്കപ്പെടുന്നു. ബഹിർഗ്ഗമിക്കാത്ത വിദ്യുച്ഛക്തി നാഡികളിലും ശരീരാന്തർഭാഗത്തും ചുറ്റിത്തിരിഞ്ഞു വിശ്വവ്യാപിയായ വിദ്യുച്ഛക്തിയുമായി സംയോജിക്കുന്നു.

ഇങ്ങനെ അനന്തരങ്ങളായ പരോക്ഷക്രിയകളെ ശരിക്കു മനസ്സിലാക്കുവാൻകഴിയുന്നു. ആ ക്രിയകളോടുകൂടി യോഗി ധാരണാധ്യാനസമാധികളിൽനിന്നു സമ്പാദിച്ച ശക്തികൂടി

ലഭ്യമാരത്തോടുത്തുവന്നു മുട്ടിയിട്ടുമ്പോൾ അവിടെ ചൊറിച്ചിൽഉണ്ടാകും. കുഞ്ഞുങ്ങൾ കൈകൊണ്ട് അവിടം ചൊറിഞ്ഞശേഷം അറിയാതെ കൈ വായിലിടുകയും ചെയ്യുന്നതുമൂലം മുട്ടകൾ വീണ്ടും ശരീരത്തിൽ പ്രവേശിക്കുന്നു. പട്ടികൾ കുട്ടികളുടെ കൈകൾ നക്കാൻ അനുവദിക്കരുതു്.

മറ്റുരോഗാണുക്കളെ പരത്തുന്നതു കൊതുകുകടിയുകൊണ്ട് അവയുടെ വളർച്ചയെ തടയുന്നതു നന്നായിരിക്കും. മാർഗ്ഗകൊതുകുകളിൽനിന്നു് വിഭിന്നമായി ഇവ മുട്ടയിടുന്നതു് വെള്ളത്തിലുള്ള ഒരു ചെടി(Pistia)യുടെ ഇലയുടെ അടിയിലാണ്. ആ ചെടികൾ മാറുന്നതു് ഇവയുടെ വ്യാപകനിവാരണത്തിനു സഹായിച്ചേക്കും.

* രമ്യാണി വീക്ഷ്യമധുരാംശ്ചനിശ–
[മ്യശബ്ദാൻ
പര്യുത്സുകീഭവതി യത്സുഖിതോഽ
[പിജന്തുഃ
തച്ചേതസാസ്മരതി നൂനമബോധ–
[പൂർവം
ഭാവസ്ഥിരാണി ജനനാന്തരസൗ–
[ഹൃദാനി.
(അഭിജ്ഞാനശാകുന്തളം അങ്കം 5)

ഉപയോഗിക്കുമ്പോൾ കാര്യത്തിൽ ഏറ്റവും സുഗമതയും ഉണ്ടാകുന്നതാണ്. സൂചനാഡിയിൽ സംയമംചെയ്യുന്നതുകൊണ്ടു യോഗിക്കു പരോക്ഷാനുഭൂതി ഉണ്ടാകുന്ന മാറ്റങ്ങളാണ് മേൽ വിവരിച്ചതു്.

ചിത്തവൃത്തികളുടെ നിരോധനം

ചിത്തവൃത്തികളുടെ ഏകാഗ്രത കൊണ്ടു് മനസ്സും ഇന്ദ്രിയങ്ങളും യോഗിക്കു വശഗതങ്ങളാകുന്നു. അപ്പോൾ അവയുടെ വ്യാപാരങ്ങളെ നിരോധിച്ചു് ജാഗ്രദവസ്ഥയെ സുഷുപ്ത്യവസ്ഥപോലെയാക്കിത്തീർക്കാൻ വിഷമമുണ്ടായിരുന്നില്ല. ഇപ്രകാരം മനസ്സിന്റെയും ഇന്ദ്രിയങ്ങളുടേയും വ്യാപാരങ്ങളും നിലയ്ക്കുമ്പോൾ ആത്മാവിന്റെ ബഹിർമുഖവീര്യവ്യാപാരവും നിന്നുപോകുന്നു. നേരത്തേ പറഞ്ഞിട്ടുള്ള ബഹിർമുഖീവൃത്തി നിലയ്ക്കുമ്പോൾ അന്തർമുഖീവൃത്തി ഉണർന്നു പ്രവർത്തനം ആരംഭിക്കുമെന്നു്. അന്തർമുഖീവൃത്തി ജാഗ്രതമാകുകയാണു യഥാർത്ഥത്തിൽ ചിത്തവൃത്തിനിരോധനത്തിന്റെ പരമപ്രയോജനം. അന്തർമുഖീവൃത്തി ജാഗ്രതമാകുമ്പോൾ ചിത്തവൃത്തിനിരോധനം സാധിച്ചു എന്നു മനസ്സിലാക്കിക്കൊള്ളണം.

ചിത്തവൃത്തിനിരോധനത്തിന്റെ ഉപാധികൾ

ചിത്തവൃത്തികൾ അഞ്ചാണു്

1) സ്മൃതി—ആസനം, പ്രാണായാമാഭ്യാസം ഇവകൊണ്ടു് സ്മൃതിവൃത്തിയെ നിരോധിക്കണം.

2) നിദ്ര—പ്രത്യാഹാരം, ധാരണ ഇവകളുടെ അഭ്യാസംകൊണ്ടു് നിദ്രാവൃത്തിയെത്തടയണം.

3) വികല്പം—ധ്യാനംകൊണ്ടു്.

4) വിപര്യയം—ഇതിനെ സമാധികൊണ്ടു നിരോധിക്കാവുന്നതാണു്.

5) പ്രമാണം—മറ്റു നാലുവൃത്തികളും നിരോധിക്കപ്പെടുമ്പോൾ പ്രമാണവൃത്തി സ്വയം നിരുദ്ധമായിക്കൊള്ളും.

വൃത്തിനിരോധനത്തിന്റെ പ്രഭാവം

സ്മൃതിവൃത്തി നിരോധനംകൊണ്ടു് അന്നമയകോശത്തിന്റെ ആവരണം നിർബ്ബാധമായിത്തീരുന്നതാണു്. നിദ്രാവൃത്തി നിരോധനംകൊണ്ടു പ്രാണമയകോശം ദോഷരഹിതമായിത്തീരുന്നു. വികൽപ്പവൃത്തിയെ നിരോധിക്കുന്നതുകൊണ്ടു് മനോമയകോശവും വിപര്യയനിരോധനംകൊണ്ടു് വിജ്ഞാനമയശരീരവും പരിശുദ്ധമായിത്തീരുന്നു. ഇനിയും ഒന്നു ശേഷിക്കുന്നതു് ആനന്ദമയകോശമാണു്. അതു ദേഹാവസാനത്തോടുകൂടിമാത്രം വിട്ടുപോകുന്നതുമാണു്.

മേൽ പറഞ്ഞപ്രകാരം വൃത്തിനിരോധനം സാധിതപ്രായമായിത്തീരുന്നതിനേടുകൂടി അടിയിൽപറയുന്ന അവസ്ഥകളിൽ യോഗിക്കു് അധികാരം സമ്പാദിക്കണം.

1) പ്രാണായാമംകൊണ്ടു് ജാഗ്രതാവസ്ഥ.

2) പ്രത്യാഹാരംകൊണ്ടു് സ്വപ്നാവസ്ഥ.

3) ധാരണയാൽ സുഷുപ്താവസ്ഥ.

4) ധ്യാനംകൊണ്ടു് മൂർച്ചാവസ്ഥ.

5) സമാധികൊണ്ടു് മൃത്യു.

(തുടരും)

കുന്നൂരിലെ ഇൻഫ്ളുവൻസാ ഗവേഷണകേന്ദ്രം

ലോകത്തിലെ ഏറ്റവും നിഷ്ഠുരനായ ഒരു കൊലപാതകിയാണു് ഇൻഫ്ളുവൻസാ. വൈദ്യശാസ്ത്രഗവേഷകന്മാരുടെ ഭ്രമക്കണ്ണാടിക്കുള്ളിൽ കുടുങ്ങുന്നതുവരെ അവൻ കുറഞ്ഞപക്ഷം ഒരു തലമുറയിൽ ഒരു പ്രാവശ്യമെങ്കിലും ലോകമൊട്ടുക്കു് ഒരു സംഹാരജൈത്രയാത്ര നടത്താതിരിക്കയില്ല. കഴിഞ്ഞ രണ്ടുകൊല്ലത്തിനുള്ളിൽ കുന്നൂരിലെ പാസ്ചർ ഇൻസ്റ്റിറ്റ്യൂട്ട് ഇൻഫ്ളുവൻസാവിഷാണുവിനെ തരംതിരിക്കുന്നതിനു് ലോകാരോഗ്യസംഘടന ഏർപ്പെടുത്തിയ ലോകവ്യാപകപരിപാടിയുടെ ഒരു പ്രധാന കണ്ണിയായിത്തീർന്നിട്ടുണ്ടു്.

ഗവേഷണകേന്ദ്രം

ലോകാരോഗ്യസംഘടനയുടെ ആവശ്യപ്രകാരം പാസ്ചർ ഇൻസ്റ്റിറ്റ്യൂട്ടിൽ ഡാ: ഐ. ജി. കെ. മേനോന്റെ നേതൃത്വത്തിൽ ഒരു ഇൻഫ്ളുവൻസാകേന്ദ്രം സ്ഥാപിതമായി. ഡാ: മേനോനെ സഹായിക്കുന്നതിനു് മൂന്നു മെഡിക്കൽ ആഫീസർമാർകൂടി ഉണ്ടു്. ഇന്ത്യയിൽ ഇൻഫ്ളുവൻസായെപ്പറ്റി ആദ്യമായി കാര്യമായ പഠനം നടത്തുന്നതു് ഡാ: മേനോനാണു്. കേന്ദ്രം പ്രവർത്തനം തുടങ്ങി ഏതാനുമാസങ്ങൾകഴിഞ്ഞിൽ — 1950 ആഗസ്സു്-ആയപ്പോഴേക്കു്—ഡാ: മേനോൻ ഒരു പുതിയതരം വിഷാണുവിനെ (Virus) വേർതിരിച്ചെടുത്തു. അദ്ദേഹം പതിവുപോലെ തന്റെ അപഗ്രഥനവും മാതൃകയും ലണ്ടനിലെ ലോകാരോഗ്യസംഘടനയുടെ മുഖ്യസ്ഥാനത്തേയ്ക്കയച്ചുകൊടുത്തു.

ഒരു പുതിയ സിദ്ധാന്തം

അദ്ദേഹം അയച്ച മാതൃക, ഇൻഫ്ളുവൻസായെപ്പറ്റി പ്രധാനപ്പെട്ട ചില അറിവുകൾ നേടാൻ സഹായിച്ചു. ആ കൊല്ലം ജൂണിൽ ആസ്ത്രേലിയയിലെ ഒരു ഇൻഫ്ളുവൻസാകേന്ദ്രം ഒരുതരം വിഷാണുവിനെ വേർതിരിച്ചെടുത്തു ലണ്ടനിലേക്കയച്ചിരുന്നു. 1950 ഡിസംബറിലും 1951 ജനുവരിയിലും ലിവർപൂൾ (ഇംഗ്ലണ്ടു്) ഇൻഫ്ളുവൻസാപകർച്ചയുണ്ടായി. ലണ്ടനിൽ തരംതിരിച്ചെടുത്തിനേക്കിയപ്പോൾ ആസ്ത്രേലിയയിലെയും ഇന്ത്യയിലെയും ലിവർപൂളിലെയും വിഷാണുക്കൾ ഒരു തരംതന്നെയെന്നു കണ്ടു.

ഇതു് ഒരുപ്രകാരത്തിലും അവിതർക്കിതമെന്നു തെളിവില്ല. എങ്കിലും ഈ പുതിയതരം വിഷാണു വിട്ടറുപൂർവ്വദേശത്തു ആരംഭിച്ചു പടിഞ്ഞാറോട്ടു പ്രയാണംചെയ്തു എന്നുഹിക്കാം.

വിധംമാറാത്ത വിഷാണുക്കൾ

പാസ്ചർഇൻസ്റ്റിറ്റ്യൂട്ട് ഇൻഫ്ളുവൻസാകേന്ദ്രത്തിലെപ്രധാനപ്രവർത്തനം അടുവച്ച മുട്ടകളിൽ ഇൻഫ്ളുവൻസാവിഷാണുക്കളെ കുത്തിവെച്ചു വളർത്തുകയുടെ വിവിധ ഘട്ടങ്ങളിൽ അവയെ പരിശോധിക്കുകയും, അപഗ്രഥിക്കുകയും, അറിയപ്പെട്ട മാതൃകാതരങ്ങളുമായി താരതമ്യപ്പെടുത്തുകയും പരീക്ഷണഫലങ്ങൾ ലണ്ടനിലേയ്ക്കയയ്ക്കുകയുമാണു്.

ഇൻഫ്ളുവൻസാ നിയന്ത്രണത്തിൽ നേരിടേണ്ടിവന്നിരുന്ന ഒരു പ്രധാനപ്രശ്നം, അതിന്റെ വിഷാണുസ്വഭാവികാലഭേദമനുസരിച്ചു വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുമെന്നതത്രെ. ഇക്കൊല്ലം ഇന്ത്യയിൽ ഇൻഫ്ളുവൻസാബാധയുണ്ടാക്കിയ വിഷാണുവിൽനിന്നു് ഉല്പാദിപ്പിച്ച വാക്സിൻ അടുത്തകൊല്ലം ഇന്ത്യയിലുണ്ടാകുന്ന ഇൻഫ്ളുവൻസാബാധ തടയാൻ പര്യാപ്തമല്ല. ഒരു പ്രത്യേകതരം വിഷാണുവിൽനിന്നു വാക്സിൻ ഉണ്ടാക്കുവാൻ ഒരു മാസത്തോളം വേണ്ടിവരുന്നതുകൊണ്ടു ഒരിടത്തു ഇൻഫ്ളുവൻസാബാധയുണ്ടാകുമ്പോൾ തൽക്കാലാവശ്യത്തിനു വേണ്ടത്ര വാക്സിൻ ഉണ്ടായിരിക്കയില്ല.

അതിനാൽ ഒരു പ്രത്യേകതരം വിഷാണു എവിടെ ഉത്ഭവിക്കുന്നു എന്നും അതു് ഏതു മാർഗ്ഗേണ ലോകം ചുറ്റുന്നുവെന്നും മനസ്സിലാക്കുക, ഇൻഫ്ളുവൻസാനിയന്ത്രണം സംബന്ധിച്ചേടത്തോളം വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണു്.

1918-ൽ ഇന്ത്യയിൽതന്നെ ഇൻഫ്ളുവൻസാമൂലം 70 ലക്ഷംപേർ മരിച്ചു. അതിനുശേഷം ഡാക്ടർമാർ ഇൻഫ്ളുവൻസാ വിഷാണു വേർതിരിച്ചെടുക്കുന്നതിനും ഫലപ്രദമായ വാക്സിൻ നിർമ്മിക്കുന്നതിനും ഉഴപരിശ്രമിച്ചുവരുന്നു. ആദ്യമായി ഇൻഫ്ളുവൻസാ വിഷാണുവിനെ വേർതിരിച്ചെടുത്തതു് 1933-ലാണു്.

കർക്കിലാശാലയ്ക്കു് ബ്രിട്ടീഷ് എൻജിനീയർ

ഉത്തരപ്രദേശത്തിലെ കർക്കി സർവകലാശാലയിൽ ഏലക്ട്രിക്കൽ എൻജിനീയറിംഗ് പ്രൊഫസറുദ്യോഗം വഹിക്കുന്നതിനു് മി: കെന്നത്തു് ആസ്റ്റൺ ഇന്ത്യയിലേക്കു തിരിച്ചിരിക്കുന്നു. ഇന്ത്യാഗവർമ്മെന്റിന്റെ അഭ്യർത്ഥനയനുസരിച്ച മി. ആസ്റ്റന്റെ സേവനം ബ്രിട്ടീഷ് ഗവർമ്മെന്റു് രണ്ടുകൊല്ലത്തേയ്ക്കു വിട്ടുകൊടുത്തിരിക്കയാണു്. കൊളമ്പു പ്ലാങ്കേതികസഹായപദ്ധതി ബ്യൂറോയുടെ ഉപദേശകരിൽ ഒരുവനാണു് ഈ പുതിയ നിയമനത്തിനടിസ്ഥാനം.

മി. ആസ്റ്റൺ ഇന്ത്യയിൽ വളരെക്കാലം ചെലവിട്ടിട്ടുണ്ടു്. 1935 മുതൽ 1943 വരെ അദ്ദേഹം ബാംഗ്ലൂരിലെ ഇന്ത്യൻ സയൻസു് ഇൻസ്റ്റിറ്റ്യൂട്ടിൽ ഏലക്ട്രിക്കൽ ടെക്നോളജിയുടെ മേധാവിയായിരുന്നു. പുതിയ ഹൈവോൾട്ടേജു് ഗവേഷണശാലയുടെ സ്ഥാപനത്തിനു് അദ്ദേഹം 1947-ൽ വീണ്ടും ബാംഗ്ലൂരിലെത്തി മൂന്നുകൊല്ലം സേവനമനുഷ്ഠിച്ചു.

മി: ആസ്റ്റൺ ഗവേഷണസംബന്ധമായ പല പ്രബന്ധങ്ങളും തയാറാക്കിയിട്ടുള്ളതു കൂടാതെ ഏലക്ട്രിക്കൽ ടെക്നോളജിയെക്കുറിച്ചു് പല പുസ്തകങ്ങളും രചിച്ചിട്ടുണ്ടു്.

ചിത്രജാതകം

തനിയേതന്നെ ജാതകഫലങ്ങളും നോക്കി അറിയുന്നതിനു സൗകര്യപ്രദമായവിധത്തിൽ തയാറാക്കിയിരിക്കുന്ന ഒരു ജ്യോതിഷഗ്രന്ഥം. ഇതിൽ 132 ചിത്രങ്ങളും, അതതു ചിത്രത്തിന്റെ ഫലങ്ങളും ലളിതമായ മലയാളത്തിൽ വിവരിച്ചിട്ടുണ്ടു്.

വില രൂ: 1.

മാനേജർ,
ശ്രീരാമവിലാസംപ്രസ്സു്, കൊല്ലം.



കുട്ടിച്ചേച്ചിയുടെ കത്ത്

ചേച്ചിയുടെ ഏറ്റവും പ്രിയപ്പെട്ട സോദരരെ,

ഇതാ വീണ്ടും പത്രാധിപർ അവലാതിപ്പെടുന്നു—ചേച്ചിയുടെ കൊച്ചനുജന്മങ്ങൾക്കും അനുജത്തിമാർക്കും കൈരളീബാലസമിതി—നമ്മുടെ സമിതിയുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഉത്സാഹം കുറഞ്ഞിരിക്കുന്നുവെന്നു! ഇതെന്താണിതു"? "ആരംഭശൂരാ ഖലു കേരളീയാഃ" എന്നുള്ള ഒരു പഴയചൊല്ല് വസ്തുവാണെന്നുവരുത്താൻ നിങ്ങളും പങ്കാളികളായോ? ഛെയ്! അതൊരിക്കലും പാടില്ല. ചേച്ചിയുടെ പൊന്നനുജന്മങ്ങളും അനുജത്തിമാരുമല്ലേ ഭാവിയിൽ നമ്മുടെ ഭാരതമാതാവിന്റെ ഉത്തമസന്താനങ്ങളായ നമ്മുടെ രംഗപ്രവേശിതാവായിരുന്ന ബാപ്പുജിയുടേയും, ഇന്നത്തെ അഭിവന്ദ്യനേതാവും മുഖ്യമന്ത്രിയുമായ കുട്ടികളുടെ ജവഹർലാലിന്റെയും, 'ഇന്ത്യയിലെനൈറ്റിംഗെയിൽ' (ഏറ്റവും മധുരമായി പാടുന്ന ഒരു പക്ഷി) എന്ന പേരിൽ ലോകപ്രസിദ്ധിയാർജ്ജിച്ച, ഇന്ത്യയിലെന്നല്ല, ലോകത്തിലെ ഒന്നാമത്തെ വനിതാഗവർണരായിരുന്ന ശ്രീമതി സരോജിനീദേവിയുടെയുമൊക്കെ നമ്മുടെ രാജ്യത്തിന്റെ അഭിമാനസ്തംഭങ്ങളായ മഹാന്മാരുടേയും മഹതികളുടെയും സ്ഥാനങ്ങളും വഹിക്കാനുള്ളവർ? അങ്ങിനെയിരിക്കെ, നിങ്ങളും ഇപ്പകരം അലസരായാൽ പറയുമോ? "ചെറുപ്പകാലങ്ങളിലുള്ളശീലം മറക്കുമോ മനുഷ്യനുള്ളകാലം" എന്നല്ലേ ആപ്തവാക്യം. ബാല്യകാലംമുതൽതന്നെ സ്ഥിരോത്സാഹശീലം പരിശീലിച്ചുവന്നാലല്ലേ പ്രായം ചെല്ലുമ്പോൾ സ്ഥിരചിത്തതയോടും ഉത്സാഹത്തോടുംകൂടി ഭാരമേറിയ ചുമതലകൾ നിർവ്വഹിക്കുവാനാകയുള്ളൂ നിങ്ങളുടെ വാത്സല്യഭാജനമായ കുട്ടിച്ചേച്ചി അത്യുത്സാഹത്തോടുകൂടി കത്തിരിക്കുകയാണ്—ചേച്ചിയുടെ പൊന്നനുജന്മങ്ങളിൽ ആറാട്ടുപുഴമാണ് വല്ലതാകുമ്പോൾ ബാബുരാജേന്ദ്രപ്രസാദിന്റെ സ്ഥാനത്തു് അദ്ധ്യക്ഷനും, ഡോ: രാധാകൃഷ്ണന്റെ സ്ഥാനത്തു് ഉപാധ്യക്ഷനും, ഇന്ത്യാഗവർമ്മെന്റിന്റെ പ്രധാനമന്ത്രിയും മറ്റുംമറ്റുമാകുന്നതെന്നു്. ആ കാലംവരെ കുട്ടിച്ചേച്ചി ജീവിച്ചിരിക്കയാണെങ്കിൽ ഹാ! കുട്ടിച്ചേച്ചി പരമാനന്ദഭരിതയായിത്തീരുകയില്ലേ? പക്ഷെ, ആ കാലംവരെ ചേച്ചിക്കു് ആയുസ്സുണ്ടാകുമോ എന്നാണു സംശയം. ആ പരമാനന്ദമനുഭവിക്കുവാനുള്ള ഭാഗ്യം ഈ സംശുദ്ധചേച്ചിക്കുണ്ടാകയില്ല. അതുകൊണ്ടു ചേച്ചിയെ പൊന്നനുജന്മാരുടെ വാത്സല്യത്തിൽ സ്നേഹമുണ്ടെങ്കിൽ നിങ്ങളും ചെയ്യേണ്ടതു് നിങ്ങളുടെ ഭാവി ചേച്ചി ആശിക്കുന്നതുപോലെതന്നെയാകുമെന്നു സമാശ്വസിക്കത്തക്ക ഒരു നിലവരുത്തുന്നതിനു നിങ്ങളെല്ലാവരും ഇപ്പോൾതന്നെ നല്ലനല്ല കാര്യങ്ങളിൽ സ്ഥിരോത്സാഹം പ്രദർശിപ്പിക്കയാണാവശ്യം. ചേച്ചിയുടെ വാത്സല്യഭോജനങ്ങളായ കൊച്ചനുജത്തിമാരേ അനുജന്മാരേ, നിങ്ങളും ചേച്ചിയെ ഉള്ളഴിഞ്ഞു് സ്നേഹിക്കുന്നുണ്ടു്, ഇല്ലേ? "ഉവ്വു്" എങ്കിൽ ചേച്ചിയുടെ ആശ സഫലീകൃതമാക്കിത്തരുവാൻ നിങ്ങളും ശ്രമിക്കുമെന്നു സമാശ്വസിക്കാം.

* * *

കൊച്ചുദിവസങ്ങൾക്കുമുമ്പു് ചേച്ചി ഒരു കത്തെഴുതിത്തുടങ്ങിയതാണു്. ജോലിത്തിരക്കുകാരണം അതു മുഴുമിക്കുവാൻ സാധിച്ചില്ല. കത്തിലെ ഴുതാൻ ഉദ്ദേശിച്ച ഉള്ളടക്കം നിങ്ങളെപ്പോലുള്ള കുറെ പിഞ്ചുകുട്ടികൾക്കു് നേരിട്ട അത്യാഹിതത്തെപ്പറ്റി പത്രങ്ങളിലുണ്ടായിരുന്ന റിപ്പോർട്ടു്. ഇതുമെഴുതിയപ്പോഴേയ്ക്കുതന്നെ ചേച്ചിയുടെ നെഞ്ചുരുകുന്നു. നിങ്ങളെപ്പോലെതന്നെ ഗൃഹത്തിൽനിന്നു വാത്സല്യഭാജനമായ അച്ഛനമ്മമാരുടെ ലാളനയനുഭവിച്ചും, അവരോടു് അണ, പൈസ്സൽ, പുസ്തകം, സ്ലൈഡ്, പീപ്പി, പന്തു് തുടങ്ങിയ ആവശ്യവും അനാവശ്യവുമായ സാധനങ്ങൾക്കു വാശിചിടിച്ചും, പള്ളിക്കൂടത്തിലേയ്ക്കുപോയ ചെറുകുട്ടികളിൽ കുറേപ്പേർ സ്ക്കൂൾ കെട്ടിടത്തിന്റെ ചുമർവീണു് മരണമടഞ്ഞുവെന്ന വാർത്തയെപ്പറ്റിയാണു് ചേച്ചി എഴുതുവാൻതുടങ്ങിയതു്. ആ കുഞ്ഞുകുട്ടികളുടെ ദയനീയനിലയെപ്പറ്റി പത്രങ്ങളിലുണ്ടായിരുന്ന റിപ്പോർട്ടു വായിച്ചുകഴിഞ്ഞപ്പോൾ ഹൃദയംകരയുന്നെന്നിരിക്കെ ആ സംഭവം നടന്നസ്ഥലത്തുപോയിരുന്നെങ്കിൽ കാണുമായിരുന്ന ഭയങ്കരകാഴ്ച എന്തായിരിക്കും. മണ്ണിനടിയിൽപെട്ടു് അവയവങ്ങളും ചതഞ്ഞും മുറിഞ്ഞുമുള്ള പിഞ്ചുപൈതങ്ങളും, തലയ്ക്കു് മുറിവും ചതവുംപറ്റി ഒരു മനുഷ്യരൂപമായിത്തിന്നിട്ടുള്ള മുഴം മുട്ടം വയസ്സുമാത്രം പ്രായംചെന്ന കൊച്ചുസോദരങ്ങളും—അയ്യോ! ചേച്ചിക്കു് ആലോചിക്കാൻവയ്യ. ചില കുട്ടികളും ഉച്ചയൂണ്ണാൻ ചോറു പൊതികെട്ടിക്കൊണ്ടുവന്നിരുന്നതു് അതേപടി കയ്യിൽ മുറുകിപ്പിടിച്ചുകൊണ്ടു് മണ്ണിനടിയിൽ മരിച്ചുകിടക്കുന്ന കാഴ്ച ആരുടെയാണു് ഹൃദയം ഭേദിക്കാതിരിക്കുക! ഇതുപോലെയുള്ള ദാരുണസംഭവങ്ങൾ ഇനിയെങ്കിലും സംഭവിക്കാതിരിക്കട്ടെ എന്നു പ്രാർത്ഥിക്കുവാൻമാത്രമേ ചേച്ചിക്കിപ്പോൾ തോന്നുന്നുള്ളൂ.

കൊല്ലത്തെ ചിത്രകലാപ്രദർശനം

കൊല്ലത്തുവെച്ചു് ഈ ആഴ്ചയിൽ ഒരു കുട്ടികളുടെ ചിത്രകലാപ്രദർശനം നടക്കുകയുണ്ടായല്ലോ. കുട്ടിച്ചേച്ചിയുടെ കൊച്ചുസോദരരിൽ ആരെല്ലാമാണു് ആ പ്രദർശനത്തിൽ പ്രദർശിപ്പിക്കുവാൻ ചിത്രങ്ങൾ അയച്ചിട്ടുള്ളതെന്നറിവാൻ ചേച്ചിക്കതിയായ ആഗ്രഹമുണ്ടു്. ഈ പ്രദർശനം ദർശിക്കുവാൻ നിങ്ങളിൽ കഴിവുള്ളവർ പോയിരിക്കും. ചേച്ചിക്കും കണ്ടാൽ കൊള്ളാമെന്നുണ്ടായിരുന്നു. പക്ഷേ ജോലിത്തിരക്കുകാരണം സൌകര്യപ്പെട്ടില്ല. എന്നാൽ ഒരുകാര്യം ഞാനുമേ. ഇതിനുമുമ്പൊരിക്കൽ ചേച്ചിയുടെ ഒരു കൊച്ചനുജത്തി ശ്രീനാരായണധർമ്മപരിപാലനസംഘത്തിന്റെ ജൂബിലിപ്രമാണിച്ചു കൂപ്പെട്ടത്തായിരുന്ന അഖിലഭാരതപ്രദർശനത്തെ വിവരിച്ചുകൊണ്ടു് ഒരു കത്തെഴുതിയയച്ചു് നിങ്ങളെല്ലാവരും വായിച്ചിരിക്കും. ആ അനുജത്തിയെ ആ വിവരണം നൽകിയതിനു് അനുമോദിക്കുന്നതോടൊപ്പം ഈ കുട്ടികളുടെ ചിത്രകലാപ്രദർശനം സന്ദർശിക്കുവാൻ ഭാഗ്യംസിദ്ധിക്കുന്ന കൊച്ചനുജന്മാരോ അനുജത്തിമാരോ അതേപോലെയുള്ള ഒരു വിവരണമടങ്ങിയകത്തു് മലയാളരാജ്യത്തിലേക്കയച്ചുകൊള്ളുമെന്നു ചേച്ചി അപേക്ഷിക്കുന്നു. നിങ്ങളുടെ ചിത്രീകരണം വിശദമാണെങ്കിൽ ചേച്ചിക്കെന്നല്ല അതു വായിക്കുന്നവർക്കെല്ലാം പ്രദർശനം കണ്ടതുപോലെയുള്ള ഒരു അനുഭൂതിയുണ്ടാകുന്നിടയുണ്ടു്.

ബാലപംക്തിയിലെ ചെറുകഥകളും മറ്റു ലേഖനങ്ങളും

ചേച്ചിയുടെപൊന്നോമനസോദരർ ബാലപംക്തിയിലെഴുതുന്ന കഥകളും ചേച്ചി എത്ര ആനന്ദത്തോടുകൂടിയാണു് വായിക്കാറുള്ളതെന്നോ? അവയിൽ ചില കഥകളും ഇതരഭാഷകളിൽനിന്നു തർജ്ജമചെയ്തവയും ചിലവയുടെ ആശയം മറ്റു പുസ്തകങ്ങളിൽനിന്നു പകർത്തിയവയുമാണെന്നു കാണുന്നു. സ്വന്തമായി ഉണ്ടാക്കപ്പെട്ട കഥകളും ഉൽപ്പത്തിയായി കാണാറുണ്ടു്. തർജ്ജമചെയ്യുന്നതുകൊണ്ടോ ആശയംപകർത്തി സ്വന്തംഭാഷയിലെഴുതുന്നതുകൊണ്ടോ യാതൊരുവിരോധവുമില്ല. ഇങ്ങിനെ എഴുതി ശീലിച്ചാൽ കുറേക്കാലംകഴിയുമ്പോൾ—പ്രായമാകുമ്പോൾ സ്വനിർമ്മിതങ്ങളായ കഥകളും എഴുതുവാൻ നിങ്ങൾക്കു സഹായകമായിത്തീരും. എന്നിക്കൊരുസംശയത്തിൽമാത്രമേ നിർബ്ബന്ധമുള്ളൂ. രസപ്രദവും സരോപദേശങ്ങളടങ്ങിയ കഥകളുമായിരിക്കണം എഴുതുന്നതു്. ഉദാഹരണമായി ജൂൺ 29-നു-യിലെ ആഴ്ചപ്പതിപ്പിലെ ബാലപംക്തിയിലെ അരവിന്ദാക്ഷന്റെ കൃഷ്ണസർപ്പവും, അംബുജാക്ഷിയുടെ സുന്ദരിയാവും ശങ്കരനാരായണൻപോറ്റിയുടെ തർജ്ജമയും എത്ര നല്ല പാഠങ്ങളാണു് നമ്മെ പഠിപ്പിക്കുന്നതു്.

എന്നാൽ ചെറുകഥകൾകൊണ്ടു മാത്രം നിങ്ങൾ തൃപ്തിപ്പെടരുതു്. രാമൻപിള്ളയുടെ 'ഫാണ്ടൻപേന'യെപ്പോലെയുള്ള വിജ്ഞാനവർദ്ധനവിനു തകുന്ന ഉപന്യാസങ്ങളും ധാരാളമെഴുതണം.

ശരിയാണു് കൊച്ചനുജത്തി മല്ലികാമണി, കന്യാകുമാരി കാണേണ്ട ഒരു സ്ഥലംതന്നെയാണു്. പ്രത്യേകിച്ചു് അവിടെനിന്നു ഒരേസമയത്തു കാണാവുന്ന സൂര്യാസ്തമനവും, ചന്ദ്രോദയവും ലോകത്തിൽ മറ്റൊരിടത്തും ഇതു മനോഹരമായരീതിയിൽ കാണുവാൻ സാധിക്കയില്ല. ലളിതയുടെ ലേഖനങ്ങൾപോലെ വിശേഷപ്പെട്ട സ്ഥലങ്ങളെപ്പറ്റിയുള്ള വിവരണങ്ങളും എഴുതുവാൻ സഹോദരീസഹോദരന്മാർ ശ്രമിക്കണം. അവയെഴുതുമ്പോൾ "ഹാ! ഞാൻ ഇന്ന സ്ഥ

ലം കണ്ടുവല്ലോ എന്ന കൃതാർത്ഥത എഴുന്നകുട്ടിക്കും, വായിക്കുന്നവക്ക് അനുഭവങ്ങളും കാണുവാനുള്ള ഉത്തേജനവും ഉണ്ടാകും. കുട്ടിച്ചേച്ചി വളരെയധികം സ്ഥലങ്ങളും സന്ദർശിച്ചിട്ടുണ്ട്. ഗോകർണ്ണംമുതൽ കന്യാകുമാരിവരെ നിണ്ടുകിടക്കുന്ന കേരളത്തിന്റെ നാനാഭാഗങ്ങളിലും സ്ഥിതിചെയ്യുന്ന പ്രകൃതിരമണീയങ്ങളായ പലപ്രദേശങ്ങളും, പല പുണ്യക്ഷേത്രങ്ങളും സന്ദർശിക്കുവാനുള്ള ഭാഗ്യം ചേച്ചിക്കുണ്ടായിട്ടുണ്ട്. കന്യാകുമാരി, ശുചീന്ദ്രം, പദ്മനാഭപുരം, തിരുവനന്തപുരം, വക്കല, കൊല്ലം, കോട്ടയം, ആലപ്പുഴ അമ്പലപ്പുഴ തുടങ്ങി തിരുവിതാംകൂറിലെ പ്രധാന സ്ഥലങ്ങളും, അവിടങ്ങളിലുള്ള ക്ഷേത്രങ്ങളും, ഇരുമ്പയർ, തൃച്ചൂർ, ചേറ്റാനിക്കര, കൂടൽമാണിക്യം കൊടുങ്ങല്ലൂർ, തൃപ്പുണിത്തുറ തുടങ്ങിയ കൊച്ചിയിലെ പുണ്യക്ഷേത്രങ്ങളും, കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം, മദിരാശി മുതലായ നഗരങ്ങളിലെ കടൽത്തീരവും, ഉദ്യാനങ്ങളും, ഉട്ടുപ്പി, മൂകാംബി, ശ്രീരംഗം, മധുര, രാമേശ്വരം, കാശി ഗയ തുടങ്ങിയ പരദേശങ്ങളിലെ പുണ്യസ്ഥലങ്ങളും മാറിമാറി ചേച്ചി സന്ദർശിച്ചിട്ടുണ്ട്. ഈ സ്ഥലങ്ങളെപ്പറ്റിയെല്ലാം വിവരണങ്ങളും ബാലപംക്തിയിലെഴുതിയാൽ കൊള്ളാമെന്നു ചേച്ചിക്കഭിപ്രായമില്ലായ്കയല്ല. സമയദൗർല്ലഭ്യംകൊണ്ടുമാത്രമാണ് ചേച്ചി എഴുതാത്തത്. സമയംകിട്ടുമ്പോൾ ചേച്ചി എഴുതാം. ചേച്ചിയുടെ കൊച്ചുസോദരനും അവർ സന്ദർശിക്കുന്ന സ്ഥലങ്ങളെപ്പറ്റി എഴുതുവാൻ ശ്രമിക്കണം.

കൊച്ചുസോദരനുടെ കുത്തുകർക്കുള്ള മറുപടി

കുമാരി ശാന്തേ, ശാന്തയുടെ സംശയം തീർത്തുതരാം. ഉവ്വ്, ചേച്ചിക്കും ചേച്ചിയുടെ കൊച്ചനുജന്മാരെപ്പോലെയുള്ള ഒരുമകനും, കൊച്ചനുജത്തിമാരെപ്പോലുള്ള പെൺമക്കളുമുണ്ട്. ചേച്ചിയുടെ ഒരുമകൻ, ശാന്തപഠിക്കുന്ന ക്ലാസ്സിൽതന്നെയാണ് പഠിക്കുന്നതു്. ശനിയാഴ്ചയാണ് മലയാളരാജ്യം ചേച്ചിക്കു കിട്ടുന്നതു്. അതുകിട്ടിയാൽ ചേച്ചിയുടെ മക്കളും "എനിക്കാദ്യം, എനിക്കാദ്യം" എന്നുപറഞ്ഞു് ചേച്ചിയുടെകയ്യിൽനിന്നു് പുസ്തകം പിടിച്ചുപറിക്കാറുണ്ടു്. തൃപ്തിയായോ, ശാന്തേ. ഇതെഴുതുമ്പോൾ ചേച്ചിയുടെ ഒരുമകനും ചേച്ചിയുടെ സമീപത്തുതന്നെനിന്നു ചേച്ചി എഴുതുന്നതു വായിക്കുകയാണ്.

ഉമാദേവി ജൂലായ് 6-ാംതീയതിയിലെ ബാലപംക്തിയിലെഴുതിയ കത്തു് കുട്ടിച്ചേച്ചിയെ ഏറ്റവും തൃപ്തിപ്പെടുത്തിയിരിക്കുന്നു. ഉമയുടെ സംശയങ്ങളും തീർത്തുതരുവാൻ ചേച്ചിക്കു വളരെ ആഗ്രഹമുണ്ടു്. എന്നാൽ വലിയകത്തുകൾക്കുംകൂടി തീർന്നിട്ടില്ലാത്ത സംശയങ്ങളാണു പൊതുവെ കുട്ടികൾക്കുള്ളതു്. അതുകൊണ്ടു് ഉമയുടെ സംശയങ്ങൾ ഓരോന്നായി ചേച്ചി തീർത്തുതരുന്നതാണു്. ഉമയുടെ കത്തിലെ ചോദ്യങ്ങൾക്കു ചേച്ചി ഉത്തരം പറയുന്നതിനുമുമ്പു് ഉമയുടെ കത്തിലെ ചോദ്യങ്ങൾ ഒന്നുകൂടി ഓർമ്മിപ്പിക്കാം.

1. ഭാഷകൾ എത്രയുണ്ടു്?
2. ഭാഷകൾ ഉണ്ടായതെങ്ങനെ?
3. ഭാഷകൾ തമ്മിൽ വ്യത്യാസമുണ്ടായതെങ്ങനെ?
4. ഭാഷകൾ തമ്മിൽ വ്യത്യാസമുണ്ടായതുകൊണ്ടുള്ള ഗുണമെന്തു്?
5. ഭാഷകൾ തമ്മിൽ വ്യത്യാസമുണ്ടായതുകൊണ്ടുള്ള ദോഷമെന്തു്?
6. ഭാഷകൾ തമ്മിൽ വ്യത്യാസമുണ്ടായതുകൊണ്ടുള്ള ഗുണദോഷങ്ങളിൽ ഏതാണു കൂടുതൽ?
7. ഭാഷകൾ തമ്മിൽ വ്യത്യാസമുണ്ടായതുകൊണ്ടുള്ള ഗുണദോഷങ്ങളിൽ ഏതാണു കുറവു്?
8. ഭാഷകൾ തമ്മിൽ വ്യത്യാസമുണ്ടായതുകൊണ്ടുള്ള ഗുണദോഷങ്ങൾ തുലനംചെയ്താൽ ഏതാണു കൂടുതൽ?
9. ഭാഷകൾ തമ്മിൽ വ്യത്യാസമുണ്ടായതുകൊണ്ടുള്ള ഗുണദോഷങ്ങൾ തുലനംചെയ്താൽ ഏതാണു കുറവു്?
10. ഭാഷകൾ തമ്മിൽ വ്യത്യാസമുണ്ടായതുകൊണ്ടുള്ള ഗുണദോഷങ്ങൾ തുലനംചെയ്താൽ ഏതാണു തുല്യം?
11. ഭാഷകൾ തമ്മിൽ വ്യത്യാസമുണ്ടായതുകൊണ്ടുള്ള ഗുണദോഷങ്ങൾ തുലനംചെയ്താൽ ഏതാണു കൂടുതലെന്നു നിർണ്ണയിക്കുവാൻ പ്രയാസമുണ്ടോ?
12. ഭാഷകൾ തമ്മിൽ വ്യത്യാസമുണ്ടായതുകൊണ്ടുള്ള ഗുണദോഷങ്ങൾ തുലനംചെയ്താൽ ഏതാണു കുറവെന്നു നിർണ്ണയിക്കുവാൻ പ്രയാസമുണ്ടോ?
13. ഭാഷകൾ തമ്മിൽ വ്യത്യാസമുണ്ടായതുകൊണ്ടുള്ള ഗുണദോഷങ്ങൾ തുലനംചെയ്താൽ ഏതാണു തുല്യമെന്നു നിർണ്ണയിക്കുവാൻ പ്രയാസമുണ്ടോ?
14. ഭാഷകൾ തമ്മിൽ വ്യത്യാസമുണ്ടായതുകൊണ്ടുള്ള ഗുണദോഷങ്ങൾ തുലനംചെയ്താൽ ഏതാണു കൂടുതലെന്നു നിർണ്ണയിക്കുവാൻ പ്രയാസമുണ്ടോ?
15. ഭാഷകൾ തമ്മിൽ വ്യത്യാസമുണ്ടായതുകൊണ്ടുള്ള ഗുണദോഷങ്ങൾ തുലനംചെയ്താൽ ഏതാണു കുറവെന്നു നിർണ്ണയിക്കുവാൻ പ്രയാസമുണ്ടോ?
16. ഭാഷകൾ തമ്മിൽ വ്യത്യാസമുണ്ടായതുകൊണ്ടുള്ള ഗുണദോഷങ്ങൾ തുലനംചെയ്താൽ ഏതാണു തുല്യമെന്നു നിർണ്ണയിക്കുവാൻ പ്രയാസമുണ്ടോ?

ഇതിൽ ഒന്നാമത്തെ ചോദ്യത്തിനു ചേച്ചി ഉത്തരം പറയാം. ഭാഷകൾ എത്രയുണ്ടു്? ഭാഷകൾ അനവധിയുണ്ടു്. ഭാഷകളുടെ എണ്ണം കൃത്യമായി പറയുവാൻ ആർക്കും സാധിക്കുകയില്ല. ഭാഷകളുടെ എണ്ണം കൃത്യമായി പറയുവാൻ സാധിക്കാത്തതിനു പല കാരണങ്ങളുണ്ടു്. ഭൂമിയുടെ ഉപരിതലത്തിൽ ഇന്നുള്ള ഭാഷകൾ മുഴുവനും ഇതുവരെ ആരും പഠിച്ചിട്ടില്ല. ഭൂമിയുടെ ഉപരിതലത്തിൽ ഇന്നുള്ള ഭാഷകൾ മുഴുവനും പഠിച്ചിട്ടുള്ള ഒരാൾപോലും ഇതുവരെ ഉണ്ടായിട്ടുമില്ല. ഭൂമിയുടെ ഉപരിതലത്തിൽ ഇന്നുള്ള ഭാഷകൾ മുഴുവനും പഠിച്ചിട്ടുള്ള ഒരാൾപോലും ഇതുവരെ ഉണ്ടായിട്ടില്ലാത്തതിനു കാരണം ഭൂമിയുടെ ഉപരിതലത്തിൽ ഇന്നുള്ള ഭാഷകൾ മുഴുവനും പഠിക്കുവാൻ ആർക്കും സാധിക്കാത്തതുകൊണ്ടാണു്. ഭൂമിയുടെ ഉപരിതലത്തിൽ ഇന്നുള്ള ഭാഷകൾ മുഴുവനും പഠിക്കുവാൻ ആർക്കും സാധിക്കാത്തതിനു കാരണം ഭൂമിയുടെ ഉപരിതലത്തിൽ ഇന്നുള്ള ഭാഷകൾ മുഴുവനും പഠിക്കുവാൻ ആർക്കും സാധിക്കാത്തതുകൊണ്ടാണു് എന്നു പറഞ്ഞാൽ ഭാഷകൾ എത്രയുണ്ടെന്നു പറയുവാൻ സാധിക്കാത്തതിനു കാരണം എന്താണെന്നു ചോദിക്കുന്നതിനു തുല്യമാണു്. ഭാഷകൾ എത്രയുണ്ടെന്നു പറയുവാൻ സാധിക്കാത്തതിനു കാരണം ഭാഷകൾ എത്രയുണ്ടെന്നു പറയുവാൻ സാധിക്കാത്തതുകൊണ്ടാണു് എന്നു പറഞ്ഞാൽ

ഒരു ദിവ്യപ്രകാശം അവിടെയുണ്ടായി. വളരെനേരമായി അവൻ ആശിച്ചിരുന്ന ഭാഗ്യദേവത അവിടെ പ്രത്യക്ഷപ്പെട്ടു.

ഭാഗ്യദേവത അവനോടു പറഞ്ഞു: "അല്ലയോ രാമൂ, നിനക്കെന്തു വരം വേണമെന്നു പറഞ്ഞാൽ ആ വരം നിനക്കു തരാൻ ഞാൻ സന്നദ്ധയാണ്."

രാമു തൊഴുതുപിടിച്ചുകൊണ്ടു പറഞ്ഞു: "പൊന്നുതമ്പുരാട്ടി, എനിക്കു ഈ സഞ്ചി നിറച്ചും സ്വർണ്ണനാണയം ഇട്ടുതരണമേ. ആ വരംമാത്രം അടിയനു മതിയേ."

അപ്പോൾ ദേവത ഇപ്രകാരം പറഞ്ഞു. "യജമാനന്റെ സഞ്ചിയിൽ സ്വർണ്ണനാണയങ്ങളും ഇട്ടുനോക്കി അവയിൽ ഒന്നുംതന്നെ താഴെ വീഴാതെ സൂക്ഷിച്ചുകൊള്ളണം. താഴെ വീണാൽ ഉടൻ മുഴുവൻ പൊടിയായി മണ്ണിനോടു ചേർന്നുപോകും."

ഭാഗ്യദേവത യജമാനന്റെ കിഴക്കേ സഞ്ചിയിൽ പണമിട്ടുകൊടുക്കുവാൻ തുടങ്ങി. സഞ്ചിയിൽ കൊള്ളാവുന്നിടത്തോളം സ്വർണ്ണനാണയം സഞ്ചിയിൽക്കൊണ്ടു കഴിഞ്ഞശേഷം ദേവത ചോദിച്ചു. "സ്വർണ്ണനാണയം മതിയോ രാമൂ?"

"ഒരു പിടിയും കൂടെ വേണേ" രാമു ഉത്തരം പറഞ്ഞു.

ദേവത ഒരു പിടികൂടിയിട്ടുകൊടുത്തു. അപ്പോഴേയ്ക്കും സഞ്ചിയുടെ മുകളിൽ ഒരു ചെറിയ ഭാരം വീണിരുന്നു. രാമു അതു കണ്ടില്ല.

ഭാഗ്യദേവത വീണ്ടും ചോദിച്ചു. "സ്വർണ്ണം മതിയോ രാമൂ!"

"അടിയനു കുറച്ചുകൂടി വേണേ," രാമു വീണ്ടും പറഞ്ഞു.

ഇതുകേട്ടയുടൻ ദേവത ഇപ്രകാരം പറഞ്ഞു:—"ഇനിയും ഈ സഞ്ചിയിൽ സ്വർണ്ണനാണയമിട്ടാൽ സഞ്ചി പൊട്ടി ഇതു മുഴുവൻ താഴെ പ്പോകും."

അപ്പോൾ രാമു ഇപ്രകാരം മറുപടിപറഞ്ഞു: "തമ്പുരാട്ടീ! സഞ്ചി പൊട്ടുകയില്ലേ! അടിയൻ സൂക്ഷിച്ചോളാമേ!"

ദേവത ഒരുപിടി നാണയംകൂടി സഞ്ചിയിലിട്ടുകൊടുത്തു. പെട്ടെന്നു സഞ്ചിയുടെ അടിയിലുള്ള ഭാരം വലുതായി പണം മുഴുവൻ നിലത്തു വീണു. പണം വാരിയെടുക്കുവാൻ രാമു കുനിഞ്ഞു. പക്ഷേ നാണയങ്ങളെല്ലാം പൊടിയായിമാറി മണ്ണിനോടു ചേർന്നിരുന്നു.

പാവം, രാമു മുകളിലേയ്ക്കുനോക്കി. ദേവത മറഞ്ഞുകഴിഞ്ഞിരുന്നു. അങ്ങനെ ആ അത്യാഗ്രഹിക്കുണ്ടായിരുന്ന കീശസഞ്ചിപോലും അവന്റെ ദുരാഗ്രഹത്തിന്റെ ഫലമായി ഉപയോഗശൂന്യമായിത്തീർന്നു.

കോര ഒക. ജോൺ (1404)

★

ആഴ്ചപ്പതിപ്പ്

'മൂന്നു സഹോദരന്മാർ'

★

ഒരിടത്തു് ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിനു് മൂന്നു പുത്രന്മാരുണ്ടായിരുന്നു. ഒരുദിവസം രാജാവു് പുത്രന്മാരെവിളിച്ചു് ചോദിച്ചു. "നിങ്ങൾക്കു് എന്നോടു് എത്ര സ്നേഹമുണ്ടു്." മൂത്ത പുത്രൻ പറഞ്ഞു "എനിക്കു് ശക്രയോളം സ്നേഹമുണ്ടു്." രണ്ടാമത്തെ പുത്രൻ പറഞ്ഞു "എനിക്കു് പഞ്ചസാരയോളം സ്നേഹമുണ്ടു്." ഇളയ പുത്രൻപറഞ്ഞു "എനിക്കു് ഉപ്പിനോളം സ്നേഹമുണ്ടു്." ഇളയ പുത്രന്റെ വാക്കുകൾകേട്ടു് രാജാവിനു് കോപമുണ്ടായി. അദ്ദേഹം രാജകുമാരനെ വധിക്കാൻ കല്പനകൊടുത്തു. പട്ടാളക്കാർ രാജകുമാരനോടുള്ള സ്നേഹംകൊണ്ടു് അദ്ദേഹത്തെ വധിച്ചില്ല. വേറൊരു രാജ്യത്തേക്കു് അദ്ദേഹത്തെ പറഞ്ഞയച്ചിട്ടു് ഒരു മൃഗത്തിന്റെ രക്തം രാജാവിനെ കൊണ്ടുകാണിച്ചു. പുത്രൻ അലഞ്ഞുതിരിഞ്ഞു് അയൽരാജ്യത്തു ചെന്നു. അവിടെ ചെന്നപ്പോൾ അവിടെ രാജാവിനെ തിരഞ്ഞെടുക്കുന്നതു് ഒരു പരീക്ഷ ആയിരുന്നു. ആരുടെ തലയിൽ ഒരു കിളി പറന്നുവന്നിരിക്കുമോ അയാളെ രാജാവാക്കും എന്നായിരുന്നു പരീക്ഷ. രാജകുമാരനും അവിടെ ചെന്നു. അയാളുടെ തലയിൽ കിളി പറന്നുവന്നിരുന്നു. ആട്ടവും വന്നിരുന്നപ്പോൾ ആരും വകവച്ചില്ല. മൂന്നുതവണ കിളി തലയിൽ വന്നിരുന്നു. അപ്പോൾ പ്രജകൾ അദ്ദേഹത്തെ രാജാവാക്കി അഭിഷേകംചെയ്തു.

ഒരുദിവസം കൊട്ടാരത്തിൽ വലിയ ഒരു വിരുന്നുസൽക്കാരം നടത്തി. അപ്പോൾ മറ്റു രാജ്യങ്ങളിലുള്ള രാജാക്കന്മാരെല്ലാവരും വന്നിരുന്നു. സദ്യയ്ക്കു് രാജകുമാരന്റെ അച്ഛനമ്മമാരും ഉപ്പില്ലാത്ത സാധനങ്ങൾ വിളമ്പി. രാജാവു് ഒന്നിനും ഉപ്പില്ല എന്നുപറഞ്ഞു അപ്പോൾ ഇളയ രാജകുമാരൻ പറഞ്ഞു: "അച്ഛനു് എനിക്കു അച്ഛനോടു് ഉപ്പിനോളം സ്നേഹമുണ്ടു് എന്നു പറഞ്ഞപ്പോൾ അച്ഛൻ എന്നെ വധിക്കാൻ അല്ലേ കല്പിച്ചതു്. അതുകൊണ്ടാണു് ഉപ്പില്ലാത്ത കറികളുംമറ്റും വിളമ്പിയതു്." അപ്പോളാണു് രാജാവിനു് തന്റെ മകനാണു് അതിഥേയൻ എന്നു മനസ്സിലായതു്. രാജാവു് പുത്രനെ ആലിംഗനംചെയ്തു ആശീർവദിച്ചു.

എസ്സ്. ബാലകൃഷ്ണവാര്യർ,
അംഗനയർ 1433.

★

മൈകമത്യം മഹാബലം

★

ഒരുദിവസം ഒരു വേട്ടക്കാരൻ പക്ഷികളെ പിടിക്കുവാനായി ഒരു വലവച്ചു. അതിനുശേഷം കുറെ ധാന്യങ്ങൾ വലയിൽ ഇട്ടിട്ടു് വേട്ടക്കാരൻ പോയി,

കുറെ പ്രാവുകൾ പാറിവന്നു് ആ വലയ്ക്കുള്ളിൽ അകപ്പെട്ടു. അവർ അതുകളിൽകിടക്കുന്ന ധാന്യങ്ങൾ കണ്ടു. അതു് എടുത്തുകൊണ്ടു ഒരുവൻ പറക്കുന്നതിനുശ്രമിച്ചു. അവർ ആ വലയിൽനിന്നും സ്വതന്ത്ര്യംലഭിക്കുന്നതിനുവേണ്ടി ഒരോരുത്തരും കഠിനമായിശ്രമിച്ചു. എന്നാൽ ആ ശ്രമത്തിൽ അവർ പരാജയമടഞ്ഞു. അവർ നിരാശരായിതീരുകയും കുറച്ചു സമയം കഴിച്ചു...!

വലയെടുക്കുന്നതിനു വേട്ടക്കാരൻ വരാറുള്ള സമയമായി! പക്ഷികളുടെ ഭയം വർദ്ധിച്ചു. ഒടുവിൽ ഒരു വൃദ്ധനായ പ്രാവു് ഇങ്ങിനെ പറഞ്ഞു.

"സ്നേഹിതന്മാരെ, ഇതുവരെ ഞങ്ങൾ ഓരോരുത്തരായിട്ടുമാത്രമേ വലയിൽനിന്നും മോചനംലഭിക്കുന്നതിനുവേണ്ടി പ്രയത്നിച്ചുള്ളൂ. എന്നാൽ നാമെല്ലാംതന്നേ ഒരുമിച്ചു് ഒരുപോലെ ബലം പ്രയോഗിക്കണം. അപ്പോൾ നമുക്കു വലയിൽനിന്നും മോചനംലഭിക്കും."

എല്ലാവരും സമ്മതിച്ചു.

എല്ലാവരും സർവശക്തിയുംപ്രയോഗിച്ചു് ഉയരുന്നതിനു ശ്രമിച്ചു. അപ്പോൾ വല പതുക്കെ ഉയർന്നു. അവർ വലയുംകൊണ്ടു് പറന്നു.

പ്രാവുകളുടെ സ്നേഹിതനായി ഒരു എലി ഉണ്ടായിരുന്നു. അവർ വലയുംകൊണ്ടു് എലിയുടെ വാസസ്ഥലത്തേക്കു പറന്നു. എലി വല കടിച്ചുമുറിച്ചു്, പ്രാവുകളെ സ്വതന്ത്രരാക്കി. പ്രാവുകൾക്കു് സന്തോഷമുണ്ടായി!

എലി പ്രാവുകളോടുപറഞ്ഞു "ഐകമത്യമാണു് നിങ്ങളെ രക്ഷിച്ചതു്."

അതുപോലെ കൈരളീബാലസമിതിയിലെ പ്രിയസഹോദരങ്ങളെ, ഒത്തൊരുമയായി പ്രവർത്തിച്ചാൽമാത്രമേ വിജയം സിദ്ധിക്കയുള്ളൂ.

എസ്. വിശ്വനാഥശർമ്മ.
(അ: നം: 1334)

[ഇംഗ്ലീഷിൽനിന്നു്]

★

ഒരു വല്ലാത്ത വേലക്കാരൻ

★

നവകോടിനാരായണച്ചെട്ടി നാട്ടുപ്പുറത്തു് ഒരു ചന്തകസംലയിൽക്കിടന്നാടുകയായിരുന്നു. ആ ദുഃഖത്തിനിടയിൽ ഒരാൾ തന്റെ മുൻപിൽ നില്ക്കുന്നതായി ചെട്ടിയാർക്കുതോന്നി. "ആരാണത്?" എന്നിനവന്നു?" എന്നു അയാൾ ചോദിച്ചു.

"യജമാനനേ! ഞാനൊരു കൂലിവേലക്കാരനാണേ! ശരിക്കു പണികിട്ടുന്നില്ല. തക്കപണി വല്ലതും തരണേ!" എന്നു വന്നയാൾ പറഞ്ഞു.

ചെട്ടിയാർ:—എന്തു പണി വേണം?

വേലക്കാരൻ:—എല്ലാപ്പണിയും ചെയ്യാം.

ചെ:—അതുവേണ്ടാ? എന്തു ശമ്പളം വേണം?

വേല:—യാതൊന്നും വേണ്ട! ഒരു കരാറുമാത്രം ചെയ്യണം; എനിക്കെല്ലാപ്പോഴും വേലതരണം; അതാണു് കരാറു്. എനിക്കു സൗകര്യമില്ലാതെയാകുമ്പോൾ എന്നെ, പൊയ്ക്കൊള്ളുന്നതിനും അനുവദിക്കണം.

ചെ: അതുമതിയോ? അതിനെന്തുപ്പായം?

വേല:—ഇപ്പോൾ നിമിഷത്തിൽത്തന്നെ. എന്തു ചെയ്യണം; വേഗം; വേഗം; എന്താണു താമസിക്കുന്നു? പറയുക! പറയുക!

'ഇതെന്തൊരു വേലക്കാരനപ്പാ' എന്നു പറഞ്ഞുകൊണ്ടു ചെട്ടിയാർ "അതാ ഇരുപതുപത്തായംകണ്ടില്ലേ? അതിൽ കിടക്കുന്ന നെല്ലെല്ലാം വെളിയിൽവാരി ഉണക്കി അകത്തിടണം. പുരകളും തുണ്ടുവലതട്ടിപൂർത്തിയാക്കണം. കഴിയുമോ?" എന്നു ചോദിച്ചു. "ഉടൻ ചെയ്യുകീക്കാം" എന്നു പറഞ്ഞു കാരേനേരംകൊണ്ടു അയാൾ ആ പണിയെല്ലാം ചെയ്തുതീർത്തു. വീണ്ടും ചെട്ടിയാരുടെ അടുക്കൽവന്നു 'യജമാനനേ കരാറിൻപടി വേല എവിടെ? എന്തു പണിയുണ്ടു്? എന്നെ ഇങ്ങനെനിരുത്തി മിനക്കെടുത്തിയാലോ?' എന്നു കലശൽകൂട്ടി.

ചെട്ടിയാർ ഓരോ പണിയായി കൊടുത്തുനോക്കി. അയാളാ അതെല്ലാം ചെയ്തുതീർത്തു വീണ്ടും 'പണി! പണി! എവിടെ.? കരാറലംഘിക്കുന്നില്ലോ?' എന്നു നിലവിളിച്ചു.

ചെട്ടിയാർക്കു ഇരിക്കപ്പൊറുതിയില്ലാതെയായി. അദ്ദേഹത്തിന്റെ മനസ്സിൽ പെട്ടെന്നു പറയത്തക്ക പണി ഒന്നും കണ്ടില്ല. വേലക്കാരൻ അടുത്തു കണ്ട കോഴിയുടെ കഴുത്തു ഞെക്കി അതിനെ കൊന്നു. കതകു ചവിട്ടിപ്പൊളിച്ചു അകത്തുകയറി. 'പണി എവിടെ! പണി തരിൻ!' എന്നു ചറിക്കൊണ്ടു കണ്ണിൽക്കണ്ട സാമാനങ്ങളെല്ലാം എറിഞ്ഞു നശിപ്പിക്കി. ചെട്ടിയാരുടെ ഭാര്യയും കുട്ടികളും ഓടിച്ചെന്നു 'അതു പോയി, ഇതു പോയി' എന്നു പരാതി പറഞ്ഞു. സംഭ്രമചെട്ടിയാർ വട്ടത്തിലായി. ബഹളംകണ്ടു ഒരു സന്യാസി അവിടെ കയറിച്ചെന്നു. അദ്ദേഹത്തോടു് ആ വേലക്കാരനെ സമാധാനപ്പെടുത്തുന്നതിനുള്ള വഴിയെന്തെന്നു ഗൃഹസ്ഥൻ ചോദിച്ചു.

സന്യാസി:—ഞാൻ പറയാം. വേലക്കാരനെ ഇവിടെ വിളിക്കുക. ചെട്ടിയാർ വേലക്കാരനെ വിളിച്ചു. 'പണി! പണി കൊണ്ടുവരിൻ' എന്നു ആർത്തുവിളിച്ചുകൊണ്ടു വേലക്കാരൻ മുന്നോട്ടുപാഞ്ഞുവന്നു. സന്യാസി പരിഭ്രമിച്ചില്ല. 'എടോ! തൻ ഒരു കാര്യം ചെയ്യൂ! അതേ! ആ കാണുന്ന മുളയിൽ, ഞാൻ വേണ്ടെന്നു പറയുന്നതുവരെ കയറുകയും, ഇറങ്ങുകയും



ചെയ്യുകൊണ്ടിരിക്കുക! അതാണ് തനിക്കു പറ്റിയ പണി' എന്നു ആ ബുദ്ധിമാൻ ആജ്ഞാപിച്ചു.

'ശരി! ഞാൻ ആരെന്നും അങ്ങേയ്ക്കു മനസ്സിലായി; ഇനി ഞാൻ ഇവിടെ നില്ക്കുന്നതെന്നില്ല.' എന്നു പറഞ്ഞുകൊണ്ടു ആ മനുഷ്യൻ വെളിയിലിറങ്ങിപ്പോയി.

സന്യാസിയോട്, ചെട്ടിയാർ തൻ കണ്ട കാഴ്ച എന്തെന്നും, അതിന്റെ താല്പര്യം എന്തെന്നും ചോദിച്ചു.

സന്യാസി:—കുഞ്ഞേ! നീ കണ്ടതു് മനുഷ്യന്റെ മനസ്സാണു്. അതിനെല്ലായ്പോഴും പ്രവൃത്തികൊടുത്തുകൊണ്ടിരിക്കണം. അല്ലെങ്കിൽ അതു വേണ്ടാത്ത നാശമെല്ലാം ചെയ്യും. അതു കണ്ട മുട "ഈശ്വരൻ" ആണു്. ഈശ്വരനിൽ മനസ്സുപതിപ്പിച്ചാൽപിന്നെ യാതൊരുപദ്രവവും ഉണ്ടാവുകയില്ല.

ചെട്ടിയാർ കണ്ണുമിഴിച്ചുനോക്കി. താൻ ചായകുടിക്കുന്നതിനിടയിൽ മണി മൂന്നായിരിക്കുന്നു. അടുക്കൽ തന്റെ മകനും നിന്നുകൊണ്ടുതന്നെ കഴിച്ചു കൂടിക്കാൻ വിളിക്കുന്നു. വേലക്കാരനേയോ, സന്യാസിയേയോ, മുടയേയോ, ഒന്നിനേയും അവിടെ കാണ്മാനില്ല. താൻ കണ്ട കാഴ്ച മുഴുവൻ സ്വപ്നമായിരുന്നു. ആ നിമിഷംമുതൽ അദ്ദേഹം ഈശ്വരഭക്തനായിത്തീർന്നു.

"ഇതുപോലെ നാമെല്ലാം നമ്മുടെ മനസ്സിനെ ഏകാഗ്രമായി ഈശ്വരനിൽ ഉറപ്പിച്ചുനിറുത്തുമെങ്കിൽ നമുക്കും യാതൊരുപദ്രവവും ഉണ്ടാകയില്ല."

കുമാരി. ഡി. ശാന്ത.
മാവേലിക്കര, (608)

★

നിങ്ങൾക്കറിയാമോ?

★

1. ലോകത്തിലെ 1-ാമത്തെ പെഡൽവച്ച സൈക്കിൾ കണ്ടുപിടിച്ചതാര്?
2. ഒന്നാമതായി ബങ്കുനോട്ടടിച്ചിറക്കിയ രാജ്യമേതു്?
3. ലോകത്തിൽ കൂടുതൽ നിക്കലുല്പാദിപ്പിക്കുന്ന രാജ്യമേതു്?
4. ലോകത്തിലാദ്യമിറങ്ങിയ ഇംഗ്ലീഷ് മാസികയേതു്?
5. ലോകത്തിലെ ആദ്യത്തെ പത്രമേതു്?
6. ഭൂപടങ്ങൾക്കു് അക്ഷാംശരേഖകൾ നൽകിയതാര്?
7. സ്പഷ്ടനിബ്ബിന്റെ അഗ്രത്തിൽ ഇറാഡിയംവച്ചു കണ്ടുപിടിച്ചതാര്? എന്നു്?
8. ഇൻഡ്യയിലെ ഏറ്റവും വലിയ തടാകം.
9. ഇൻഡ്യയിലെ ഏറ്റവും കൂടുതൽ നീളമുള്ള നദി.
10. ഇൻഡ്യയിലെ ഏറ്റവും മഴയുള്ള പ്രദേശം?
11. ഇൻഡ്യയിലേറ്റവും കൂടുതൽ കരിമ്പുണ്ടാകുന്ന പ്രദേശം.
12. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ വിദ്യാഭ്യാസമുള്ള വിഭാഗം.

ഉത്തരങ്ങൾ

1. കിർക്പാട്രിക് മിലാൻ. 2. ചൈന. 3. ക്യാനഡ. 4. Gentleman's Magazine. 5. പെക്കിംഗ് ന്യൂസ്. 6. മെർക്കേറ്റർ (Mercator) എന്ന ഭൂമിശാസ്ത്രജ്ഞൻ. 7. 1822-ൽ ഗ്രേഞ്ചമെസക്കു് ഹോക്കിൻസ് എന്ന ഇംഗ്ലീഷുകാരൻ. 8. കാഷ്മീരിലുള്ള ഉൾനാടൻതടാകം. 9. സിന്ധു. 10. ചൊറാപ്പുഞ്ചി. 11. ഉത്തരപ്രദേശ്. 12. തിരു-കൊച്ചി.

പ്രശ്നം

ഒരുവൃക്ഷം. വൃക്ഷത്തിൽ 12-ശാഖ. ഓരോ ശാഖയിലും 30-ഇലകൾ വീതം. അതിൽതന്നെ 15 കറുത്ത ഇലയും, 15-വെളുത്ത ഇലയും.

ഉത്തരം

ഒരുവർഷം 12-മാസം, ഒരുമാസത്തിൽ 30-ദിവസം, കറുത്തപക്ഷം, വെളുത്തപക്ഷം.

എൻ. ഉമാദേവിഅന്തർജ്ജനം.
(അം: നം: 650)

★

ഒരു പശുവിനെ കറന്നപ്പോൾ ഇരുന്നാഴിയുണ്ട് തൂശം പാൽ കിട്ടി. അതു് മൂന്നുപേർക്കായി ഭാഗിച്ചാൽ ഓരോരുത്തർക്കും എത്ര പാൽവീതം കിട്ടും.

ഉത്തരം= ഒരാൾക്കു് ഒരുതൂശം.

ഇരുന്നാഴി ഉറവിയപ്പോൾ അതിനു് മൂന്നുതൂശം പാൽ കിട്ടിയതു്. അതു് മൂന്നുപേർക്കായി ഭാഗിച്ചപ്പോൾ ഒരാൾക്കു് ഒരുതൂശം പാൽ കിട്ടും.

എസ്സ്. ബാലകൃഷ്ണവാര്യർ.
അംശനമ്പർ: 1433.

★


നെഹ്റുവും ചർച്ചിലും

രണ്ടുപേരുടെയും സംയുക്തബുദ്ധി അടുത്ത ഏതാനുംമാസങ്ങളിൽ അത്യന്താപേക്ഷിതം

★

[വെർണൻ ബാർട്ട്ലെറ്റ്]

അന്താരാഷ്ട്രീയകാര്യങ്ങളെക്കുറിച്ച് അധികൃതമായ ലേഖനങ്ങളെഴുതാൻ കഴിവുള്ള ഇദ്ദേഹം 1934-ൽ ലണ്ടനിലെ ന്യൂസ്ക്രോണിക്കിൾപത്രത്തിൽ ചേർന്നു. അതിനുമുമ്പു് ടൈംസിന്റെയും മറ്റും വിദേശലേഖകനായി മി: ബാർട്ട്ലറ്റ് ലോകസഞ്ചാരം നടത്തിയിട്ടുണ്ടു്. ഒരു പാർലമെൻറംമെമ്പർ കൂടിയായിരുന്ന ഇദ്ദേഹം അന്താരാഷ്ട്രീയകാര്യങ്ങളെക്കുറിച്ചു് പല ഗ്രന്ഥങ്ങളും എഴുതുകയുണ്ടായിട്ടുണ്ടു്.



ലണ്ടനിലെ ഇന്ത്യാഹൈക്കമ്മീഷണരുടെ ഉദ്യാനത്തിൽവച്ചു് മി: നെഹ്റുവിന്റെ ബഹുമാനാർത്ഥം നടത്തിയ ഒരു സല്ക്കാരത്തിൽ ഇന്ത്യൻ പ്രധാനമന്ത്രിയെ മിക്കവാറും എല്ലാ അതിഥികളും അനുമോദിക്കുന്നതു ഞാൻ ശ്രദ്ധിക്കുകയുണ്ടായി. അതെന്തിനായിരുന്നു? നമ്മെ കൊറിയൻ സമാധാനസ്ഥാപനത്തിനു സമീപംവരെ എത്തിക്കുന്നതിൽ അദ്ദേഹം നിർവ്വഹിച്ച പങ്കിനു്.

അദ്ദേഹം ഇന്നു് ബ്രിട്ടിഷ്കോമൺവെൽത്തിലെ ഏറ്റവും വിലമതിപ്പും സ്വാധീനവുമുള്ള ഒരു രാജ്യതന്ത്രജ്ഞനായി തീർന്നിരിക്കയാണു്. ലോകത്തിൽ അഭിപ്രായിയിൽ പിന്നോക്കംനില്ക്കുന്നവരുടെയും പാവപ്പെട്ടവരുടെയും പ്രമുഖവക്താവായിത്തീർന്നിട്ടുണ്ടദ്ദേഹം. കൊറിയൻകാര്യത്തിലുണ്ടാകുന്നതിൽ ഒരു ഭാഗവിരമത്തിനനുകൂലിക്കുന്നതിനു ചൈനയുടെമേൽ സ്വാധീനംചെലുത്തിയതു് അദ്ദേഹമാണു്.

സ്വതന്ത്രരാജ്യത്തിന്റെ പ്രധാനമന്ത്രിയെന്ന നിലയിൽമാത്രം സംസാരിച്ചിരുന്നെങ്കിൽ മി. നെഹ്റുവിന്റെ ശബ്ദത്തിനു ഇത്രത്തോളം ഫലമുണ്ടാകുമായിരുന്നില്ല. തന്റെ രാജ്യം കോമൺവെൽത്തിലെ ഒരംഗമായിരിക്കുന്നതുകൊണ്ടാണു് അദ്ദേഹത്തിനുള്ള സമാധാനസൂത്രധാരനായി പ്രവർത്തിക്കാൻസാധിച്ചിട്ടുള്ളതു്.

അതുപോലെതന്നെ ബ്രിട്ടനു തനിച്ചോ അല്ലെങ്കിൽ ബ്രിട്ടനും ഫ്രാൻസുംചേർന്നോ റഷ്യക്കാരുമായി സംഭാഷണംനടത്തുന്നതിലുള്ള സമയമിതാണെന്നു പ്രസിഡണ്ടു് ഐസനോവറെപ്പറ്റിയുമനസ്സിലാക്കാൻ കഴിയുമായിരുന്നില്ല. ലണ്ടനിൽ നടത്തപ്പെട്ട പ്രധാനമന്ത്രിമാരുടെ സമ്മേളനഫലമായി സർ വിൻസ്റ്റൺചർച്ചിലിനു്, ഭാവിയിൽ നടത്തുന്നതിനുദ്ദേശിച്ചിട്ടുള്ള ത്രിശക്തിസമ്മേളനത്തിൽ കോമൺവെൽത്തിനു മുഴുവൻപേരുടെയും സംസാരിക്കാം. അതിനുകാരണം കോമൺവെൽത്തിനുള്ളിലെ ജനങ്ങളും അതുകണ്ടു വിഭിന്നരും എല്ലാംഭൂഖണ്ഡങ്ങളിലും അധിവസിക്കുന്നവരുമാണു്, അവരുടെ അഭിപ്രായഗതി സംയമത്തിനും സമാധാനത്തിനും അനുകൂലമായിരിക്കുന്നേ വഴിയുള്ളൂ.

രാഷ്ട്രീയവർഷപാതം

കടുത്തതും ശൂന്യവുമായ ലോകരാഷ്ട്രീയമാതൃക അടിച്ചുടയ്ക്കുന്നതിനു് ഇതു അടുത്ത ഏതാനുംമാസങ്ങൾക്കുള്ളിൽ അതിപ്രധാനമായ ഒന്നായിത്തീരൻപോവുകയാണു്. രാഷ്ട്രീയവർഷപാതം ആരംഭിച്ചുകഴിഞ്ഞു യുദ്ധാവസാനത്തിനുശേഷം മാറാരാജ്യങ്ങളുമായുള്ള സമ്പർക്കമില്ലാതാക്കാൻ റഷ്യനിശ്ചിച്ചു വേപിക്കെട്ടപോലും ഈ വർഷപാതത്തിൽപെട്ടു് ഒഴുകിപ്പോയേക്കുമെന്നു തോന്നുന്നുണ്ടു്.

യുദ്ധകാലങ്ങളിൽ റഷ്യയും യുദ്ധത്തിനുശേഷം കിഴക്കൻയൂറോപ്പിലെ മാറു നല്ല കമ്മ്യൂണിസ്റ്റരാജ്യങ്ങളും സന്ദർശിക്കാൻ ഭാഗ്യംലഭിച്ച ചുരുക്കം ഇംഗ്ലീഷുകാരിൽ ഒരാളാണു ഞാൻ. പുറദേശങ്ങളിൽനിന്നു് എന്തെങ്കിലും ഗ്രഹിക്കാനുള്ള സാധാരണക്കാരുടെ ശ്രമങ്ങളെ ശവമ്മെൻറു തടയുന്നതായിട്ടാണു് ഈ എല്ലാ രാജ്യങ്ങളിലും ഞാൻ കണ്ടതു്. ബ്രിട്ടനിലെയും അമേരിക്കയിലെയും—പ്രത്യേകിച്ചു് ബ്രിട്ടിഷ്കോളനികളിലെയും—ജീവിതരീതികളെക്കുറിച്ചു് എന്തെല്ലാം ഭ്രാന്തമായ കഥകളാണു് ശവമ്മെൻറു് അവരോടു പറയാറുള്ളതു്.

അങ്ങനെയിരിക്കെ ആ വേലിക്കെട്ടു പെട്ടെന്നു തകരുന്നതുപോലെ തോന്നിപ്പോകുന്നു. മാറാരാജ്യങ്ങളുമായി സൗഹൃദത്തിൽ കഴിയാൻ റഷ്യ യഥാർത്ഥമായുംഗ്രഹിക്കുന്നുണ്ടെങ്കിൽ അവർ മുന്നുകാര്യങ്ങളാണു് ചെയ്യേണ്ടതെന്നു സർ വിൻസ്റ്റൺചർച്ചിലും പ്രസിഡൻറു് ഐസൻഹോവറും ആവർത്തിച്ചുപറഞ്ഞിട്ടുണ്ടു്. ഒന്നാമത്തേതു കൊറിയായിൽ ഒരൊത്തുതീർപ്പുണ്ടാക്കാൻ അവർ ചൈനയെ പ്രേരിപ്പിക്കുക, രണ്ടു് അവർ ഒരു ആസ്ത്രിയൻ സമാധാനസന്ധിയിലൊപ്പുവയ്ക്കുകയും അങ്ങനെ അവിടത്തെ അധിനിവേശസൈന്യങ്ങളെ സ്വന്തനാടുകളിലേക്കുപറഞ്ഞയച്ചു് ആസ്ത്രിയായെ സ്വതന്ത്രമാക്കിത്തീർക്കയുംചെയ്യുക. മൂന്നു് ജർമ്മനി മുഴുവൻ ഒരു സ്വതന്ത്രതെരഞ്ഞെടുപ്പുനടത്തുകയും അതിനുശേഷം ജർമ്മനിയെ വീണ്ടും ഒരൊറ്റ ശവമ്മെൻറിന്റെ കീഴിലാക്കുകയും ചെയ്യുക. കഴിഞ്ഞ ഏതാനും ആഴ്ചകൾക്കുള്ളിൽ ഈ മൂന്നുരാജ്യങ്ങളിലും അവർ ആശാവഹമായ ഇംഗിതങ്ങളും പ്രകടമാക്കിയിട്ടുണ്ടു്. ആ ഇംഗിതപ്രകടനം അൽഭുതകരമാണു്. കാരണം അവ അസാധാരണമാണെന്നുള്ളതുതന്നെ.

മുമ്പുണ്ടായിരുന്ന അനിശ്ചിതാവസ്ഥയ്ക്കു് വിപരീതമായി കൊറിയൻ ഒത്തുതീർപ്പുശ്രമം മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കുന്നേ ആസ്ത്രിയായിലും കൂട്ടെ ബ്രിട്ടീഷ്, ഫ്രഞ്ചു്, അമേരിക്കൻ അധിനിവേശാർത്തികൾ കടക്കുന്നതിനു് എത്രത്തോളമെല്ലാപ്പുമായിരുന്നുവോ ഏകദേശം അത്രത്തോളം എളുപ്പമായിട്ടുണ്ടു് ഇന്നു റഷ്യൻ അധിനിവേശാർത്തിയുടെയും കാരണം. ആസ്ത്രിയയുമായി ഒരു സമാധാനസന്ധിയിൽ ഒപ്പുവയ്ക്കുന്നതുപോലെ മന്നല്ല—അതിന്റെ അർത്ഥം എല്ലാ വിദേശസൈന്യങ്ങളും അവിടെനിന്നൊഴിഞ്ഞുപോകുമെന്നാണല്ലോ—ഈ നടപടിയെങ്കിലും ഇതൊരു ശരിയായ കാൽവയ്പാണു്.



റഷ്യൻകടങ്കഥ

അതുപോലെതന്നെ ജർമ്മനിയിലും റഷ്യ നയംമാറിയിട്ടുണ്ടു്. ഏതാനും ആഴ്ചകൾക്കുമുമ്പു് റഷ്യൻ, അമേരിക്കൻ, ബ്രിട്ടീഷ്, ഫ്രഞ്ചുമേഖലകളായി തിരിച്ചിരിക്കുന്ന ബർലിനിൽ ഞാനൊന്നു പോകുകയുണ്ടായി. റഷ്യൻ മേഖലയിൽനിന്നു ആയിരക്കണക്കിനു് ജർമ്മൻകാർ അഭ്യർത്ഥനാപത്രം വെളിയിൽ വന്നുകൊണ്ടിരുന്നു. അവരിലധികപങ്കും പൊതുപ്രവർത്തകർ—ഒന്നുകിൽ തങ്ങളും കൃഷിചെയ്യുണ്ടാക്കിയ ഭക്ഷ്യംമുഴുവനും നാമമാത്രമായവിലയ്ക്കു് ഗവൺമെൻറിനു നൽകേണ്ടിവന്ന കൃഷിക്കാരോ അല്ലെങ്കിൽ കമ്യൂണിസ്റ്റവ്യവസ്ഥകളിൻകിഴിൽ പണിചെയ്യാൻ തയാറില്ലാത്ത വിദഗ്ദ്ധതൊഴിലാളികളോ ആയിരുന്നു അവർ. ഞാനവരിൽ പലരോടുംസംസാരിച്ചു. യാതൊരു രാജ്യത്തിനും നഷ്ടപ്പെടാൻ നിവൃത്തിയില്ലാത്ത വ്യക്തികളാണവരെന്നു് എനിക്കപ്പോൾ മനസ്സിലായി.

പൂർണ്ണമായും മോസ്കോയുടെ ഉത്തരവുകളനുസരിച്ചു പ്രവർത്തിക്കുന്ന പൂവ് ജർമ്മൻഗവൺമെൻറു ജനങ്ങളും ഇമ്മാതിരി വീടുവിട്ടോടാൻ കാരണമാക്കിയ പല നികൃതികളും മാറുനടപടികളും ഇന്നയിടെ റദ്ദുചെയ്യുകയുണ്ടായി. അവരെ കിഴക്കൻജർമ്മനിയിലേക്കു തിരിച്ചുചെല്ലാൻ പ്രേരിപ്പിക്കുന്നുണ്ടു്. അങ്ങനെയുള്ളവക്ക് ഭ്രീമിയും തൊഴിലും വാഗ്ദാനംചെയ്തിരിക്കുന്നു.

ഇതിൻറെയെല്ലാം അർത്ഥമെന്താണെന്നു് എനിക്കറിയാമെന്നോ ഞാൻ നടിക്കുന്നില്ല. നാം ഒന്നു് ഓർമ്മവയ്ക്കുന്നുണ്ടു്. ഇന്ത്യ, പാകിസ്ഥാൻ, സിലോൺ, ബർമ്മ, വെസ്റ്റിൻഡീസ് ഫെഡറേഷൻ എന്നീ രാജ്യങ്ങളുടെ സ്വാതന്ത്ര്യത്തിനും ശേഷംഡൊമിനിയനുകളായ കാനഡ, ആസ്ത്രേലിയ, ന്യൂസിലാൻഡ് എന്നിവയ

ലവിടെൻ നിവൃത്തിയില്ലെന്നു്. ബ്രിട്ടനു് ആ പണം കോമൺവെൽത്തിലെ അവികസിതരാജ്യങ്ങൾക്കായി ചെലവിടാമല്ലോ. സർവിസ്സൺചർച്ചിലിനെയും മിസ്റ്റർ നെഹ്റുവിനെയുംപോലെ വിഭിന്നരാഷ്ട്രവ്യക്തികളുടെ സംയുക്തബുദ്ധി അടുത്ത ഏതാനും മാസങ്ങളിൽ നമുക്കത്യന്താപേക്ഷിതമാണെന്ന വ്യക്തമാണു്.

★

7 നാൾക്കുള്ളിൽ പ്രമേഹം സുഖപ്പെട്ട

മൂത്രത്തിലധികം പഞ്ചസാര പോകുന്നതിനാണു് പ്രമേഹം (Diabetes) എന്നു പറയുന്നതു്. ഇതു ഒരു ഭയങ്കര വ്യാധിയാണു്. പ്രമേഹരോഗി അനിദാനം മരണത്തിലേയ്ക്കു നീങ്ങുന്നു. പ്രമേഹചികിത്സയ്ക്കു ഡാക്ടർമാർ വിധിച്ചിട്ടുള്ളതു് ഇൻസുലിൻ കുത്തിവെപ്പാണു്. ഈ കുത്തിവെപ്പുകൊണ്ടൊന്നും രോഗശമനമുണ്ടാകുന്നതല്ല. കുത്തിവെപ്പിന്റെ ശക്തിയുള്ള കാലത്തോളം പഞ്ചസാര തല്ക്കാലം ഇല്ലാതായി കാണും.

അധികദാഹം, വിശപ്പു്, ഇടയ്ക്കിടെ മൂത്രം പോകുക (പഞ്ചസാരയോടുകൂടി,) മൊറിയുക എന്നിവയാണു് ഈ രോഗത്തിന്റെ പ്രധാന ലക്ഷണങ്ങളും. ഇതു കഠിനമായാൽ പ്രമേഹക്കുരു, വീക്കം, തിമിരം മുതലായ രോഗങ്ങളും ബാധിക്കുന്നു.

"വാനസ്സ്"ചൂരം" ആധുനികശാസ്ത്രത്തിന്റെ ഒരത്ഭുത കണ്ടുപിടിത്തമാണു്". ഇതുപയോഗിച്ചു ആയിരമായിരം പ്രമേഹരോഗികളും മരണത്തിന്റെ പിടിയിൽനിന്നും രക്ഷപ്പെട്ടിട്ടുണ്ടു്. "വീനസ്സ്"ചൂരം" രണ്ടുമൂന്നു ദിവസം ഉപയോഗിക്കുമ്പോഴേയ്ക്കുതന്നെ മൂത്രത്തിലെ പഞ്ചസാരയുടെ കനുകയും ഇടിയ്ക്കിടെ മൂത്രം മുറിയുന്നതു് നിൽക്കുകയും ചെയ്യുന്നു. മൂന്നാലുദിവസം കൊണ്ടുതന്നെ പകുതി സുഖമായ അനുഭവം ഉണ്ടാകുന്നു. യാതൊരു പ്രത്യേക പഥ്യമോ കുത്തിവെപ്പോ ആവശ്യമില്ല. കൂടുതൽ വിവരത്തിനു് ഇംഗ്ലീഷ് ലാഘുലേഖയ്ക്കു് ആവശ്യപ്പെടുക. 50 ഇളികയുള്ള കുപ്പിക്കു് വില 6 രൂ. 12 ണ. പാക്കിങ്ങുപോസ്റ്റേജ് സൌജന്യം.

Venus Research Laboratory.
P.B. No. 587. Calcutta, (MNW)

FOR NEW WATCHES, CLOCKS and PENS
REPAIRS also Sales & Service
KRISHNAN NAIR'S WATCH Co
TRICHUR-ERNAKULAM & QUILON



തകർന്ന ബന്ധങ്ങൾ

★

ഗ്രന്ഥകർത്താവു്,
ബി. മാധവമേനോൻ എം. എ.
ജനത,
നാനാ—ബൽസ്റോഡ്
മദ്രാസ്—5
വി: ശ്രീ: 1 രൂ. 4.

തകർന്ന ബന്ധങ്ങൾ, ഒരു സാമൂഹ്യനോവൽ എന്നു ഗ്രന്ഥകാരൻ അവകാശപ്പെട്ടുകാണുന്നു. മലയാളത്തിൽ നോവൽപ്രസ്ഥാനം അതിന്റെ വളർച്ചപ്രാപിച്ചുകഴിഞ്ഞുവെന്നു് വിചാരിക്കത്തക്ക ഒരുനിലയിലായിട്ടില്ലെന്നാണല്ലോ വയ്പു്. ആധുനികപ്രസിദ്ധീകരണങ്ങളെ പരിശോധിക്കുന്നപക്ഷം നോവൽനിർമ്മാണം ക്ഷീണദശയെ പ്രാപിച്ചു് ചെറുകഥകളും തൽസ്വഭാവത്തിലുള്ള വാഴ്ച്ചകൊള്ളുന്നുവെന്നു തെളിയും. ഭാഷാനുവാദമായും സ്വതന്ത്രകഥാനിർമ്മിതമായും ചരിത്രപ്രധാന്യമായും നമുക്കു ഒരു വമ്പിച്ച നേട്ടംതന്നെ ഉണ്ടായിട്ടുണ്ടെന്നു് ചിലർ ഞങ്ങൾക്കൊണ്ടു് [illegible] രാജാംപാടുള്ളതല്ല. ആധുനികപ്രസ്ഥാനത്തിന്റെ ആഭിമുഖ്യംവഹിക്കേണ്ടുന്ന— വഹിച്ചുപോരുന്ന സാമൂഹ്യനോവലുകളും, അതുപോലെതന്നെ അഭിരുചിക്കത്തക്കനിലയിൽ ഉണ്ടായിട്ടുള്ളതായി വിചാരിക്കുന്നില്ല. അഭിജ്ഞതസമ്മതിയാർജ്ജിച്ച സാമൂഹ്യികകഥകളും നമുക്കുണ്ടെന്നു സംശയിക്കുന്നുമില്ല. പരിശോധിച്ചുനോക്കട്ടെ. അങ്ങനെ പ്രവർത്തിക്കാനാളില്ലാതെകിടക്കുന്ന സാമൂഹ്യികമാർഗ്ഗത്തിൽ പ്രവേശിക്കുവാൻ പ്രേരിതനായ ഗ്രന്ഥകർത്താവിനെ അക്കാരണത്താൽ അഭിനന്ദിക്കുവേണ്ടിയിരിക്കുന്നു.

സാമൂഹ്യികം എന്ന സങ്കുചിതപരിധിയിൽ നിന്നുകൊണ്ടുള്ള വീക്ഷണശക്തി ഇന്നു മാനിക്കപ്പെടുന്നില്ല. മനുഷ്യന്റെ ചിന്താമണ്ഡലം ബഹുമണ്ഡലത്തോളമുള്ള വിശാലതയും പിടിച്ചുവരികയാണു്. ഗ്രന്ഥകർത്താവിനും ഇതു് ബോധ്യമായിരിക്കുമെന്നു സാമൂഹ്യനോവൽ എന്ന അധികാരപത്രവിളംബരത്തിൽ വ്യക്തമാക്കുന്നു. സമൂഹത്തിൽനിന്നു രാഷ്ട്രീയജീവിയായി വികാസംപ്രാപിച്ചിരിക്കുന്നു [illegible] ത്തിൽനിന്നു് ആരംഭിച്ചിരിക്കുന്നതിനുമുമ്പു് തകർന്ന ബന്ധങ്ങളെ കഥാനായകനെ അതിനനുരൂപമായവിധം ഗ്രന്ഥകാരൻ സൃഷ്ടിച്ചിരിക്കുന്നു. സാമൂഹ്യം രാഷ്ട്രീയവുമായ സംഭവവികാസങ്ങളും ജീവിതത്തിൽ അഭേദ്യമായി സംഘടിക്കപ്പെട്ടുപോയിരിക്കുന്നതിനാൽ ഒന്നിനെ ഒഴിച്ചുനിർത്തി ചിന്തിക്കുന്നതിനസാധ്യമല്ലതന്നെ. മലയാറൂരിൽ ഒരു കൊച്ചുകുടുംബത്തിൽ പിറവിയെടുത്ത ഇന്ത്യൻസ്വാതന്ത്ര്യശോഭകളിലെ ബന്ധങ്ങളുടേടി അമേരിക്കയിൽപോയി അവിടത്തെ നടീനടപരിതികളെ സംബന്ധിച്ചു ശാസ്ത്രീയമായ വൈദഗ്ദ്ധ്യസമ്പാദിച്ചു് ആ വിദഗ്ദ്ധശിക്ഷണത്തെ സ്വന്തംനാട്ടിന്റെ ക്ഷേമൈശ്വര്യത്തിനായി സമർപ്പിച്ചു ചരിതാർത്ഥജന്മമായിത്തീരുകയാണു് ഇതിലെ കഥാനായകൻ. സമ്പത്തികമായ അവശത പൊതുതയിലുണ്ടെങ്കിലും സന്ദർഭത്തിന്റെ അനുകൂലത അല്പകാലത്തിനു വേണ്ടുവോളം ലഭിച്ചുവെന്നു കാണാം. ഗ്രന്ഥകർത്താവു് അതിൽ [illegible] ഭാവികത കലരാതെ നോക്കിയിട്ടുണ്ടു്. കഥാനായകന്റെ വിദ്യാർത്ഥിജീവിതകാലത്തിലെ വിശ്രമവേളകളിൽ നിഴലിട്ടുനിൽക്കുന്ന പ്രേമബന്ധങ്ങളുടെ ചിത്രീകരണമാണു് ഇതിലെ കഥാവസ്തു. പഠിത്തത്തിലെന്നല്ല കായികവ്യാപാരങ്ങളിലും സമ്മാനാർഹമായ നിലനേടുന്ന ആ യുവാവിൽനിന്നു വരപ്രസാദംനേടാൻ ഇന്നാട്ടിലെ കുമാരികമാർ മടിക്കയില്ലെന്നുള്ളതു തീർച്ചതന്നെ. അങ്ങനെ ഒരു ലീലയും ഗീതയും മദ്രാസിലെ പഠിത്തകാലത്തും ബനാറസിലെ അധ്യയനവേളയിൽ ഒരു ജ്യോതിയും പ്രേമസമ്പാദനത്തിനു മുതൽമുടക്കുന്നു. ലീലയുടെ ഭംഗ്യാക്കിയ പ്രൈസ്സടിച്ചുവെന്നു നമുക്കു തോന്നിപ്പോകുന്നവിധത്തിൽ എത്തുമെങ്കിലും ഭംഗ്യുചക്രത്തിരിച്ചിലിന്റെ അപ്രതീക്ഷിതപ്രവർത്തനം ആണു അവിടെ ജയിക്കുന്നതു". ചെറുപ്പത്തിലെയുള്ള കലാവാസനയെ പരിപുഷ്ടമാക്കി അഖിലേന്ത്യാപ്രശസ്തിയുള്ള ഒരു സിനിമാതാരമായിയുയർന്ന മാനസികദൗർബല്യത്തെ അവഗണിക്കുന്ന ലീല പ്രേമൈരാശ്യത്താൽ കാലംചെയ്യുപോകുന്ന ഇന്നാ

പ്രത്യേകസംഭാവന കമ്പി Republic.

വൻപിച്ചസമ്മാനങ്ങൾ

നിങ്ങളും നേടുക!

എല്ലാ സമ്മാനങ്ങളും ഉത്തരവാദമുള്ളതു്.

എല്ലാം ശരിയായഉത്തരത്തിനു് ശ്രീ: 3500/- ആദ്യത്തെ രണ്ടുവരി ശരിയാക്കുന്നവർക്കു് ശ്രീ: 1100/- ആദ്യത്തെ ഒരുവരിശരിയാക്കുന്നവർക്കു് ശ്രീ: 100/- ആദ്യത്തെ രണ്ടക്കം ശരിയാക്കുന്നവർക്കു ശ്രീ: 15/-

4 മുതൽ 19 വരെയുള്ള അക്കങ്ങൾകൊണ്ടു് നേരേയും കുറുകെയും കോണോടുകോണും കൂട്ടിയാൽ ആകെത്തുക 46 കിട്ടത്തക്കവണ്ണം പൂരിപ്പിക്കുക. ഒരക്കം ഒരുപ്രാവശ്യമെ ഉപയോഗിക്കാവൂ.

അവസാനതീയതി: 3-8-'53.
ഉത്തരം: 12-8-'53.

പ്രവേശനഫീസ് ഒരുത്തരത്തിനു് 1 ശ്രീപാ.
4 ഉത്തരങ്ങൾക്കു് ശ്രീ: 3/- 8 ഉത്തരങ്ങൾക്കു് ശ്രീ: 5/- മാത്രം.

കഴിഞ്ഞ ഉത്തരം.
നറുക: 42.

9	3	16	14
17	11	6	8
4	10	15	13
12	18	5	7

നിബന്ധനകൾ:—നിശ്ചിത ഫീസുസഹിതം വെള്ളക്കടലാസിൽ എഴുതിയ എത്ര ഉത്തരങ്ങളും അയയ്ക്കാം. ഫീസ് മണി ഓർഡറായോ പോസ്റ്റൽ ഓർഡറായോ ബാങ്കു് ഡ്രാഫ്റ്റായോ അയയ്ക്കണം. മീററിലെ ഒരു പ്രധാനബാങ്കിൽ സിൽവച്ചു് സൂക്ഷിച്ചിരിക്കുന്ന ഉത്തരത്തിനു് അക്കത്തിനക്കം സമമാകുന്നതാണു് ശരിയുത്തരം. ഇംഗ്ലീഷ് അക്കങ്ങൾ എഴുതണം. എഴുത്തുകുത്തു ഇംഗ്ലീഷിൽ. ഉത്തരം അറിയണമെന്നുള്ളവർ മേൽവിലാസം എഴുതിയ പോസ്റ്റ്കവർ അയയ്ക്കണം: മാനേജരുടേതു് അവസാനവും നിയമാനുസൃതവുമായ തീരുമാനമായിരിക്കും.

ഉത്തരം അയയ്ക്കേണ്ടമേൽവിലാസം:—
LIBERTY CONCERNS (M.R.)
P. B. 86, Saddar, MEERUT, U. P.



ലോകവൃത്താന്തഗതി

റഷ്യയിലെ ആഭ്യന്തരവകുപ്പുമേധാവിയായിരുന്ന ബെറിയായെ ഗവൺമെൻറിൽനിന്നും കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്നും പുറംതള്ളുകയും, രാജ്യത്തിനോടും പാർട്ടിയോടുംദ്രോഹംചെയ്ത എന്ന കുറ്റം ചുമത്തി അറസ്റ്റ്ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തതാണ് ഇക്കഴിഞ്ഞയാഴ്ചയിലെ [illegible]. ആ നടപടികൾപ്രകാരം ഇന്നത്തെ രീതിയിലുള്ള ഒരു മഹാപ്രക്ഷോഭമായി ഉയർത്തുന്നതിൽ തന്റെ സവിശേഷകഴിവുകളും ഉപയോഗിച്ച പ്രയത്നിച്ചിട്ടുള്ള ഒരു മഹാനേതാവാണ് ബെറിയാ. സ്റ്റാലിന്റെ മരണശേഷം, റഷ്യൻ പ്രധാനമന്ത്രിപദത്തിലേക്ക് ഉയർത്തപ്പെട്ടവരുടെ പട്ടികയിൽ ബെറിയായുടെപേരും പറഞ്ഞുകേട്ടിരുന്നതാണ്. റഷ്യൻ സി. ഐ. ഡി. യുടേയും പോലീസിന്റെയും മേൽനോട്ടവും ഭരണവും വഹിച്ചിരുന്നയാളെന്ന നിലയിൽ ആ രാജ്യത്തിലെ ക്രമപരിപാലനവും ആഭ്യന്തരസമാധാനവും പുലർത്തിക്കൊണ്ടുപോകുവാൻ കാരണക്കാരനായിരുന്നത് ബെറിയായാണ്. സ്റ്റാലിന്റെ മരണത്തെത്തുടർന്ന് റഷ്യൻ ഭരണമേധാവിത്വത്തിന് എതിരെങ്കിലും തക്കുള്ളതായി കേട്ടിരുന്നില്ല. മലങ്കോവിന്റെ നേതൃത്വത്തിൽ അവിടെ ആരംഭിച്ചഭരണം എല്ലാ പ്രധാനികളുടേയും സഹകരണത്തോടെ നടക്കുന്നതായിട്ടാണ് ലോകം അറിഞ്ഞിരുന്നത്. മലങ്കോവിന്റെ വലംകൈയായിത്തന്നെ ബെറിയാ അറിയപ്പെട്ടുമിരുന്നു. അങ്ങിനെയിരിക്കെ, ഒരു സുപ്രഭാതത്തിൽ ബെറിയായെ ഭരണത്തിൽനിന്നും പാർട്ടിയിൽനിന്നും പുറന്തള്ളിയെന്നും അദ്ദേഹത്തെ അറസ്റ്റ് ചെയ്യുവെന്നും കേട്ടപ്പോൾ ലോകം അത്യുത്സുകനായിൽ ആശ്ചര്യപ്പെടാനില്ല.

വിദേശമൂലധനത്തിന്റെ ഏജൻറായി രാജ്യത്തിനും പാർട്ടിക്കുംവേണ്ടി പ്രവർത്തിച്ചു എന്നതാണ് ബെറിയായുടെപേരിൽ ആരോപിതമായിരിക്കുന്ന കുറ്റം. ഈ കുറ്റം ഇതിൽ കൂടുതൽ വ്യക്തമാക്കപ്പെട്ടിട്ടില്ല. ഏതായാലും അദ്ദേഹത്തെ സോവ്യറ്റ് സുപ്രീംകോടതി വിചാരണചെയ്യുന്നുണ്ട്. അതിന്റെ നടപടികളും പരസ്യമാക്കുന്നതോടുകൂടി ആരോപണങ്ങളും എന്തെന്ന് വ്യക്തമായി തീരുന്നതാണ്. അതുവരെ ഊഹാപോഹങ്ങളെ അവലംബിക്കുകയെ നിവൃത്തിയുള്ളൂ. സ്റ്റാലിന്റെ മരണശേഷം റഷ്യയുടെ വിദേശനയത്തിൽ വ്യക്തമായ മാറ്റം ദൃശ്യമായിരുന്നു. അവിടെ ഉണ്ടെന്നു പറയുന്ന ഇരുമ്പുമറ ക്രമേണ നീങ്ങി പാശ്ചാത്യരാജ്യങ്ങളുമായി കൂടുതൽ സഹകരണത്തിനുള്ള സന്നദ്ധതയും കണ്ടുതുടങ്ങിയിരുന്നു. ഈ നയം മാറ്റം ബെറിയായുടെ ഉത്തരവാദിത്വത്തിൽ സംഭവിച്ചതാണോ, എന്ന് അറിഞ്ഞുകൂടാ. ഇതുസംബന്ധിച്ചു രണ്ടഭിപ്രായത്തിലുള്ള വ്യാഖ്യാനങ്ങളും ഉണ്ടായിട്ടുണ്ട്.

ബെറിയായേ യഥാർത്ഥത്തിൽ അറസ്റ്റുചെയ്തില്ലെന്നും പാശ്ചാത്യശക്തികളിലെ പ്രത്യാഘാതം അറിയുന്നതിനായി പ്രചരിപ്പിക്കപ്പെട്ട ഒരു വാർത്തമാത്രമാണിതെന്നും കരുതുന്ന ഒരു വിഭാഗമുണ്ട്. ഈ ഊഹം ശരിയായിരിക്കുവാൻ വഴിയില്ല. എന്തെന്നാൽ റഷ്യയിൽ എന്തോ സംഭവിക്കുവാൻ പോകുന്നു എന്നള്ളതിന്റെ സൂചനകളും നേരത്തെ ഉണ്ടായിരുന്നു. ബ്രിട്ടനിലേയും, ഫ്രാൻസിലേയും, യു. എസ്സ്.-ലേയും അംബാസ്സഡറന്മാരെ മോസ്കോയിലേയ്ക്കു അടിയന്തിരമായി ക്ഷണിച്ചിരുന്നു. ബർമൂഡാ സമ്മേളനം ഉടനെ നടക്കുമെന്നു പ്രഖ്യാപിക്കപ്പെട്ടിരുന്നതിനാൽ അതു സംബന്ധിച്ചു ആലോചനകൾക്കാണ് അവരെ ക്ഷണിച്ചിരുന്നതെന്നായിരുന്നു ലോകം കരുതിയതു്. എന്നാൽ ബെറിയായുടെ പതനവാർത്ത പ്രസിദ്ധീകൃതമായപ്പോൾ മുൻപറഞ്ഞ അംബാസ്സഡർമാരെ ക്ഷണിച്ചതു്, അഭ്യന്തരകാര്യങ്ങളെ സംബന്ധിച്ച ചർച്ചയ്ക്കുംവേണ്ടിയാണെന്നു ലോകം ഊഹിച്ചു. റഷ്യയിലെ അമേരിക്കൻ അംബാസ്സഡർ വാഷിംഗ്ടനിൽ എത്തിയിട്ടുള്ളതും റഷ്യൻ ആഭ്യന്തരസ്ഥിതികളും പ്രസിഡൻറിനെ നേരിട്ടു ധരിപ്പിക്കുവാനാണെന്നു പ്രസ്താവിക്കപ്പെട്ടിരുന്നു.

ബെറിയായുടെമേലുള്ള ഈ നടപടി റഷ്യൻ ജനതയും കമ്മ്യൂണിസ്റ്റുപാർട്ടിയും ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നതായിട്ടാണ് റിപ്പോർട്ട്. ബെറിയായെ ഒരു സംവിധേയകോടതിയിൽ വിസ്തരിക്കുമെന്നും, തന്റെ ഭാഗം വാദിക്കുന്നതിനുള്ള സൗകര്യം അദ്ദേഹത്തിന് നൽകുമെന്നും ഉള്ള ഒരു വാദം ചില സ്ഥാനങ്ങളിൽനിന്നും ഉന്നയിക്കപ്പെട്ടിരിക്കുന്നു.

* * *

കൊറിയായിലെ സ്ഥിതിഗതികൾക്കു ഇനിയും മാറ്റം ഒന്നും സംഭവിച്ചിട്ടില്ല. പ്രസിഡൻറ് ഐസൻഹോവറിന്റെ പ്രത്യേകപ്രതിനിധിയായി സീയോളിൽ എത്തിയിരുന്ന റോബർട്ട്സൺ സിംഗ്മെൻറീയുമായി പലപ്രാവശ്യം കണ്ടു സംഭാഷണം നടത്തിയതിനുശേഷം മടങ്ങിപ്പോയിരിക്കുന്നു. റോബർട്ട്സൺ നീക്കു വിട്ടുവീഴ്ചകളും അനുവദിച്ചിട്ടുള്ളതായിട്ടാണ് റിപ്പോർട്ട്. തന്റെ ആദ്യത്തെ ശാന്തനിലയിൽനിന്നു റീയും അല്പം പിന്നോക്കം പോയിട്ടുണ്ടത്രേ. ഈ രണ്ടു റിപ്പോർട്ടിനും സ്ഥിരീകരണമില്ല. വിട്ടുവീഴ്ച ചെയ്ത എന്ന റിപ്പോർട്ട് അമേരിക്ക നിഷേധിച്ചിട്ടുമുണ്ട്. കൊറിയൻ സമരരംഗത്തു് ഉഗ്രമായ കമ്മ്യൂണിസ്റ്റ് ആക്രമണം നടക്കുകയുണ്ടായി. ഇതിൽ നാല്പതിനായിരം ചൈനീസ് ഭടന്മാർ പങ്കെടുത്തത്രേ. പഞ്ചശക്തി കമ്മിഷനിൽനിന്നും ഇൻഡ്യയേയും, പോളണ്ടിനേയും, ചെക്കോസ്ലോവാക്യയേയും ഒഴിവാക്കണമെന്നു് ആവശ്യപ്പെട്ടിരിക്കുന്നുവെന്നും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. സന്ധി എന്നു ഒപ്പുവയ്ക്കുമെന്നു ഇനിയും പറയുവാൻ നിവൃത്തിയില്ല. എങ്കിലും കമ്മിഷനിലെ തങ്ങളുടെ ഉത്തരവാദിത്വം വഹിക്കുവാൻ ഇൻഡ്യ സന്നദ്ധമായിരിക്കുകയാണ്. കൊറിയായിലേയ്ക്കു പോകേണ്ട ശാന്തിസൈന്യത്തിന്റെ കമാൻഡറായി മേജർ ജനറൽ തിമ്മയ്യയെ നിയമിച്ചിരിക്കുന്നു. ഇങ്ങിനെയൊരു തീരുമാനം എടുത്തിട്ടുണ്ടെങ്കിലും, സമാധാനപരമായ പ്രവർത്തനം നടത്തുവാൻ സാധിക്കുമെങ്കിൽ മാത്രമേ കൊറിയായിലെ തങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുക്കുകയുള്ളൂ എന്നു നെഹ്റു നേരത്തെതന്നെ പ്രസ്താവിച്ചിട്ടുണ്ട്. കൊറിയാംകുഴപ്പം പഴയപടി ലോഹിക്കുവാൻ ജനറൽ അസ്സംബ്ലി ഉടനെ വിളിച്ചുകൂട്ടണമെന്നു കാണിച്ചു നെഹ്റു പെസ്റ്റർപിയേഴ്സണ് പല സന്ദേശങ്ങളും അയച്ചിരുന്നു. എന്നാൽ അതെല്ലാം നിരസിക്കപ്പെട്ടിരിക്കുന്നു. സന്ധി ഒപ്പുവയ്ക്കുന്നതിനു മുമ്പായി അസ്സംബ്ലി കൂടേണ്ടതില്ലെന്നാണ് പിയേഴ്സന്റെ അഭിപ്രായം. നേരത്തേ അങ്ങിനെ ഒരു സന്ദർഭം വരുന്നില്ലെങ്കിൽ, സാധാരണഗതിയിൽ സമ്മേളനം നടക്കേണ്ട സെപ്തംബർമാസത്തിൽ മാത്രമേ ജനറൽ അസ്സംബ്ലി കൂടുകയുള്ളൂ എന്നും അദ്ദേഹം പറഞ്ഞിരിക്കുന്നു.

സുയസ് പ്രദേശത്തുനിന്നു ഒരു ബ്രിട്ടീഷ് വൈമാനികനെ കാണാതായതിനെത്തുടർന്നു ബ്രിട്ടനും ഈജിപ്തും തമ്മിലുള്ള ഉരസ്സലിനു് അല്പം മൂച്ചു കൂട്ടുകയുണ്ടായി. ഈ വൈമാനികനെ ഈജിപ്ഷ്യന്മാർ ഒളിച്ചുവച്ചിരിക്കുകയാണെന്നായിരുന്നു ബ്രിട്ടന്റെ ആരോപണം. ഈ വൈമാനികനെ ഒരു നിശ്ചിതസമയത്തിനകം തിരിച്ചു ഏല്പിക്കാത്തപക്ഷം മേൽനടപടി കൈക്കൊള്ളുന്നതാണെന്നു ബ്രിട്ടീഷ് പക്ഷത്തുനിന്നു അന്ത്യശാസനം നൽകിയിരുന്നു. അതിൻപ്രകാരം സുയസ് പ്രദേശത്തു് ബ്രിട്ടൻ ചില നടപടികളും കൈക്കൊള്ളുകയും അങ്ങിനെ ബ്രിട്ടനും ഈജിപ്തുമായുള്ള ബന്ധം മൂർച്ഛിക്കുകയുംചെയ്തു.

ബർമൂഡാസമ്മേളനത്തിനു പ്രാരംഭമായി വാഷിംഗ്ടണിൽവച്ചു് ആരംഭിച്ച മൂന്നു മഹാപ്രക്ഷോഭകളുടെ വിദേശമന്ത്രിമാരുടെസമ്മേളനം സമാപിച്ചിരിക്കുന്നു. നടക്കുവാൻപോകുന്ന മൂന്നു പ്രധാനമന്ത്രിമാരുടെ സമ്മേളനത്തിനു കളമൊരുക്കുകയാണ് ഈ സമ്മേളനത്തിന്റെ ഉദ്ദേശം. ചൂച്ചിലിന്റെ ആലസ്യത്തെ പരിഗണിച്ചു് വിദേശകാര്യമന്ത്രിമാരുടെ സമ്മേളനം ലണ്ടനിൽ വച്ചുനടത്തുന്നതിനും സമ്മതമാണെന്നു് അമേരിക്ക അറിയിച്ചിട്ടുള്ളതായി അറിയുന്നു.

ആസ്ട്രേലിയൻ പ്രധാനമന്ത്രിക്കു നൽകിയ ഒരു സൽക്കാരവേളയിൽ, ഇന്ത്യൻമഹാസമുദ്രത്തിൽനിന്നു് ആസ്ട്രേലിയായുടെ നേർക്കുണ്ടാകുന്ന ഏതാക്രമണത്തേയും ചെറുക്കുവാൻ ബ്രിട്ടീഷ് സന്നദ്ധമായിരിക്കുമെന്നു് വലിയേകയറിപ്പറയുകയുണ്ടായി. ഇൻഡ്യ ആക്രമണം നടത്തുവാൻ ഒരുങ്ങുന്നുഎന്ന അർത്ഥത്തിൽ, ഡോ: മലാൻ ചെയ്ത ഈ സഹായവാഗ്ദാനം ആസ്ട്രേലിയായുടെ പ്രണയം സമ്പാദിക്കുന്നതിനുള്ള ഒരു സംരംഭമായിരുന്നു. ആഫ്രിക്കയുടെ കുത്തിത്തിരുപ്പുകാരുടെ കൂട്ടത്തിലും ഇതും ഒരു ഉദാഹരണമാണ്.

ഇന്ത്യയിലെ പോർട്ടുഗീസ് പ്രദേശങ്ങളെ സംബന്ധിച്ചു് അവിടത്തെ പ്രധാനമന്ത്രി സലാസറും അഭിപ്രായഭിന്നത പ്രകടിപ്പിച്ചിരിക്കുന്നു. ആ സ്ഥലങ്ങളും പോർട്ടുഗലിന്റെ തന്നെയെന്നാണ് അദ്ദേഹത്തിന്റെ നില.

ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള പാസ്പോർട്ടുസൗകര്യവും സുഗമമാക്കിത്തീർത്തിരിക്കുന്നു. ഉടനെ നടക്കുന്ന ഇന്ത്യാപാകിസ്ഥാൻ പ്രധാനമന്ത്രിമാരുടെ സമ്മേളനത്തിനുള്ള അജണ്ട തയ്യാർ ചെയ്യുകയും മറ്റും ചെയ്യുന്ന സ്റ്റീയറിംഗ് കമ്മിറ്റിയുടെ പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയും പാകിസ്ഥാനും തമ്മിലുണ്ടാകാൻപോകുന്ന സ്ഥിരമായ സൗഹാർദ്ദത്തിന്റെ സൂചനയായി ഖാൻ അബ്ദുൽഗഫാർഖാനെ താമസിയാതെ മോചിപ്പിക്കുമെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു.

പത്തുവർഷത്തിനുശേഷം തിരിച്ചുകൊടുക്കത്തക്കവിധം ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളും ഈയിടെ വായ്പകൾ എടുക്കുകയുണ്ടായി. വികസനപദ്ധതികൾക്കുള്ളതാണ് ഈ വായ്പകൾ. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിന്റെ വായ്പസംഖ്യ മൂന്നുകോടിരൂപയാണ്.

ആസ്സാം ബിൽ മദ്രാസ് അസ്സംബ്ലിയിൽ രാജാജി അവതരിപ്പിച്ചു. ആസ്സാം അംഗങ്ങളുടെ ഒക്കെയുള്ള അവസാനസമ്മേളനമാണിതു്.

പുതിയ വിദ്യാഭ്യാസപദ്ധതിയെ പ്രതിഷേധിച്ചു് അന്നു രാജാജിയുടെ വസതിക്കുമുമ്പിലും അസ്സംബ്ലിമന്ദിരത്തിനു മുമ്പിലും പ്രകടനങ്ങൾ നടത്തിയതിനു മദ്രാസ്സിൽ അനേകംപേർ അറസ്റ്റുചെയ്യപ്പെട്ടു.

★

ത്തെ യുവതികൾക്കു ഒരു മാതൃക സൃഷ്ടിക്കയാണ്. മനുഷ്യൻമല യാളികളുടെ ജീവിതത്തോടുള്ള തകർന്ന ബന്ധങ്ങൾക്കു കൂടുതൽ കടപ്പാടു്. ഈ ഗ്രന്ഥത്തിലെ ഭാഷാരീതിയും ശൈലിയും സരളവുമാണെന്നുപറയണം.

— സി. എം. പി.

★

(2-ംപേജിൽനിന്നു തുടർച്ച)

ചലച്ചിത്രനിരൂപണം

"പൊന്നി"

ഒരു നല്ല ചിത്രത്തിന്റെ വിജയം മുഖ്യമായി നല്ലൊരു കഥയെ ആശ്രയിച്ചിരിക്കുമെന്നുള്ളതിൽ അഭിപ്രായഭിന്നതയുണ്ടാകുമെന്നു തോന്നുന്നില്ല. ഒന്നാംകിടയിലുള്ള താരങ്ങളെക്കൊണ്ടു അഭിനയിപ്പിച്ചിട്ടുള്ള ചലച്ചിത്രങ്ങൾപോലും കഥയുടെ കഴമ്പില്ലായ്മകൊണ്ടു പരാജയപ്പെട്ടതിനു ഉദാഹരണങ്ങൾ എത്രവേണമെങ്കിലും ഉദ്ധരിക്കുവാൻ കഴിയും. മനുഷ്യരുടെ അഭിരുചികൾ വിഭിന്നങ്ങളാണു്. എല്ലാവർക്കും ഇഷ്ടപ്പെടുന്ന ഒരു ചലച്ചിത്രകഥ രചിക്കുന്നതു ഏറ്റവും വൈഷമ്യമേറിയ ഒരു കൃത്യവുമാണു്. വികാരപ്രധാനങ്ങളായ പ്രണയകഥകൾക്കു ജനങ്ങളുടെ ഹൃദയങ്ങളിലേയ്ക്കു ഇറങ്ങിച്ചെല്ലുവാൻ പ്രത്യേകമായ ഒരു വശ്യപ്രഭാവമുണ്ടു്. പക്ഷേ പ്രണയകഥകൾ മാത്രമായാൽ പ്രേക്ഷകലോകത്തിനു ചെടിപ്പു തോന്നുകയില്ലേ? പുരുഷന്മാർക്കുവേണ്ടി ജീവിതത്തിന്റെ ഇതരവശങ്ങളെ ആസ്പദമാക്കിയുള്ള ചിത്രങ്ങളും നിർമ്മിക്കേണ്ടതു ആവശ്യമുണ്ടായി. മാതൃവാത്സല്യത്തെ ആസ്പദമാക്കി ഏതാനും ചിത്രങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. തായുള്ളത്തിന്റെ വിജയം മാതൃസ്നേഹത്തെ ആസ്പദമാക്കിയുള്ള ചിത്രങ്ങൾ നിർമ്മിക്കുവാൻ നിർമ്മാണകരിൽ പ്രേരണ ചെലുത്തുകയുമുണ്ടായി. പക്ഷിരാജയുടെ "പൊന്നി" എന്ന ചിത്രത്തിലേയും പ്രമേയം മാതൃസ്നേഹമല്ലാതെ മറ്റൊന്നുമല്ല. ജ്യേഷ്ഠത്തി അനുജത്തിക്കുവേണ്ടി ക്ലേശങ്ങളും ത്യാഗങ്ങളും സഹിക്കുന്ന ചില രംഗങ്ങളും കഥയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്.

മിക്ക കഥാകൃത്തുക്കൾക്കും ഒരു പരാജയമുണ്ടു്, അവരുടെ കഥകൾ തിരശ്ശീലയിൽ വരുമ്പോൾ വങ്കലായി പ്രേക്ഷകനു്. കാരണം കാണികളെ ആകർഷിക്കുവാൻവേണ്ടി കഥയിലില്ലാത്ത ഭാഗങ്ങൾ സംവിധായകർ കൂട്ടിച്ചേർക്കുമെന്നുള്ളതാണു്. "തിരമാല" എന്ന ചിത്രത്തിന്റെ പരാജയത്തെസംബന്ധിക്കുവാൻവേണ്ടി ശ്രീ. ടി. എൻ. ഗോപിനാഥൻനായർ തന്നെ എത്ര ലേഖനങ്ങളാണു് എഴുതിയതു?

പൊന്നിയുടെ കഥ ഏതാണ്ടു ഇങ്ങിനെ സംഗ്രഹിക്കാം. ഭർത്തൃവിയോഗത്താൽ സപ്പണ്ണയും അവളുടെ രണ്ടു കുഞ്ഞുങ്ങളും നിസ്സഹായരായിത്തീർന്നു. ഇളയപുത്രി കണ്മണി മാതാവിൽനിന്നു വേർപെടുത്തപ്പെട്ടു ധനികനായ നല്ലശിവം കണ്മണിയെ എടുത്തുവളർത്തുന്നു. മൂത്തകൻ എന്ന കുടുംബസ്നേഹിതന്റെ സഹായത്താൽ സപ്പണ്ണയും മൂത്തമകനും പൊന്നിയും അരിഷ്ടിച്ചു ജീവിതം നയിക്കുന്നു. കണ്മണി ഒരു പച്ചപ്പരിഷ്കാരിയും സുന്ദരിയുമായി വളർന്നു മാറി. അവളും ഷേണനും വഞ്ചകനുമായ സമരസം എന്ന യുവാവിൽ ആകൃഷ്ടയാകുന്നു. താനാരാണെന്നു വെളിപ്പെടുത്താതെ കണ്മണിയെ സമീപിച്ച സമരസത്തിൽനിന്നു അവളെ അകറ്റുവാൻ സപ്പണ്ണം ശ്രമങ്ങൾ നടത്തുന്നു. കണ്മണി സപ്പണ്ണത്തെ ക്രൂരമായി മർദ്ദിക്കുന്നു. നല്ലശിവത്തിന്റെ വീട്ടിൽനിന്നു ആട്ടിപ്പുറത്താക്കപ്പെട്ട സപ്പണ്ണം പിന്നീടു പൊന്നിയെ ഇളയമകളുടെ ചരിത്രസംരക്ഷണത്തിനായി നിയോഗിക്കുന്നു. അമ്മയ്ക്കുണ്ടായ അനുഭവങ്ങളാണ് മകൾക്കും ലഭിച്ചതു്. ഉടൻ കണ്മണി യഥാർത്ഥത്തിങ്കലെല്ലാമറിയുന്നതിനു ഇടയാകുന്നു. ഹൃദയം തകർന്ന കണ്മണി ക്ലോറോഫോം ഉപയോഗിച്ചു ആത്മഹത്യാശ്രമം നടത്തുന്നു. ഡോക്ടറുമാരുടെ ശുശ്രൂഷയാൽ കണ്മണി രക്ഷപ്പെടുന്നു. വിശ്വാസവഞ്ചനയ്ക്കും ചതിവിനും സമരസം ജയിലിലാക്കപ്പെടുന്നു. സംഭവങ്ങൾ പലതും കഴിഞ്ഞു പൊന്നിയും കണ്മണിയും സപ്പണ്ണവും ഒന്നുചേരുന്നതോടെ കഥയും ശുഭമായി പര്യവസാനിക്കുന്നു.

പൊന്നിയുടെ കഥ അവിശ്വസനീയവും ദുർബലവുമാണു്. സപ്പണ്ണത്തിന്റെ മകനും കണ്മണിയെ നല്ലശിവം ഏറ്റെടുക്കുകയോ വിവരം അറിഞ്ഞിട്ടും സപ്പണ്ണം മകളെ വീണ്ടെടുക്കുവാൻ ശ്രമിക്കാതിരിക്കുന്നതു് സ്വാഭാവികമായിട്ടില്ല. മകളെ പള്ളിക്കൂടത്തിൽ ചേർക്കുന്നതിനായി മാതാവു് മാതാവല്ലെന്നു സ്വയം പ്രഖ്യാപിക്കുന്ന അമ്മമാരെ എ. എസ്. ഏ. സ്വാമിയുടെ ഭാവനയിലല്ലാതെ സാധാരണ ലോകത്തു കണ്ടെത്തുവാൻ കഴിയുന്നതല്ല. പൊന്നിയിലെ കഥാപാത്രങ്ങൾക്കു് വ്യക്തിത്വമില്ലെന്നുള്ളതും മറ്റൊരു ന്യൂനത. വാത്സല്യത്തിന്റെ സജീവചൈതന്യമായിരുന്നുവെന്നു് അവകാശപ്പെടുന്ന സപ്പണ്ണം സ്വന്തം രക്തത്തിൽനിന്നും മാംസത്തിൽനിന്നും രൂപമെടുത്ത മൂത്തമകളെ പൊന്നി. എന്തുകൊണ്ടു് അമ്മ വാത്സല്യത്തിൽപ്പൊതിഞ്ഞു വീർപ്പുമുട്ടിക്കുന്നില്ല? മൂരുകൻ ക്രൂരന്റെ റിക്ഷാക്കാരനാകുന്നതാണു് മറ്റൊരു വൈരുദ്ധ്യം. പൊന്നിയെ കലാശാലാഭ്യാസം ചെയ്യിച്ചു് ബിരുദധാരിണി ആക്കത്തക്കവണ്ണം സാമ്പത്തികമായ കഴിവുള്ള മൂരുകേശൻ റിക്ഷാവലിക്കുവാൻപോകുമെന്ന വിശ്വസിക്കുവാനും വിഷമമാണു്. ഈ കഥയിൽ കുറെ റിക്ഷാക്കാരെ ആവിർഭവിപ്പിച്ചു് ആട്ടവും പാട്ടും നടത്തിയതുകൊണ്ടു് കഥയ്ക്കു് പുരോഗമനസ്വഭാവമുണ്ടായിട്ടുണ്ടെന്നും തോന്നുന്നില്ല. സംഭവങ്ങളുടെ അടുക്കും ചിട്ടയും ഈടും ഉറപ്പും അവയുടെ ശ്രുപംകൊള്ളലിനു സഹായിക്കുന്ന പരിതഃസ്ഥിതിയുടെ അകൃത്രിമതാവുമാണു് ഒരു സിനിമാകഥയെ വിജയിപ്പിക്കുന്നതു്. പക്ഷേ പൊന്നിയെസംബന്ധിച്ചിടത്തോളം അവയെല്ലാം പരമാവധി പരാജയപ്പെട്ടിട്ടുണ്ടു്. ഇന്നത്തെ തമിഴ്സിനിമായിൽ സാധാരണ പ്രദർശിപ്പിക്കാറുള്ള "ദോശക്കച്ചവടം" കാമ്പുള്ളതാകാം, ആത്മപരിതാപം, കോടതിസീൻ തുടങ്ങിയവയെല്ലാം പൊന്നിയിലും പ്രദർശിപ്പിച്ചിട്ടുണ്ടു്. പുതുമയുള്ള ഒരു രംഗംപോലും ചിത്രത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല. കാണികളുടെ കരളിൽ തറയ്ക്കുവാൻ കഴിവുള്ളതാകാം കഥയിലില്ല. പൊതുവേ ഹൃദയത്തെ കഥ കാഥികന്റെ ചിന്തയുടെ ആത്മീയ വികൃതമായ ഒരു സന്താനമുമാണു്.

അഭിനയത്തെ സംബന്ധിച്ചിടത്തോളം ചിത്രം വലിയ അഭിപ്രായമൊന്നും അർഹിക്കുന്നില്ല. സപ്പണ്ണത്തിന്റെറോളം പി. ശാന്തകുമാരിക്കു് ഇണങ്ങുന്നതാണു്. സമ്മതിക്കാം. പക്ഷേ ശാന്തകുമാരിയും ഒരു പരിപൂർണ്ണവിജയമായിട്ടുണ്ടെന്നു തോന്നുന്നില്ല. പൂജയുടെഭാഗത്തിൽ പ്രത്യക്ഷപ്പെടുമ്പോഴും അവരൊരു യുവതിയാണെന്ന ആ താരുണ്യംതുളുമ്പുന്ന വദനം വിളിച്ചുപറയുന്നുണ്ടു്. ഈ ചിത്രത്തിൽ വിജയിച്ചിട്ടുള്ള രണ്ടു നടന്മാർ ടി. ഏസ്സ്. ധരരാജും ഡി. ബാലസുബ്രഹ്മണ്യവുമാണു്. ലളിതാപത്മിനി രാഗിണിമാർ അഭിനയത്തിൽ പിറകോട്ടുപോയിരിക്കുന്നു. ശ്രീരാമും കൗശിക്കും നടരാജുമെല്ലാം അഭിനയകല അഭ്യസിച്ചുതുടങ്ങിയിട്ടേയുള്ളു. മറ്റുള്ള നടീനടന്മാരിൽ പറയത്തക്ക കഴിവൊന്നും കാണുന്നില്ല. സംഭാഷണത്തിൽ ആവശ്യത്തനുങ്ങളും (അണ്ടർസ്റ്റാൻഡിംഗ്) ഇംഗ്ലീഷ് പദങ്ങളുടെ കുത്തിത്തിരുകലുംകൊണ്ടു് വിലക്ഷണമാക്കിയിട്ടുണ്ടു്. കേൾക്കുവാൻകൊള്ളാവുന്ന ഒരൊറ്റ പാട്ടുപോലും ഈ ചിത്രത്തിലില്ല. സംവിധാനത്തിലും ഏ. എസ്സ്. ഏ സ്വാമിയുടെ കഴിവില്ലായ്മയും ഭാവനാശൂന്യതയും ആശയദാരിദ്ര്യവും വ്യക്തമാക്കുന്നുണ്ടു്. നാനാതരത്തിലും പരാജയപ്പെട്ട പൊന്നിയെ സാമ്പത്തികമായി വിജയിപ്പിക്കുന്നതിനു നിർമ്മാതാക്കൾ ബുദ്ധിപൂർവം ഒരു കൗശലപ്രയോഗിച്ചു. ചിത്രത്തിന്റെ സാമ്പത്തികവിജയത്തിനു് അയ്യർ ഗുണ്യമായി സഹായിച്ചിട്ടുമുണ്ടു്. അഖിലലോകപ്രശസ്തി നേടിയിട്ടുള്ള മല്ലയുദ്ധപ്രവീണൻ കിങ്ങ്കോങ്ങും താരാസിംഹമായുള്ള ഒരു ഗുസ്തിയെ ഫിലിംചെയ്തു ഈ ചിത്രത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ഈ ഗുസ്തി കാണുന്നതിനുമാത്രമാണു് പൊന്നി പ്രദർശിപ്പിക്കുന്ന തിയേറ്ററുകളിൽ ആളുകൾ തിങ്ങിക്കൂടുന്നതു്. അങ്ങിനെ കലാപരമായും സാങ്കേതികമായും പരാജയപ്പെട്ട പൊന്നിയെ സാമ്പത്തികമായി വിജയിപ്പിക്കുന്നതിനു കിങ്ങ്കോങ്ങു്-താരാസിംഹം ഗുസ്തിപ്രദർശനം സഹായിച്ചിട്ടുമുണ്ടു്. പക്ഷേ ഇനിയും തമിഴിൽ ഇറങ്ങാൻപോകുന്ന ചിത്രങ്ങളിലെല്ലാം തുടർച്ചയായി ഗുസ്തിപ്രദർശനം കാണുമോയെന്നൊരു ശങ്ക. അതാണു് തമിഴരുടെ പരാജയം. അനുകരിച്ചു് അധഃപതിക്കുന്നതിൽ അവർ വിദഗ്ദ്ധരാണു്.

വാൽക്കഷ്ണം

ഫ്ലാഷ്ബാക്ക് ടെക്നിക്കിൽ ചിത്രീകരിച്ചിട്ടുള്ള ആദ്യത്തെ തമിഴ്സിനിമാ "വാഴ്സ് വാഹ്നിസ്"റൂഡിയോ തമിഴിലും മലയാളത്തിലും നിർമ്മിച്ചുകൊണ്ടിരുന്ന ചലച്ചിത്രം പൂർത്തിയായിട്ടുണ്ടു്. മലയാളം സംഭാഷണം പൊൻകുന്നം വക്കിയും ഗാനങ്ങൾ പി. ഭാസ്കരനുമാണു് രചിച്ചിരിക്കുന്നതു്. തമിഴ്സംഭാഷണം എൻ. കെ പത്മനാഭനും ഗാനങ്ങൾ കയിലനുമാണു് എഴുതിയിരിക്കുന്നതു്. സംഗീതം വി. ദക്ഷിണാമൂർത്തി. നൃത്തങ്ങൾ; കെ. ആർ. കുമാർ. കലാസംവിധാനം; പി. ഗംഗാധരൻ. പി. ലീല, എം. എൽ. വസന്തകുമാരി, ഗന്ധർവ്വലു എന്നിവരാണു് പിന്നണിസംഗീതം. സംവിധാനം, ജി. ആർ. റാവു. ബി എസ്സ്. സരോജ, ശിരോമണി, പങ്കജവല്ലി, ആറന്മുള പൊന്നമ്മ, ടി. എം. മീനാക്ഷി; കെ. എസ്. അങ്കമുത്തു, ആർ, ഗണേശൻ, ടി. എസ്. ബാലയ്യാ, സത്യൻ, ബി. ആർ. പന്തലു, ടി. എൻ. ഗോപിനാഥൻനായർ, കെ. രാമസ്വാമി തുടങ്ങിയവരാണു് താരങ്ങൾ. ചിത്രത്തിന്റെ മലയാളം പതിപ്പിനു് "ആശാദീപം" എന്നും തമിഴ്പതിപ്പിനു് "ആരൈരോകൻ" എന്നും നാമകരണവും നിർവ്വഹിച്ചിരിക്കുന്നു.


* * *


മംഗളാപിക്ചേഴ്സിന്റെ 'ശരിയോ തെറ്റോ" എന്ന ചിത്രവും പൂർത്തിയായിട്ടുണ്ടു്. ഭാഷ—മലയാളം. സ്റ്റുഡിയോ ഉദയം. കഥ, സംഭാഷണം, സംവിധാനം: തിക്കുറിശ്ശി സുകുമാരൻനായർ. ഫോട്ടോഗ്രാഫി; എം. ആർ. രംഗനാഥ്. സംഗീതം; ദക്ഷിണാമൂർത്തി. പ്രേംനസീർ, ലീല, ജോസ്പ്രകാശ്, സുലോചന, ദക്ഷിണാമൂർത്തി. തിക്കുറിശ്ശി, കുമാരി, സേതുലക്ഷ്മി, അടൂർ പങ്കജം, കുഞ്ഞുകുഞ്ഞുഭാഗവതർ, എസ്സ്. പി. പിള്ള, മാത്തപ്പൻ, സുമംഗലി, വിജയലക്ഷ്മി, സുലോചന തുടങ്ങിയവരാണു് ഈ ചിത്രത്തിൽ അഭിനയിച്ചിട്ടുള്ളതു്.

* * * *

സ്വരാജ് തീയേറ്റേഴ്സ് "പ്രത്യൂശ" എന്ന മലയാളചലച്ചിത്രത്തിന്റെ നിർമ്മാണം ഉദയാസ്റ്റുഡിയോയിൽ ആരംഭിച്ചിരിക്കുന്നു. എസ്സ്. എൽ. പുരം സദാനന്ദൻ സം

തിരുവനന്തപുരത്തെ റെഡ്ക്രാസ്സ് പ്രവർത്തനം





ചെങ്കുരിശുസംഘത്തിന്റെ തിരുവനന്തപുരം ശാഖാംഗങ്ങൾ ആസ്പത്രിവാർഡുകളിൽ സന്ദർശിച്ച രോഗികൾക്കു ഔഷധങ്ങളും, വസ്ത്രങ്ങളും മുതലായവ നൽകിവരുന്നു. ചീഫ് സെക്രട്ടറി ശ്രീ: വി. എൻ. രാജന്റെ പത്നി ശ്രീമതി ജയരാജനും മറ്റു പ്രവർത്തകരും രോഗശയ്യാവലംബിയായ ഒരു ബാലികയെ സമാശ്വസിപ്പിക്കുന്നു.

ഭാഷണം എഴുതിയിരിക്കുന്നു. പി. ജി. നായരാണ് ഗാനങ്ങൾ രചിച്ചിരിക്കുന്നത്. സംഗീതം വിമൽകുമാർ. പിന്നണിഗാനങ്ങൾ സ്റ്റെല്ലാ മൊഹമ്മദ്, ലളിതാതമ്പി, മാലതി സംവിധാനം; എസ്. ജോൺസൺ. വസന്ത, ഹേമ, ഇന്ദിര, മീനാക്ഷി, പി. കെ. സരസ്വതി തുടങ്ങിയവരാണ് താരങ്ങൾ.

* * * *

ആത്മസഖിക്കുശേഷം നീലാപ്രൊഡക്ഷൻസ് നിർമ്മിക്കുന്ന മലയാളം ചലച്ചിത്രത്തിന്റെ നിർമ്മാണം മെരിലാൻഡിൽ ധൃതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നാമകരണം ഇനിയും നടക്കേണ്ടിയിരിക്കുന്ന ഈ ചിത്രത്തിന്റെ കഥയും സംഭാഷണവും മുതുകുളമാണ്. ഗാനരചന തിരുനയിനാർകുറിച്ചിയും. ലളിത, പ്രേമ നസീർ, പദ്മിനി, മുത്തയ്യ, കെ. പി. കൊട്ടാരക്കര, സി. ഐ. പരമേശ്വരൻപിള്ള, തിക്കുറിശ്ശി തുടങ്ങിയവർ ഈ ചിത്രത്തിൽ അഭിനയിക്കുന്നു.

* * * *

എക്സൽ പ്രൊഡക്ഷൻസിന്റെ അടുത്തചിത്രം നിർമ്മിക്കുന്നു "രക്തഹാരം" എന്ന ചിത്രത്തിന്റെ പ്രാരംഭഭാഗലികം ആരംഭിച്ചിട്ടുണ്ട്. തിക്കുറിശ്ശി, സുരാജ്, പ്രേംനസീർ, ബോബൻകുഞ്ചാക്കോ തുടങ്ങിയവരാണ് ഈ ചിത്രത്തിൽ അഭിനയിക്കുന്നത്. ഈ ചിത്രത്തിന്റെ പേരു മാറാൻ ഇടയുള്ളതായും അറിയുന്നു.

* * * *

അംബികാപിക്ചേഴ്സ് എന്ന പേരിൽ ഒരു പുതിയ പ്രൊഡക്ഷൻ കമ്പനി തിരുവനന്തപുരത്തു ആരംഭിച്ചിരിക്കുന്നു. അംബികാപിക്ചേഴ്സ് അവരുടെ പ്രഥമചിത്രം കളത്തൂർ ശ്രീകൃഷ്ണസ്വാമിയായിൽ നിന്നിക്കുന്നതാണ്. ലളിതാപദ്മിനിമാർ ഈ ചിത്രത്തിൽ അഭിനയിക്കുന്നതാണ്. ശ്രീകൃഷ്ണസ്വാമിയായിൽ നിന്നിതി തുടങ്ങുവാനുള്ള ഒരുക്കങ്ങളും ആരംഭിച്ചിട്ടുണ്ട്.

* * *


ശശിധരൻ, ചേച്ചി, ലോകനീതി എന്നീ ചിത്രങ്ങളുടെ നിർമ്മാതാക്കളായ കൈലാസ്പിക്ചേഴ്സിന്റെ അടുത്തചിത്രത്തിന്റെ പ്രാരംഭജോലികളും തുടങ്ങിയിട്ടുണ്ട്. കഥയും സംഭാഷണവും മുതുകുളം രാഘവൻപിള്ളയാണ്. മെരിലാൻഡ്സ്റ്റുഡിയോയിലാണ് ഈ ചിത്രവും നിർമ്മിക്കുന്നത്.

* * *

ചരിത്രപരമായ ഒരു കഥയെ ആസ്പദമാക്കി ടെമ്പിൾ ആഫ് ഫൈൻ ആർട്ട്സ് മലയാളത്തിൽ നിർമ്മിക്കുന്ന "ഭാഗ്യചക്രം" എന്ന ചിത്രത്തിന്റെ പ്രാരംഭജോലികളെല്ലാം കഴിഞ്ഞിരിക്കുന്നു. താമസിയാതെ ചിത്രത്തിന്റെ ഷൂട്ടിംഗ് ആരംഭിക്കുന്നതാണ്.

★

മംഗളാശംസ




സാരസ്വതാഖിലകലാ-
രസികാഗ്രഗണ്യൻ
സൂര്യാഹ്വയൻ സുകൃത-
വാരിധിയായുഗന്തം
സാരസ്വതദിഗ്വരൻ
വിലസിച്ചിടട്ടെ!
ഭാഗ്യായുതം കുശലമാനം
രമേശഭക്തൻ.

മന്മഥയാധികം ശതം സഹ-
സ്രവും കലർന്നതാം-
മന്മഥവത്സരേ വൃഷസ്ഥാ-
ഷോഡശത്തിലിന്ദുഭേ
മനോജ്ഞതുക്രവാസരേ വയ-
സ്സഷഷ്ടിപൂർത്തിയായ്
ധന്യധ്യസൂര്യനാമകടി-
ജന്മ മംഗളം പരം!

ആശംസകൻ,
ജ്യോത്സ്യൻ എം. കെ. എൻ. ആചാരി.

Reg: No. M. 2689. MALAYALA RAJYAM

LG/G/2



ഞാനും അമ്മയും ഒരുപോലെ സമ്മതിക്കുന്നു . . .

ലോകത്തിലെ ഏറ്റവും വലിയ ശിശു ഭക്ഷണ വിദഗ്ധരായ നെസ്സിൽസ് കമ്പനിക്കാരാൽ ശിശുപോഷണത്തിനായി പ്രത്യേകം ഉണ്ടാക്കപ്പെട്ട ലാക്ടജൻ ഞങ്ങളും കൂട്ടത്തിൽ ഇഷ്ടപ്പെടുന്നു. അമ്മ ഇതു് ഇഷ്ടപ്പെടുന്നു, എന്തുകൊണ്ടെന്നാൽ, ഇതു് ആരോഗ്യത്തിന് അവശ്യമായ പോഷകാംശങ്ങളും എല്ലാം അടങ്ങിയതും വിറ്റാമിനും ഇരുമ്പുസത്തും ചേർന്നതുമായ ഒരു സമ്പൂർണ്ണ ഭക്ഷണമാണ്.

ശക്തിവർദ്ധനവിന് വിറ്റാമിൻ 'എ', ബലമുള്ള അസ്ഥികൾക്കും ശോഭയുള്ള പല്ലുകൾക്കും വിറ്റാമിൻ 'ഡി'. വിളർച്ചയിൽനിന്ന് എന്നെ തടയുന്നതിന് ഇരുമ്പു സത്തു്.

ഞാൻ ഇതു് ഇഷ്ടപ്പെടുന്നു. കാരണം—ഇതു് നല്ല രുചിയുള്ളതും ഒരിക്കലും ദഹനക്കേടു് ഉണ്ടാക്കാത്തതുമാണ്. എനിക്ക് വിശക്കുമ്പോൾ കാത്തിരുന്നു വിഷമിക്കാതെ എളുപ്പത്തിലും പ്രയാസം കൂടാതെയും ഇതു് ഉണ്ടാക്കാവുന്നതുമാണ്. എന്റെ അധിക സ്നേഹിതന്മാരും ലാക്ടജൻ കൂട്ടത്തിൽ ഇഷ്ടപ്പെടുന്നതായി പറയുന്നു—അവരുടെ അമ്മമാരും അതുതന്നെ പറയുന്നു! നീ എന്തു പറയുന്നു?



A NESTLE'S PRODUCT

LACTOGEN

"ശിശുക്കൾക്ക് ഉത്തമമായ പാൽ"

ഞങ്ങളുടെ സൌജന്യ ലാക്ടജൻ-ബാലലേഖകം വായിക്കുക. നിങ്ങളുടെ പേരും വിലാസവും ഈ കൂപ്പണിൽ പൂരിപ്പിച്ച് ഇന്നുതന്നെ തപാൽ ചെയ്യുക

നെസ്സിൽസ്-പ്രോഡക്ടസ് (ഇൻഡ്യാ) ലിമിറ്റഡ്,
പോസ്റ്റ് ബോക്സ് 180, മദ്രാസ്.

പേരു്.....

വിലാസം.....

.....

Edited, printed and published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.